# ക്രിസ്തുമാർഗം

## യാഥാർഥ്യമെന്ത്?

മുഹമ്മദ് ഈസാ

# ക്രിസ്തുമാർഗം

## യാഥാർഥ്യമെന്ത്?

പ്രസാധനം:

**Creatives**

**Marad PO, Ernakulam**

വിതരണം:

**DA'WA BOOKS**

**P.B No: 1981, Vyttila, Cochin - 19**

**Creatives**

Malayalam I Study I Kristhumargam: Yatharthyamenth?

ക്രിസ്തുമാർഗം: യാഥാർഥ്യമെന്ത്?

Author : Muhammed Issa

First Edition : June 2011

**Price : Rs. 120.00**

Publisher:

Creatives I INTUC Road I Nettoor I Marad PO I Ernakulam

Distribution:

Da'wa Books I Vyttila I Kochi - 19 I Kerala I India

Web: www.dawabooks.org I Email: dawabook@gmail.com

Cover: Primrose I Type Setting : Shabin I Printing : Anaswara Offset, Kochi

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

ഇസ്‌ലാമിക പ്രബോധനരംഗത്തിന് മുതൽകൂട്ടാകുന്ന പഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട ക്രിയേറ്റീവ്സിന്റെ രണ്ടാമത്തെ പുസ്തകമാണിത്. എൻ.എം. ഹുസൈന്റെ *നവനാസ്തികത: റിച്ചാഡ് ഡോക്കിൻസിന്റെ വിഭ്രാന്തികൾ* എന്ന പുസ്തകം വഴി യുക്തിവാദികളുടെ നിരീശ്വര പ്രബോധനങ്ങളെ താത്ത്വികമായി പൊളിച്ചെഴുതിക്കൊണ്ടാണ് ക്രിയേറ്റീവ്സ് പ്രസാധനരംഗത്തേക്ക് കടന്നുവന്നത്. മുഹമ്മദ് ഈസായുടെ *ക്രിസ്തുമാർഗം: യാഥാർഥ്യമെന്ത്?* എന്ന ഈ പുസ്തകം, ക്രിയേറ്റീവ്സിന്റെ പ്രവർത്തനമേഖല ഭൗതികവാദികൾക്ക് മറുപടി പറയുക എന്ന പരിമിതമായ ഉദ്ദേശ്യത്തിൽ നിന്ന് കുറേകൂടി വിപുലപ്പെടുത്താനുള്ള പരിശ്രമങ്ങളുടെ ഭാഗം കൂടിയാണ്.

കേരളത്തിൽ, ഇസ്‌ലാമികപ്രബോധനവും ക്രിസ്തുമതപ്രബോധനവും മുമ്പുമുതൽക്കേ സജീവമാണ്. യേശുക്രിസ്തു മനുഷ്യരുടെ പാപമേറ്റെടുത്ത് കുരിശിൽ മരിച്ച ദൈവപുത്രനും ത്രിയേകദൈവങ്ങളിലെ ഒരാളത്വവുമാണെന്ന് മിഷനറിമാർ പ്രചരിപ്പിക്കുന്നു. മുഹമ്മദ് നബിﷺ അവരുടെ വീക്ഷണത്തിൽ ഒരു വ്യാജപ്രവാചകനാണ്. എന്നാൽ മുസ്‌ലിംകൾ, ക്രിസ്തു ദൈവമോ ദൈവപുത്രനോ അല്ലെന്നും പ്രത്യുത പരിശുദ്ധനായ ദൈവദാസനും ദൂതനും ആണെന്നും വാദിക്കുന്നു. ജന്മപാപം, കുരിശുമരണം എന്നീ ആശയങ്ങളെ നിഷേധിക്കുന്ന മുസ്‌ലിംകൾ മുഹമ്മദ് നബിﷺയെ യേശുവിന്റെ പിൻഗാമിയായും അന്തിമപ്രവാചകനായും സമർഥിക്കുന്നു. ഈ അഭിപ്രായഭിന്നതയിൽ ഏറെക്കാലം ക്രൈസ്തവ പക്ഷത്ത് നിലയുറപ്പിച്ച ഗ്രന്ഥകാരൻ, സുദീർഘ പഠനങ്ങൾക്കുശേഷം ഇസ്‌ലാമാണ് ശരി എന്ന തിരിച്ചറിവിലെത്തിച്ചേരുകയാണുണ്ടായത്. തനിക്ക് ബോധ്യപ്പെട്ട സത്യം കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ മുഴുവൻ ഗുണകാംക്ഷാപൂർവം ബോധ്യപ്പെടുത്താനുള്ള പരിശ്രമമാണ് ഈ പുസ്തകം.

മലയാളത്തിൽ ക്രിസ്ത്യൻ-മുസ്‌ലിം സംവാദങ്ങളുടെ പശ്ചാതലത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട നിലവാരമുള്ള മൗലിക രചനകൾ, തീരെയില്ലെന്ന് പറഞ്ഞുകൂടെങ്കിലും, വിരളമാണ്.

മുഹമ്മദ് ഈസാ, ഉള്ളടക്കത്തിലും ശൈലിയിലും മുമ്പ് പുറത്തിറങ്ങിയ പുസ്തകങ്ങളിൽ നിന്ന് വ്യതിരിക്തനാകുന്നുണ്ട്. സമീപകാലത്ത് ക്രിസ്തുമതമിഷനറിമാർ തങ്ങളുടെ ഊന്നലുകളിൽ വരുത്തിയ അഴിച്ചുപണിയുടെ മർമം തിരിച്ചറിഞ്ഞ് വിഷയമവതരിപ്പിക്കാൻ ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ട്. ക്രൈസതവ സമൂഹത്തിന്റെ തന്നെ ഭാഷയിൽ ആശയസംവേദനം നിർവഹിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു. ആധുനിക ക്രിസ്തുമതം ക്രിസ്തുവിന്റെ മതമല്ലെന്നും പ്രത്യുത പൗലോസ് നിർമിച്ചെടുത്ത ക്രിസ്തുവിരുദ്ധമായ ആശയലോകമാണെന്നും, മുഹമ്മദ് നബിﷺക്കെതിരെ ക്രിസ്തുമതപ്രബോധകർ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ ബൈബിളിന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ പോലും തീർത്തും അടിസ്ഥാനരഹിതമാണെന്നും ഗ്രന്ഥകാരൻ വേണ്ടത്ര തെളിവുകളോടെ സ്ഥാപിച്ചിട്ടുണ്ട്. സത്യാന്വേഷണത്വരയുള്ള ക്രൈസ്തവ സഹോദരങ്ങളുടെ ചിന്തയെ ഗുണപരമായി ഉദ്ദീപിപ്പിക്കുവാൻ ഈ പഠനം നിമിത്തമാകുമെന്ന കാര്യത്തിൽ സംശയമില്ല.

പുസ്തകത്തിന്റെ വിതരണമേറ്റെടുത്ത ദഅ്‌വാ ബുക്സിനോട് ക്രിയേറ്റീവ്സിന്റെ പ്രവർത്തകർ കൃതജ്ഞരാണ്. പ്രപഞ്ചനാഥൻ അനുഗ്രഹിക്കട്ടെ.

**മാനേജർ**

# അവതാരിക

ക്രിസ്തുമതത്തിന്റെ ആദ്യകാല ചരിത്രം സങ്കീർണ്ണമായ ഒരു പ്രഹേളികയാണെന്ന് ആൽബർട്ട് സ്ക്വീറ്റ്സർ തന്റെ *ചരിത്രപരമായ ക്രിസ്തുവന്വേഷണം*(1)എന്ന ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നുണ്ട്. ഏകദൈവവിശ്വാസത്തിന്റെ പ്രചാരകനായിരുന്ന ക്രിസ്തുവിന്റെ പേരിൽ സ്ഥാപിക്കപ്പെട്ട മതം പ്രാകൃത മതക്കാരുടെ ത്രിത്വ വിശ്വാസം അടിത്തറയായി സ്വീകരിക്കുന്നതിലേക്ക് നയിക്കപ്പെട്ട ചരിത്രം തീർച്ചയായും ഒരു പ്രഹേളിക തന്നെയാണ്. ക്രിസ്തു പഠിപ്പിച്ച ആശയങ്ങളുടെയൊന്നും പിൻബലം ഇന്നത്തെ ക്രിസ്തുമതത്തിനില്ല. സ്രഷ്ടാവിനെ മാത്രം ആരാധിക്കണമെന്നാണ് ക്രിസ്തു പഠിപ്പിച്ചത് (മത്തായി 4:10). വിനീതനായ ഒരു സൃഷ്ടി മാത്രമാണെന്ന് സ്വയം പരിചയപ്പെടുത്തുകയും (യോഹന്നാൻ 14:28), ദൈവദാസനാണ് താനെന്ന് ശിഷ്യൻമാരെ തെര്യപ്പെടുത്തുകയും (അപ്പൊ പ്രവ 3:13) ചെയ്ത ക്രിസ്തുവാണ് ഇന്നത്തെ ക്രിസ്തുമതവിഭാഗങ്ങളുടെയെല്ലാം കേന്ദ്ര ആരാധനാപുരുഷൻ. കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കരാകണമെന്ന് ശിഷ്യൻമാരെ പഠിപ്പിക്കുക വഴി (മത്താ 8:1–3) ആദിപാപമെന്ന ആശയത്തെ നിഷേധിച്ച ക്രിസ്തുവാണ് ആദിപാപത്തിന് പരിഹാരമായി ബലിയായവനെന്നാണ് ക്രിസ്തു സഭകളെല്ലാം പഠിപ്പിക്കുന്നത്. എങ്ങനെയാണ് ഈ അപചയം സംഭവിച്ചത്? എവിടെ

1. Albert Schweitzer: *The Quest for the Historical Jesus*, Minneapolis, 2001.

നിന്നാണ് ക്രിസ്തുമതം ഇത്തരമൊരു വ്യതിയാനത്തിന് വിധേയമായത്? ക്രിസ്തുമതചരിത്രത്തെ അപഗ്രഥിച്ച പണ്ഡിതൻമാരുടെ നിരങ്കുശമായ വിശകലനത്തിന് വിധേയമായ വിഷയമാണിത്. പലരും പലതരം അഭിപ്രായങ്ങൾ പറഞ്ഞു പോവുകയാണ് ചെയ്തിട്ടുള്ളതെന്ന് മാത്രം.

മാർട്ടിൻ ലൂഥറുടെയും ജോൺ കെൽവിന്റെയും നേതൃത്വത്തിൽ നടന്ന പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനു ശേഷം ക്രൈസ്താവാചാരങ്ങളുടെ പ്രാമാണികതയെക്കുറിച്ച് ചൂടു പിടിച്ച നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. ക്രിസ്തുമസ്, ഞായറാഴ്ച വിശുദ്ധാചാരണം, അപ്പവും വീഞ്ഞും കുടിക്കുക, കുരിശ് അടയാളം തൂക്കുക, ക്രൈസ്തവ കൂദാശകൾ, പൗരോഹിത്യം, ബ്രഹ്മചര്യം, ധ്യാനങ്ങൾ, കുമ്പസാരം തുടങ്ങിയ ആചാരങ്ങളുടെയൊന്നും അടിസ്ഥാന സ്രോതസ് ക്രിസ്തുവിന്റേയോ അപ്പൊസ്തലൻമാരുടെയോ ഉപദേശങ്ങളല്ലെന്നും നാലാം നൂറ്റാണ്ടിൽ റോമാമതമടക്കമുള്ള പ്രാകൃതമതങ്ങളിൽ നിന്ന് കടന്നുവന്നവയാണിവ എന്നുമുള്ള വസ്തുതകൾ ഇത്തരം പഠനങ്ങൾ പുറത്തുകൊണ്ട് വന്നിട്ടുണ്ട്. റോമാക്കാരുടെ പ്രധാന ദേവൻമാരിലൊരാളായിരുന്ന മിത്രാസിന്റെ ഭക്തനായിരുന്ന കോൺസ്റ്റന്റൈന്റെ ക്രിസ്തുമതാശ്ലേഷത്തിനു ശേഷമാണ് ഇത്തരം ആചാരങ്ങളുടെ കടന്നുകയറ്റമുണ്ടായതെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ക്രിസ്തുവിന് പരിചയമില്ലാതിരുന്ന ത്രിയേകത്വം, ആദിപാപം, പാപപരിഹാരം, ക്രിസ്തുവാരാധന തുടങ്ങിയ സഭകളെല്ലാം ഏകകണ്ഠമായി അംഗീകരിക്കുന്ന അടിസ്ഥാന തത്ത്വങ്ങൾ എങ്ങനെയാണ് ക്രിസ്തുമത തത്ത്വങ്ങളായിത്തീർന്നതെന്ന വിഷയത്തെ ആത്മാർഥമായി പഠിക്കുവാനോ അപഗ്രഥിക്കുവാനോ പ്രൊട്ടസ്റ്റന്റ് ഭൂമികയിൽ നിന്ന് ഗവേഷണം നടത്തിയവരൊന്നും തന്നെ വല്ലാതെ പരിശ്രമിച്ചിട്ടില്ല. അത്തരം പഠനങ്ങൾ അനാചാരങ്ങളെ നീക്കം ചെയ്യുക മാത്രമല്ല, ക്രിസ്തുമതത്തിന്റെ അടിത്തറകളെല്ലാം തകർത്തുകളയുക എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാവാം ഈ അവഗണനയെന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

ക്രിസ്തുവല്ല, വിശുദ്ധ പൗലോസാണ് ക്രിസ്തുമതത്തിന്റെ സ്ഥാപകനെന്ന വസ്തുത തെളിവുകൾ നിരത്തി സ്ഥാപിക്കുന്ന ഗ്രന്ഥമാണ് ജെർഡ് ലുഡ്മാനിന്റെ *പൗലോസ്, ക്രിസ്തുമതത്തിന്റെ*

*സ്ഥാപകൻ*[1] എന്ന പുസ്തകം. നിരീശ്വരവാദത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ടാണ് ജെർഡ് ലുഡ്മാൻ തന്റെ വാദങ്ങൾ അവതരിപ്പിക്കുന്നതെങ്കിലും സുവിശേഷങ്ങളുടെയും അപ്പൊസ്തല പ്രവൃത്തികളുടെയും പൗലോസിന്റെ ലേഖനങ്ങളുടെയും നിഷ്കൃഷ്ടമായ അപഗ്രഥനം വഴി തന്റെ വാദം സമർഥമായി സ്ഥാപിക്കുന്നതിൽ അദ്ദേഹം വിജയിക്കുന്നുണ്ട്. ഇസ്ലാമികമായ ഭൂമികയിൽ നിന്നുകൊണ്ട് ഇക്കാര്യം സമർഥിക്കുന്ന ഗ്രന്ഥമാണ് മുഹമ്മദ് അതാഉർറഹീമിന്റെ *യേശു ഇസ്ലാമിന്റെ പ്രവാചകൻ*[2]. യിസ്രായേല്യരിലേക്ക് നിയോഗിക്കപ്പെട്ട ഇസ്ലാമിന്റെ പ്രവാചകനായ ക്രിസ്തു പഠിപ്പിച്ച പാതയിൽ നിന്ന് എങ്ങനെയാണ് പൗലോസ് സമൂഹത്തെ വ്യതിചലിപ്പിച്ചതെന്ന് ബൈബിളിന്റെയും ചരിത്രഗ്രന്ഥങ്ങളുടെയും വെളിച്ചത്തിൽ അദ്ദേഹം അപഗ്രഥിക്കുന്നുണ്ട്. കെ.എ. ഖാദർ രചിച്ച ചെറിയൊരു പുസ്തകമല്ലാതെ ഈ വിഷയകമായ മൗലിക കൃതികളൊന്നും തന്നെ മലയാളത്തിൽ ഇതുവരെ പുറത്തിറങ്ങിയിട്ടില്ല. പ്രസ്തുത പുസ്തകമാകട്ടെ വിഷയത്തെ സമഗ്രമായി സമീപിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടുമില്ല. മലയാള ഗ്രന്ഥലോകത്തെ ഈയൊരു വിടവ് നികത്തുന്നതാണ് മുഹമ്മദ് ഈസാ രചിച്ച *ക്രിസ്തുമാർഗം: യാഥാർഥ്യമെന്ത്?* എന്ന ഈ ഗ്രന്ഥം.

ബൈബിൾ വായനയിലും പഠനത്തിലും മികവ് കാണിക്കുന്ന ക്രൈസ്തവ വിഭാഗമായ പെന്തക്കോസ്ത് പ്രബോധകനായി ജീവിച്ച ശേഷം സത്യാന്വേഷണ പഠനങ്ങളിലൂടെ ഇസ്ലാമിലെത്തിച്ചേർന്ന മുഹമ്മദ് ഈസായുടെ പുസ്തകത്തിലുടനീളം തന്നെ ഇസ്ലാമിലെത്തിച്ച അപഗ്രഥന പഠനത്തിന്റെ സ്വാധീനം നമുക്ക് കാണാനാവും. ക്രിസ്തുവിന്റെ തിരോധാനത്തിന് ശേഷം അദ്ദേഹം പഠിപ്പിച്ച ആശയങ്ങളുടെ പ്രബോധകരായി ജീവിച്ച അപ്പൊസ്തലൻമാരേക്കാൾ ആദരിക്കപ്പെടുന്നവനായി പൗലോസ് മാറിയതെങ്ങനെയെന്നും തന്റെ സ്വീകാര്യതയുടെ മറവിൽ ക്രിസ്തുവിന്റെ ആദർശങ്ങളിൽ നിന്ന് ആ സമൂഹത്തെ എങ്ങനെ വഴിപിഴപ്പിച്ചുവെന്നും പൗലോസിന്റെ ലേഖനങ്ങളിൽ നിന്നും പൗലോസ് ശിഷ്യനായിരുന്ന ലൂക്കോസ് എഴുതിയ അപ്പൊസ്തല പ്രവൃത്തികളിൽ നിന്നുമുള്ള തെളിവുകളുടെ വെളിച്ചത്തിൽ അപഗ്രഥിക്കപ്പെടുന്നുണ്ടിവിടെ. വിജാതീയരിലേ

1. Gerde Ludemann: Paul, *The founder of Christianity*, Newyork, 2002.
2. Muhammed Ata Ur Rahim: *Jesus Prophet of Islam*, Newyork, 1996.

ക്കുള്ള അപ്പൊസ്തലനായി സ്വയം പ്രഖ്യാപിച്ച് രംഗത്തുവന്ന പൗലോസ് യഥാർഥത്തിൽ ക്രിസ്തുമതത്തിന്റെ അന്തകനായിത്തീരുകയാണുണ്ടായതെന്ന വസ്തുത തെളിവുകളുടെ വെളിച്ചത്തിൽ സമർഥിക്കപ്പെടുന്നുണ്ട്.

പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ വക്താക്കൾ അവകാശപ്പെടുന്നത് പ്രാകൃത മതങ്ങളിൽ നിന്ന് കടന്നുവന്ന ആചാരങ്ങളെയെല്ലാം തിരസ്കരിച്ചുകൊണ്ട് ശുദ്ധീകരിക്കപ്പെട്ട ക്രിസ്തുമതത്തിന്റെ വക്താക്കളാണ് തങ്ങൾ എന്നാണെങ്കിലും യഥാർഥത്തിൽ അവരെത്തുന്നത് പൗലോസിന്റെ മതത്തിൽ മാത്രമാണെന്നും ക്രിസ്തു പഠിപ്പിച്ച മതത്തിലെത്തിച്ചേരണമെങ്കിൽ പൗലോസിനെ തിരസ്കരിച്ച് അപ്പൊസ്തലൻമാരുടേതായ യെരുശലേം സഭയുടെ വിശ്വാസാചാരങ്ങൾ മനസിലാക്കി അതിന്റെ പ്രയോക്താക്കളാകണമെന്നും സ്ഥാപിക്കുന്നതിൽ മുഹമ്മദ് ഈസാ വിജയിച്ചിട്ടുണ്ട്. വിജാതീയരുടെ അപ്പൊസ്തലനായി സ്വയം അവരോധിതനായ ശേഷം പൗലോസ് സ്ഥാപിച്ച ഗലാത്യ സഭക്കാരും കൊരിന്തോസ് സഭക്കാരും, ക്രിസ്തു ശിഷ്യൻമാരും വെളിപാടുകളുടെ അടിത്തറയിൽ  ജീവിച്ചിരുന്നവരുമായ പത്രോസ് അടക്കമുള്ള അപ്പൊസ്തലൻമാരുടെ ഉപദേശങ്ങൾ ശ്രവിച്ച് യഥാർഥ ക്രിസ്തുമതത്തിലേക്ക് വഴിതെറ്റുന്നുണ്ടെന്ന് ആവലാതിപ്പെട്ടുകൊണ്ട്, ക്രിസ്തു നിവർത്തിക്കുമെന്ന് പറഞ്ഞ തോറയുടെ നിയമങ്ങളിലേക്ക് നിങ്ങൾ തിരിച്ചു പോകരുതെന്ന് ഗൗരവതരമായ ഭാഷയിൽ താക്കീതു ചെയ്യുന്ന, ഈ സഭക്കാർക്ക് പൗലോസ് എഴുതിയ ലേഖനങ്ങൾ തന്നെയാണ് അദ്ദേഹമാണ് വഴിപിഴച്ചു പോയതെന്നതിനുള്ള വ്യക്തമായ തെളിവെന്ന് ഈ പുസ്തകം സമർഥിക്കുന്നു. അപ്പൊസ്തലിക സഭയിൽ നിന്ന് വ്യതിചലിച്ച് സ്വയം നിർമിതപ്രമാണങ്ങളുടെ വെളിച്ചത്തിൽ പുതിയൊരു സുവിശേഷമാണ് പൗലോസ് സൃഷ്ടിച്ചതെന്ന വസ്തുത ഗലാത്യർക്കെഴുതിയ ലേഖനവും കൊരിന്തോസുകാർക്കെഴുതിയ രണ്ടു ലേഖനങ്ങളും സുതരാം വ്യക്തമാക്കുന്നുണ്ട്.

ത്രിയേകത്വവും ദൈവപുത്രസിദ്ധാന്തവും  ആദിപാപവുമെല്ലാം അടിസ്ഥാനാദർശങ്ങളായി സ്വീകരിക്കുന്ന പ്രൊട്ടസ്റ്റന്റ് സഭക്കാർ യഥാർഥത്തിൽ പൗലോസിന്റെ സഭയിൽ പോലുമല്ല നിലകൊള്ളുന്നത്. ത്രിത്വമോ, ദൈവപുത്ര വാദമോ പൗലോസിനു പോലും പരിചയമുണ്ടായിരുന്നില്ല. ആദിപാപ സിദ്ധാന്തമാകട്ടെ ഇന്നു വിശ്വസിക്കപ്പെടുന്ന രീതിയിൽ ആവിഷ്കരിക്കപ്പെട്ടത് പൗലോസിനു ശേഷം

പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടാണ്. ദൈവത്തിന് സമാനനായവനെന്നും ദൈവത്തിന്റെ പ്രതിഛായയിലുള്ളവനെന്നുമുള്ള പൗലോസിന്റെ ക്രിസ്തുവിശേഷണങ്ങളുടെ വെളിച്ചത്തിൽ ക്രിസ്തു വ്യക്തിത്വത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച നിരവധി ചർച്ചകൾ പൗലോസിന്റെ അനുയായികൾക്കിടയിൽ ഒന്ന്, രണ്ട്, മൂന്ന് നൂറ്റാണ്ടുകൾക്കിടയിൽ നടന്നുവന്നിരുന്നു എന്നത് നേരാണ്. എന്നാൽ ക്രിസ്തുവിന്റെ വ്യക്തിത്വവും ദൈവത്തിന്റെ വ്യക്തിത്വവും ഒന്നു തന്നെയാണെന്ന സിദ്ധാന്തം ക്രൈസ്തവ ലോകത്ത് അംഗീകരിക്കപ്പെടുന്നത് ക്രിസ്താബ്ദം 325ൽ നടന്ന നികിയാ സുനഹദോസോടു കൂടിയാണ്. ത്രിയേകത്വ സിദ്ധാന്തത്തിലെ മൂന്നാമത്തെ വ്യക്തിത്വമായി പരിചയപ്പെടുത്താറുള്ള പരിശുദ്ധാത്മാവിനെകൂടി പിതാവ്-പുത്രൻ ദ്വിത്വത്തിലേക്ക് ഉൾപ്പെടുത്താനാവശ്യമായ സൈദ്ധാന്തിക ഭൂമികയുണ്ടാക്കിയത് അത്നേഷ്യസ് ബിഷപ്പാണ്. ക്രൈസ്തവ ലോകത്തിന്റെ അനിഷേധ്യ വിശ്വാസമായി ത്രിയേകത്വം അംഗീകരിക്കപ്പെട്ടതാകട്ടെ ക്രിസ്താബ്ദം 381ൽ നടന്ന കോൺസ്റ്റാന്റിനോപ്പിൾ സുനഹദോസിൽ വെച്ചും. പ്രൊട്ടസ്റ്റന്റുകാർ അടക്കമുള്ള ക്രൈസ്തവ ലോകം മൊത്തത്തിൽ തങ്ങളുടെ മതത്തിന്റെ അടിസ്ഥാന വിശ്വാസമായി അംഗീകരിക്കുന്ന ത്രിയേകത്വം അംഗീകരിക്കപ്പെടുന്നത് പൗലോസിനു ശേഷം മൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണ്. പ്രസ്തുത വിശ്വാസമാകട്ടെ അന്നു നിലവിലുണ്ടായിരുന്ന പ്രാകൃത ത്രിയേകത്വത്തിൽ നിന്ന് കടമെടുക്കപ്പെട്ടതും അത്നേഷ്യസിനാൽ ക്രൈസ്തവവൽക്കരിക്കപ്പെട്ടതുമായ ഒരു ആശയമാണ്. പ്രൊട്ടസ്റ്റന്റുകാരുടെ കർമമാർഗത്തിന് പൗലോസിനോളം പഴക്കമുണ്ടെങ്കിലും വിശ്വാസപ്രമാണങ്ങൾക്ക് അത്രതന്നെ പഴക്കമില്ലെന്നർഥം. പൗലോസിനുപോലും പരിചയമില്ലാതിരുന്ന ആശയങ്ങളാണ് ഇന്ന് ക്രിസ്തുമതത്തിന്റെ അടിത്തറ.

ക്രിസ്തുവിന്റെ സുവിശേഷം വിജാതീയർക്കിടയിൽ എത്തിക്കുകയെന്ന വിശുദ്ധ ദൗത്യം നിർവഹിച്ചതായി പരിചയപ്പെടുത്തപ്പെടുന്ന പൗലോസിന്റെ യഥാർഥ ദൗത്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുന്ന ഈ പുസ്തകം ക്രൈസ്തവ ചരിത്രത്തെ വസ്തുനിഷ്ഠമായി പഠിക്കുന്നവർക്കും ക്രിസ്തു പഠിപ്പിച്ച മതമേതായിരുന്നുവെന്ന് ആത്മാർഥമായി അന്വേഷിക്കുന്നവർക്കും പ്രയോജനപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. പെന്തക്കോസ്ത് പശ്ചാത്തലത്തിൽ വളർന്ന

ലേഖകന്റെ ഭാഷയും ശൈലിയുമെല്ലാം ക്രൈസ്തവ സുഹൃത്തുക്കൾക്ക് കൂടുതൽ വായനാസുഖം നൽകും. ഇസ്‌ലാമിക പ്രബോധന രംഗത്ത് കൂടുതൽ ശക്തമായ രചനകൾ നടത്തുവാനും അസത്യത്തിനെതിരെ മുഖം നോക്കാതെ പോരാടി സ്വർഗലോകത്തിന് അവകാശികളാകുവാനും അല്ലാഹു ലേഖകനെയും നമ്മെയെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.

നാഥാ..... നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ, ആമീൻ.

**എം.എം.അക്ബർ**
ഡയറക്ടർ
നിച്ച് ഓഫ് ട്രൂത്ത്

# ആമുഖം

നശ്വരമായ ഐഹിക ജീവിതത്തിന് ശേഷം അനശ്വരമായ ഒരു പരലോക ജീവിതം വരുവാനുണ്ടെന്നും, ഈ ഇരുലോകത്തേയും വിജയത്തിന് പ്രവാചകൻമാർ വഴി സ്രഷ്ടാവ് നൽകിയ സൻമാർഗം പിൻപറ്റണമെന്നും വിശ്വസിക്കുന്നവരാണ് അബ്രഹാം പിതാവിന്റെ പിൻമുറക്കാർ എന്ന് അവകാശപ്പെടുന്ന യഹൂദരും ക്രൈസ്തവരും മുസ്‌ലിംകളും. ഈ സൽപാന്ഥാവിലേക്ക് ക്ഷണിച്ചുകൊണ്ട് അനേകം പ്രവാചകൻമാർ നിയോഗിതരായിട്ടുണ്ട്. ഇപ്രകാരം യിസ്രയേല്യരിലേക്ക് നിയോഗിതനായ യേശുവിനെ യഹൂദൻമാർ നിഷേധിച്ച് തള്ളിയെങ്കിലും, അദ്ദേഹത്തിന്റെ പ്രവാചകത്വത്തെയും ക്രിസ്തു (അഭിഷക്തൻ) എന്ന പദവിയെയും അംഗീകരിക്കുന്നവരാണ് ക്രൈസ്തവരും മുസ്‌ലിംകളും. എന്നാൽ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ എന്തായിരുന്നു, അദ്ദേഹം മനുഷ്യർക്ക് നൽകിയ രക്ഷാമാർഗം എന്തായിരുന്നു തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ പോലും തികച്ചും വ്യത്യസ്തമായ വിശ്വാസങ്ങളാണ് ഇരുകൂട്ടർക്കുമുള്ളത്.

മഹാനായ യേശുക്രിസ്തുവിന്റെ വിടവാങ്ങലിന് ഏകദേശം ആറ് നൂറ്റാണ്ടുകൾക്ക് ശേഷം നിയോഗിതനായ മുഹമ്മദിﷺനെ പ്രവാചകനായി വിശ്വസിക്കുന്ന മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ദൗത്യത്തെ കുറിച്ച് പരിശുദ്ധ ഖുർആൻ നൽകുന്ന വിവരണമാണ് സ്വീകാര്യം.

“മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു): യിസ്രയേൽ സന്തതികളേ, എനിക്ക് മുമ്പുള്ള തൗറാത്തിനെ (മോശൈക ന്യായപ്രമാണം) സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹമ്മദ് (മുഹമ്മദിﷺന്റെ മറ്റൊരു പേര്) എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷ വാർത്ത അറിയിക്കുന്നവനായി കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ.” (ഖുർആൻ 61:6)

ഈ രണ്ടു ദൗത്യങ്ങളും അദ്ദേഹം പൂർത്തീകരിക്കുന്നതിൽ വിജയിച്ചിട്ടുണ്ടെന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്.

ഇതിൽ നിന്നും തികച്ചും വ്യത്യസ്ത സങ്കൽപമാണ് ബൈബിളിനെ വേദഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്ന ക്രൈസ്തവർക്കുള്ളത്. അബ്രഹാം പിതാവിന്റെ ആരാധ്യൻ ഏകനാണങ്കിലും, അവനിൽ മൂന്ന് ആളത്വങ്ങൾ സ്ഥിതി ചെയ്യുന്നുവെന്നും അതിൽ രണ്ടാമനായ പുത്രൻ മനുഷ്യാവതാരമെടുത്തതാണ് യേശുക്രിസ്തുവെന്നും അതിനാൽ അദ്ദേഹം പ്രവാചകൻ മാത്രമല്ല, ദൈവപുത്രനും സാക്ഷാൽ ദൈവം തന്നെയാണെന്നും അവർ വിശ്വസിക്കുന്നു. അദ്ദേഹം മനുഷ്യാവതാരമെടുത്തതിന്റെ ആവശ്യകതയെ കുറിച്ച് ബൈബിൾ പുതിയ നിയമ ഭാഗത്തിലെ പതിമൂന്ന് പുസ്തകങ്ങൾ രചിച്ച ‘അപ്പൊസ്തലനായ പൗലോസ്’ വിഭാവനം ചെയ്യുന്ന ദൈവശാസ്ത്രം ഇങ്ങനെയാണ്:

മനുഷ്യപിതാവായ ആദം വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം ഭക്ഷിച്ച് പാപിയായി തീർന്നു. ഈ പാപം അദ്ദേഹത്തിന്റെ മക്കളായ സകല മനുഷ്യരിലേക്കും വ്യാപിച്ചു. അങ്ങനെ മനുഷ്യരെല്ലാവരും ജനിക്കുമ്പോൾ തന്നെ പാപികളായി തീരുന്നു. ഇവരെ രക്ഷിക്കുന്നതിന് വേണ്ടി മോശെ പ്രവാചകനിലൂടെ പ്രധാനമായും പത്ത് കൽപനകൾ അടങ്ങിയ ന്യായപ്രമാണം നൽകപ്പെട്ടുവെങ്കിലും, ആർക്കും അത് അനുസരിക്കുവാൻ കഴിയാതെ വീണ്ടും പാപം അധികരിക്കുകയുണ്ടായി. നിയമത്തെ ലംഘിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്ന തൗറാത്തിന്റെ വിധി പ്രകാരം, മനുഷ്യരെല്ലാം ശപിക്കപ്പെട്ടവരായി. ഇതിൽ നിന്നും മനുഷ്യരെ രക്ഷിക്കുന്നതിന് വേണ്ടി യേശുക്രിസ്തു മനുഷ്യാവതാരമെടുത്ത് ഭൂമിയിൽ വരുകയും, ന്യായപ്രമാണത്തിലെ പാപപരിഹാരകർമം പോലെ സകല മനുഷ്യരുടേയും പാപമേറ്റെടുത്ത് കൊണ്ട് അദ്ദേഹം കുരിശിൽ പാപപരിഹാര യാഗമായി തീരു

കയും ചെയ്തു. ഇനി ഒരാൾക്ക് നിത്യജീവൻ ലഭിക്കണമെങ്കിൽ ന്യായപ്രമാണം അനുസരിക്കേണ്ട ആവശ്യമില്ല. മറിച്ച്, എന്റെ പാപത്തിന് പരിഹാരമായിട്ടാണ് യേശുക്രിസ്തു കുരിശിൽ മരിച്ചതെന്ന് വിശ്വസിച്ചാൽ അവൻ രക്ഷപ്പെടും. എന്നാൽ ആരെങ്കിലും യേശുക്രിസ്തുവിനെ വിശ്വസിക്കുകയും തുടർന്നും മനുഷ്യരെ രക്ഷിക്കുവാൻ പര്യാപ്തമല്ലാത്ത മോശൈക ന്യായപ്രമാണത്തെ പിൻപറ്റുകയും ചെയ്താൽ, അവൻ വീണ്ടും പാപിയായി തീരുകയും യേശുവിനെ പാപത്തിന്റെ ശുശ്രൂഷകനായി തരം താഴ്ത്തുകയും ചെയ്യുന്നുവെന്ന് പൗലോസ് തന്റെ ലേഖനങ്ങളിലൂടെ വ്യക്തമാക്കുന്നു. ത്രിത്വദൈവത്തിലെ മൂന്നാമത്തെ ആളത്വമായ പരിശുദ്ധാത്മാവ് ഇദ്ദേഹത്തിന്റെ വാക്കുകളെ നിയന്ത്രിച്ചുവെന്നും അതിനാൽ അവ ഒന്നൊഴിയാതെ ദൈവിക സന്ദേശമാണെന്നും വിശ്വസിക്കുവാൻ ഓരോ ക്രിസ്ത്യാനിയും ബാധ്യസ്ഥനാണ്.

മേൽ പറയപ്പെട്ട ക്രൈസ്തവ തത്ത്വങ്ങളിലെ ത്രിയേകദൈവം, യേശുവിന്റെ ദിവ്യത്വം, അദ്ദേഹത്തിന്റെ പാപപരിഹാരബലി, ന്യായപ്രമാണം കാലഹരണപ്പെട്ടു എന്ന വിശ്വാസം തുടങ്ങിയ പലതും ഇസ്‌ലാം നിഷേധിക്കുന്നുണ്ട്. സ്വഭാവികമായും ഇസ്‌ലാമിന്റെ ഈ മനോഭാവത്തെ അംഗീകരിക്കുവാൻ ഒരു ക്രിസ്ത്യാനിക്കും കഴിയുകയില്ല. പലപ്പോഴും ക്രൈസ്തവർ ഇങ്ങനെ സന്ദേഹപ്പെടാറുണ്ട്: യേശുക്രിസ്തുവിന് നൂറ്റാണ്ടുകൾക്ക് ശേഷം പലസ്തീനിൽ നിന്നും വിദൂരമായ അറേബ്യയിൽ ജീവിച്ച മുഹമ്മദ്ﷺ പറഞ്ഞത് ഞങ്ങൾ വിശ്വസിക്കുകയും യേശുവിന്റെ സമകാലികരായ അപ്പൊസ്തലൻമാർ പറഞ്ഞത് അവിശ്വസിക്കുകയും ചെയ്യണമോ? യേശുവിന്റെ കാലം മുതൽ ഇന്നോളം നിലനിന്ന ക്രൈസ്തവ പാരമ്പര്യങ്ങളും അനുഷ്ഠാനങ്ങളും വ്യർഥമായിരുന്നോ? യേശുക്രിസ്തുവിന്റെ പ്രബോധനം നടന്ന പലസ്തീൻ പ്രവാചകനായ മുഹമ്മദ്ﷺ സന്ദർശിക്കുകയോ ചരിത്ര രേഖകൾ പരിശോധിക്കുകയോ അല്ലായെങ്കിൽ മറ്റെന്തെങ്കിലും സുദൃഢമായ തെളിവുകൾ നിരത്തുകയോ ചെയ്തിട്ടുണ്ടോ?

ക്രൈസ്തവർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കെല്ലാം മുസ്‌ലിംകൾക്കുള്ള പ്രധാന മറുപടി ഖുർആനിന്റെ ഈ പ്രസ്താവനയാണ്.

“അദ്ദേഹം (മുഹമ്മദ്ﷺ) തന്നിഷ്ട പ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി ഉൽബോധനം ലഭിക്കുന്നത് മാത്രമാകുന്നു.” (ഖുർആൻ 53:3)

അതായത്, മുഹമ്മദ് നബിﷺ സ്വന്തമായി നടത്തിയ ഗവേഷണ, നിരീക്ഷണ പഠനങ്ങളുടെ അടിസ്ഥാനത്തിലല്ല ഇങ്ങനെ പറഞ്ഞിട്ടു ള്ളത്. മറിച്ച്, സർവജ്ഞാനിയായ പടച്ചതമ്പുരാൻ പ്രവാചകന് അറിയിച്ച് കൊടുത്തതാണ് ഇതെല്ലാം.

ചുരുക്കത്തിൽ, ഖുർആനിന്റെ ഭൂമിക വിശ്വസിക്കുന്ന ഒരു മുസ് ലിമിനും ബൈബിളിന്റെ ഭൂമിക വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനി ക്കും ഇടയിലുണ്ടായ ഭിന്നത ആദർശപരമാണ്; ഒട്ടും വർഗീയത അതിലുണ്ടാവുന്നില്ല. ഇതിന് പരിഹാരം കാണുവാൻ മതസൗഹാർദ്ദ സദസ്സുകൾക്കോ ഇഫ്താർ വിരുന്നുകൾക്കോ മതാചാരസങ്കലന ങ്ങൾക്കോ കഴിയുകയില്ല. തികച്ചും ഗുണകാംക്ഷയോടു കൂടിയുള്ള ആദർശ ചർച്ചകളും പ്രതിപക്ഷ ബഹുമാനത്തോടു കൂടിയുള്ള സ് നേഹ സംവാദങ്ങളും ഇരുകൂട്ടർക്കും പരസ്പരം അറിയുവാനും തെറ്റുധാരണകൾ തിരുത്തുവാനുമുള്ള അവസരം ഒരുക്കുമെന്നതിൽ സംശയമില്ല. ഇത് തിരിച്ചറിഞ്ഞ ഇരുമതത്തിന്റെയും മുൻഗാമികളായ പ്രബോധകർ തുടങ്ങി വെച്ച മതതാരതമ്യ പഠനത്തിലേക്കുള്ള ഒരു സംഭാവനയാണ് *ക്രിസ്തുമാർഗം: യാഥാർഥ്യമെന്ത്?* എന്ന ഈ പുസ് തകം.

“ന്യായപ്രമാണത്തേയോ പ്രവാചകൻമാരേയോ നീക്കുവാനല്ല, നിവർത്തിക്കുവാനാണ് ഞാൻ വന്നത്” (മത്തായി 5:17) എന്ന യേശു വിന്റെ വാക്യത്തിന് ഇരുകൂട്ടരും വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നൽകാറുണ്ട്. അത് അക്ഷരാർഥത്തിൽ സൂചിപ്പിക്കുന്നത് പോലെ, മോശൈക ന്യായപ്രമാണത്തെ യേശു നീക്കിയിട്ടില്ലെന്ന് ഖുർആനി ക ഭൂമികയിൽ നിന്ന് കൊണ്ട് മുസ്‌ലിം പ്രബോധകരും, പൂർത്തീകരി ക്കുകയെന്നാൽ യേശുവിന്റെ പാപപരിഹാര ബലിയിലൂടെയുള്ള ന്യായപ്രമാണത്തിന്റെ എന്നന്നേക്കമുള്ള പൂർത്തീകരണം അഥവാ അവസാനമാണെന്ന് ബൈബിൾ ഭൂമികയിൽ നിന്ന് കൊണ്ട് ക്രൈ സ്തവരും വ്യാഖ്യാനിക്കുമ്പോൾ, കുഴങ്ങിപ്പോകുന്നത് സത്യാന്വേ ഷകരായ സാധാരണക്കാരാണ്. ഈ പ്രശ്നത്തിനുള്ള ഒരു ശാശ്വത പരിഹാരമെന്നോണം, ബൈബിളിന്റെ ഭൂമിക മാത്രം മാനദണ്ഡമാ ക്കി, അതിനുള്ളിൽ തന്നെയുള്ള രണ്ട് വിശ്വാസികളിലേക്ക് വായന ക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുകയും (ഒന്ന് യെരുശലേം സഭയിലെ വിശ്വാസികളും, മറ്റൊന്ന് യഹൂദേതര സഭകളിലെ വിശ്വാസികളും) അതിൽ ക്രൈസ്തവർക്ക് തന്നെ ഏറ്റവും സ്വീകാര്യമായ അപ്പൊസ്

തല ഭാഗത്ത് നിന്നു കൊണ്ട് ഓരോ വിഷയത്തിലും വിധി കൽപിക്കുവാനുള്ള ഒരു സുവർണാവസരം തുറന്നു കൊടുക്കുകയുമാണ് ഈ ഗ്രന്ഥത്തിലൂടെ. യേശുവിന്റെ വാക്കുകളെ വ്യാഖ്യാനിക്കേണ്ടത് അദ്ദേഹം തെരഞ്ഞെടുത്ത അപ്പൊസ്തലൻമാരുടെ ഭാഗത്ത് നിന്ന് വേണം എന്ന തീർത്തും ന്യായമായ ഏക നിബന്ധനയോടെ ക്രൈസ്തവ ദൈവശാസ്ത്രം പുന:പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ, നമ്മൾ ഓരോരുത്തരുടെയും ഭാവിയുടെ വിധികർത്താക്കളായി നമ്മൾ തന്നെ മാറുകയാണ്.

“പറയുക: ഹേ; ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. അതിനാൽ ആർ നേർവഴി സ്വീകരിക്കുന്നുവോ അവൻ തന്റെ ഗുണത്തിന് തന്നെയാണ് നേർവഴി സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ച് പോയാൽ അതിന്റെ ദോഷവും അവന് തന്നെയാണ്. ഞാൻ നിങ്ങളുടെ മേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനല്ല. നിനക്ക് സന്ദേശം നൽകപ്പെടുന്നതിനെ നീ പിന്തുടരുക. അല്ലാഹു തീർപ്പുകൽപിക്കുന്നത് വരെ ക്ഷമിക്കുകയും ചെയ്യുക. തീർപ്പുകൽപിക്കുന്നവരിൽ ഉത്തമനത്രെ അവൻ.” (ഖുർആൻ 10:108,109) എന്ന് സർവ മനുഷ്യരെയും വിളിച്ച് കൊണ്ട് പടച്ച തമ്പുരാൻ നൽകുന്ന താക്കീത് ഓർമപെടുത്തിക്കൊണ്ട് ഈ ഗ്രന്ഥം നിങ്ങളുടെ മുമ്പിൽ സമർപിക്കുന്നു.

നാഥാ, നീ ഏതൊരു കാര്യത്തിനും കഴിവുള്ളവനാണ്. നിന്റെ മതത്തിന് വേണ്ടി ഞങ്ങളെയും നീ ഉപയോഗിക്കുകയാണെങ്കിൽ....... നാഥാ, നീ അതിനും കഴിവുള്ളവനാണല്ലോ. ഞങ്ങളെ നീ സഹായിക്കേണമേ, ആമീൻ.

**മുഹമ്മദ് ഈസാ**

# താളുകളിൽ


| | |
|---|---|
| **ഭാഗം ഒന്ന് – ക്രിസ്തുവും ക്രിസ്തുമതവും** | **23** |
| 1. ക്രിസ്തുസഭയും ക്രിസ്ത്യാനി സഭയും | 25 |
| 2. ക്രിസ്തുസഭയെ പുറത്താക്കിയ ‘അപ്പൊസ്തലൻ’ | 55 |
| 3. ക്രിസ്തുവിന്റെ മരണവും മനുഷ്യരുടെ രക്ഷയും | 69 |
| 4. ക്രിസ്തുമതം അഥവാ മിത്രാസ് മതം | 81 |
| 5. നവീകരണം പാതിവഴിയിൽ | 95 |
| **ഭാഗം രണ്ട് – യഥാർഥ ക്രിസ്തുമാർഗം** | **113** |
| 1. ക്രിസ്തുവിന്റെ മതം | 115 |
| 2. ധാർമികതയുടെ മാനദണ്ഡം | 125 |
| 3. ക്രിസ്തുവിന്റെ പിൻഗാമി | 153 |
| 4. ക്രിസ്തുവിന്റെ മിത്രങ്ങൾ | 161 |
| **അനുബന്ധം 1: ചരിത്ര സംഭവങ്ങളുടെ കാലസൂചി** | **173** |
| **അനുബന്ധം 2: നാസീർ വ്രതം** | **175** |
| **അനുബന്ധം 3: ചാവുകടൽച്ചുരുളുകൾ** | **179** |
| **അനുബന്ധം 4: ദൈവപുത്രത്വം: സത്യവും മിഥ്യയും** | **181** |
| **ഗ്രന്ഥസൂചി** | **195** |

## ഭാഗം ഒന്ന്

# ക്രിസ്തുവും ക്രിസ്തുമതവും

# ഒന്ന്

## ക്രിസ്തു സഭയും
## ക്രിസ്ത്യാനി സഭയും

യേശുക്രിസ്തുവിന്റെ പ്രബോധിതരായ ജനങ്ങൾക്ക് മതപരമായ അനേകം പ്രത്യേകതകൾ ഉണ്ടായിരുന്നു. മോശൈക ന്യായപ്രമാണം പിൻപറ്റുന്ന യിസ്രയേല്യരോട് മാത്രമാണ് അദ്ദേഹം സുവിശേഷം അറിയിച്ചത്. വിഗ്രഹാരാധകരായ മറ്റുള്ള ജനങ്ങളുമായി മതപരമായ ഒരു ബന്ധവും ഇവർ പുലർത്തിയിരുന്നില്ല. ആദർശപരമായി ഐക്യമില്ലാത്ത വ്യക്തികൾക്കൊപ്പമിരുന്ന് ഇവർ ഭക്ഷണം കഴിക്കുകയില്ല. ഹൃദയത്തിൽ സൂക്ഷിക്കേണ്ട വിശ്വാസത്തിൽ മാത്രമല്ല, പ്രഥമദൃഷ്ടിയാൽ തന്നെ മറ്റുള്ളവരിൽ നിന്നും ഇവർ വ്യത്യസ്തരായിരുന്നു.

ഇതിൽ ഏറ്റവും പ്രധാനമായത്, എട്ട് ദിവസം പ്രായമായ എല്ലാ ആൺകുട്ടികളുടെയും ലിംഗത്തിന്റെ അഗ്രഭാഗത്തിലെ ചർമം മുറിച്ചുകൊണ്ട് നടത്തപ്പെടുന്ന പരിച്ഛേദനം (ചേലാകർമം) എന്ന കർമമാണ്. ആർക്കെങ്കിലും ഇവരുടെ മതത്തിലേക്ക് പ്രവേശിക്കണമെങ്കിലോ, പെസഹ എന്ന ഉത്സവം ഇവരോടൊപ്പം ആഘോഷിക്കണമെങ്കിലോ അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്ന് വിലയ്ക്ക് വാങ്ങിയ ഒരു അടിമയ്ക്ക് ഇവരോടൊപ്പം സഹവസിക്കണമെങ്കിലോ, അവൻ പരിച്ഛേദന ഏൽക്കണം. ചുരുക്കത്തിൽ, വിശ്വാസികളുടെ സമൂഹത്തിന്റെ ചിഹ്നമായി പരിച്ഛേദനം സ്ഥാനം പിടിക്കുകയും, പുരു

ഷലിംഗത്തിന്റെ അഗ്രചർമം നിലനിർത്തുന്നവർ വിഗ്രഹാരാധകരുടെ സമൂഹത്തെ പ്രതിനിധീകരിക്കുകയും ചെയ്തു.

ദിവസേനയുള്ള പ്രാർഥനയ്ക്കായി ഇവർ സിനഗോഗുകളിൽ ഒരുമിച്ച് കൂടും. എല്ലാ ശനിയാഴ്ച ദിവസവും വിശുദ്ധമായി ശബത്ത് ആചരിക്കും. പുരുഷന്മാർ താടിരോമം നീട്ടി വളർത്തിയിരുന്നു. അതിന്റെ അഗ്രഭാഗം മുറിക്കാൻ പോലും മതം അവരെ അനുവദിക്കുന്നില്ല. വ്യക്തമായ ശുചിത്വം പാലിക്കുകയും വിഗ്രഹാർപ്പിതം, രക്തം, ശ്വാസം മുട്ടി ചത്തത് തുടങ്ങിയവ വർജ്ജിക്കുകയും ചെയ്തിരുന്നു. വർഷത്തിൽ മൂന്ന് ഉത്സവങ്ങൾ ആചരിക്കുകയും അന്നേ ദിവസം വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന യഹൂദന്മാരിൽ കഴിവുള്ളവരെല്ലാം വിശുദ്ധ നഗരമായ യെരുശലേമിൽ സമ്മേളിക്കുകയും ചെയ്യണം. ഇത് അവരിൽ ഐക്യം നിലനിർത്തുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നു.

യെരുശലേം നഗരത്തിന്റെ ഏറ്റവും വലിയ ആകർഷണം അവിടെയുള്ള ദേവാലയമാണ്. ദൈവിക നിർദേശാനുസരണം ശലോമോൻ നിർമിച്ചതാണ് ദേവാലയം. യാഗങ്ങളും നേർച്ചകളും മറ്റ് കർമങ്ങൾ കൊണ്ടും ദേവാലയം എപ്പോഴും സജീവമായിരുന്നു. മഹാപുരോഹിതനും വേദപണ്ഡിതന്മാരും നേതൃത്വം നൽകിയിരുന്ന ഈ ദേവാലയത്തിലെ സ്ഥിരം ഉപദേശിയായിരുന്നു മഹാനായ യേശുക്രിസ്തു. പൊതുജനങ്ങളുടെ കണ്ണിലുണ്ണിയും മതനേതൃത്വത്തിന്റെ കണ്ണിലെ കരടുമായിരുന്നു അദ്ദേഹം.

## ക്രിസ്തുസഭയുടെ ചരിത്രം

യേശുക്രിസ്തു സ്വർഗാരോഹണം ചെയ്ത ശേഷമുള്ള മുപ്പത് വർഷക്കാലം അദ്ദേഹത്തിന്റെ അനുയായികൾ നടത്തിയ സുവിശേഷ പ്രവർത്തനം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാലയളവിൽ നടന്ന സംഭവങ്ങൾ സൂക്ഷ്മമായി പഠിക്കുന്ന ഏവർക്കും ഇന്ന് നിലനിൽക്കുന്ന ക്രിസ്തീയ വിശ്വാസം ഏത് കാലത്ത് രൂപപ്പെട്ടതാണെന്നും ഇതിന്റെ ഉത്ഭവത്തിന് നിദാനമായ സാഹചര്യം എന്താണെന്നും എളുപ്പത്തിൽ മനസിലാക്കാവുന്നതാണ്. യേശുക്രിസ്തുവിൽ നിന്ന് സുവിശേഷം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ നിർദേശാനുസരണം വിശുദ്ധ നഗരമായ യെരുശലേമിൽ സമ്മേളിക്കുകയും പരിശുദ്ധാത്മാവിന്റെ സഹായത്തോടെ വളരുകയും ചെയ്ത യഥാർ

ഥ ക്രിസ്തു സഭയുടെ പിൻതുടർച്ചക്കാരാണോ ഇന്നുള്ള ക്രൈസ്തവർ? വളരെ ഗൗരവമേറിയ ഈ പഠനത്തിന്റെ സൗകര്യാർഥം യേശുക്രിസ്തുവിന് ശേഷമുള്ള അപ്പൊസ്തല കാലഘട്ടത്തെ മൂന്ന് പതിറ്റാണ്ടുകളായി വേർതിരിക്കുകയാണ്.

## ഒന്നാം പതിറ്റാണ്ട് (ക്രിസ്താബ്ദം 30 – 40)

### യേശുവിന്റെ സ്വർഗാരോഹണം

"പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കുകയും, യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അതിരുകൾ വരെയും എന്റെ സാക്ഷികളായി തീരും." (അപ്പൊസ്തല പ്രവർത്തികൾ 1:8) അവസാനമായി യേശു പറഞ്ഞ വാക്കുകളാണ് ഇവ.

ഇതിന് ശേഷം ശിഷ്യൻമാർ നോക്കി നിൽക്കേ യേശു ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു. ഒരു മേഘം അദ്ദേഹത്തെ അവരുടെ ദൃഷ്ടിയിൽ നിന്ന് മറച്ചു. അവർ ആകാംക്ഷയോടെ നോക്കി നിൽക്കുമ്പോൾ രണ്ട് മാലാഖമാർ പുരുഷ രൂപത്തിൽ അവരുടെ സമീപം വന്നു.

അവർ പറഞ്ഞു: "നിങ്ങൾ എന്തിന് ആകാശത്തിലേക്കു നോക്കി നിൽക്കുന്നു. നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട യേശു എപ്രകാരം സ്വർഗാരോഹണം ചെയ്തതായി നിങ്ങൾ കണ്ടുവോ, അതേ പോലെ തന്നെ തിരികെ വരും." (അപ്പൊ. പ്രവ 1:11).

ശേഷം അവർ ഗുരുവിന്റെ നിർദേശാനുസരണം യെരുശലേം നഗരത്തിലേക്ക് മടങ്ങിവന്ന് പരിശുദ്ധാത്മാവ് എന്ന ദൈവിക ദാനത്തിനായി കാത്തിരുന്നു. ആ സംഘത്തിൽ പതിനൊന്ന് അപ്പൊസ്തലൻമാരും യേശുവിന്റെ അമ്മ മറിയയും, യേശുവിന്റെ സഹോദരന്മാരും ഉൾപ്പെട്ടിരുന്നു.

### അപ്പൊസ്തലത്വ പൂർത്തീകരണം - ആദ്യ നടപടി

യിസ്രയേൽ സമൂഹത്തിൽ പന്ത്രണ്ട് ഗോത്രങ്ങൾ അടങ്ങിയിട്ടുള്ളതിനാൽ തന്റെ ശിഷ്യഗണങ്ങളിൽ നിന്നും പന്ത്രണ്ട് പേരെ യേശുക്രിസ്തു തിരഞ്ഞെടുത്ത് അപ്പൊസ്തലന്മാർ എന്ന് പ്രത്യേകം നാമകരണം ചെയ്തിരുന്നു. അവരിൽപ്പെട്ട യൂദ ഇസ്ക്കരിയോത്ത തന്റെ ശ്രേഷ്ഠ സ്ഥാനത്തോട് നീതി കാണിക്കാതെ ശത്രുക്കളുടെ

* കാലക്രമത്തെ കുറിച്ച് പണ്ഡിതൻമാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.

വഞ്ചനയിൽ അകപ്പെട്ടു. അയാൾ യേശുവിനെ ഒറ്റിക്കൊടുത്ത് സ്വ യം നശിച്ചു. അങ്ങനെ ഒഴിവ് വന്ന അപ്പൊസ്തലത്വ പദവിയിലേക്ക് ഒരാളെ തിരഞ്ഞെടുക്കണമെന്ന് അവർ തീരുമാനിച്ചു.

യോഹന്നാൻ സ്നാപകന്റെ പ്രവർത്തനം മുതൽ യേശുവിന്റെ സ്വർഗാരോഹണം വരെ തങ്ങളോട് കൂടെ ഉണ്ടായിരുന്ന ഒരാളെ വേണം അപ്പൊസ്തല ശുശ്രൂഷ ഏൽപ്പിക്കേണ്ടതെന്ന് അവരിൽ പ്രമുഖനായ പത്രോസ് നിബന്ധന വെച്ചു. അവർ പ്രാർഥനയോടെ രണ്ട് പേരെ മുൻനിർത്തി നറുക്കിട്ടു. അങ്ങനെ മത്ഥിയാസ് എന്ന ശിഷ്യന് നറുക്ക് വീഴുകയും അദ്ദേഹം പതിനൊന്ന് അപ്പൊസ്തല ന്മാരുടെ കൂട്ടത്തിൽ ഒരാളാകുകയും ചെയ്തു.[1]

## പരിശുദ്ധാത്മാവിന്റെ ആഗമനവും യെരുശലേം സഭയുടെ വളർച്ചയും

ഒരു ദിവസം ശിഷ്യൻമാർ അവരുടെ മുറിയിൽ ഒരുമിച്ച് കൂടിയി രിക്കേ, അവരിൽ എല്ലാവരിലും പരിശുദ്ധാത്മാവ് വന്നു. അതിന്റെ തെളിവെന്നോണം അവർക്ക് വിവിധ ഭാഷകൾ സംസാരിക്കാനുള്ള കഴിവ് ലഭിച്ചു. ജനങ്ങളെല്ലാം ഇവർക്ക് ചുററും ഓടിക്കൂടി. അന്ന് ഉ ത്സവ ദിവസമായിരുന്നതിനാൽ വിവിധ ഭാഷക്കാരായ യഹൂദന്മാരും യഹൂദ മതം സ്വീകരിച്ചവരും മററുള്ളവരും യെരുശലേമിൽ വന്ന് താമസിച്ചിരുന്നു.

അരമായ ഭാഷ മാത്രം അറിയുന്നവർ അനേകം ഭാഷയിൽ സം സാരിക്കുന്നത് അവരിൽ അത്ഭുതമുളവാക്കി. ഈ അവസരം പ്രയോ ജനപ്പെടുത്തി അപ്പൊസ്തല പ്രമുഖനായ പത്രോസ് എഴുന്നേററ് യേശുവിനെ കുറിച്ച് പ്രസംഗിച്ചു. അതിന്റെ രത്നച്ചുരുക്കം ഇതാണ്– “യേശു എന്ന മനുഷ്യനിലൂടെ ദൈവം യിസ്രയേൽ മക്കളുടെ ഇടയി ൽ ധാരാളം അത്ഭുതപ്രവർത്തികൾ ചെയ്തു. നിങ്ങൾ അവനെ ശ ത്രുക്കൾക്ക് (റോമാക്കാർക്ക്) ഏൽപ്പിച്ച് കൊടുക്കുകയും അവർ അവനെ കൊല്ലുകയും ചെയ്തു. എന്നാൽ ദൈവം മരിച്ചവരിൽനിന്ന് യേശുവിനെ ഉയിർപ്പിച്ചിരിക്കുന്നു.[2] അവൻ സത്യത്തിൽ കർത്താ വും ക്രിസ്തുവുമാണ്. അതിനാൽ നിങ്ങൾ ചെയ്തത് ഗുരുതരമായ

1. അപ്പൊസ്തല പ്രവർത്തികൾ 1:15–26.
2. യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ച മൂന്നാം അദ്ധ്യായത്തിൽ (ക്രിസ്തുവിന്റെ മരണവും മനുഷ്യരുടെ രക്ഷയും) വരുന്നുണ്ട്.

പാപമാണ്.”

പത്രോസിന്റെ വാക്കുകൾ കേട്ട് ജനങ്ങൾ പശ്ചാത്താപ വിവശരായി. ദൈവം നിയോഗിച്ച ക്രിസ്തുവിനെ തങ്ങൾ കൊന്നുവെന്ന ചിന്ത അവർക്ക് കഠിനമായ നിരാശ പടർത്തി. അവർ ചോദിച്ചു: “ഞങ്ങൾ എന്താണു ചെയ്യേണ്ടത്?”

അദ്ദേഹം പറഞ്ഞു: “നിങ്ങൾ പാപങ്ങൾ ഉപേക്ഷിച്ച് മാനസാന്തരപ്പെടണം. യേശുവിനെ ക്രിസ്തുവായി വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പേരിലുള്ള സ്നാനം സ്വീകരിക്കുകയും ചെയ്യണം. എന്നാൽ നിങ്ങളുടെ സകല പാപങ്ങൾ പൊറുക്കപ്പെടുകയും ഞങ്ങൾക്ക് ലഭിച്ചതുപോലെ പരിശുദ്ധാത്മാവ് എന്ന ദൈവിക ദാനം നിങ്ങൾക്കും ലഭിക്കുകയും ചെയ്യും.” അദ്ദേഹത്തിന്റെ സന്ദേശം മൂവായിരത്തോളം പേർ സ്വീകരിച്ചു.

ഇവർ എല്ലാവരും അപ്പൊസ്തലന്മാരുടെ നേതൃത്വത്തിൽ ഓരോ വീടുകളിൽ ഒരുമിച്ച് കൂടുകയും അവരിൽ നിന്ന് ഉപദേശം സ്വീകരിക്കുകയും അപ്പം നുറുക്കുകയും[1] പ്രാർഥനകളിൽ മുഴുകുകയും ചെയ്തു. വിശ്വാസികളുടെ വ്യക്തിപരമായ സ്വത്തുക്കളെല്ലാം വിറ്റ് സമ്പത്തെല്ലാം പൊതുവകയായി കണക്കാക്കുകയും ആവശ്യമുള്ളത് പോലെ എല്ലാവരും പങ്കിട്ടെടുക്കുകയും ചെയ്തു. അപ്പൊസ്തലന്മാർ മുഖേന ധാരാളം അത്ഭുതങ്ങളും രോഗ സൗഖ്യവും നടന്നു. അവരുടെ നിസ്വാർഥ പ്രവർത്തനം മൂലം എല്ലാ ജനങ്ങളും അവരെ സ്നേഹിച്ചു. ഓരോ ദിവസവും പുതിയ ആളുകൾ വിശ്വസിക്കുകയും ഇവരോടൊപ്പം ചേരുകയും ചെയ്തു. അവർ ഏക മനസ്സും ഏക ഹൃദയവും ഉള്ളവരായിരുന്നു. അവർ ഉല്ലാസത്തോടും ഹൃദയപരമാർഥതയോടും കൂടെ ഒരുമിച്ച് ഭക്ഷണം കഴിച്ചുപോന്നു. ഇങ്ങനെ ക്രിസ്തുവിന്റെ പേരിൽ യെരുശലേമിൽ രൂപപ്പെട്ട കൂട്ടായ്മയെ ഇനി “യെരുശലേം സഭ”എന്നാണ് പ്രതിപാദിക്കുന്നത്. ഈ സഭയുടെ നേതാക്കൾ അപ്പൊസ്തല പ്രമുഖരായ പത്രോസും യോഹന്നാനും യേശുവിന്റെ സഹോദരനായ യാക്കോബും ആണ്.[2]

പൊതുവായുള്ള പ്രാർഥനയ്ക്ക് വേണ്ടി അവർ ദിനംപ്രതി യെരുശലേം ദേവാലയത്തിൽ എത്തി. യേശുവിനെ അംഗീകരിക്കുന്നവ

1. അപ്പം നുറുക്കലിനെ കുറിച്ച് പേജ് 76-80 നോക്കുക.

2. അപ്പൊ. പ്രവ അദ്ധ്യായം 2.

രും അല്ലാത്തവരുമായ എല്ലാ യഹൂദൻമാരും സമൂഹ പ്രാർഥനക്കായി ഒരു ദേവാലയത്തിലാണ് കൂടിവന്നിരുന്നത്. ഒരു ദിവസം അപ്പൊസ്തല പ്രമുഖനായ പത്രോസും യോഹന്നാനും ഉച്ചകഴിഞ്ഞ് മൂന്ന് മണിക്കുള്ള പ്രാർഥനാസമയത്ത് യെരുശലേം ദേവാലയത്തിലേക്ക് പോകുന്ന വഴി ഒരു മുടന്തനെ സൗഖ്യമാക്കി. ശേഷം, അവർ മൂന്നു പേരും ദേവാലയത്തിൽ എത്തിയപ്പോൾ ജനമെല്ലാം ആശ്ചര്യഭരിതരായി അവരുടെ അടുക്കൽ ഓടിക്കൂടി. ജനങ്ങളുടെ ശ്രദ്ധ തങ്ങളിലേക്ക് കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ട പത്രോസ് പ്രസംഗം ആരംഭിച്ചു. നമ്മൾ പ്രതീക്ഷിച്ചിരുന്ന ക്രിസ്തുവായിരുന്നു ദൈവത്തിന്റെ ദാസനായ യേശുവെന്നും അദ്ദേഹത്തെ വധിക്കാൻ നിങ്ങൾ കൂട്ടുനിന്നത് ഗുരുതരമായ പാപമാണെന്നും വ്യക്തമാക്കി. അതിനാൽ തെറ്റുകൾ ഏറ്റ് പറഞ്ഞ് പശ്ചാത്തപിച്ചാൽ ദൈവം നിങ്ങൾക്ക് പൊറുത്ത് തരികയും ആശ്വാസം നൽകുകയും ചെയ്യും.(1) ഇത് കേട്ട് ധാരാളം ആളുകൾ വിശ്വസിച്ചു. അങ്ങനെ യെരുശലേം സഭയുടെ അംഗസംഖ്യ അയ്യായിരമായി വർദ്ധിച്ചു.

പത്രോസിന്റെ പ്രസംഗം നടന്നുകൊണ്ടിരിക്കേ പുരോഹിതന്മാരും ദേവാലയത്തിലെ സൈന്യാധിപനും അവിടേക്ക് വന്നു. തങ്ങൾ കൊന്നുകളഞ്ഞ മനുഷ്യനെ ക്രിസ്തുവാക്കി അവതരിപ്പിച്ചതും ആ പാപം തങ്ങളുടെ തലയിൽ ചുമത്തുന്നതും അവർക്ക് സഹിച്ചില്ല. അവർ അപ്പൊസ്തലന്മാരെ ബന്ധനസ്ഥരാക്കി. ഇനി ഒരിക്കലും യേശുവിനെ കുറിച്ച് പ്രസംഗിക്കുകയോ, അദ്ദേഹത്തിന്റെ പേരിൽ അത്ഭുത പ്രവൃത്തി ചെയ്യുകയോ അരുതെന്ന് അവർ താക്കീതു ചെയ്തു. എന്നാൽ മററ് പ്രധാന കുററങ്ങളൊന്നും ഇല്ലാത്തതിനാൽ അപ്പൊസ്തലൻമാരെ അവർ മോചിപ്പിച്ചു.

പുതുതായി യെരുശലേം സഭയോട് ചേരുന്നവർ എല്ലാം തന്നെ അവരുടെ സ്വത്തുക്കൾ വിറ്റ് അപ്പൊസ്തലന്മാർക്ക് നൽകി. അവരുടെ ഇടയിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ആരുമുണ്ടായിരുന്നില്ല. ആവശ്യാനുസരണം സമ്പത്ത് അവരുടെ ഇടയിൽ വീതിക്കപ്പെട്ടു.

1. യേശുക്രിസ്തു മരിച്ചുവെന്ന് പത്രോസ് പ്രസംഗിക്കുന്നതായി ബൈബിളിൽ കാണുന്നുണ്ടെങ്കിലും, ആ മരണം എല്ലാ മനുഷ്യരുടെയും പാപം ഏറെറടുക്കുവാൻ ആയിരുന്നുവെന്ന ക്രിസ്തുമത സുവിശേഷം അദ്ദേഹത്തിന്റെ വാക്കുകളിൽ ഇല്ല. മറിച്ച്, ദൈവം മരിച്ചവരിൽ നിന്നും യേശുവിനെ രക്ഷിച്ചു എന്ന അത്ഭുതം മാത്രമേ അദ്ദേഹം പ്രസംഗിച്ചിട്ടുള്ളൂവെന്ന് ബൈബിൾ പോലും പറയുന്നു.

അങ്ങനെ തുല്യതയില്ലാത്ത ഐക്യം അവരിൽ ഉണ്ടായി. ഇപ്രകാരം ഉയർന്ന ആത്മീയ നിലവാരമുള്ള വിശ്വാസികളുടെ കൂട്ടത്തിൽ പ്രധാനിയാണ് ബർണബാസ്. അപ്പൊസ്തലന്മാർ ഇദ്ദേഹത്തെ 'പ്രബോധന പുത്രൻ' എന്ന് വിശേഷിപ്പിച്ചിരുന്നു. സൈപ്രസ് ദ്വീപുകാരനായ ഇദ്ദേഹം, ഗ്രീക്ക് ഭാഷ സംസാരിക്കുന്ന യഹൂദനായിരുന്നു.[1] (ഈ ചരിത്രപഠനത്തിൽ ബർണബാസ് ഏററവും നിർണായക വ്യക്തിയാണ്).

## മതപൗരോഹിത്യം തന്ത്രം മെനയുന്നു

അപ്പൊസ്തലന്മാർ എല്ലാ ദിവസവും മുടങ്ങാതെ യെരുശലേം ദേവാലയത്തിലും വീടുകളിലുമൊക്കെ യേശുവിനെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരുന്നു. ധാരാളം ജനങ്ങൾ യേശുവിൽ വിശ്വസിച്ചു. യെരുശലേമിന് പുറത്തു നിന്നും അനേകം ആളുകൾ ഇവരുടെ പ്രസംഗം കേൾക്കാൻ ഒത്തു കൂടി. അപ്പൊസ്തലന്മാർ നടന്ന് പോകുന്ന വഴികളിലെല്ലാം ജനങ്ങൾ രോഗികളെ കൊണ്ടുകിടത്തി. യേശു ജീവിതകാലത്ത് ചെയ്ത അത്ഭുതങ്ങളെ അനുസ്മരിപ്പിക്കുമാറ് രോഗസൗഖ്യം വ്യാപകമായി. യഹൂദ പൗരോഹിത്യം എന്ത് ചെയ്യണമെന്നറിയാതെ ആശയകുഴപ്പത്തിലായി. ജനങ്ങളുടെ ശക്തമായ പിന്തുണ യേശുവിന്റെ അനുയായികൾക്ക് ഉള്ളതിനാൽ ബലം പ്രയോഗിച്ച് അവരെ അറസ്റ്റ് ചെയ്യാൻ മതനേതൃത്വം ഭയപ്പെട്ടു. അതിനാൽ വളരെ നയപരമായി അപ്പൊസ്തലൻമാരെ അവരുടെ മുമ്പിൽ കൊണ്ടുവന്നു.

യേശുവിനെക്കുറിച്ച് പ്രസംഗിക്കരുതെന്ന് ഞങ്ങൾ മുമ്പ് നൽകിയ കല്പന നിങ്ങൾ ലംഘിക്കുകയും അദ്ദേഹത്തെ കൊന്നുവെന്ന കുറ്റം ഞങ്ങളുടെ മേൽ ചുമത്തി ജനങ്ങളെ മുഴുവൻ ഞങ്ങൾക്ക് എതിരാക്കുകയും ചെയ്യുന്നുവെന്ന് പുരോഹിതൻമാർ ആരോപിച്ചു. എന്നാൽ ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കാൻ കഴിയുകയില്ലെന്ന് അപ്പൊസ്തലൻമാർ ധീരമായി പ്രഖ്യാപിച്ചു. കോപാകുലരായ മതനേതൃത്വം ഇവരെ കൊല്ലാൻ ആഗ്രഹിച്ചു.

ഇങ്ങനെ പ്രശ്നം രൂക്ഷമായപ്പോൾ കുശാഗ്ര ബുദ്ധിയുള്ള ഗമാലിയേൽ എന്ന പണ്ഡിതൻ എഴുന്നേററ് നിന്നു. തനിക്ക് ഒരു കാര്യം പറയുവാനുണ്ടെന്നും അതിന് മുമ്പ് അപ്പൊസ്തലന്മാരെ പുറത്ത്

1. അപ്പൊ. പ്രവ. അദ്ധ്യായം 3,4.

നിറുത്തണമെന്നും ആവശ്യപ്പെട്ടു. ശേഷം, നമ്മൾ വൈകാരികമായി പ്രതികരിച്ചാൽ ജനസമ്മതി ഇവർക്ക് വർദ്ധിക്കുമെന്നും അതിനാൽ സമാധാനമായി അൽപ്പം കാത്തിരിക്കുകയാണ് ബുദ്ധിയെന്നും മുൻ കാല സംഭവങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഗമാലിയേൽ പറഞ്ഞു. എല്ലാവരും പ്രസ്തുത അഭിപ്രായത്തോട് യോജിച്ചു. അപ്പൊസ്തലന്മാരെ തിരികെ വിളിപ്പിച്ച് തല്ലുകൊടുക്കുകയും മേലിൽ യേശുവിനെ കുറിച്ച് പ്രസംഗിക്കരുതെന്ന് താക്കീതും നൽകി പ്രശ്നം അവസാനിപ്പിച്ചു.[1]

## പൗലോസിന്റെ ക്രൂരത (ക്രിസ്താബ്ദം – 35/36)

യെരുശലേം സഭയിലെ അംഗസംഖ്യ ക്രമാതീതമായി വർദ്ധിച്ചു. അപ്പൊസ്തലന്മാർക്ക് പ്രബോധനത്തോടൊപ്പം വിശ്വാസികളുടെ ദൈനംദിന സാമ്പത്തിക വിതരണം കാര്യക്ഷമമായി നടത്താൻ സാധിക്കാതെ വന്നു. തങ്ങളുടെ പ്രധാന ഉത്തരവാദിത്തമായ വചന ശുശ്രൂഷ സുഗമമായി നടക്കുന്നതിന് വേണ്ടി ഏഴ് പേരെ സഹായികളായി അപ്പൊസ്തലന്മാർ തെരഞ്ഞെടുത്തു. ഇതിൽ പ്രധാനിയായ സ്തേഫാനോസിനെതിരെ ശത്രുക്കൾ ദുരാരോപണം ഉന്നയിച്ച് യഹൂദന്മാരുടെ ന്യായാധിപ സംഘത്തിന് മുന്നിൽ ഹാജരാക്കി. മുൻകാല പ്രവാചകൻമാർക്കും മോശെയുടെ ന്യായപ്രമാണത്തിനും വിരുദ്ധമായി സ്തേഫാനോസ് സംസാരിച്ചു എന്നതാണ് ആരോപിക്കപ്പെട്ട കുററം. ഇതിന് അദ്ദേഹം നൽകിയ ദീർഘമായ മറുപടിയിൽ എല്ലാം വ്യക്തമായിരുന്നു. അബ്രഹാം പിതാവിന്റെ കാലം മുതൽ ദൈവം ചെയ്ത അനുഗ്രഹങ്ങൾ അദ്ദേഹം അനുസ്മരിച്ചു. മുൻകാല പ്രവാചകന്മാരെയും മോശെയെയും ന്യായപ്രമാണത്തെയും മഹത്വപ്പെടുത്തി. എന്നാൽ ദൈവം നൽകിയ അനുഗ്രഹത്തിന് പകരം നമ്മുടെ പിതാക്കന്മാർ അനുസരണക്കേട് കാണിച്ചു. യിസ്രയേല്യരിലേക്ക് വന്ന പ്രവാചകൻമാരെ ഉപദ്രവിക്കുകയും ധാരാളം പേരെ കൊല്ലുകയും ചെയ്തു. ഇന്ന് നിങ്ങൾ ധിക്കാരികളായ പിതാക്കന്മാരെ പോലെ യേശുക്രിസ്തുവിനെ കൊന്നിരിക്കുന്നു.

ഇത് കേട്ട് അവർ ക്രോധം നിറഞ്ഞവരായി. യേശു എന്ന 'വ്യാജ ക്രിസ്തു'വിനെ കൊന്നത് വലിയ പുണ്യമായി കരുതുന്ന തങ്ങളെ പ്രവാചകൻമാരെ കൊല്ലുന്ന ധിക്കാരികളായിട്ടാണ് സ്തേഫാനോസ്

1. അപ്പൊ. പ്രവ. അദ്ധ്യായം 5.

ചിത്രീകരിക്കുന്നത്. അതിന്റെ സ്വഭാവിക പ്രതികരണമെന്നോണം അദ്ദേഹത്തിന്റെ ഉടലിൽ നിന്ന് ജീവൻ വേർപെടുന്നത് വരെ അവർ കല്ലെറിഞ്ഞു. ഈ ക്രൂരകൃത്യത്തിന് മേൽനോട്ടം വഹിച്ചത് ഗമാലി യേലിന്റെ അരുമശിഷ്യനായ ശൗൽ ആയിരുന്നു.(1) ഇദ്ദേഹത്തിന്റെ മറ്റൊരു പേരാണ് പൗലോസ്.(2) പിൽക്കാലത്ത് ഇദ്ദേഹം പ്രസിദ്ധനാ യത് ഈ പേരിലാണ്.

ഈ വാർത്ത കേട്ട് അപ്പൊസ്തലന്മാർ ഒഴികെ ഉള്ളവർ യെരുശ ലേമിൽ നിന്നും ചിതറിയോടി. പൗലോസ് വീടു വീടാന്തരം കയറി വിശ്വാസികളായ പുരുഷന്മാരെയും സ്ത്രീകളെയും പീഡിപ്പിച്ചു. അവരെ ഉപദ്രവിച്ച് കൊല്ലുന്നതിൽ പൗലോസ് യാതൊരു ദയാദാ ക്ഷിണ്യവും കാണിച്ചില്ല. അപ്പൊസ്തലൻമാരുടെ ആത്മീയ ശിക്ഷ ണത്തിൻ കീഴെ സമാധാനത്തോടെ കഴിഞ്ഞിരുന്ന അനുയായികൾ ആദ്യമായി  പരീക്ഷണ മുഖത്തേക്ക് എടുത്തെറിയപ്പെട്ടു.(3)

ഏത് സ്ഥലത്ത് ചെന്നുപെട്ടുവോ അവിടെയുള്ള യഹൂദൻമാ രോടെല്ലാം അവർ വചനം പ്രസംഗിച്ചു. രക്തസാക്ഷിയാക്കപ്പെട്ട സ്തേഫാനോസിന്റെ കൂട്ടുപ്രവർത്തകനായ ഫിലിപ്പോസ് മോശൈ ക ന്യായപ്രമാണം പിൻപറ്റുന്ന മറ്റൊരു കൂട്ടരായ ശമര്യക്കാരുടെ ഇടയിൽ സുവിശേഷം അറിയിച്ചു. ജനങ്ങൾ യേശുവിൽ വിശ്വസിച്ച് സ്നാനം ഏറ്റു. വാർത്ത അറിഞ്ഞ യെരുശലേമിലെ സഭ അപ്പൊസ് തലൻമാരായ യോഹന്നാനെയും പത്രോസിനെയും ശമര്യക്കാരുടെ അടുക്കൽ അയച്ചു. അവിടെയുള്ള ധാരാളം ഗ്രാമങ്ങളിൽ ഇവർ സുവിശേഷം അറിയിച്ചതിന് ശേഷം യെരുശലേമിലേക്ക് മടങ്ങിപോ യി.(4)

## പൗലോസ് ശുപാർശയിലൂടെ യെരുശലേം സഭയിലേക്ക്

യേശു എന്ന പേര് യെരുശലേമിലുള്ള യഹൂദന്മാരെ കവിഞ്ഞ് ഇതര സ്ഥലങ്ങളിലേക്ക്  വ്യാപിക്കുന്നത് പൗലോസിന് സഹിച്ചില്ല. അതിനാൽ ദമസ്കസ് എന്ന സ്ഥലത്തുള്ള വിശ്വാസികളെ അറസ്റ്റ് ചെയ്യാനുള്ള അനുവാദം പുരോഹിതൻമാരിൽ നിന്ന് വാങ്ങി പൗ

1. അപ്പൊ. പ്രവ. അദ്ധ്യായം 6,7,8:1.
2. അപ്പൊ. പ്രവ. 13:9.
3. അപ്പൊ. പ്രവ. 8:1-4, അപ്പൊ. പ്രവ 22:3-5.
4. അപ്പൊ. പ്രവ. 8:5-25.

ലോസ് അവിടേക്ക് യാത്ര തിരിച്ചു. പക്ഷേ വഴിമദ്ധ്യേ ദർശനം ലഭിച്ചുവെന്നും തന്നെ സുവിശേഷ പ്രവർത്തനത്തിന് യേശു തെരഞ്ഞെടുത്തുവെന്നും പൗലോസ് അവകാശപ്പെട്ടു.

എന്നാൽ തിരിച്ച് യെരുശലേമിൽ പോയി അപ്പൊസ്തലൻമാരിൽ നിന്ന് സുവിശേഷം പഠിക്കാൻ പൗലോസ് ആഗ്രഹിച്ചില്ല. പഠിക്കുന്നത് പോയിട്ട്, ദർശനം ഉണ്ടായ കാര്യം പോലും ക്രിസ്തുസഭയുടെ നേതാക്കൻമാരായ അപ്പൊസ്തലൻമാരെ അറിയിച്ചില്ല. പകരം സുവിശേഷ പ്രവർത്തനത്തിന്റെ മേഖലയായി അതുവരെ അറിയപ്പെടാത്ത അറേബ്യയിലേക്ക് പോയി. ഇവിടെ അദ്ദേഹം എന്തിന് പോയിയെന്നോ, എന്ത് ചെയ്തുവെന്നോ അജ്ഞാതം.

പിന്നീട് പൗലോസ് തിരിച്ച് ദമസ്കസിലെത്തി അവിടെയുള്ള വിശ്വാസികളുമായി കൂടിചേർന്നു. അധികം താമസിയാതെ യഹൂദ സിനഗോഗുകളിൽ യേശുവിനെകുറിച്ച് അദ്ദേഹം പ്രസംഗിച്ച് തുടങ്ങി. അപ്പൊസ്തലന്മാരുടെ ശൈലിയിൽ നിന്ന് വ്യത്യസ്തമായി യഹൂദന്മാരോട് തർക്കം നടത്തി സ്ഥാപിക്കുവാനാണ് പൗലോസ് ശ്രമിച്ചത്. അതിനാൽ അദ്ദേഹത്തെ കൊല്ലുവാൻ അവർ തീരുമാനിച്ചു. ഇത് അറിഞ്ഞ അദ്ദേഹം അവിടെ നിന്നും രക്ഷപെട്ട് യെരുശലേമിൽ എത്തി.[1]

അപ്പോഴേയ്ക്കും പൗലോസിന് ദർശനം ലഭിച്ച് മൂന്നു വർഷം പിന്നിട്ടിട്ടുണ്ട്. അപ്പൊസ്തലൻമാരോടും യെരുശലേം സഭയോടും ചേരുവാൻ പൗലോസ് ശ്രമം നടത്തിയെങ്കിലും ഇദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെകുറിച്ച് അവർ സംശയാലുക്കളായിരുന്നു. യഹൂദ പൗരോഹിത്യത്തിന്റെ ഭാഗത്തുനിന്നും ഒരു തന്ത്രപ്രധാനമായ ഗൂഢനീക്കം അപ്പൊസ്തലൻമാർ പ്രതീക്ഷിച്ചിരിക്കാം. എന്നാൽ ശുദ്ധഗതിക്കാരനായ ബർണബാസിന് പൗലോസിന്റെ അവസ്ഥയിൽ സഹതാപം തോന്നുകയും അദ്ദേഹത്തെ കൂട്ടിക്കൊണ്ട് പിന്നെയും അപ്പൊസ്തലൻമാരുടെ മുമ്പിൽ കൊണ്ട് പോകുകയും ചെയ്തു. നിഷ്കളങ്കനായ ബർണബാസിന്റെ ശുപാർശയെ പരിഗണിച്ച് പൗലോസിനെ അപ്പൊസ്തലൻമാർ കൂടെ കൂട്ടി.[2] ബർണബാസിന് പൗലോസുമായി മുൻപരിചയം ഉണ്ടായിരുന്നു എന്നാണ് ക്രൈസ്തവ പണ്ഡിതന്മാരുടെ നിഗമനം. ബർണബാസിന്റെ സ്വദേശമായ സൈപ്ര

1. അപ്പൊ. പ്രവ. 9:1–25, ഗലാത്യ 1:17.
2. അപ്പൊ. പ്രവ 9:26–28, ഗലാത്യ 1:18,19.

സും പൗലോസിന്റെ സ്വദേശമായ തർസോസും തമ്മിൽ കപ്പൽ യാത്രാസൗകര്യം കാരണം വളരെയധികം ബന്ധമുണ്ടായിരുന്നു. ഗ്രീക്ക് ഭാഷ സംസാരിക്കുന്ന യഹൂദന്മാരായ ഇവർ സുഹൃത്തുക്കളും സഹപാഠികളും ആവാനുള്ള സാധ്യതയും ഉണ്ട്. ബർണബാസ് യേശുവിനെ ക്രിസ്തുവായി അംഗീകരിച്ചപ്പോൾ ശിഥിലമായി തീർന്ന ആ മുൻകാല സൗഹൃദം, പൗലോസിന്റെ നിലപാട് മാറ്റത്തോടെ പുനസ്ഥാപിക്കുവാൻ ബർണബാസ് ആഗ്രഹിച്ചിരിക്കാം.[1]

ഏതായാലും അപ്പൊസ്തലൻമാരോടൊപ്പമുള്ള പൗലോസിന്റെ സഹവാസം വെറും പതിനഞ്ച് ദിവസമേ നീണ്ടുനിന്നുള്ളൂ. അവിടെയും പൗലോസ് യഹൂദൻമാരോട് തർക്കം നടത്തിയതിനാൽ അവർ അദ്ദേഹത്തെ കൊല്ലുവാൻ ശ്രമിച്ചു. ഇതറിഞ്ഞ വിശ്വാസികൾ പൗലോസിനെ അദ്ദേഹത്തിന്റെ ജൻമസ്ഥലമായ തർസോസിലേക്ക് പറഞ്ഞുവിട്ടു. ഈ കാലയളവിൽ അപ്പൊസ്തലൻമാരിൽ പത്രോസിനെയും യാക്കോബിനേയും മാത്രമെ അദ്ദേഹത്തിന് കാണുവാൻ സാധിച്ചുള്ളു.[2] അങ്ങനെ സുവിശേഷ പ്രവർത്തനത്തിന്റെ പ്രഥമ പതിറ്റാണ്ട് അപ്പൊസ്തലൻമാരുടെ കൈകളിൽ ഭദ്രമായ നിലയിൽ അവസാനിച്ചു. ഇപ്രകാരം ആദിമ വിശുദ്ധി നിറഞ്ഞുനിന്ന സമയത്ത് പൗലോസിന് പ്രത്യേക പദവികളോ അനുയായികളോ ഇല്ലായിരുന്നു എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്.

## രണ്ടാം പതിററാണ്ട് (ക്രിസ്താബ്ദം 40 – 50)

### പൗലോസിന്റെ തിരിച്ചുവരവും ക്രിസ്ത്യാനികളുടെ ഉത്ഭവവും

സ്തേഫാനോസിന്റെ വധത്തെ തുടർന്ന് ചിതറിപോയ അപ്പൊസ്തല അനുയായികളിൽപെട്ട ഒരു കൂട്ടർ, ഇതര മതസ്ഥരുടെ ഇടയിൽ ന്യൂനപക്ഷമായി ജീവിക്കുന്ന യഹൂദൻമാരോട് സുവിശേഷം അറിയിക്കുന്നതിന് യാത്രയായി. അവർ പല നാടുകളും സന്ദർശിക്കുന്നതിനിടയിൽ അന്ത്യോക്യ എന്ന സ്ഥലത്ത് എത്തുകയും അവിടെയുള്ള യഹൂദൻമാരോട് സുവിശേഷം അറിയിക്കുകയും ചെയ്തു. പ്രസ്തുത പ്രബോധക സംഘത്തിൽ ഗ്രീക്ക് ഭാഷ അറിയുന്നവരിൽ ചിലർ, യഹൂദേതരായ ഗ്രീക്കുകാരോടും സുവിശേഷം അറിയിച്ചു.

1. മഹാനായ പൗലോസ്, പുറം 137.
2. അപ്പൊ. പ്രവ. 9:28–30, ഗലാത്യ 1:18–24

അവരിൽ വലിയ ഒരു ജനസമൂഹം യേശുവിനെ ക്രിസ്തുവായി വിശ്വസിക്കാൻ തയ്യാറായി.

ഈ സന്തോഷവാർത്ത യെരുശലേം സഭയിലുമെത്തി. അവരിൽ അപ്പൊസ്തലന്മാർക്കോ മറ്റധികം പേർക്കോ ഗ്രീക്ക് ഭാഷ അറിയുകയില്ല. അതിനാൽ ഗ്രീക്ക് ഭാഷ നല്ലതായി സംസാരിക്കാൻ കഴിയുന്നവനും എല്ലാവർക്കും സ്വീകാര്യനും നേതൃഗുണവുമുള്ള ബർണബാസിനെ അന്ത്യോക്യയിലേക്ക് അയക്കാൻ യെരുശലേം സഭ തീരുമാനിച്ചു. അദ്ദേഹം അവിടെ പ്രബോധനം നടത്തുകയും ധാരാളം ആളുകൾ വിശ്വസിക്കുകയും ചെയ്തു. അവരുടെ ഇടയിലെ പ്രവർത്തനം വിജയകരമാണെന്ന് തിരിച്ചറിഞ്ഞ ബർണബാസ്, ഗ്രീക്ക് ഭാഷ അറിയാവുന്ന ഒരു സഹപ്രവർത്തകനെ കൂട്ടിന് ആഗ്രഹിച്ചു. അപ്പോഴാണ് യെരുശലേമിൽ നിന്നും തിരിച്ചയച്ച പൗലോസിന്റെ കാര്യം അദ്ദേഹത്തിന് ഓർമ വന്നത്. അദ്ദേഹം പൗലോസിനെ അന്വേഷിച്ച് തർസോസിലെത്തി. അങ്ങനെ ബർണബാസിനോടൊപ്പം പൗലോസ് അന്ത്യോക്യയിലേക്ക് വന്നു. ഒരു വർഷത്തെ ഇവരുടെ പ്രവർത്തനഫലമായി വിശ്വാസികളുടെ എണ്ണം വളരെയധികം വർദ്ധിച്ചു.

അപ്പൊസ്തലന്മാരുടെ യെരുശലേം സഭയെയോ, ഇതര സ്ഥലങ്ങളിൽ ഉള്ള യഹൂദന്മാരായ വിശ്വാസികളുടെ കൂട്ടത്തെയോ പോലെയായിരുന്നില്ല അന്ത്യോക്യാ സഭ. മോശൈക ന്യായപ്രമാണമോ പരിച്ഛേദന പോലുള്ള നിയമങ്ങളോ ഇവർ പാലിച്ചിരുന്നില്ല. യേശുവിൽ വിശ്വസിക്കുകയും നല്ല സ്വാഭാവത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവർ എന്നല്ലാതെ, അവർക്ക് യഹൂദേതരായ മറ്റ് ജനങ്ങളിൽ നിന്നും കാര്യമായ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. ഇവർ യഹൂദ സംസ്ക്കാരം സ്വീകരിക്കാത്തതിനാൽ യഹൂദാസിനഗോഗുകളിൽ മറ്റ് അപ്പൊസ്തല അനുയായികളെ പോലെ പ്രവേശനം ലഭിക്കുകയില്ല. ഈ കാരണത്താൽ ഇവരെ യഹൂദ മതക്കാർ എന്ന് വിളിക്കാൻ കഴിയാതെ വരികയും തിരിച്ചറിയുവാൻ പുതിയൊരു പേര് അനിവാര്യമാവുകയും ചെയ്തു. അങ്ങനെ പൗലോസിന്റെയും ബർണബാസിന്റെയും നേതൃത്വത്തിൻ കീഴിൽ രൂപപ്പെട്ട യഹൂദേതര വിശ്വാസികളെ അന്ത്യോക്യയിലെ ജനങ്ങൾ **'ക്രിസ്ത്യാനി'** എന്ന് പേർ വിളിച്ചു. ഇതിന് മുമ്പ് ആയിരക്കണക്കിനോളം വരുന്ന യോശുവിന്റെ അനുയായികളായ യഹൂദന്മാരെ ഒരിക്കൽ പോലും ക്രിസ്

ത്യാനിയെന്ന് വിളിചിട്ടില്ല. ശക്തമായ പ്രവർത്തനം നടത്തിയ പൗലോസിലൂടേയും ബർണബാസിലൂടെയും ധാരാളം ആളുകൾ ക്രിസ്ത്യാനികളായി.[1] ഈ കാലത്ത് യെരുശലേമിൽ ക്ഷാമമുണ്ടാകുകയും തങ്ങളുടെ സംഭാവന അന്ത്യോക്യാസഭ അവിടേയ്ക്ക് പൗലോസും ബർണബാസും വഴി അയക്കുകയും ചെയ്തു. ദൗത്യം പൂർത്തീകരിച്ച ശേഷം അവർ അന്ത്യോക്യയിലേക്ക് തിരിച്ചുവന്നു.[2]

## പ്രശ്നങ്ങളുടെ തുടക്കം

അങ്ങനെയിരിക്കെ ഒരു ദിവസം അപ്പൊസ്തലൻമാരുടെ അനുയായികളിൽ ചിലർ അവിചാരിതമായി ക്രിസ്ത്യാനികളുടെ സഭയിൽ എത്തി. അവിടെ മോശൈക ന്യായപ്രമാണമോ പരിച്ഛേദനയോ ഒന്നും അനുഷ്ഠിക്കാത്ത ക്രിസ്ത്യാനികളെ കണ്ട് അവർ അത്ഭുതപ്പെട്ടു. നിയമം അനുസരിക്കാതെ ജീവിക്കുന്ന ഇവരോട് അവർക്ക് സഹതാപമുണ്ടായി. യേശുവിനെ വിശ്വസിക്കുന്നതോടൊപ്പം ന്യായപ്രമാണം കൂടി അനുഷ്ഠിച്ചാൽ മാത്രമെ രക്ഷയുള്ളൂവെന്ന് അവർ ഇവരെ ഉപദേശിച്ചു. തുടക്കകാരായ ക്രിസ്ത്യാനികളുടെ സാമൂഹിക സാഹചര്യമോ, മാനസികാവസ്ഥയോ പരിഗണിക്കാതെയുള്ള അപ്പൊസ്തല അനുയായികളുടെ കർശന നിലപാടിനെ പൗലോസും ബർണബാസും എതിർത്തു. തർക്കം രൂക്ഷമായി. ന്യായപ്രമാണം അനുസരിക്കാതെയുള്ള ഇവരുടെ പ്രവർത്തനം പാഴ്വേലയാണെന്നും ഇവർക്ക് രക്ഷയ്ക്കുള്ള യഥാർഥ സുവിശേഷം ലഭിച്ചിട്ടില്ലെന്നും[3] അവർ വ്യക്തമാക്കി. ആശയക്കുഴപ്പത്തിലായ അന്ത്യോക്യസഭ പ്രസ്തുത വിഷയത്തിന്റെ സത്യം മനസ്സിലാക്കുന്നതിന് പൗലോസും ബർണബാസും ഉൾപ്പെടുന്ന ഒരു സംഘത്തെ യെരുശലേമിലുള്ള അപ്പൊസ്തലൻമാരുടെ അടുക്കലേക്ക് അയച്ചു.[4]

## യെരുശലേം കൗൺസിൽ (ക്രിസ്താബ്ദം – 49)

യെരുശേലം സഭയിലെത്തിയ അന്ത്യോക്യ സഭയുടെ പ്രതിനി

1. അപ്പൊ. പ്രവ. 11:19–26.
2. അപ്പൊ. പ്രവ. 11:27–12:25, ഈ യെരുശലേം യാത്ര ഗലാത്യ ലേഖനത്തിൽ പൗലോസ് പരാമർശിച്ചിട്ടില്ല.
3. തന്റെ പ്രവർത്തനം പാഴ്വേല അല്ലെന്നും യഹൂദേതരർക്ക് സുവിശേഷം ലഭിച്ചുവെന്ന് തെളിയിക്കുന്നതിനും വേണ്ടിയാണ് താൻ യെരുശലേം കൗൺസിലിൽ വെച്ച് തർക്കം ഉണ്ടാക്കിയതെന്ന് പൗലോസ് പറയുന്നുണ്ട്. (ഗലാത്യ 2:2–5).
4. അപ്പൊ. പ്രവ. 15:1–3.

ധികളെ അപ്പൊസ്തലൻമാർ സന്തോഷത്തോടെ സ്വീകരിച്ചു. ആമുഖ സംഭാഷണങ്ങൾക്ക് ശേഷം അന്ത്യോകൃയിലെ വിശേഷങ്ങൾ അവർ ചോദിച്ചറിഞ്ഞു. ഈ സമയം അന്ത്യോകൃ സന്ദർശിച്ച് പ്രശ്ന മുണ്ടാക്കിയ അപ്പൊസ്തല അനുയായികൾ അവർ കണ്ട കാര്യങ്ങൾ വിശദീകരിച്ചു. മാത്രമല്ല, നമ്മളെപ്പോലെ അന്ത്യോകൃയിലെ വിശ്വാസികളോടും മോശൈക ന്യായപ്രമാണം അനുസരിക്കണമെന്നും പരിച്ഛേദന നടത്തണമെന്നും കൽപ്പിക്കാൻ അപ്പൊസ്തലൻമാരോട് അവർ ആവശ്യപ്പെട്ടു.

കാര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് യെരുശലേം സഭയുടെ പ്രധാനികളെല്ലാം ഒരുമിച്ചുകൂടി. യേശുവോ, അപ്പൊസ്തലൻമാരോ ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു പുതിയ പ്രശ്നം. യിസ്രയേൽ മക്കളിലേക്ക് നിയോഗിതരായ പ്രവാചകൻമാരിൽ യഹൂദേതരായവർ വിശ്വസിക്കുകയാണെങ്കിൽ മോശൈക ന്യായപ്രമാണം അനുസരിച്ചാണ് ജീവിക്കേണ്ടിയിരുന്നത്. ഇവർ യഹൂദമതാനുസാരികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. അങ്ങനെയുള്ളവർക്ക് സ്നാനവും പരിച്ഛേദനയും എന്ന രണ്ട് കർമങ്ങളാണ് മതപ്രവേശനത്തിന് ഉള്ളത്. ഇപ്രകാരം നടന്നുവന്ന കാര്യങ്ങൾക്ക് വിപരീതമായിട്ടാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. അന്തൊകൃയിലെ വിശ്വാസികൾ യേശുവിനെ വിശ്വസിച്ചെങ്കിലും നിയമം അനുസരിക്കാതെ ജീവിച്ചു വരുന്നു. ഇതിനെ ചോദ്യം ചെയ്ത തങ്ങളുടെ അനുയായികളുമായി പൗലോസും ബർണബാസും പ്രശ്നമുണ്ടാക്കിയിരിക്കുന്നു. എന്താണ് ചെയ്യേണ്ടത്? അപ്പൊസ്തലൻമാർ പ്രശ്നത്തെ വിലയിരുത്തി. തങ്ങളുടെ ഗുരുവായ യേശുവിൽനിന്നും ഈ സാഹചര്യത്തിൽ നൽകേണ്ട വിധിയെ കുറിച്ച് പ്രത്യേക നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ല. അതിനാൽ തന്നെ വ്യക്തമായ ഒരഭിപ്രായം പറയുവാൻ സാവകാശം ലഭിച്ചേ പറ്റു.

അന്തൊകൃയിലെ വിശ്വാസികളാകട്ടെ നിഷ്കളങ്കരാണ്. അവർ യേശുവിനെ സ്നേഹിക്കുകയും മ്ലേച്ഛത ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. പാരമ്പര്യമായി ശീലമില്ലാത്ത പരിച്ഛേദനയും മററ് നിയമങ്ങളും ഉടൻതന്നെ അനുസരിക്കാൻ നിർദ്ദേശിക്കുന്നത് അവർക്ക് എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയണമെന്നില്ല. അവരുടെ വളർച്ചയ്ക്ക് കാരണക്കാരനായ ബർണബാസ് വളരെയധികം വിശ്വസ്തനും യെരുശലേം സഭയിൽ എല്ലാവർക്കും സ്വീകാര്യനുമാണ്. അദ്ദേഹം യഹൂദേതരുടെ അടുക്കൽ

പ്രവർത്തിച്ചതും അപ്പൊസ്തലൻമാരുടെ നിർദേശപ്രകാരമാണ്. ഇ ക്കാലമത്രയും താൻ സ്വരൂപിച്ച വിശ്വാസികൾക്ക് വേണ്ടിയാണ് അ ദ്ദേഹം ഇപ്പോൾ വന്നിരിക്കുന്നത്. അവർക്ക് താങ്ങാൻ കഴിയാത്ത ഒരു തീരുമാനം ഗുണത്തേക്കാൾ ദോഷമാണ് ചെയ്യുക.

മറ്റൊരാൾ ബർണബാസിന്റെ അടുത്ത സ്നേഹിതനായ പൗ ലോസാണ്. അദ്ദേഹം പൊതുവെ മറ്റുള്ളവരേക്കാൾ ഏത് കാര്യ ത്തിലും അൽപം തീവ്രത കൂടുതൽ കാണിക്കുന്ന വ്യക്തിയാണ്. യേശുവിനെ എതിർത്തതും പിന്നീട് ന്യായീകരിക്കുന്നതും മറ്റാരെ ക്കാൾ അൽപ്പം കൂടുതലായിട്ടാണ്. അദ്ദേഹത്തിന്റെ ശൈലി സഹക രിച്ചുള്ള പ്രവർത്തനത്തിന് തടസ്സമാണെങ്കിലും ആദർശ വൈരുദ്ധ്യ മൊന്നും പ്രകടിപ്പിച്ചിട്ടില്ല. ബർണബാസ് അന്ത്യോക്യയിൽ ഉള്ളട ത്തോളം കാലം ആദർശ വ്യതിയാനത്തെകുറിച്ച് ആശങ്കപ്പെടേണ്ടതു മില്ല. ഭൂരിപക്ഷം അപ്പൊസ്തല അനുയായികൾക്കും പൗലോസി നെ കുറിച്ച് കേട്ടുകേൾവി മാത്രമേ ഉള്ളൂ. അവർക്ക് നേരിട്ട് മുഖപരിച യമില്ല. അവർക്ക് ഇദ്ദേഹം നേതാവോ ഗുരുവോ അപ്പൊസ്തലനോ ഒന്നുമല്ല താനും.

മാത്രമല്ല, യെരുശലേം സഭയിലെ മൂപ്പൻമാർ പറഞ്ഞാലും പൗ ലോസ് അനുസരിക്കാൻ സാധ്യതയില്ല. കാരണം, ഇദ്ദേഹത്തിന് അപ്പൊസ്തലൻമാരുമായി ഗുരുശിഷ്യ ബന്ധമൊന്നുമില്ല. തങ്ങൾ എതിർക്കുകയാണെങ്കിൽ തെറ്റി പിരിഞ്ഞ് സ്വതന്ത്രമായി മുന്നോട്ടു പോകാനാണ് പൗലോസിന്റെ ഒരുക്കമെന്ന് അദ്ദേഹത്തിന്റെ സംസാ ര രീതിയിൽ നിന്നും അപ്പൊസ്തലൻമാർ ഗ്രഹിച്ചിരിക്കാം. "പ്രമാ ണികളായവരോ, അവർ പണ്ടേ എങ്ങനെയുള്ളവർ ആയിരുന്നാലും എനിക്ക് ഏതുമില്ല. ദൈവം മനുഷ്യന്റെ മുഖം നോക്കുന്നില്ല. പ്രമാണി മാർ എനിക്ക് ഒന്നും ഗ്രഹിപ്പിച്ച് തന്നിട്ടില്ല." (ഗലാത്യ 2:6) എന്നതാ യിരുന്നു തന്റെ അപ്പോഴത്തെ മനോഭാവമെന്ന് പൗലോസ് പിന്നീട് എഴുതുകയുണ്ടായി.

ഈ സാഹചര്യത്തിൽ വിട്ടുവീഴ്ച നിർദ്ദേശിക്കാൻ കഴിയുന്നത് തങ്ങളുടെ അനുയായികളോട് മാത്രമാണ്. അവർ വിഷമത്തോടെ യാണെങ്കിലും അപ്പൊസ്തലൻമാരെ അനുസരിക്കുമെന്ന് തീർച്ചയാ ണ്. യേശുവിൽ വിശ്വസിച്ചവർക്ക് മോശൈക ന്യായപ്രമാണം അനു സരിക്കേണ്ട ആവശ്യമില്ലെന്ന പൗലോസിന്റെ പിൽക്കാല വാദം ഇപ്പോൾ ഉയർന്നുവന്നിട്ടില്ല. അങ്ങനെയെങ്കിൽ യഹൂദേതരായ വി

ശ്വാസികൾ മാത്രമല്ല, യെരുശലേം സഭയിലെ വിശ്വാസികളും ന്യായ പ്രമാണം അനുസരിക്കരുതെന്നാണല്ലോ പൗലോസ് വാദിക്കേണ്ടത്. എന്നാൽ, തുടക്കക്കാരായ യഹൂദേതര വിശ്വാസികൾ പരിച്ഛേദന യും മറ്റ് മോശൈക നിയമങ്ങളും ഉടൻ അനുസരിക്കണമോ എന്ന പ്രായോഗിക പ്രശ്നം മാത്രമാണ് ഇപ്പോൾ ചർച്ച ചെയ്യുന്നത്. പിതാ ക്കൻമാരായി പഠിപ്പിക്കപ്പെട്ടുവന്ന പ്രസ്തുത നിയമങ്ങൾ യഥാവിധി പൂർത്തിയാക്കാൻ യഹൂദൻമാർ തന്നെ പലപ്പോഴും പരാജയപ്പെട്ടിരി ക്കേ, ഇതുവരെ യാതൊരു ശീലവുമില്ലാത്ത ഇവരെ നിയമത്തിന്റെ പേര് പറഞ്ഞ് ബുദ്ധിമുട്ടിക്കുന്നത് ന്യായമല്ല.

പ്രശ്നം രൂക്ഷമായപ്പോൾ പത്രോസ് എഴുന്നേറ്റ് നിന്നു. മുമ്പൊ രിക്കൽ തന്നെ ദൈവം യഹൂദേതരനായ ഒരാളുടെ കുടുംബത്തിലേ ക്ക്[(1)] സുവിശേഷം അറിയിക്കുവാൻ അയച്ച സംഭവം വിശദീകരിച്ചു. യേശുവിലൂടെയുള്ള രക്ഷ അംഗീകരിക്കുന്നവരും നമ്മളെപ്പോലെ തന്നെ ഹൃദയശുദ്ധി നേടിയവരുമായ ഇവരെ ദൈവം അംഗീകരി ച്ചിട്ടുണ്ട്. അതിനാൽ പാരമ്പര്യമായി അനുഷ്ഠിക്കാൻ ശ്രമിച്ചിട്ടും നമ്മൾക്ക് തന്നെ യഥാവിധി പാലിക്കാൻ കഴിയാത്ത ന്യായപ്രമാണ ത്തെ തുടക്കക്കാരായ യഹൂദേതര ജനങ്ങളുടെ മുകളിൽ അടിച്ചേൽ പ്പിക്കുന്നത് നീതിയല്ലെന്ന് പത്രോസ് ബോധിപ്പിച്ചു. സാവധാനം രംഗം ശാന്തമായപ്പോൾ അദ്ധ്യക്ഷനും യേശുവിന്റെ സഹോദരനുമാ യ യാക്കോബ് സാഹചര്യത്തിന് ഉചിതമായ ഒരു പ്രശ്നപരിഹാരം നിർദ്ദേശിച്ചു.

അന്ത്യോക്യയിലെ പ്രവർത്തനത്തെ സാധൂകരിക്കുന്ന രണ്ട് വി ഷയങ്ങൾ അദ്ദേഹം പ്രത്യേകം പറഞ്ഞു.

1. വിശ്വസ്തനായ പത്രോസിലൂടെ യഹൂദേതരായ ഒരു കുടുംബം യേശുവിൽ വിശ്വസിച്ചത്.
2. മുൻകാല പ്രവാചകൻമാരുടെ വാക്കുകളിലും രക്ഷ യഹൂദരല്ലാത്ത ജനങ്ങളുടെ അടുക്കൽ എത്തുമെന്ന് വ്യക്തമാക്കിയിട്ടുള്ളത്.

ആയതിനാൽ, അന്ത്യോക്യയിലുള്ള തുടക്കക്കാരായ യഹൂദേത ര വിശ്വാസികളുടെ മുകളിൽ കഠിനമായ നിയമങ്ങൾ നൽകി ബുദ്ധി മുട്ടിക്കേണ്ട. എന്നാൽ (ആദ്യപടിയെന്ന നിലയിൽ) വിഗ്രഹാർപ്പിതം, വ്യഭിചാരം, ശ്വാസംമുട്ടിചത്തത്, രക്തം തുടങ്ങിയ നാല് കാര്യങ്ങൾ

---

1. അപ്പൊ. പ്രവ. അദ്ധ്യായം 10-11:18.

നിർബന്ധമായും ഉപേക്ഷിക്കണമെന്ന് നിർദ്ദേശിക്കാം. മാത്രവുമല്ല ഇവരുടെ നാട്ടിലുള്ള പട്ടണങ്ങളിൽ മോശൈക ന്യായപ്രമാണം പ്രസംഗിക്കുന്ന വ്യക്തികൾ ഉള്ളതിനാൽ ഇവർക്ക് അത് ശ്രവിക്കാനും സാഹചര്യമുണ്ടല്ലോ എന്ന് യാക്കോബ് അഭിപ്രായപ്പെട്ടു.

ചുരുക്കത്തിൽ മോശൈക നിയമങ്ങൾ ഉടൻ യഹൂദേതരർക്ക് നൽകിയില്ലെങ്കിലും പഴയ അവസ്ഥയിൽ നിന്നും അല്പം പുരോഗമനം സാധ്യമാകുന്നതിന് നാലു കാര്യങ്ങൾ വർജ്ജിക്കാൻ നിർദ്ദേശിച്ചു. ഇത് സന്ദർഭത്തിന് അനുയോജ്യമായ നിഷ്പക്ഷ വിധിയാണ്. കാരണം, ഇവിടെ പൗലോസിന്റെയും ബർണബാസിന്റെയും പ്രവർത്തനം തടഞ്ഞിട്ടുമില്ല. അതോടൊപ്പം അപ്പൊസ്തല അനുയായികളുടെ ആവശ്യത്തെ പൂർണമായി നിരാകരിച്ചിട്ടുമില്ല. മറിച്ച് നിഷ്കളങ്കരായ യഹൂദേതര വിശ്വാസികളുടെ അവസ്ഥയെ അനുഭാവപൂർവം പരിഗണിക്കുന്നതായിരുന്നു പ്രസ്തുത വിധി.

തങ്ങളുടെ തീരുമാനം വ്യക്തമാക്കുന്ന ഒരു കത്തുമായി രണ്ട് പ്രതിനിധികളെ അന്ത്യോക്യയിലേക്ക് അയക്കാൻ യെരുശേലം സഭ തീരുമാനിച്ചു. പ്രസ്തുത കത്തിൽ അന്ത്യോക്യയിൽ മുമ്പ് വന്ന് പ്രശ്നമുണ്ടാക്കിയവർ ഞങ്ങളുടെ തീരുമാനപ്രകാരം വന്നതല്ലെന്നും അതിനാൽ കത്തിൽ പറയുന്ന നാലു കാര്യങ്ങൾ പാലിച്ചുകൊണ്ട് സന്തോഷത്തോടെ മുന്നോട്ടുപോകുവാൻ 'ക്രിസ്ത്യാനികളെ' അപ്പൊസ്തലൻമാർ പ്രോത്സാഹിപ്പിച്ചു. ആ സംഘം അന്ത്യോക്യയിൽ എത്തി വിശ്വാസികളെ എല്ലാം ഒരുമിച്ചുകൂട്ടി കത്ത് വായിച്ച് കേൾപ്പിച്ചു. എല്ലാവർക്കും സമാധാനമായി.[1]

അങ്ങനെ സുവിശേഷ ചരിത്രത്തിന്റെ രണ്ടാം പതിറ്റാണ്ട് ഇവിടെ അവസാനിച്ചു. ഒന്നാം പതിറ്റാണ്ടിൽ നിന്ന് വ്യത്യസ്തമായി, യേശുവിനെ വിശ്വസിക്കുന്നവരിൽ രണ്ട് കക്ഷികൾ രൂപപ്പെട്ടു. ഒന്ന്, മോശൈക ന്യായപ്രമാണം പിൻപറ്റുന്ന അപ്പൊസ്തലസഭയും; മറ്റൊന്ന്, നിയമത്തിൽ ഇളവ് ലഭിച്ച പൗലോസിന്റെ സഭയും. ആദ്യ പതിറ്റാണ്ടിൽ മിന്നിമറയുക മാത്രം ചെയ്ത പൗലോസ് ഇപ്പോൾ നേതാവും സ്വന്തമായി വളർത്തിയെടുത്ത യഹൂദേതരായ ക്രിസ്ത്യാനികളുടെ ആത്മീയ പിതാവുമാണ്. അദ്ദേഹം അപ്പൊസ്തലൻമാരിൽനിന്നും സുവിശേഷം പഠിച്ചിട്ടില്ല എന്നതിനാൽ, അവർക്ക് പരിപൂർണമായി വിധേയപ്പെടേണ്ട ആവശ്യം തനിക്കില്ലായെന്ന് കരുതു

1. അപ്പൊ. പ്രവ. 15:4–31, ഗലാത്യ 2:1–10.

ന്നു.

## മൂന്നാം പതിറ്റാണ്ട് (ക്രിസ്താബ്ദം 50 – 60)

### ക്രിസ്ത്യാനിസഭ പുറത്തേക്ക്

അന്ത്യോക്യയിലെ ക്രിസ്ത്യാനികൾക്ക് ഇളവുകൾ നൽകി അധികം കഴിയും മുമ്പേ പത്രോസ് അവിടെ എത്തി. ആദ്യമായിട്ടാണ് ഒരു അപ്പൊസ്തലൻ അന്ത്യോക്യ സഭയിൽ എത്തുന്നത്. ഈ സന്ദർശനം പ്രത്യേക ലക്ഷ്യത്തോടുകൂടിയായിരുന്നു എന്നാണ് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നത്. ഒരു ഇടനിലക്കാരന്റെയും വാക്കുകളുടെ അടിസ്ഥാനത്തിൽ ഇവരുടെ വിഷയത്തിൽ തീരുമാനമെടുക്കാതെ, നേരിട്ട് തന്നെ ഇവിടെയുള്ള പ്രവർത്തനം വിലയിരുത്തണമെന്ന് അപ്പൊസ്തലൻമാർ തീരുമാനിച്ചിട്ടുണ്ടാകാം. തുടക്കത്തിൽ ഒരു വിധത്തിലുമുള്ള വേർവ്യത്യാസവുമില്ലാതെ അവരുമായി പത്രോസ് സഹകരിച്ചു. ഈ സമയം കൊണ്ട് പൗലോസിന്റെ ഇവിടെയുള്ള ഉപദേശം എന്താണെന്നും മോശൈക ന്യായപ്രമാണത്തെ 'പഴയകാല നിയമ'മായിട്ടാണ് ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നതെന്നും അദ്ദേഹം ഗ്രഹിച്ചു. തങ്ങൾ നിയോഗിച്ച ബർണബാസിനെക്കാൾ അധികം പൗലോസിനാണ് ക്രിസ്ത്യാനികൾക്ക് മേൽ സ്വാധീനമെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ ആവശ്യപ്രകാരമോ അല്ലാതെയോ, യെരുശലേം സഭയുടെ അദ്ധ്യക്ഷനായ യാക്കോബിന്റെ അടുക്കൽനിന്നും ചില പ്രതിനിധികൾ കൂടി ഇവിടെയെത്തി. ഇവർ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സംഭവങ്ങളെ വിശകലനം ചെയ്തു. ഈ ചർച്ചയിൽ പത്രോസും ബർണബാസും അപ്പൊസ്തല അനുയായികളും മാത്രമാണ് പങ്കെടുത്തത്. എല്ലാവരും കൂടി കാര്യത്തിന്റെ ഗൗരവം ബർണബാസിനെ ബോധ്യപ്പെടുത്തി. തങ്ങൾ പറയുന്നത് ഉൾക്കൊള്ളാൻ ബർണബാസിന് കഴിഞ്ഞതോടെ പത്രോസിന് കാര്യങ്ങൾ എളുപ്പമായി.

പൗലോസിനോട് ഒന്നും ആലോചിക്കാതെ തന്നെ പത്രോസും ബർണബാസും യെരുശലേം സഭയുടെ പ്രതിനിധികളുമെല്ലാം അവിടെയുള്ള ക്രിസ്ത്യാനികളോട് മോശൈക നിയമം അനുസരിക്കാൻ നിർബന്ധിച്ചു. ഇതിന് മുമ്പുള്ള എല്ലാ ഇളവുകളും റദ്ദാക്കിക്കൊണ്ട് അവരുമായുള്ള ആദർശ ഐക്യത്തിന്റെ അടയാളമായ ഒരുമിച്ച് ഭക്ഷിക്കുന്ന രീതി അവർ ഉപേക്ഷിച്ചു. ക്രിസ്ത്യാനികളും ക്രിസ്തു

സഭക്കാരും രണ്ടായി ഭക്ഷിക്കാൻ തുടങ്ങി. തങ്ങൾ ഇതുവരെ പഠിച്ച തിൽനിന്നും വിരുദ്ധമായി അപ്പൊസ്തലൻ പറഞ്ഞതിനെ യഥാവി ധി ഉൾക്കൊള്ളാൻ കഴിയാതെ ക്രിസ്ത്യാനികൾ അന്ധാളിച്ചു നി ന്നു. ഈ ആശയകുഴപ്പം ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താ ൻ പൗലോസ് തീരുമാനിച്ചു.

ഈ പ്രതിസന്ധി ഘട്ടത്തിൽ ക്രിസ്ത്യാനികൾക്കൊപ്പം നിൽ ക്കാതിരുന്നാൽ, ഇവർ എല്ലാവരും ന്യായപ്രമാണം അനുഷ്ഠിക്കാൻ ആരംഭിക്കുകയും ഇവരുടെ നേതൃത്വം സ്വാഭാവികമായും യെരുശ ലേമിലെ അപ്പൊസ്തലൻമാരിലേക്ക് ചെന്നെത്തുകയും ചെയ്യും. താൻ കഷ്ടപ്പെട്ട് വളർത്തിയ സഭയുടെ നേതൃത്വം തനിക്ക് നഷ്ടമാകുന്ന തും ഇവർക്ക് വേണ്ടി യാതൊരു ഗുണവും ചെയ്യാത്ത അപ്പൊസ്തല ൻമാർ തന്റെ സ്ഥാനം കരസ്ഥമാക്കുന്നതും പൗലോസ് ഇഷ്ടപ്പെട്ടി ല്ല. മാത്രമല്ല, ഇനി അപ്പൊസ്തലൻമാർ അന്ധമായി തന്നെ വിശ്വസി ക്കുമെന്ന് പ്രതീക്ഷിക്കാനും വയ്യ. അങ്ങനെ ഗത്യന്തരമില്ലാതെ പ ത്രോസിനെതിരായി പൗലോസ് ആഞ്ഞടിച്ചു. ഒരിക്കൽ പോലും യേശുവിനെ നേരിട്ട് കാണാത്ത പൗലോസ്, യേശുവിന്റെ സന്തത സഹചാരിയായ പത്രോസിനെ യേശുവിന്റെ ദൗത്യം എന്തായിരുന്നു വെന്ന് പഠിപ്പിക്കുന്ന അപൂർവ സംഭവത്തിന് അന്ത്യോക്യ സഭ സാ ക്ഷിയായി. മനുഷ്യരെ പാപിയാക്കാൻ മാത്രം ഉതകുന്ന മോശൈക ന്യായപ്രമാണത്തെ യേശുവിൽ വിശ്വസിച്ചവർ പിൻപറ്റിയാൽ അവർ യേശുവിനെ പാപത്തിന് വേണ്ടി ശുശ്രൂഷ (പ്രോത്സാഹിപ്പിക്കു ന്ന) ചെയ്യുന്നവൻ ആക്കുകയാണെന്ന് പൗലോസ് ആരോപിച്ചു.

ഈ വിചിത്രവാദം പത്രോസ് എപ്രകാരം തള്ളിക്കളഞ്ഞുവെന്ന് ഏവർക്കും ഊഹിക്കാവുന്നതേയുള്ളൂ. യേശുവിന് ശേഷം ഇരുപത് വർഷം വരെ ആരും ഉന്നയിക്കാത്ത നൂതന വാദമാണ് പൗലോസ് ഉയർത്തുന്നത്. മാത്രമല്ല യേശുവിനെ അംഗീകരിച്ചതിന് ശേഷം പത്ത് വർഷം പിന്നിട്ട പൗലോസ് ഇതിന് മുമ്പ് ഒരിക്കലും ഇപ്രകാര മൊരു വാദം അപ്പൊസ്തലൻമാർ കേൾക്കെ പറഞ്ഞിട്ടില്ല. തനിക്ക് ഇങ്ങനെയൊരു ആശയം മെനയേണ്ടി വന്നതിന്റെ നിജസ്ഥിതി അദ്ദേഹം പറയുന്നുണ്ട്:

> ഞാൻ നശിപ്പിച്ചത് ഞാൻ തന്നെ പണിയുന്നുവെങ്കിൽ ഞാൻ സ്വയം കുറ്റക്കാരൻ എന്ന് തെളിയിക്കുകയാണല്ലോ?
> (ഗലാത്യ 2:18)

ഇദ്ദേഹത്തിന്റെ ന്യായം എത്രത്തോളം നിലവാരമില്ലാത്തതെന്ന് ചിന്തിക്കുക. ക്രിസ്ത്യാനികളോട് ന്യായപ്രമാണം അനുസരിക്കേണ്ട തില്ലെന്ന് പഠിപ്പിച്ച താൻ തന്നെ അവരോട് ഇത് അനുസരിക്കണമെ ന്ന് പറഞ്ഞാൽ, താൻ ഒരു അവസരവാദിയാണെന്ന് സ്വയം തെളിയു കയില്ലേ എന്നാണ് അദ്ദേഹം ആശങ്കപ്പെടുന്നത്.[1] ചുരുക്കത്തിൽ സ്വന്തം നിലനിൽപ്പിന് വേണ്ടി യേശുവിന്റെ യഥാർഥ ദൗത്യത്തെ പൗലോസ് അട്ടിമറിക്കുകയും പകരം പുതിയൊരു ആശയം പ്രചരി പ്പിക്കാൻ അദ്ദേഹം നിർബന്ധിതനാകുകയും ചെയ്തു.

## പൗലോസിന്റെ 'മിഷണറി' പ്രവർത്തനം

തന്റെ കീഴിലുള്ള വിശ്വാസികൾ മോശൈക ന്യായപ്രമാണം അനുഷ്ഠിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് പൗലോസ് വ്യക്തമാക്കിയ തോടെ, അന്ത്യോക്യയിലെ ക്രിസ്ത്യാനി സഭയുമായുള്ള ബന്ധം അപ്പൊസ്തലൻമാർ ഉപേക്ഷിച്ചു. തുടർന്ന് വിവിധ സ്ഥലങ്ങളിൽ പൗലോസിന്റെ നേതൃത്വത്തിൽ രൂപപ്പെട്ടിരുന്ന ക്രിസ്ത്യാനി സഭക ളിൽ അപ്പൊസ്തല അനുയായികൾ സത്യസുവിശേഷം അറിയിച്ചു. ഇതിൽ, ഗലാത്യ സഭ പരിപൂർണമായി യഹൂദ സംസ്കാരത്തിലേക്ക് മാറ്റപ്പെട്ടു. മറ്റൊരു സഭയായ കൊരിന്ത്യയിലും അപ്പൊസ്തല അനുയായികൾ പ്രശ്നം സൃഷ്ടിച്ചു.[2] റോമിലുള്ള ക്രിസ്ത്യാനികൾ ക്ക് അവിടെയുള്ള അപ്പൊസ്തല സഭകളുടെ ചോദ്യങ്ങൾ സഹിക്ക വയ്യാതായി.

ക്രിസ്ത്യാനികളുടെ ഏക ഉത്തരവാദിയായ പൗലോസ് തന്റെ തൂലികയെ ഇരുവായ്തല മൂർച്ചയുള്ള പടവാളാക്കി മാററി. മോശൈ ക ന്യായപ്രമാണം ഒഴിവാക്കുന്നതിന് ആവശ്യമായ ക്രിസ്തുദർശനം പൗലോസ് ആവിഷ്കരിച്ചു. ഇത് വിശദീകരിച്ചുകൊണ്ട് ഗലാത്യ, കൊരിന്ത്യ, റോമ തുടങ്ങിയ സഭകളിലേക്ക് ലേഖനങ്ങൾ അയച്ചു. ഇവ ക്രിസ്ത്യാനികളുടെ ദൈവശാസ്ത്രമായി മാറ്റപ്പെട്ടു. ഇതിനായി യേശുവിന്റെ വാക്കുകളിൽ നിന്നും തെളിവ് നിരത്താതെ സ്വന്തം ബുദ്ധി ഉപയോഗിച്ച് കൊണ്ട് കാര്യങ്ങളെ ദുർവ്യാഖ്യാനിച്ചു. വാദ

1. ഗലാത്യ 2:11-21, ഇത്ര പ്രധാനപ്പെട്ട സംഭവം അപ്പൊസ്തല പ്രവൃത്തിയിൽ ലൂക്കോസ് മറച്ചുവച്ചു.
2. ഗലാത്യ, കൊരിന്ത്യ തുടങ്ങിയ സഭകളിൽ ഉണ്ടായ സുവിശേഷ മാറ്റങ്ങൾ രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങൾ അദ്ധ്യായത്തിന്റെ അവസാനം നൽകിയിട്ടുള്ള ഭൂപടത്തിൽ നിന്നും മനസ്സിലാക്കുക.

പ്രതിവാദങ്ങൾ കൊടുമ്പിരികൊണ്ടു. പൗലോസിന്റെ ലേഖനങ്ങൾ ക്രിസ്ത്യാനികൾക്ക് മാത്രം ദൈവികമായി തോന്നി.

അപ്പൊസ്തലൻമാരിൽ നിന്ന് താൻ സുവിശേഷമൊന്നും പഠിച്ചിട്ടില്ലെന്നും തന്നെ യേശുക്രിസ്തു മൂന്നാം സ്വർഗത്തോളം ഉയർത്തി പറുദീസയിൽ എത്തിച്ച് പുതിയ വെളിപാടുകൾ നൽകിയെന്നും പൗലോസ് സമർഥിച്ചു. യേശു ജീവിതകാലത്ത് പഠിപ്പിച്ചതൊന്നും അപ്പൊസ്തലൻമാരിൽ നിന്ന് ഗ്രഹിക്കാത്ത അദ്ദേഹം, യേശുവിന്റെ ക്രൂശുമരണത്തെ മാത്രം അടിസ്ഥാനമാക്കി പുതിയൊരു സുവിശേഷം മെനഞ്ഞു. യെരുശലേം സഭയിലെ അപ്പൊസ്തല പ്രാതിനിധ്യത്തിന് സമാനമായികൊണ്ട് തന്റെ അനുയായികളിൽപെട്ട പലരെയും അദ്ദേഹം അപ്പൊസ്തലൻ എന്ന് വിളിച്ചു. യെരുശലേം സഭയിൽ അനുഷ്ഠിക്കപ്പെടുന്ന സ്നാനത്തിനും അപ്പം നുറുക്കലിനും മറ്റൊരു വ്യാഖ്യാനം നൽകികൊണ്ട് അവ തന്റെ സഭയിലും അദ്ദേഹം നിലനിർത്തി.[1] ഇപ്രകാരം യെരുശലേമിലെ യഥാർഥ ക്രിസ്തുസഭക്ക് സമാന്തരമായി ക്രിസ്ത്യാനി സഭ രൂപീകരിച്ച് പൗലോസ് 'നല്ല പോർ' പൊരുതി.

## ക്രിസ്തുസഭ 'പുതിയ നിയമം' നശിപ്പിക്കുന്നു

മിഷണറി പ്രവർത്തനത്തിന് വേണ്ടി തന്നാൽ ആവോളം സഞ്ചരിച്ച പൗലോസ്, അവസാനം ക്രിസ്താബ്ദം 58–59 ൽ യെരുശലേം സഭയിൽ എത്തി. മോശൈക ന്യായപ്രമാണത്തെ പഴയ നിയമമായി ഒതുക്കുകയും യേശുവിന്റെ മരണത്തിലൂടെയുള്ള പാപപരിഹാരത്തെ പുതിയ നിയമമായി അവതരിപ്പിക്കുകയും ചെയ്യുന്ന ക്രൈസ്തവ ബൈബിളിന്റെ മനുഷ്യരൂപമായ പൗലോസിനെ ക്രിസ്തുസഭ എപ്രകാരമാണ് കൈകാര്യം ചെയ്തതെന്ന് കാണുക.

## ന്യായപ്രമാണം പഴകാത്ത ക്രിസ്തുസഭ

യെരുശലേം സഭയുടെ പ്രധാനികൾ പൗലോസിനോട് ആവശ്യപ്പെട്ട കാര്യം ഇതാണ്.

> സഹോദരാ, വിശ്വസിച്ചവരായ അനേകായിരം യഹൂദൻമാർ ഉണ്ടെന്ന് താങ്കൾക്ക് അറിയാമല്ലോ. അവരെല്ലാവരും ന്യായപ്രമാ

1. സ്നാനത്തിനും അപ്പം നുറുക്കലിനും പൗലോസ് നൽകിയ നൂതന വ്യാഖ്യാനങ്ങൾ 112–115 വരെയുള്ള പുറങ്ങൾ വായിക്കുക.

ണത്തിൽ തീക്ഷ്ണതയുള്ളവരാണ്. എന്നാൽ മോശൈക ന്യായപ്രമാണം ഉപേക്ഷിക്കാനും തങ്ങളുടെ മക്കളെ പരിച്ഛേദനം നടത്തുന്നതും നമ്മുടെ ആചാരങ്ങളനുഷ്ഠിച്ച് ജീവിക്കുന്നതും വിട്ടുകളയുവാനും ഇതര മതസ്ഥരുടെ ഇടയിൽ പാർക്കുന്ന യഹൂദരെ താങ്കൾ ഉപദേശിക്കുന്നതായി അവർ (യെരുശലേം സഭാ വിശ്വാസികൾ) ധരിച്ചിരിക്കുന്നു.

(അപ്പൊ.പ്രവ. 21:20,21)

അപ്പൊസ്തല അനുയായികൾ മോശൈക ന്യായപ്രമാണം തീക്ഷ്ണമായി അനുസരിക്കുന്നവരും യഹൂദ സംസ്കാരം പരിപൂർണമായി നിലനിർത്തുന്നവരുമാണ്. ഇവിടെയെങ്ങും പൗലോസിന്റെ ലേഖനങ്ങൾക്ക് യാതൊരു സ്വാധീനവും ഇല്ല. പിന്നെ, പ്രശ്നം ഉണ്ടായിരിക്കുന്ന സ്ഥലം ഏതാണ്? അപ്പൊസ്തലൻമാരിൽ നിന്ന് വിദൂരമായതും ഇതര മതസ്ഥരുടെ കൂട്ടത്തിൽ താമസിക്കുന്നവരുമായ യഹൂദന്മാർക്ക് മാത്രം. ഈ സ്ഥലങ്ങളിൽ മാത്രമേ ഇങ്ങനെയൊരു ആശയം പ്രചരിച്ചിട്ടുള്ളൂവെന്ന് വ്യക്തം.

ഇവിടെയുള്ള പ്രശ്നം എന്താണ്? യേശുവിന്റെ ദൗത്യം ദുർവ്യാഖ്യാനിച്ചു കൊണ്ട് അവരോടെല്ലാം മോശൈക ന്യായപ്രമാണം ഉപേക്ഷിക്കണമെന്നും, പരിച്ഛേദന ചെയ്യരുതെന്നും യഹൂദ ആചാരങ്ങൾ അനുഷ്ഠിക്കരുതെന്നും പൗലോസ് ഉപദേശിച്ചിരിക്കുന്നു. അപ്പോൾ അപ്പൊസ്തല നേതൃത്വം നൂറുശതമാനം അംഗീകരിക്കുന്ന മുഴുവൻ വിശ്വാസികളും പൗലോസിന്റെ ഉപദേശത്തെ ദുരുപദേശമായിട്ടാണ് മനസ്സിലാക്കുന്നത്. എങ്കിൽ എന്താണ് പരിഹാരം? ആരാണ് തെററ് തിരുത്തേണ്ടത്, പൗലോസോ ക്രിസ്തുസഭയോ? മോശൈക നിയമം മാറ്റപ്പെട്ടതിന്റെ തെളിവായി സ്വന്തം ലേഖനങ്ങൾ ഉള്ളത് അദ്ദേഹം ഇവിടെ സമർപ്പിക്കുമോ? വളരെ ജിജ്ഞാസഭരിതമായ ഈ സംഭവത്തിന്റെ തുടർഭാഗം വായിക്കുക.

## നേർച്ചക്കാരായ ക്രിസ്തുസഭ

ഇനി നാം എന്താണ് ചെയ്യേണ്ടത്? താങ്കൾ വന്നിട്ടുണ്ടെന്ന് തീർച്ചയായും അവർ കേൾക്കും. അതുകൊണ്ടു ഞങ്ങൾ പറയുന്നത് പോലെ താങ്കൾ ചെയ്യുക. ഒരു നേർച്ച (നാസീർ വ്രതം) നേർന്നിട്ടുള്ള നാല് ആളുകൾ ഇവിടെ ഞങ്ങളുടെ കൂടെയുണ്ട്. അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ ശുദ്ധീകരണ ചടങ്ങുകളിൽ പങ്കെടുത്ത് അതിന്റെയും (നേർച്ച) അവരുടെ തല ക്ഷൗരം ചെയ്യി

ക്കുന്നതിന്റെയും ചിലവ് താങ്കൾ വഹിക്കുക.
(അപ്പൊ.പ്രവ. 21:22–24)

നമ്മൾ എന്താണ് ഈ കേൾക്കുന്നത്? യെരുശലേം സഭയിലെ വിശ്വാസികൾ നേർച്ച നേരുകയോ? അതും ഒന്നല്ല, നാല് ആളുകളെ അപ്പൊസ്തലന്മാർ തയ്യാറാക്കി നിർത്തിയിരിക്കുന്നു. ഇനിയോ, അവരൊക്കെ ചെയ്യുന്ന 'അനാചാര'ത്തിനോട് (നേർച്ച) സഹകരിച്ച് കൊണ്ട്, ന്യായപ്രമാണത്തെ കാലഹരണപ്പെടുത്തിയ 'അപ്പൊസ്തലൻ' തന്നെ കൂടെ നടന്നുകൊണ്ട് ചെലവ് വഹിക്കണം പോലും. സാധാരണ വിശ്വാസികൾക്ക് വേണ്ടി ദൈവിക വെളിപാടുകളെ 'അപ്പൊസ്തല'നായ പൗലോസ് ധിക്കരിക്കേണ്ടതുണ്ടോ? ഇങ്ങനെയൊക്കെ ചെയ്താൽ, അദ്ദേഹം ഒരു അവസരവാദിയാണെന്നും തന്റെ നിയമങ്ങളെ സ്വന്തമായി ലംഘിച്ചവനാണെന്നും എല്ലാവരും അറിയുകയില്ലേ? ആട്ടെ, ഇങ്ങനെയൊക്കെ പൗലോസിനെക്കൊണ്ട് പ്രവർത്തിപ്പിച്ചിട്ട് യെരുശലേം സഭക്ക് എന്താണ് ഇത്രയധികം സ്ഥാപിക്കാനുള്ളത്? തുടർന്ന് ശ്രദ്ധിക്കുക.

## വെളിപാട് ഉപേക്ഷിച്ച 'അപ്പൊസ്തലൻ'

അപ്പോൾ താങ്കളെ കുറിച്ച് കേട്ട കാര്യങ്ങൾ സത്യമല്ലായെന്നും താങ്കൾ ന്യായപ്രമാണം അനുസരിച്ചാണ് ജീവിക്കുന്നതെന്നും എല്ലാവരും അറിഞ്ഞുകൊള്ളും.
(അപ്പൊ.പ്രവ. 21:24)

ഇവിടെ, പൗലോസിനെ കുറിച്ച് കേട്ട ഏത് കാര്യമാണ് സത്യമല്ലായെന്ന് തെളിയേണ്ടത്? യേശുവിൽ വിശ്വസിച്ചവർ ആരും മോശൈക ന്യായപ്രമാണമോ, പരിച്ഛേദനയോ പാലിക്കരുതെന്നുള്ള അദ്ദേഹത്തിന്റെ ഉപദേശം. ഇതെല്ലാം വെറുതെ പറയുകയല്ല, മറിച്ച് റോമ, ഗലാത്യ, കൊരീന്ത്യ തുടങ്ങിയ സഭകളിലേക്ക് അദ്ദേഹം എഴുതിയ എല്ലാ ലേഖനങ്ങളിലും സുന്ദരമായി വിവരിച്ചിട്ടുണ്ട്. ഇവ എഴുതിയ അതേ വർഷമോ, അല്ലെങ്കിൽ ഒന്നോ രണ്ടോ വർഷത്തിനുള്ളിലോ ആണ് ഈ സംഭവങ്ങൾ നടക്കുന്നത്. അതിനാൽ ഇവയെ കുറിച്ച് ചില കേട്ടുകേൾവികൾ മാത്രമേ യെരുശലേമിലുള്ള വിശ്വാസികൾക്കും മറ്റ് യഹൂദൻമാർക്കും ഉള്ളൂ.

അപ്പോൾ അദ്ദേഹത്തിന് അങ്ങനെ വാദമുണ്ടെന്ന് കേട്ട കാര്യങ്ങൾ സത്യമല്ലെന്ന് എങ്ങനെയാണ് തെളിയിക്കുക? താൻ ഇങ്ങനെ

യൊരു ലേഖനവും എഴുതിയിട്ടില്ലെന്നും ആരോ തന്റെ പേരിൽ കള്ളം പറയുന്നതാണെന്നും സ്വയം സമർഥിക്കുകയല്ലാതെ മറ്റു മാർഗമൊന്നുമില്ല. അതേപോലെ, ഇതിനെ ബലപ്പെടുത്തിക്കൊണ്ട് മോശൈക നിയമങ്ങൾ സ്വയമായി അനുഷ്ഠിക്കുക. അങ്ങനെ ക്രമമായി ന്യായപ്രമാണം മുറുകെ പിടിച്ച് ജീവിക്കുന്ന തന്നെകുറിച്ച് ആരോ ഉന്നയിക്കുന്ന ദുരാരോപണം മാത്രമാണ് തന്റെ പേരിൽ പ്രചരിക്കുന്ന ലേഖനങ്ങളും പുതിയ വെളിപാടുവാദങ്ങളും എന്ന് ക്രിസ്തുസഭയുടെ മുൻപിൽ ബോധ്യപ്പെടുത്തണം.

യെരുശലേം സഭയുടെ ഈ അതിര് കടന്ന ആവശ്യം പൗലോസ് അംഗീകരിക്കുമോ? ദൈവം തനിക്ക് അറിയിച്ചുതന്ന വെളിപാടിൽ ഉറച്ചുനിന്നുകൊണ്ട് ഇക്കൂട്ടരെ തന്റെ ആശയത്തിലേക്ക് അദ്ദേഹം നിർബന്ധമായും കൊണ്ടുവരുമോ? തന്റെ ക്രിസ്ത്യാനി സഭകളിൽ പ്രകടിപ്പിക്കുന്ന ധീരത ഇവിടെയും ഇദ്ദേഹത്തിന് പ്രയോജനപ്പെടുമോ? മറ്റാർക്കും ലഭിക്കാത്ത ക്രിസ്തുദർശനം തനിക്കുണ്ടായതിനാലും താൻ എല്ലാവരെക്കാൾ അധികമായി ലേഖനങ്ങൾ എഴുതിയതിനാലും എന്തെങ്കിലും ഒരു പ്രത്യേക പരിഗണന ഈ ആദിമ ക്രിസ്തു സഭ പൗലോസിന് നൽകുമോ? പത്രോസിന്റെ നിലപാടിനെ അന്ത്യോക്യ സഭയിൽ എതിർത്ത രീതിയിൽ ഒരു തവണ കൂടി ആവർത്തിച്ച് കൊണ്ട് യെരുശലേം സഭയ്ക്കും തന്റെ ആശയങ്ങൾ പകർന്നുകൊടുക്കുമോ? ഇങ്ങനെയെല്ലാം പ്രതീക്ഷിച്ച് കൊണ്ട് പൗലോസിന്റെ പ്രതികരണത്തെ കാത്തിരിക്കുന്നവർക്ക് തുടർന്ന് നടക്കുന്ന കാര്യങ്ങൾ നിരാശ മാത്രമാണ് നൽകുന്നത്.

## പാപപരിഹാരയാഗങ്ങളുള്ള ക്രിസ്തുസഭ

> അടുത്ത ദിവസം പൗലോസ് ആ പുരുഷൻമാരെ കൂട്ടിക്കൊണ്ടു അവരോടൊപ്പം തന്നെ ശുദ്ധീകരിച്ച് അവരിൽ ഓരോരുത്തനും വേണ്ടി വഴിപാടു കഴിക്കാനുള്ള ശുദ്ധീകരണകാലം തികഞ്ഞു വെന്ന് ബോധിപ്പിക്കുവാൻ ദേവാലയത്തിൽ പ്രവേശിച്ചു. ഏഴുദിവസം കഴിയാറായപ്പോൾ ആസ്യയിൽ നിന്നുള്ള ചില യഹൂദർ പൗലോസിനെ ദേവാലയത്തിൽ വച്ചു കണ്ടു.
>
> (അപ്പൊ.പ്രവ. 21:26,27)

തന്റെ 'പുതിയ നിയമ' വാദഗതികൾ മുഴുവൻ ഇവരുടെ മുൻപിൽ തകരുകയാണെന്ന് ബോധ്യപ്പെട്ടിട്ടും ഗത്യന്തരമില്ലാതെ അനുസരണയുള്ള കുഞ്ഞാടായി അവർ പറഞ്ഞതെല്ലാം പൗലോസ് തലകു

ലുക്കി സമ്മതിച്ചു. അടുത്ത ദിവസം ആ നാല് പേരോടൊപ്പം സ്വയം ശുദ്ധീകരിച്ച് അവർക്ക് നിർവ്വഹിക്കേണ്ട കർമങ്ങൾക്കുള്ള സമയം പൂർത്തിയായി എന്ന് ബോധിപ്പിക്കുവാൻ പൗലോസ് യെരുശലേം ദേവാലയത്തിൽ കടന്നു. ഈ സംഭവം മറ്റൊരു പ്രധാന കാര്യം കൂടി സംശയലേശമെന്യേ വ്യക്തമാക്കുന്നുണ്ട്. ഇവിടെ സമയം തികഞ്ഞുവെന്ന് ആരെ ബോധ്യപ്പെടുത്താനാണ് അദ്ദേഹം ദേവാലയത്തിൽ പ്രവേശിക്കുന്നത്? തീർച്ചയായും യേശുവിൽ വിശ്വസിക്കാത്ത യഹൂദ പുരോഹിതൻമാരാണല്ലോ അവിടെ കർമങ്ങൾ ചെയ്യുന്നത്. ഇന്നത്തെ ക്രൈസ്തവരെപോലെ യെരുശലേം സഭയിലെ നേർച്ച നേർന്ന വിശ്വാസികളുടെ ദൈവസങ്കൽപ്പം യേശുവുൾപ്പെട്ട ത്രിത്വവിശ്വാസമാണെങ്കിൽ ഇതിനെ നിഷേധിക്കുന്ന പുരോഹിതൻ എങ്ങനെയാണ് ദൈവത്തിന്റെയും ഇവരുടെയും ഇടയിൽ മദ്ധ്യസ്ഥനായി നിൽക്കുക? യേശുവിനെ വ്യാജപ്രവാചകനായി കരുതുന്ന ഈ പുരോഹിതൻമാരുടെ ദൈവസങ്കൽപ്പം ഒരിക്കലും ത്രിത്വവിശ്വാസമല്ലല്ലോ? സത്യത്തിൽ, യേശുവിൽ വിശ്വസിച്ച യഹൂദൻമാർക്കും മറ്റുള്ളവർക്കും ഒരേ ദൈവവിശ്വാസം തന്നെയായിരുന്നുവെന്ന് ഈ സംഭവം കൃത്യമായി സാക്ഷ്യം വഹിക്കുകയാണ്.

അതോടൊപ്പം, യേശുവിന് ശേഷം മുപ്പത് വർഷങ്ങൾ പിന്നിട്ടപ്പോഴും യഥാർഥ ക്രിസ്തുസഭക്ക് യെരുശലേം ദേവാലയവുമായി വിശ്വാസാനുഷ്ഠാനപരമായ എല്ലാ ബന്ധങ്ങളും ഉണ്ടായിരുന്നുവെന്നും ഈ സംഭവം തെളിയിക്കുന്നുണ്ട്. ദിവസേനയുള്ള പ്രാർഥനകളും ആഴ്ചതോറുമുള്ള ശബത്തും കുട്ടികളുടെ പരിച്ഛേദന കർമങ്ങളും യാഗങ്ങളും വഴിപാടുകളുമെല്ലാം ഉള്ള യഹൂദ സംസ്കാരം ക്രിസ്തു സഭ അതേപോലെ നിലനിർത്തിയിരുന്നു. അവർക്ക് മോശൈക ന്യായപ്രമാണം ഒരിക്കലും "പഴയനിയമം" അല്ലേ അല്ല. ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതു പോലെ യേശുവെന്ന നിഷ്കളങ്കനായ കുഞ്ഞാടിന്റെ പരമയാഗത്തിലൂടെ യാഗമെന്ന കർമം എന്നന്നേക്കുമായി പൂർത്തിയായി എന്ന മിഥ്യാധാരണ അവർക്ക് ഇല്ല. പൗലോസിന്റെ ചെലവിൽ യെരുശലേം സഭാവിശ്വാസികൾ ഇവിടെ പൂർത്തീകരിച്ച നേർച്ചയെന്നത് നാസീർ വ്രതമാണ്.[1] ഈ കർമങ്ങൾ നിർവഹിക്കണമെങ്കിൽ ഒരു യഹൂദ പുരോഹിതൻ എത്രത്തോളം അനിവാര്യമാണെന്നും അതിന് എത്ര ആടുകളെ യാഗം കഴിക്കണമെന്നും മോശൈക ന്യായപ്രമാണം കൃത്യമായി വിവരിച്ചിട്ടുണ്ട്.

1. അനുബന്ധം – 2 കാണുക.

## നാസീർ വ്രതത്തിന്റെ കർമങ്ങൾ

നാസീർവ്രതസ്ഥനായ വ്യക്തി വ്രതാനുഷ്ഠാന വേളയിൽ ശവം നിമിത്തം അശുദ്ധനായാൽ ഒരു പ്രാവിൻ കുഞ്ഞിനെ പാപയാഗമായും മറ്റൊന്നിനെ അവനുവേണ്ടി പ്രായശ്ചിത്തം വരുത്തുവാൻ ഹോമയാഗമായും പുരോഹിതൻ അർപ്പിക്കണം. എന്തെന്നാൽ അവൻ ശവം നിമിത്തം കുറ്റക്കാരനായി. അന്നുതന്നെ അവൻ തന്റെ ശിരസ്സ് (ക്ഷൗരം ചെയ്യുന്നതിന്) സമർപ്പിക്കണം. വേർപാടിന്റെ കാലത്തേക്കായി അവൻ ദൈവത്തിന് സ്വയം പ്രതിഷ്ഠിക്കുകയും അകൃത്യയാഗമായി ഒരു വയസ് പ്രായമുള്ള ഒരു ആൺകുഞ്ഞാടിനെ അറക്കുകയും ചെയ്യണം.

> ഇനി നാസീർ വ്രതം യഥാവിധി ഒരാൾ പൂർത്തിയാക്കിയാൽ അവർ ദൈവത്തിനുള്ള വഴിപാട് അർപ്പിക്കണം. ഹോമയാഗത്തിനുള്ള ഊനമില്ലാത്ത ഒരു വയസായ ആൺകുഞ്ഞാട്, പാപയാഗത്തിനുള്ള ഊനമില്ലാത്ത ഒരു വയസായ പെൺകുഞ്ഞാട്, സമാധാനയാഗത്തിനുള്ള ഊനമില്ലാത്ത ഒരു ആട്ടുകൊറ്റൻ എന്നിവ അവയുടെ ഭോജനയാഗങ്ങളോടും പാനീയയാഗങ്ങളോടും കൂടെയും കൊണ്ടുവരണം. പുരോഹിതൻ അവ ദൈവത്തിന്റെ സന്നിധിയിൽ കാഴ്ചവച്ച് പാപയാഗവും ഹോമയാഗവും അർപ്പിക്കണം. കുട്ടയിലുള്ള പുളിപ്പില്ലാത്ത അപ്പം കാഴ്ചവച്ച് ആട്ടുകൊറ്റനെ സമാധാനയാഗമായി അതിന്റെ ഭോജനയാഗങ്ങളോടും പാനീയയാഗങ്ങളോടും കൂടെ ദൈവത്തിന് സമർപ്പിക്കണം. ശേഷം വ്രതസ്ഥൻ തല ക്ഷൗരം ചെയ്യണം.... നാസീർവ്രതം അനുഷ്ഠിക്കുന്നവർക്കുള്ള പ്രമാണങ്ങൾ ഇതാണ്.
>
> (സംഖ്യ 6:1–21).

ചുരുക്കത്തിൽ യേശുവിന്റെ ക്രൂശുമരണത്തെ പാപപരിഹാരയാഗമായി തെറ്റിദ്ധരിച്ചുകൊണ്ട് ക്രിസ്തുസഭ യാഗങ്ങൾ ഉപേക്ഷിച്ചിട്ടില്ല. അവർ പാപങ്ങളുടെ പ്രായശ്ചിത്തത്തിന് അനുഷ്ഠിച്ചുവന്നിരുന്ന ഹോമയാഗങ്ങളും പാപയാഗങ്ങളും അകൃത്യയാഗങ്ങളും ഒന്നും പഴയനിയമമായി കരുതുന്നില്ല. സത്യത്തിന്റെ മുമ്പിൽ പൗലോസുപോലും സ്വന്തം വാദഗതികൾ ഉപേക്ഷിച്ചുവെങ്കിൽ അദ്ദേഹത്തിന്റെ ഇന്നത്തെ അനുയായികൾ അതിലൊന്നും തീരെയും ശുഭപ്രതീക്ഷ പുലർത്തേണ്ടതില്ലെന്ന് തിരിച്ചറിയണം.

അങ്ങനെ യെരുശലേം ദേവാലയത്തിൽ പ്രവേശിച്ച പൗലോസ് ഏഴ് ദിവസം വരെ കുഴപ്പമില്ലാതെ കഴിഞ്ഞുകൂടി. ഈ സമയം ആ

സ്യയിൽ നിന്നും യെരുശലേം ദേവാലയത്തിൽ എത്തിയ യഹൂദൻമാർ പൗലോസിനെ തിരിച്ചറിഞ്ഞു. യെരുശലേമിലുള്ള യഹൂദൻമാരെ സംബന്ധിച്ചിടത്തോളം പൗലോസിനെ കുറിച്ച് ഈ വിഷയത്തിൽ കേട്ടുകേൾവി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ, അദ്ദേഹത്തിന്റെ "നേർച്ച" നിർവഹിക്കുന്നതിലെ ആത്മാർഥതയെ അവർ സംശയിക്കുകയില്ല. എന്നാൽ ആസ്യയിൽ നിന്ന് എത്തിയവർ, പൗലോസിന്റെ ദുരുപദേശപ്രവർത്തനങ്ങളുടെ ദൃക്സാക്ഷികളാണ്. ആ നാടുകളിൽ ഇവർ തീരെയും സംഘടിതരല്ലാത്തതിനാൽ പൗലോസിനെ ഒന്നും ചെയ്യാൻ കഴിയാതെ നിസ്സഹായരായിരുന്നു. ഇപ്പോൾ അവർക്ക് അവസരം അനുകൂലമായി തീർന്നിട്ടുണ്ട്.

## യെരുശലേം പുറത്താക്കിയ പുതിയനിയമക്കാരൻ

> അവർ ജനക്കൂട്ടത്തെ മുഴുവൻ ഇളക്കി പൗലോസിനെ പിടികൂടി. അവർ വിളിച്ചുപറഞ്ഞു: "യിസ്രയേൽ ജനമേ, ഞങ്ങളെ സഹായിപ്പിൻ, നമ്മുടെ ജനങ്ങൾക്കും ന്യായപ്രമാണത്തിനും ഈ സ്ഥലത്തിനും (യെരുശലേം) വിരുദ്ധമായി എല്ലായിടത്തും എല്ലാവരെയും പഠിപ്പിക്കുന്നവൻ ഇയാളാണ്."
>
> (അപ്പൊ.പ്രവ. 21:27,28)

ഇത് കേട്ട യഹൂദൻമാർ പൗലോസിനെ ദേവാലയത്തിൽ നിന്ന് വലിച്ചിഴച്ച് കൊണ്ടുപോയി. അവർ ഉടൻ തന്നെ വാതിലുകൾ അടക്കുകയും അദ്ദേഹത്തെ കൊല്ലാൻ തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ യെരുശലേം നഗരം മുഴുവൻ പ്രക്ഷുബ്ധമായെന്ന് റോമൻ സൈന്യാധിപൻ വിവരം അറിഞ്ഞു. റോമൻ പട്ടാളക്കാർ അവിടെ എത്തിയപ്പോൾ അവർ പൗലോസിനെ അടിക്കുന്നത് നിർത്തി. റോമക്കാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി കൊണ്ടുപോകുന്ന വഴിയെല്ലാം യഹൂദന്മാർ വല്ലാതെ അക്രമാസക്തരായി. അതുകൊണ്ട് പട്ടാളക്കാർക്ക് പൗലോസിനെ എടുത്തുകൊണ്ടു പോകേണ്ടി വന്നു. ഈ സമയമെല്ലാം ജനങ്ങൾ അവനെ കൊന്നുകളയുക എന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു.

ഇത്രയും ഭാഗം ശ്രദ്ധയോടെ വായിച്ചവർക്ക് ഉണ്ടാകാവുന്ന ചില സംശയങ്ങളുണ്ട്. പൗലോസിന്റെ ഇതേ ആശയം തന്നെയായിരുന്നു യെരുശലേമിലെ അപ്പൊസ്തലൻമാരും പറഞ്ഞിരുന്നതെങ്കിൽ, എന്തുകൊണ്ടാണ് ആ നേർച്ചക്കാരായ നാലുപേരെ ഒഴിവാക്കി പൗലോസിനെ മാത്രം ക്രൂരമായി മർദ്ദിച്ചത്? അപ്പൊസ്തലന്മാർ

യെരുശലേമിൽ തന്നെ സുവിശേഷം പറയുകയും ഇവരുടെ പ്രവർത്തനത്തിലൂടെ അനേകായിരം യഹൂദന്മാർ യേശുവിൽ വിശ്വസിക്കുകയും ചെയ്തുവെന്നത് സ്പഷ്ടമാണ്. ന്യായപ്രമാണത്തെ സംബന്ധിച്ച് വളരെയധികം തീക്ഷ്ണ നിലപാടുള്ള സാധാരണക്കാരായ യഹൂദന്മാരൊക്കെ അപ്പൊസ്തലൻമാരെ വളരെയധികം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണല്ലോ. ദൈവം അയച്ച ക്രിസ്തുവായിരുന്നു യേശുവെന്ന് പ്രസംഗിക്കുന്നതിൽ ആരെയും ഭയക്കാത്ത അപ്പൊസ്തലൻമാരെ പലപ്പോഴും യഹൂദ മത നേതൃത്വം ബന്ധനസ്ഥരാക്കിയപ്പോൾ, പൊതു ജനത്തിന്റെ പ്രതിഷേധം ഭയക്കുകയും അതോടൊപ്പം ഇവരിൽ മറ്റൊരു കുറ്റവും കാണാത്തതിനാൽ വെറുതെ വിടുകയും ചെയ്തുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യെരുശലേം ദേവാലയത്തിലെ ശലോമോന്റെ മണ്ഡപത്തിന് സമീപം നിന്ന് ദീർഘമായി പ്രസംഗം നടത്തിയ പത്രോസിനെ ശ്രവിക്കാൻ യഹൂദന്മാർ ഓടിക്കൂടുകയും അതേ സമയം വെറുതെ നിന്ന പൗലോസിനെ ചുമന്നുകൊണ്ടുപോകേണ്ട രീതിയിൽ മർദ്ദിക്കുകയും ചെയ്യുന്നത് എന്ത്? ഇതെല്ലാം വ്യക്തമാക്കുന്നത്, അപ്പൊസ്തലൻമാരും പൗലോസും പ്രസംഗിച്ച സുവിശേഷം രാപകൽ വ്യത്യസ്തമാണെന്ന വസ്തുതയാണ്.

യേശുവിലൂടെ ദൈവിക കൽപനയായ ന്യായപ്രമാണം മാറ്റപ്പെട്ടു എന്ന് പറഞ്ഞാലുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മൾ കണ്ടു. അങ്ങനെയെങ്കിൽ മനുഷ്യരുടെ രക്ഷയ്ക്ക് ന്യായപ്രമാണം അപര്യാപ്തമാണെന്നും അതിനാൽ സാക്ഷാൽ ദൈവം തന്നെ മനുഷ്യനായി ഇറങ്ങി വന്നതാണ് യേശുവെന്നും കൂടി വാദിച്ചാൽ എന്തായിരിക്കും സംഭവിക്കുക? എന്നാൽ ഇങ്ങനെ ഒരു പരാമർശം ഇവിടെയെങ്ങും കേൾക്കുന്നില്ല. യഥാർഥത്തിൽ യേശു എന്ന വ്യക്തി ക്രിസ്തുവും കർത്താവും ആയിരുന്നു എന്ന് മാത്രമാണ് അപ്പൊസ്തലൻമാർ പഠിപ്പിച്ചത്. അതാകട്ടെ പ്രശ്നപരിധിയിൽ വരുന്ന പദങ്ങളല്ലെന്ന് സാഹചര്യതെളിവുകൾ കൂടി സ്പഷ്ടമാക്കുന്നു.

ഇങ്ങനെ കാരാഗ്രഹത്തിലായിരിക്കെ നാലു ലേഖനങ്ങൾ കൂടി പൗലോസ് സ്വന്തം സഭകൾക്ക് എഴുതുകയുണ്ടായി. മോശൈക ന്യായപ്രമാണം പിൻപറ്റുന്ന അപ്പൊസ്തല അനുയായികളെ ഒരു കാരണവശാലും തന്റെ സഭകളിൽ പ്രവേശിപ്പിക്കരുതെന്നുള്ള പതിവ് പല്ലവി ഇതിലെല്ലാം അദ്ദേഹം ആവർത്തിക്കുന്നുണ്ട്. ഇപ്രകാരം റോമക്കാരുടെ കയ്യിൽപ്പെട്ട പൗലോസിനെ ചുരുക്കം വർഷങ്ങൾക്കു

ള്ളിൽ വധിച്ചുകളഞ്ഞതായി ഒരു കൂട്ടം ക്രൈസ്തവ ചരിത്രകാരൻ മാർ നിരീക്ഷിക്കുന്നു. മറ്റൊരു വിഭാഗം, അദ്ദേഹം ഇതിന് ശേഷം മോചിതനായെങ്കിലും പിന്നീടുണ്ടായ മറ്റൊരു കലാപത്തിൽ വധി ക്കപ്പെട്ടുവെന്നും കരുതുന്നു. ഏതായാലും, പൗലോസിന്റെ അവസാ ന യെരുശലേം സന്ദർശനമായിരുന്നു ഇതെന്നുള്ള വിഷയത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്. ചുരുക്കത്തിൽ ഇന്ന് ലോകത്ത് പ്രചരിച്ചിരിക്കുന്ന ക്രൈസ്തവ സുവിശേഷം യെരുശലേമിലെ ക്രി സ്തു സഭ ഒരിക്കലും അംഗീകരിച്ചിട്ടില്ലായെന്ന് പറയുന്നത് ബൈ ബിളാണ്.

ഏതായാലും, ന്യായപ്രമാണം കാലഹരണപ്പെട്ടുവെന്ന് യെരുശ ലേമിൽ വെച്ച് ഒരിക്കലും പൗലോസ് വാദിക്കുക പോയിട്ട്, വെറുതെ പറഞ്ഞ് നോക്കുക പോലും ചെയ്തിട്ടില്ല. യെരുശലേമിന് സമീപം വരുമ്പോൾ ന്യായപ്രമാണം അനുസരിക്കാൻ തോന്നുകയും യെരു ശലേമിന് വിദൂരത്തായിരിക്കേ ആക്ഷേപിക്കാൻ തോന്നുകയും ചെ യ്യുകയെന്നത് അദ്ദേഹത്തിന്റെ ദൗർബല്യമായിരുന്നു.


ഇത് ന്യായികരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: “ഞാൻ ന്യായ പ്രമാണം ഉള്ള സ്ഥലത്ത് എത്തുമ്പോൾ അത് അനുസരിക്കുന്നവ നായി ജീവിക്കും എന്നാൽ ന്യായപ്രമാണം ഇല്ലാത്ത സ്ഥലത്ത് എ ത്തുമ്പോൾ അതില്ലാത്ത ഒരുവനെപ്പോലെ ജീവിക്കും.”[1] ചുരുക്കത്തി ൽ നിയമം കാലഹരണപ്പെട്ടു എന്ന് സ്ഥാപിക്കാൻ സ്വയം മെനഞ്ഞു ണ്ടാക്കിയ ആദർശത്തിന് താൻ പോലും യാതൊരു വിലയും കൽപ്പി ക്കുന്നില്ല എന്ന് സാരം.

സത്യസുവിശേഷ പ്രചരണം അതിശക്തമായ നിലയിൽ അ പ്പാസ്തലൻമാരിലൂടെ നിർവഹിക്കപ്പെട്ട സമയത്ത്, അവരുടെ അധി കാരപരിധിക്ക് പുറത്ത്, അവർക്ക് വിരുദ്ധമായി വ്യാജ സുവിശേഷം പ്രചരിപ്പിച്ച വ്യക്തിയാണ് പൗലോസ്. ഇക്കാര്യം അപ്പൊസ്തലൻ മാർ അന്നുതന്നെ തിരിച്ചറിഞ്ഞിട്ടുള്ളതും വ്യക്തമായി ബോദ്ധ്യപ്പെ ട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആശയത്തെ പുറത്താക്കി വിധി പറഞ്ഞതുമാണ്. ഇനിയും ആരെങ്കിലും പൗലോസിനെ ന്യാ യീകരിക്കുകയും അപ്പൊസ്തലൻമാരെ സംശയിക്കുകയും ചെയ്യു ന്നുവെങ്കിൽ അവർ യേശുവിന്റെ ഈ വാക്കുകൾ ഓർത്തുകൊള്ള ട്ടെ.

1. 1. കൊരിന്ത്യർ 9:20

നിങ്ങളെ (അപ്പൊസ്തലൻമാരെ) സ്വീകരിക്കുന്നവർ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവർ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.

(മത്തായി 10:40)




**ഈ ചരിത്രപഠനത്തിൽ പരാമർശിക്കപ്പെടുന്ന സ്ഥലങ്ങൾ**

# രണ്ട്

## ക്രിസ്തുസഭയെ പുറത്താക്കിയ 'അപ്പൊസ്തലൻ'

യഹൂദേതര വിശ്വാസികളും മോശൈക ന്യായപ്രമാണം നിർബ ന്ധമായും അനുഷ്ഠിക്കണമെന്ന പത്രോസിന്റെ തീരുമാനത്തെ പൗ ലോസ് എതിർത്തതോടെ, യെരുശലേമിലെ അപ്പൊസ്തല സഭയും പൗലോസിന്റെ അന്ത്യോക്യ സഭയും തമ്മിലുള്ള ആദർശബന്ധം പൂർണമായും വേർപ്പെട്ടു. അന്ത്യോക്യയിൽ വച്ച് ക്രിസ്ത്യാനി എന്ന് വിളിപ്പേര് ലഭിച്ച ഇവരുടെ ഏക ആത്മീയ പിതാവായി പൗലോസ് സ്ഥാനം ഉറപ്പിച്ചു. യേശുവിൽ വിശ്വസിക്കുകയും മോശൈക ന്യായ പ്രമാണം ഉപേക്ഷിക്കുകയും ചെയ്യുക എന്ന തന്റെ സഭകളുടെ മാ ത്രം പ്രത്യേകതയെ പിന്താങ്ങുന്ന ദൈവശാസ്ത്രം അദ്ദേഹം ആവി ഷ്കരിച്ചു. തന്റെ സഭകൾക്ക് ആവശ്യമായ രൂപഘടന അദ്ദേഹം വി വരിച്ചു നൽകി. അപ്പൊസ്തല സ്ഥാനം സ്വയം അവകാശപ്പെടുന്ന തോടൊപ്പം ചില അടുത്ത അനുയായികളെയും പ്രസ്തുത പദവിയി ലേക്ക് ഉയർത്തി. അപ്പൊസ്തലൻമാർ മുഖേന സുവിശേഷം പഠി ക്കുക എന്ന ആധികാരിക മാർഗത്തിൽ നിന്നും വ്യതിചലിച്ച് പകരം യേശുവിന്റെ വെളിപാടു ലഭിക്കുന്ന പൗലോസ് മുഖേന സുവിശേ ഷം സ്വീകരിക്കുകയെന്ന അന്ധതയിലേക്ക് ക്രിസ്ത്യാനികൾ ആന യിക്കപ്പെട്ടു. മോശൈക ന്യായപ്രമാണത്തെ മുറുകെ പിടിച്ച് ജീവി ക്കേണ്ടതിന് പകരം പൗലോസിന്റെ ആശയങ്ങളെ ദൈവിക വചനമാ യി ഇക്കൂട്ടർ തെറ്റിദ്ധരിച്ചു. യെരുശലേം സഭയ്ക്ക് തീർത്തും അന്യ

മായ ഒരു യേശുവിനെയും സുവിശേഷത്തെയും പ്രസംഗിക്കുന്നതോടൊപ്പം, അവർക്ക് അപരിചിതമായ ഒരു 'പരിശുദ്ധാത്മാവും' പൗലോസിൽ നിന്ന് നിർഗളിച്ചു. അദ്ദേഹത്തിന്റെ സമ്പൂർണാധിപത്യത്തിൽ ക്രിസ്ത്യാനി സഭ പെട്ടെന്ന് വളരാൻ തുടങ്ങി. പ്രത്യേകമായ നിയമങ്ങളോ പരിച്ഛേദന പോലുള്ള അനുഷ്ഠാനങ്ങളോ യാഗങ്ങൾ പോലുള്ള ചെലവേറിയ കർമങ്ങളോ ഒന്നും ഇല്ലാത്തത് സഭയുടെ വളർച്ചയ്ക്ക് വേഗത കൂട്ടി.

ഇങ്ങനെ ഒരു സ്ഥലത്ത് നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് അതിവേഗം കുതിച്ചു കൊണ്ടിരിക്കേ, ചില ശക്തമായ അടിയൊഴുക്കുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നു. സ്വന്തമായി നിലനിൽക്കാൻ പ്രാപ്തരായെന്ന ചിന്തയിൽ താൻ അൽപ്പകാലം മാറി നിന്ന തന്റെ ചില സഭകളിൽ അപ്പൊസ്തല അനുയായികൾ കടന്നുകൂടുകയും അവരുടെ ആശയം ഫലപ്രദമായി സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. അപകടം തിരിച്ചറിഞ്ഞ പൗലോസ് തന്റെ സഭകളിൽ നിന്നും ക്രിസ്തുസഭക്കാരെ പുറത്താക്കാൻ ആവശ്യമായ ലേഖനങ്ങൾ അവിടേക്ക് അയച്ചു. പൗലോസിനെതിരായി ക്രിസ്തുസഭക്കാർ പ്രചരിപ്പിച്ചതെല്ലാം പിൽക്കാലത്ത് നശിപ്പിക്കപ്പെട്ടെങ്കിലും അദ്ദേഹം അവർക്കെതിരായി നടത്തിയ തൂലിക പോരാട്ടങ്ങൾ ക്രിസ്ത്യാനികളുടെ 'സത്യവേദപുസ്തകത്തിൽ' ദൈവിക വെളിപാടുകളായി സ്ഥാനം പിടിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒട്ടുമിക്ക ലേഖനങ്ങളിലും അപ്പൊസ്തലൻമാരോടുള്ള വിദ്വേഷം കാണാമെങ്കിലും, ഇത് ഏറ്റവും അധികം പ്രകടമാകുന്നത് ഗലാത്യ, കൊരിന്ത്യ[1] തുടങ്ങിയവയിലാണ്.

## ഗലാത്യ ലേഖനം

പൗലോസിലൂടെ രൂപപ്പെട്ട ഒരു യഹൂദേതര കൂട്ടായ്മയാണ് ഗലാത്യ സഭ. പിന്നീട് ഇവർ പൗലോസിന്റെ സുവിശേഷത്തെ ഉപേക്ഷിക്കുകയും മറ്റൊരു സുവിശേഷം തെരഞ്ഞെടുക്കുകയും ചെയ്തു. അവരെ തന്റെ സുവിശേഷത്തിലേക്ക് മടക്കി കൊണ്ടുവരുന്നതിന് വേണ്ടി അദ്ദേഹം എഴുതിയതാണ് ബൈബിൾ പുതിയ നിയമഭാഗത്തിലെ ഒൻപതാമത്തെ പുസ്തകമായ ഗലാത്യ ലേഖനം. ഗലാത്യരുടെ സുവിശേഷ മാറ്റത്തെയും പുതിയ സുവിശേഷ പ്രബോധകരെ

1. ഇവ എഴുതപ്പെട്ടത് ക്രിസ്താബ്ദം 56 ലാണെന്ന് അനുമാനം. (പി.ഒ.സി ബൈബിൾ).

യും ലേഖനത്തിൽ രൂക്ഷമായി വിമർശിക്കുന്നുണ്ട്.

> ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ (പൗലോസ്) നിങ്ങൾ ഇത്ര പെട്ടെന്ന് ഉപേക്ഷിക്കുകയും വ്യത്യസ്തമായ ഒരു സുവിശേഷത്തിലേക്ക് തിരിയുകയും ചെയ്യുന്നതിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. വാസ്തവത്തിൽ മറ്റൊരു സുവിശേഷമില്ല; എന്നാൽ നിങ്ങളെ ഉപദ്രവിക്കാനും ക്രിസ്തുവിന്റെ സുവിശേഷത്തെ ദുഷിപ്പിക്കാനും ആഗ്രഹിക്കുന്ന കുറെ ആളുകളുണ്ട്. ഞങ്ങൾ നിങ്ങളോട് പ്രസംഗിച്ചതിൽ നിന്നു വ്യത്യസ്തമായ സുവിശേഷം ഞങ്ങൾ തന്നെയോ, സ്വർഗത്തിൽ നിന്നുള്ള ഒരു ദൂതൻ തന്നെയോ നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ. ഞങ്ങൾ നേരത്തെ നിങ്ങളോടു പറഞ്ഞപ്രകാരം തന്നെ ഇപ്പോഴും ഞാൻ പറയുന്നു. നിങ്ങൾ സ്വീകരിച്ച സുവിശേഷമല്ലാതെ മറ്റൊന്ന് ആരെങ്കിലും നിങ്ങളോടു പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ.
>
> (ഗലാത്യ 1:6–9)

മുമ്പ് തന്നെ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഗലാത്യർ ഇപ്പോൾ തന്നെ ശത്രുവായി കാണുന്നതിന് കാരണക്കാരായ 'പുതിയ സുവിശേഷകരുടെ' മേൽ ധാരാളം ശാപവാക്കുകൾ പൗലോസ് ഈ ലേഖനത്തിൽ ചൊരിയുന്നുണ്ട്. ഇത്രത്തോളം പൗലോസിന്റെ വിമർശനം ഏറ്റുവാങ്ങേണ്ടി വരുന്ന അദ്ദേഹത്തിന്റെ സമകാലികരായ പുതിയ സുവിശേഷകർ ആരാണ്? ഇവർ ഗലാത്യരെ പഠിപ്പിച്ച പുതിയ സുവിശേഷം എന്താണ്? ഈ രണ്ട് ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭിക്കുന്നതിന് ഇതേ ലേഖനത്തിൽ പൗലോസ് വ്യക്തമാക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതിയാകുന്നതാണ്.

ആറ് അധ്യായങ്ങളും 149 വാക്യങ്ങളും അടങ്ങിയിട്ടുള്ള ഗലാത്യ ലേഖനത്തിൽ വിഷയപ്രാധാന്യം ഇല്ലാത്ത ഒരു വാക്യം പോലും കടന്നുവരാതിരിക്കാൻ പൗലോസ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. യേശുവിൽ വിശ്വസിച്ചവർ മോശൈക ന്യായപ്രമാണം കൂടി പിൻപറ്റിയാൽ മാത്രമേ രക്ഷപ്രാപിക്കുകയുള്ളൂ എന്ന അപ്പൊസ്തല സുവിശേഷത്തിലേക്കാണ് ഗലാത്യ വിശ്വാസികൾ മാറ്റപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് താനും അപ്പൊസ്തലൻമാരും തമ്മിൽ യെരുശലേമിൽ വെച്ച് നടത്തിയ ചർച്ചകളും അതിന് ശേഷം അന്ത്യോക്യ സന്ദർശിച്ച പത്രോസിന്റെ അന്തിമ നിലപാടിനെതിരെ താൻ വാദപ്രതിവാദം നടത്തിയതുമെല്ലാം ഇദ്ദേഹം ഈ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്.

മാത്രമല്ല ഈ ആദർശ സംവാദത്തിൽ യഹൂദൻമാരായ സകല വിശ്വാസികളും തന്റെ ആത്മമിത്രമായ ബർണബാസും പത്രോസിന്റെ പക്ഷം നിന്നു എന്നും പൗലോസ് സമ്മതിക്കുന്നുണ്ട്. ചുരുക്കത്തിൽ പുതിയ സുവിശേഷകർ ആരാണെന്നും അവരുടെ പുതിയ സുവിശേഷം എന്താണെന്നും മനസിലാക്കാൻ അധികം തലപുകയേണ്ടതില്ല.

## ക്രിസ്തുവിന്റെ സുവിശേഷം അവമതിക്കപ്പെടുന്നു

അപ്പൊസ്തലന്മാരുടെ സുവിശേഷത്തിലേക്ക് യഹൂദേതര വിശ്വാസികൾ ആകർഷിക്കപ്പെടാതിരിക്കേണ്ടതിന് അവയെ അവമതിച്ചു കാണിക്കുവാൻ പൗലോസ് ധൈര്യപ്പെട്ടു. മോശൈക ന്യായപ്രമാണം അനുഷ്ഠിക്കണമെന്ന് വാശി പിടിക്കുന്ന അപ്പൊസ്തല സുവിശേഷത്തിന്റെ പരിതാപകരമായ അവസ്ഥ സുന്ദരമായ ഒരു ഉപമയിലൂടെ അദ്ദേഹം വിവരിക്കുന്നത് ഇപ്രകാരമാണ്.

അനേകം വസ്തുവകയുള്ള ഒരു പിതാവിന്റെ പിന്തുടർച്ചവകാശിയായ മകൻ. ഇവൻ ബാലനായിരിക്കുന്ന അവസ്ഥയിൽ അവകാശിയാണെങ്കിലും അടിമയെ പോലുള്ള മകനാണ്. കാരണം, ഇവനെ നിയന്ത്രിക്കാൻ ഒരു കാര്യസ്ഥനെ പിതാവ് നിയമിച്ചിട്ടുള്ളതിനാൽ ഈ മകന് സ്വന്തമായ ഇഷ്ടങ്ങൾ അനുസരിച്ച് ജീവിക്കുവാൻ കഴിയുകയില്ല. എന്നാൽ ഇവൻ വളർന്ന് പ്രായപൂർത്തിയെത്തി കഴിഞ്ഞാൽ, പിന്നീട് കാര്യസ്ഥന്റെ നിർദേശപ്രകാരമല്ലാതെ സ്വയം നല്ലത് തെരഞ്ഞെടുക്കാൻ പ്രാപ്തനാകും. അങ്ങനെ ഇവൻ അടിമ പ്രകൃതിയിൽ നിന്നും പുത്രന്റെ യഥാർഥ അധികാരത്തിലേക്ക് അപ്പോഴാണ് എത്തുന്നത്. ഇതുപോലെ മനുഷ്യന്റെ ശൈശവ കാലഘട്ടത്തിൽ അവനെ സൽപന്ഥാവിൽ നയിക്കാൻ മാത്രമാണ് ന്യായപ്രമാണം എന്ന കാര്യസ്ഥനെ ദൈവം നൽകിയത്. എന്നാൽ കാലസമ്പൂർണ്ണതയിൽ മനുഷ്യൻ യേശുവിനെ വിശ്വസിക്കുന്നതോടുകൂടി, സ്വയം നന്മ ചെയ്യുവാനുള്ള കഴിവ് പ്രാപിക്കുന്നു. ഇനി ആരും മോശൈക ന്യായപ്രമാണം അനുഷ്ഠിക്കേണ്ട ആവശ്യമില്ല. ഇങ്ങനെ കാര്യസ്ഥനിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചു കഴിഞ്ഞ തങ്ങൾ മാത്രമാണ് യഥാർഥ അവകാശങ്ങളുള്ള പുത്രൻ; അതിനാൽ, ഒരു പുത്രൻ പിതാവിനെ വിളിക്കുന്നത് പോലെ ദൈവത്തെ 'അബ്ബാ പിതാവേ' എന്ന് വിളിക്കാനുള്ള ആത്മീയ അവസ്ഥ തന്റെ അനുയായികൾക്ക് മാത്രമാണ് ലഭിച്ചിരിക്കുന്ന

ത്.[1]

ഇതൊന്നും അറിയാത്ത അപ്പൊസ്തല സുവിശേഷകരുടെ അവസ്ഥയോ? സ്വന്തമായി പ്രായപൂർത്തി പ്രാപിച്ചത് പോലും തിരിച്ചറിയാതെ ഇപ്പോഴും കാര്യസ്ഥന്റെ കീഴിൽ അടിമപ്രകൃതിയിലിരിക്കുന്നു. ആയതിനാൽ ഇവർക്ക് പിതാവിനോടുള്ള ബന്ധമെന്നത് അടിമ പ്രകൃതിയുള്ള മകന്റെ അവസ്ഥപോലെ നിലവാരം കുറഞ്ഞതാണ്.

## ക്രിസ്തുസഭ പുറത്താക്കപ്പെടുന്നു

അപ്പൊസ്തല സുവിശേഷം മൂലം ജനിക്കുന്നത് അടിമ പ്രകൃതിയിലുള്ള മകനെങ്കിൽ, ഇത് പ്രചരിപ്പിക്കുന്ന സഭ അടിമ പ്രകൃതിയിലുള്ള മാതാവായിരിക്കുമല്ലോ? ഇതിനും പൗലോസിന്റെ കൈവശം നല്ലയൊരു ഉപമയുണ്ട്. ഗലാത്യരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നു:

> ന്യായപ്രമാണത്തിൻ കീഴിലിരിക്കാൻ ഇച്ഛരിക്കുന്നവരെ (ഗലാത്യർ) പറയുവിൻ, ന്യായപ്രമാണത്തെ നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ? അബ്രഹാമിന് രണ്ടു പുത്രൻമാർ ഉണ്ടായിരുന്നു. ഒരുവൻ അടിമ സ്ത്രീയിൽ നിന്ന് ജനിച്ചവൻ, മറ്റൊരുവൻ സ്വതന്ത്ര സ്ത്രീയിൽ നിന്ന് ജനിച്ചവൻ. അടിമയിൽ നിന്നുള്ളവൻ ജഡപ്രകാരവും സ്വതന്ത്രയിൽ നിന്നുള്ളവൻ (ദൈവിക) വാഗ്ദാനപ്രകാരവും ജനിച്ചു എന്ന് തിരുവെഴുത്തിൽ എഴുതിയിരിക്കുന്നു.
>
> ഈ കാര്യങ്ങൾ സാദൃശ്യങ്ങളാണ്. ഈ രണ്ട് സ്ത്രീകൾ രണ്ട് നിയമങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഒരു നിയമം സീനായി മലയിൽ (ന്യായപ്രമാണം ലഭിച്ച സ്ഥലം) നിന്നുള്ളതും അടിമകളെ പ്രസവിക്കുന്നതുമാണ്. അതാണ് ഹാഗാർ (അടിമ ഭാര്യ). അവൾ അറബി ദേശത്തുള്ള സീനായ് മലയെ സൂചിപ്പിക്കുന്നു. അത് ഇപ്പോഴത്തെ യെരുശലേമിന് തുല്യം. കാരണം, അവൾ തന്റെ മക്കളുമായി അടിമ പ്രകൃതിയിലാണ് കഴിയുന്നത്. മീതെയുള്ള യെരുശലേമോ സ്വതന്ത്രയാണ്. അവൾ തന്നെ നമ്മുടെ അമ്മ.
>
> (ഗലാത്യ 4:21–26)

അബ്രഹാം പിതാവിന് മക്കളെ പ്രസവിച്ച രണ്ട് സ്ത്രീകളെ ഉപയോഗിച്ച് തന്റെ സഭയും അപ്പൊസ്തലസഭയും തമ്മിലുള്ള വ്യത്യാസം പൗലോസ് വിശദീകരിക്കുകയാണ്.

1. ഗലാത്യ 4:1–7.

**ഒന്ന്:** അപ്പൊസ്തലൻമാരുടെ ക്രിസ്തു സഭയെ അടിമ സ്ത്രീയായ ഹാഗാറിനോടും.

**രണ്ട്:** പൗലോസിന്റെ സ്വന്തം ക്രിസ്ത്യാനിസഭയെ സ്വതന്ത്ര സ്ത്രീയായ സാറയോടും.

ദൈവം സീനായ് പർവതത്തിൽ വെച്ച് മോശെ പ്രവാചകന് നൽകിയ ന്യായപ്രമാണത്തെ മുറുകെ പിടിച്ച് ജീവിക്കുന്ന അപ്പൊസ്തലസഭയുടെ സുവിശേഷത്തിൽ വിശ്വസിക്കുന്നവരെല്ലാം അടിമപ്രകൃതിയിലുള്ള മക്കളാകുന്നതിനാൽ ഈ സഭയെ ഉപമിക്കാൻ കഴിയുക ഹാഗാറിന്റെ അവസ്ഥയോടാണ്. ഇക്കാരണത്താൽ ഇവരെ കുറിച്ച് സംശയലേശമെന്യേ അദ്ദേഹം പറയുന്നു:

> അന്നത്തെ ഹാഗാർ ഇന്നത്തെ യെരുശലേമിന് തുല്യം.
> (ഗലാത്യ 4:25)

പ്രായപൂർത്തിയെത്തി എന്ന തിരിച്ചറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മോശൈക ന്യായപ്രമാണം ഉപേക്ഷിച്ച തങ്ങളുടെ സ്വതന്ത്ര പ്രകൃതിയോട് ഉപമിക്കാൻ സാധിക്കുന്നത് സ്വതന്ത്ര സ്ത്രീയായ സാറയോടാണ്. ഇപ്രകാരം പഴയ യെരുശലേമിനേക്കാൾ ദൈവം ഇപ്പോൾ ഉയർത്തിയിരിക്കുന്ന മീതെയുള്ള യെരുശലേം (ഔന്നത്യമുള്ള ആത്മീയ യെരുശലേം) ആണ് പൗലോസിന്റെ ക്രിസ്ത്യാനി സഭ.

തന്റെ അനുയായികൾ യിസ്ഹാക്കിനെ പോലുള്ള സ്വതന്ത്ര മക്കളാണെന്നും, അപ്പൊസ്തല അനുയായികളായവർ ഇസ്മായേലിനെ പോലുള്ള അടിമകളാണെന്നും അദ്ദേഹം സമർഥിച്ചു. ചെറുപ്പകാലത്തിൽ, ഇസ്മായേൽ ഇസ്ഹാക്കിനെ ഉപദ്രവിച്ചതായി (ബൈബിളിൽ) കാണപ്പെടുന്നത് പോലെയാണ് ഇന്നുള്ള അപ്പൊസ്തലകക്ഷികൾ തന്റെ അനുയായികളോട് പ്രശ്നമുണ്ടാക്കുന്നതെന്ന് പരിഹസിക്കുന്നു.(1)

> സഹോദരരേ, നാം യിസ്ഹാക്കിനെപ്പോലെ വാഗ്ദാന സന്ധതികളാണ്. അന്നു ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ പീഢിപ്പിച്ചു. ഇന്നും അങ്ങനെ തന്നെ.
> (ഗലാത്യ 4:28,29.)

ഇക്കാരണത്താൽ ഇവരെ എന്ത് ചെയ്യണം? ഇതിനും വ്യക്തമായ കാഴ്ചപ്പാട് പൗലോസിനുണ്ട്.

അതിനാൽ തിരുവെഴുത്ത് എന്ത് പറയുന്നു? അടിമയെയും അവളുടെ മകനെയും പുറത്താക്കുക. എന്തെന്നാൽ അടിമയുടെ മകൻ സ്വതന്ത്രയുടെ മകനോടൊപ്പം അവകാശിയാവുകയില്ല.
(ഗലാത്യ 4:30)

ക്രിസ്തുവിന്റെ സഭയെ പൗലോസ് പുറത്താക്കുന്ന ഭീകര സംഭവത്തിന്റെ നേർകാഴ്ചയാണിത്. തന്റെ അനുയായികളുടെ യോഗ്യത ഇവർക്ക് ഇല്ലാത്തതിനാൽ തന്റെ സഭകളിൽ നിന്നും ഇവരെ തീർത്തും നിഷ്കാസനം ചെയ്യണമെന്ന് പൗലോസ് കൽപ്പിക്കുന്നു.

ഗലാത്യലേഖനം അവസാനിപ്പിച്ച് കൊണ്ട് അദ്ദേഹം നടത്തുന്ന ആശംസയിലും പ്രത്യേകതയുണ്ട്.

തന്റെ പ്രമാണം അനുസരിച്ച് നടക്കുന്ന ഏവർക്കും ദൈവത്തിന്റെ യിസ്രയേലിനും സമാധാനവും കരുണയും ഉണ്ടാകട്ടെ.
(ഗലാത്യ 5:16)

തന്റെ വാക്കുകൾ കേട്ട് അനുസരിക്കുന്ന ദൈവത്തിന്റെ പുതിയ യിസ്രയേലായ തന്റെ സഭയ്ക്കു മാത്രമാണ് അദ്ദേഹം ആശംസ അർപ്പിക്കുന്നത്. ഈ 'പാഷാണ്ഡ' ലേഖനം സ്വന്തം കൈപ്പടയിൽ വലിയ അക്ഷരങ്ങളായി താൻ തന്നെ എഴുതിയതാണെന്നും പൗലോസ് ധൈര്യമായി അവകാശപ്പെടുന്നു. (ഗലാത്യ 6:11)

## കൊരിന്ത്യ ലേഖനം

ഗ്രീസിലെ പ്രമുഖ പട്ടണമായിരുന്ന കൊരിന്ത്യയിൽ, യഹൂദേതര വിശ്വാസികളുടെ ഒരു സഭ പൗലോസ് സ്ഥാപിച്ചിരുന്നു. ഇവർക്ക് ദിശാബോധം നൽകുന്നതിന് അദ്ദേഹം എഴുതിയ രണ്ട് ലേഖനങ്ങൾ ബൈബിൾ പുതിയ നിയമ ഭാഗത്തിലെ ഏഴും, എട്ടും പുസ്തകങ്ങളായി സ്ഥാനം പിടിച്ചിട്ടുണ്ട്. ഗലാത്യയിലെന്ന പോലെ ഇവിടെയും അപ്പൊസ്തല അനുയായികൾ സത്യസുവിശേഷം പ്രചരിപ്പിച്ചതിന്റെ തെളിവുകൾ പ്രകടമാണ്.

## രണ്ട് സുവിശേഷങ്ങൾ

ഇവരുടെ അടുക്കൽ എത്തിയ ആദ്യത്തെ സുവിശേഷം പൗലോസിന്റേതാണ്.

നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കൻമാർ ഉണ്ടെങ്കിലും പിതാക്കൻമാർ അധികമില്ല. സുവിശേഷ പ്രസംഗം വഴി

യേശുക്രിസ്തുവിൽ നിങ്ങൾക്ക് ജൻമം നൽകിയത് ഞാനാണ് (പൗലോസ്).

(1. കൊരി 4:15,16)

ഇതിന് വിരുദ്ധമായ ഒരു പുതിയ സുവിശേഷം കൊരിന്ത്യരിൽ ചിലർ സ്വീകരിച്ചതിനെ കുറിച്ച് പൗലോസ് പറയുന്നത് കാണുക.

ഒരുവൻ വന്ന് ഞങ്ങൾ പ്രസംഗിക്കാത്ത യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾ പ്രാപിച്ചതിൽനിന്ന് വ്യത്യസ്തമായ ആത്മാവിനെ നിങ്ങൾ പ്രാപിക്കുകയോ, നിങ്ങൾ സ്വീകരിച്ചതിൽ നിന്ന് വ്യത്യസ്തമായ സുവിശേഷം സ്വീകരിക്കുകയോ ചെയ്താൽ നിങ്ങൾ ക്ഷമിക്കുന്നു. ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലൻമാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല എന്ന് നിരൂപിക്കുന്നു.

(2. കൊരി 11:4,5)

പണ്ട് സർപ്പം ഹവ്വയെ തന്ത്രപൂർവ്വം വഞ്ചിച്ചത് പോലെ പുതിയ സുവിശേഷകരും കൊരിന്ത്യരെ വഞ്ചിക്കുമോ എന്ന് പൗലോസിന് ആശങ്കയുണ്ട്. പുതിയ പ്രബോധക സംഘത്തിന്റെ കൈവശമുള്ളത് പൗലോസ് പ്രസംഗിച്ച യേശുവോ, സുവിശേഷമോ പരിശുദ്ധാത്മാവോ ഒന്നും അല്ല. ഇത്രത്തോളം വൈരുദ്ധ്യ നിലപാടുള്ളവരെ കൊരിന്ത്യർ ആശയപരമായി എതിർക്കുന്നില്ലെന്ന് മാത്രമല്ല, കീഴ്പ്പെട്ടു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇവരെ പരിഹസിച്ചുകൊണ്ട് പൗലോസ് പറയുന്നത് ഇങ്ങനെയാണ്.

നിങ്ങളെ അടിമകളാക്കുകയും കൊള്ളയടിക്കുകയും ചൂഷണം ചെയ്യുകയും അഹങ്കരിക്കുകയും നിങ്ങളുടെ മുഖത്തടിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ ക്ഷമ കാണിക്കുന്നുവല്ലോ. അതിനൊന്നും ഞങ്ങൾക്ക് ശക്തിയില്ലായിരുന്നുവെന്ന് ലജ്ജയോടെ പറഞ്ഞു കൊള്ളട്ടെ.

(2. കൊരി 11:20,21)

പുതിയ സുവിശേഷ സംഘം വളരെയധികം ആധികാരികമായിട്ടാണ് കൊരിന്ത്യരെ കൈകാര്യം ചെയ്തത്. എന്നാൽപോലും ഇവർക്ക് മറിച്ച് ഒന്നും പറയാൻ സാധിക്കാത്ത വിധത്തിൽ വളരെയധികം ഉന്നതൻമാരായ ക്രിസ്തു സുവിശേഷകരാണ് ഇവിടെ എത്തിയതെന്ന് ബോധ്യപ്പെടുന്നു. മാത്രമല്ല ഇവർ മുമ്പ് എപ്പോഴോ കഠിനമായ നിലപാട് പൗലോസിനോടും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കൊരിന്ത്യർ ഇപ്പോൾ ക്ഷമിക്കുന്നത് പോലെ തനിക്ക് അതിന് കഴിഞ്ഞില്ലെ

ന്നും അദ്ദേഹം സമ്മതിക്കുന്നു.[1]

## സുവിശേഷകർ അപ്പൊസ്തല അനുയായികൾ തന്നെ

ഇത്രത്തോളം പൗലോസിനും അദ്ദേഹത്തിന്റെ സഭയ്ക്കും പ്രശ്നങ്ങൾ സൃഷ്ടിക്കാൻ മാത്രം എന്ത് യോഗ്യതയാണ് ഇവർക്കുള്ളത്? ഇവരുടെ അവകാശ വാദങ്ങളെ സ്വന്തം യോഗ്യതകളോട് പൗലോസ് തുലനം ചെയ്യുന്നത് ശ്രദ്ധിക്കുക.

> ആരെങ്കിലും പ്രശംസിക്കാൻ ധൈര്യപ്പെടുന്ന എന്തിനെകുറിച്ചും പ്രശംസിക്കാൻ ഞാനും ധൈര്യപ്പെടും എന്ന് ഒരു ഭോഷനെ പോലെ ഞാൻ പറയുന്നു. അവർ എബ്രായരോ? ഞാനും അതേ. അവർ അബ്രഹാമിന്റെ സന്തതിയോ? ഞാനും അതേ. അവർ യിസ്രയേല്യരോ? ഞാനും അതേ: അവർ യേശുവിന്റെ ശുശ്രൂഷകരോ? ഒരു ഭ്രാന്തനെ പോലെ ഞാനും പറയുന്നു. ഞാൻ കുറെ കൂടി മെച്ചപ്പെട്ടവനാണ്.
>
> (2. കൊരി 11:21–23)

ഇക്കൂട്ടരുടെ അവകാശവാദങ്ങൾ ശ്രദ്ധിച്ചാൽ ഇവർ അപ്പൊസ്തല കക്ഷികളാണെന്ന് സംശയലേശമന്യേ ബോധ്യപ്പെടുന്നതാണ്.

ഇവരുടെ മുൻപിൽ തന്നെ കുറിച്ച് കൊരിന്ത്യർ പുകഴ്ത്തി പറയാഞ്ഞതിനാൽ താൻ അവരുടെ മുമ്പിൽ വെറുമൊരു കോമാളിയായി തീർന്നെന്നും പൗലോസ് പരിഭവപ്പെടുന്നുണ്ട്.

> ഞാൻ ഭോഷനായി തീർന്നു. നിങ്ങളാകുന്നു. (കൊരിന്ത്യർ) അതിന് കാരണക്കാർ. നിങ്ങൾ എന്നെ പുകഴ്ത്തേണ്ടതായിരുന്നു. ഞാൻ നിസ്സാരനാണെങ്കിലും അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലൻമാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല.
>
> (2 കൊരി 12:11)

അപ്പൊസ്തലൻമാരെ കുറിച്ച് അവർ പുകഴ്ത്തി പറയുന്നത് പോലെ, പൗലോസിനു വേണ്ടി വാദിക്കേണ്ടവരായിരുന്നു കൊരിന്ത്യർ. ഇവർ ഇപ്രകാരം ചെയ്യാത്തതിനാൽ തനിക്ക് ലഭിച്ച വെളിപാടുകളെ കുറിച്ച് സ്വയം പുകഴ്ത്തേണ്ടതായി വന്നിരിക്കുന്നു.

---

1. അന്ത്യോക്യയിൽ അപ്പൊസ്തല അനുയായികൾ വന്ന് ആദ്യമായി പ്രശ്നമുണ്ടാക്കിയപ്പോൾ താനും ബർണബാസും കൂടി അവരെ എതിർത്തതും, പിന്നീട് പത്രോസും ബർണബാസും ഒത്തുചേർന്ന് ഇതേ ആവശ്യം ഉന്നയിച്ചപ്പോൾ താൻ ഒറ്റയ്ക്ക് എതിർത്തതുമാണ് പൗലോസ് ഇവിടെ സ്മരിക്കുന്നത്.

## പൗലോസിന്റെ സുവിശേഷ സ്രോതസ്സ്

പൗലോസ് ഒഴികെയുള്ള സകല വിശ്വാസികളും അപ്പൊസ്തലൻമാർക്ക് കീഴ്പ്പെട്ട് നിന്നുകൊണ്ട് സുവിശേഷം പഠിക്കുന്നവരായിരുന്നു. പരിശുദ്ധാത്മാവിന്റെ സഹായം അധികമായി ലഭിച്ചിരുന്ന ഇവരാരും പുതിയ ഒരു അവകാശവാദമോ ഏതെങ്കിലും നിയമത്തെ ദുർബലപ്പെടുത്തുന്ന പ്രത്യയശാസ്ത്രങ്ങളോ പ്രസംഗിച്ചിട്ടില്ല. എന്നാൽ അപ്പൊസ്തലന്മാരിൽ നിന്ന് ഒന്നും പഠിക്കാതെ തന്നെ അവരെക്കാൾ ഞാൻ ഒട്ടും കുറഞ്ഞവനല്ലായെന്ന് പൗലോസ് പറയുവാനുള്ള ന്യായീകരണം എന്താണ്? ഇതിനും അദ്ദേഹത്തിന് ചില യുക്തിസഹമായ മറുപടികളുണ്ട്.

യേശുവിൽനിന്ന് നേരിട്ട് പഠിച്ചുവെന്നതാണ് അപ്പൊസ്തലൻമാരുടെ ഔന്നത്യത്തിന് നിദാനമെങ്കിൽ ഇതിലും തോൽവി സമ്മതിക്കാൻ അദ്ദേഹം തയ്യാറല്ല.

> എനിക്ക് ആത്മപ്രശംസ ചെയ്യുവാൻ പലതുമുണ്ട്. അതുകൊണ്ട് ഒരു നേട്ടവുമില്ലെന്ന് എനിക്കറിയാം. എങ്കിലും കർത്താവിന്റെ ദർശനത്തിലേക്കും വെളിപാടുകളിലേക്കും ഞാൻ കടക്കട്ടെ. പതിന്നാലുകൊല്ലം മുമ്പ് മൂന്നാം സ്വർഗം വരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെ എനിക്കറിയാം. ശരീരത്തോടുകൂടിയോ, ശരീരം കൂടാതെയോ എന്നെനിക്കറിവില്ല. അത് ദൈവത്തിനേ അറിയുകയുള്ളൂ. ഈ മനുഷ്യൻ പറുദീസയിലേക്ക് ഉയർത്തപ്പെട്ടു എന്ന് എനിക്കറിയാം. ശരീരത്തോടു കൂടിയോ ശരീരം കൂടാതെയോ എന്നെനിക്കറിവില്ല. ഇതും ദൈവത്തിന് മാത്രമേ അറിയുകയുള്ളൂ. അവാച്യവും മനുഷ്യന് വിവരിച്ചു കൂടാത്തതുമായ കാര്യങ്ങൾ അവൻ കേട്ടു. ഈ മനുഷ്യനെകുറിച്ച് ഞാൻ അഭിമാനം കൊള്ളും. എന്നെക്കുറിച്ച് സ്വന്തം ബലഹീനതകളിൽ അല്ലാതെ അഭിമാനം കൊള്ളുകയില്ല. ആത്മപ്രശംസയ്ക്ക് ഇച്ഛരിക്കുന്നുവെങ്കിൽ തന്നെ ഞാൻ ഒരു ഭോഷനാവുകയില്ല. എന്തെന്നാൽ സത്യമായിരിക്കും ഞാൻ സംസാരിക്കുക. എന്നിൽ കാണുകയും എന്നിൽ നിന്ന് കേൾക്കുകയും ചെയ്യുന്നതിൽ അധികമായി എന്നെപ്പററി വിചാരിക്കാതിരിക്കേണ്ടതിന് ഞാൻ ആത്മപ്രശംസ ഒഴിവാക്കുന്നു.
>
> (2. കൊരി 12:1-6)

ഇവയൊന്നും പറയണമെന്ന് ആഗ്രഹിച്ചിരുന്നില്ലെങ്കിലും, പുതിയ സുവിശേഷകരുടെ അമിതമായ ആത്മ പ്രശംസ കാരണം നിവർ

ത്തിയില്ലാതെ പൗലോസ് പറഞ്ഞുപോവുകയാണ്. 'ത്രിതീയ പുരുഷപ്രയോഗ'(Third Person)ത്തിലാണ് അദ്ദേഹം ഇത് വിശദീകരിച്ചത്.

അപ്പൊസ്തലൻമാർക്ക് ഭൂമിയിൽ വെച്ചാണ് യേശുവുമായി ബന്ധമെങ്കിൽ, അതിനേക്കാൾ പത്തര മാറ്റ് തിളങ്ങുന്നതാണ് പൗലോസിന്റെ ബന്ധം. ഭൂമിയിൽ വച്ച് അവസരം ലഭിക്കാത്തതിനാൽ അദ്ദേഹത്തെ മൂന്നാം സ്വർഗത്തോളം ഉയർത്തി, പറൂദീസയിൽ എത്തിച്ചാണ് 'കർത്താവ്' തന്റെ പുതിയ ദൗത്യം അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്നത്. ഇപ്രകാരം അമാനുഷിക സംഭവങ്ങൾക്ക് വിധേയനായതിന്റെ പേരിൽ അഹങ്കാരം ഉണ്ടാകാതിരിക്കാൻ ഒരു സന്തതസഹചാരി എപ്പോഴും അദ്ദേഹത്തിന്റെ കൂടെയുണ്ട്.

> വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്ക് നൽകപ്പെട്ടിരിക്കുന്നു. അതായത്, എന്നെ ശല്യപ്പെടുത്തുന്നതിനും മതിമറന്ന് ആഹ്ലാദിക്കാതെ എന്നെ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പിശാചിന്റെ ഒരു ദൂതൻ. അത് എന്നെ വിട്ട് പോകുന്നതിന് വേണ്ടി മൂന്നുപ്രാവശ്യം ഞാൻ കർത്താവിനോട് അപേക്ഷിച്ചു. എന്നാൽ അവിടുന്ന് എന്നോട് പറഞ്ഞത് എന്റെ കൃപ നിനക്ക് മതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്.
>
> (2. കൊരി 12:7-9)

പിശാചിന്റെ ഒരു ദൂതൻ നിരന്തരം തന്നെ ബുദ്ധിമുട്ടിക്കുന്നതായി അദ്ദേഹം ആവലാതി പറയുമ്പോഴും, അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ട ആ 'കർത്താവ്' അതിനെ ഒഴിവാക്കി കൊടുത്തിട്ടില്ല. ഇങ്ങനെ ലഭിച്ച വെളിപാടുകൾ മൂലം യഥാർഥ കർത്താവിന്റെ അപ്പൊസ്തലൻമാരിൽനിന്ന് ലഭിച്ച തിരിച്ചടികൾ എത്രത്തോളമെന്ന് മനസ്സിലാക്കുന്നവർക്ക് പൗലോസിന് പ്രത്യക്ഷപ്പെട്ട 'കർത്താവ്' ആരാണെന്ന് ചിന്തിക്കാവുന്നതേയുള്ളു.

## സുവിശേഷകരുടെ അതിരുകൾ

പുതിയ സുവിശേഷകരിൽ നിന്ന് വ്യത്യസ്തമായി, താൻ പ്രവർത്തിക്കുന്നത് സ്വന്തം അതിരിനകത്ത് മാത്രമാണെന്ന് പൗലോസ് അവകാശപ്പെടുന്നു.

ഞങ്ങളോ അളവിനപ്പുറം പ്രശംസിക്കുന്നില്ല. ദൈവം അളന്നു തന്ന പരിധിയിൽ ഞങ്ങൾ ഒതുങ്ങി നിൽക്കും. ആ അളവിൽ നിങ്ങളും (കൊരിന്ത്യരും) ഉൾപ്പെടുന്നു. ഞങ്ങളുടെ പ്രശംസ ഞങ്ങൾ നിങ്ങളുടെ അടുക്കൽ എത്താതെ അതിര് കടന്നുപോകുന്നില്ല. ക്രിസ്തുവിന്റെ സുവിശേഷവുമായി നിങ്ങളുടെ അടുക്കൽ ആദ്യമെത്തിയത് ഞങ്ങളാണല്ലോ?

(2. കൊരി 10:13-14)

ഈ ഭാഗത്ത് പറയുന്ന അദ്ദേഹത്തിന്റെ അതിര് ഏതാണ്? അദ്ദേഹം പോകാൻ ആഗ്രഹിക്കാത്ത മറ്റുള്ളവരുടെ അതിര് ഏതാണ്? ഇത് മനസ്സിലാക്കുന്നതിന് പൗലോസും ബർണബാസുമടങ്ങുന്ന സംഘം യെരുശലേമിൽവെച്ച് അപ്പൊസ്തലൻമാരുമായി നടത്തിയ ചർച്ചയുടെ പര്യവസാനത്തെകുറിച്ച് അദ്ദേഹം നടത്തുന്ന പ്രസ്താവന ശ്രദ്ധിച്ചാൽ മതിയാകും.

ഇങ്ങനെ എനിക്ക് ലഭിച്ച കൃപ തിരിച്ചറിഞ്ഞ് (യെരുശലേം സഭയുടെ നേതാക്കൾ) തൂണുകളായി അറിയപ്പെട്ടിരുന്ന പത്രോസും യോഹന്നാനും യാക്കോബും പരിച്ഛേദനക്കാരുടെ (യിസ്രയേല്യർ) ഇടയിലും, ഞങ്ങൾ (പൗലോസും ബർണബാസും) യഹൂദേതരുടെ ഇടയിലും പ്രവർത്തിക്കാൻ കൂട്ടായ്മയുടെ വലങ്കൈ തന്നു.

(ഗലാത്യ 2:9)

ഇങ്ങനെ മുമ്പ് 'അതിര്' വേർതിരിച്ച കാര്യമാണ് പൗലോസ് സ്മരിക്കുന്നത്. താൻ ഇപ്പോഴും അതിരിനകത്ത് (യഹൂദേതരർ) മാത്രമാണ് പ്രവർത്തിക്കുന്നതെന്നും കൊരിന്ത്യർ ഉൾപ്പെടുക തന്റെ അതിരിനകത്താണെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. താൻ ഇത്രത്തോളം മാന്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കേ തന്നെ അവഗണിച്ചുകൊണ്ട് താൻ പ്രയത്നിച്ച് വളർത്തിയെടുത്ത സഭകളിൽ അപ്പൊസ്തല കക്ഷികൾ മറ്റൊരു സുവിശേഷം പ്രസംഗിക്കുന്നത് ഒരു തരം 'അതിരുമാന്തലാ'യിട്ടാണ് പൗലോസ് കണക്കാക്കുന്നത്.

ഞങ്ങൾ മറ്റുള്ളവരുടെ പ്രയത്നഫലത്തിൽ അളവില്ലാതെ പ്രശംസിക്കുന്നില്ല. നിങ്ങളുടെ വിശ്വാസം വർദ്ധിച്ചാൽ നിങ്ങളുടെ ഇടയിൽ ഞങ്ങളുടെ അതിര് അത്യന്തം വിശാലമാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അങ്ങനെ നിങ്ങൾക്ക് അപ്പുറത്തുള്ള പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിക്കും; മറ്റൊരുവന്റെ അതിരിനകത്ത് നടന്ന കാര്യങ്ങ

ളിൽ (ഞങ്ങൾ) പ്രശംസിക്കുന്നില്ല.
(2 കൊരി 10:15–17)

തന്റെ പ്രയത്നഫലമായ കൊരിന്ത്യരെ തന്നിൽ നിന്ന് അപ്പൊസ്തലകക്ഷികൾ അകറ്റുന്നതിന്റെ സങ്കടങ്ങളാണ് പൗലോസ് പറയുന്നത്. തനിക്ക് ദൈവം നൽകിയിരിക്കുന്ന യഹൂദേതര മേഖലയെ ശല്യം ചെയ്യാതെ വെറുതെ വിട്ടുകൂടേയെന്ന് അദ്ദേഹം പരിതപിക്കുകയാണ്.

അവർ ക്രിസ്തുവിനുള്ളവർ എന്ന് സ്വയം കരുതുന്നത് പോലെ ഞങ്ങളും ക്രിസ്തുവിനുള്ളവർ എന്ന് ധരിക്കട്ടെ.
(2. കൊരി 10:7)

ഒരു ഒത്തുതീർപ്പിന് തയ്യാറായി നിൽക്കുന്ന പൗലോസിനെ ഇവർ വിലയിരുത്തിയത് ഇങ്ങനെയാണ്.

അദ്ദേഹത്തിന്റെ (പൗലോസ്) ലേഖനങ്ങൾ ഘനഗംഭീരവും, കരുത്തുറ്റവയുമാണ് എന്നാൽ ശാരീരിക സാന്നിദ്ധ്യം മതിപ്പ് തോന്നാത്തതും സംസാരം കഴമ്പില്ലാത്തതുമാണ്.
(2. കൊരി 10:10)

അതായത്, അദ്ദേഹത്തിന്റെ ലേഖനങ്ങളിലെ ഉള്ളടക്കം വളരെ ആഴമേറിയതായി തോന്നാമെങ്കിലും, അദ്ദേഹം നേരിട്ട് മുൻപിൽ വരുമ്പോൾ തീരെ ദുർബലനും സംസാരമാകട്ടെ യാതൊരു കഴമ്പുമില്ലാത്തതുമാണെന്ന് ബോദ്ധ്യപ്പെടും. അവരുടെ നിഗമനത്തെ ശരിവയ്ക്കുന്നതായിരുന്നു പൗലോസിന്റെ അവസാന യെരുശലേം സന്ദർശനമെന്ന് ഓർക്കുമല്ലോ. മോശൈക ന്യായപ്രമാണം "പഴയ നിയമം" ആണെന്ന് തെളിയിക്കുന്നതിന് ധാരാളം ഘനപ്പെട്ട കാര്യങ്ങൾ ലേഖനങ്ങളിൽ എഴുതിയ പൗലോസ്, അപ്പൊസ്തല സഭക്ക് മുമ്പിൽ എത്തിയപ്പോൾ താൻ എഴുതിയതൊക്കെ അത്ര കഴമ്പില്ലാത്ത കാര്യമാണെന്ന് പ്രവർത്തിയിലൂടെ തെളിയിച്ചിട്ടുണ്ട്.

# മൂന്ന്

## ക്രിസ്തുവിന്റെ മരണവും മനുഷ്യരുടെ രക്ഷയും

ശത്രുക്കളുടെ പടയൊരുക്കം മനസ്സിലാക്കിയ യേശു പ്രധാനപ്പെട്ട ശിഷ്യന്മാരായ പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവരോടൊപ്പം ഗെത്ശെമന എന്ന സ്ഥലത്ത് പ്രവേശിച്ചു. യേശു ദുഃഖവിവശനും വ്യാകുലനുമാകുവാൻ തുടങ്ങി. "എന്റെ ഉള്ളം മരണവേദന പോലെ അതിദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നോടൊപ്പം ഉണർന്നിരിക്കുക"[1] എന്ന് അദ്ദേഹം അവരോട് നിർദ്ദേശിച്ചു.

എന്നിട്ട് അല്പം ദൂരം മുന്നോട്ട് ചെന്ന് കമിഴ്ന്നുവീണു. "എന്റെ പിതാവേ, അവിടുത്തേക്ക് എല്ലാം സാധ്യമാണല്ലോ. ഈ പാനപാത്രം[2] എന്നിൽ നിന്നും നീക്കേണമേ, എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല, അവിടുന്ന് ഇച്ഛിക്കുന്നത് തന്നെ നടക്കട്ടെ."[3] എന്ന് പ്രാർഥിച്ചു. അദ്ദേഹത്തെ ശക്തിപ്പെടുത്തുവാൻ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷനായി. തുടർന്നും, അദ്ദേഹം കഠിനവേദനയോടെ അത്യധികം തീക്ഷ്ണതയോടെ പ്രാർഥിച്ചു. അദ്ദേഹത്തിന്റെ വിയർപ്പ് നില

1. മത്തായി 26:38.
2. ശത്രുക്കളുടെ പീഡനത്തെയാണ് പാനപാത്രം എന്ന് യേശു ഉദ്ദേശിച്ചിട്ടുള്ളത്. ഇത് എളുപ്പത്തിൽ മനസിലാക്കുന്നതിന് മത്തായി 20:20–28, മാർക്കോസ് 10:35–45 തുടങ്ങിയ ഭാഗങ്ങൾ വായിക്കുക.
3. മർക്കോസ് 14:36.

ത്ത് വീഴുന്ന വലിയ രക്തത്തുള്ളികൾ പോലെയായി.[1]

തനിക്ക് ഇഷ്ടമില്ലാത്തതും ദൈവത്തിന് ഒഴിവാക്കാൻ സാധിക്കുന്നതുമായ ശത്രുക്കളുടെ പീഡനത്തിൽ നിന്നും രക്ഷപ്പെടാൻ കഴിവിന്റെ പരമാവധി കമിഴ്ന്നു വീണ് പ്രാർഥിച്ച യേശുവിനെ ദൈവം സഹായിച്ചോ? അതെ, നിശ്ചയമായും സഹായിച്ചുവെന്ന് പരിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

> വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവിനെ) അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല.
>
> (ഖുർആൻ 4:157)

മഹാനായ യേശുവിന്റെ പ്രാർഥന കാരുണ്യവാനായ ദൈവം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുന്ന പരിശുദ്ധ ഖുർആനിന്റെ പ്രസ്താവന അദ്ദേഹത്തെ സ്നേഹിക്കുന്നവർക്ക് സുവാർത്തയാണ്.

എന്നാൽ യേശുവിന്റെ ക്രൂശുമരണം എന്ന സംഭവത്തിലേക്ക് ചേർത്തിരിക്കുന്ന പാപപരിഹാരസിദ്ധാന്തമാണ് ക്രിസ്തുമതത്തിന്റെ സുവിശേഷം. യേശുവിന്റെ ദൈവപുത്രത്വ പദവിയുടെ അനിവാര്യത, ത്രിത്വം, ബൈബിളിന്റെ ദൈവികത, ന്യായപ്രമാണത്തെ അനുഷ്ഠിക്കാത്തതിന്റെ ന്യായം, പൗലോസിന്റെ അപ്പൊസ്തലത്വം, സ്നാനം, തിരുവത്താഴം, ദുഃഖവെള്ളി, ഈസ്റ്റർ തുടങ്ങി ക്രിസ്തുമതത്തിന്റെ ആദർശാനുഷ്ഠാനങ്ങൾ എല്ലാം തന്നെ പാപപരിഹാരസിദ്ധാന്തവുമായി മാത്രം ബന്ധപ്പെട്ടതാണ്. മേൽ പറയപ്പെട്ട കാര്യങ്ങളുടെ അസ്തിത്വം നിലനിൽക്കണമെങ്കിൽ ക്രൂശുമരണം എന്ന സംഭവം മാത്രം തെളിയിച്ചാൽ പോര, മറിച്ച് പാപ പരിഹാരസിദ്ധാന്തം എന്ന ആദർശം പ്രസ്തുത സംഭവത്തോട് കൂട്ടിച്ചേർക്കുന്നതിന് ആവശ്യമായ തെളിവുകൾ വ്യക്തമാക്കേണ്ടതുണ്ട്. അതിനാൽ തന്നെ, ക്രൂശുമരണം എന്ന സംഭവവും, പാപപരിഹാരസിദ്ധാന്തം എന്ന ആദർശവും വേറിട്ട് പഠിക്കേണ്ടതാണ്.

## പാപപരിഹാര സിദ്ധാന്തം എന്ന ആദർശം

യേശുക്രിസ്തു എന്ന നിഷ്കളങ്കനായ കുഞ്ഞാടിന്റെ രക്തം ഒഴുക്കാതെ മനുഷ്യരുടെ പാപത്തിൽ നിന്നുള്ള വിമോചനം സാധ്യമല്ല എന്ന പൗലോസിന്റെ പ്രഖ്യാപനമാണ് പാപപരിഹാരസിദ്ധാ

1. ലൂക്കോസ് 22:44.

ന്തം.

മനുഷ്യപിതാവായ ആദമിലൂടെ സകല മനുഷ്യരും പാപിയായി തീർന്നു. ഇതിൽ നിന്നും മനുഷ്യരെ രക്ഷിക്കുന്നതിന് വേണ്ടിയാണ് മോശെ പ്രവാചകന് ന്യായപ്രമാണം നൽകിയത്. എന്നാൽ അവയെ അനുഷ്ഠിക്കാൻ ആർക്കും സാധിക്കാത്തതിനാൽ എല്ലാവരും ശപിക്കപ്പെട്ടവരായി മാറി. ഇവരെ ശാപത്തിൽനിന്നും പാപത്തിൽനിന്നും മോചിപ്പിക്കുന്നതിനു വേണ്ടിയാണ് യേശു ഭൂമിയിൽ വന്നത്. അങ്ങനെ 'മരത്തിൽതൂക്കി കൊല്ലപ്പെടുന്നവൻ ശപിക്കപ്പെട്ടവൻ' എന്ന നിയമം മൂലം യേശു സ്വയം ശാപമായി തീരുകയും, പാപം മൂലം ശപിക്കപ്പെട്ട് ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ച മനുഷ്യവർഗത്തെ വിമോചിതരാക്കുകയും ചെയ്തു.[1] ചുരുക്കത്തിൽ, യേശുവിന്റെ ക്രൂശീകരണത്തിലൂടെ മനുഷ്യർക്ക് ഉണ്ടാകുന്ന നേട്ടങ്ങളെകുറിച്ച് പൗലോസ് പറയുന്നത് ഇതാണ്:-

1. മനുഷ്യരുടെ പാപത്തിനും ശാപത്തിനും മോചനം ലഭിക്കുന്നു.
2. മനുഷ്യന് അനുഷ്ഠിക്കാൻ കഴിയാത്ത മോശൈക ന്യായപ്രമാണം മാറ്റപ്പെടുന്നു.

യേശുവിന്റെ മരണത്തിലേക്ക് മേൽപ്പറഞ്ഞ ആദർശവും കൂട്ടിച്ചേർക്കുമ്പോൾ മാത്രമാണ് ക്രൂശീകരണം സുവിശേഷമായി മാറുന്നത്. ഇത് സത്യമായിരുന്നെങ്കിൽ യേശുവിന്റെ മരണം വളരെയധികം അത്യന്താപേക്ഷിതമാണ്. എന്നാൽ യേശുവിന്റെ മരണത്തെ ആശ്രയിച്ച് പൗലോസ് പടുത്തുയർത്തിയ പ്രസ്തുത ആദർശം അപ്പൊസ്തലന്മാർക്ക് സ്വീകാര്യമായിരുന്നോ എന്ന് പരിശോധിക്കാം.

അപ്പൊസ്തലപ്രമുഖനായ പത്രോസ് അന്ത്യോക്യയിൽ വന്നപ്പോൾ അദ്ദേഹത്തെ എതിർത്തുകൊണ്ട് പൗലോസ് പറയുന്നത് പ്രത്യേകം ശ്രദ്ധിക്കുക:

> ന്യായപ്രമാണത്തിലൂടെ നീതി (മോക്ഷം) ലഭിക്കുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വ്യർഥമല്ലോ!
>
> (ഗലാത്യ 2:21)

അതേപോലെ, യേശുവിൽ വിശ്വസിച്ചതിന് ശേഷവും ന്യായപ്രമാണം അനുഷ്ഠിക്കാൻ തീരുമാനിച്ച ഗലാത്യരെ പൗലോസ് ആക്ഷേപിക്കുന്നത് നോക്കുക:

1. റോമർ അദ്ധ്യായം 5,6; ഗലാത്യ അദ്ധ്യായം 3.

ഹാ ബുദ്ധികെട്ട ഗലാത്യരെ, ക്രിസ്തു യേശുവിനെ ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കൺമുമ്പിൽ വരച്ചുകാട്ടിയിരിക്കെ, നിങ്ങളെ ക്ഷുദ്രം ചെയ്ത് മയക്കിയത് ആര്?

(ഗലാത്യ 3:1)

യേശുവിൽ വിശ്വസിക്കുന്ന വ്യക്തി തുടർന്നും ന്യായപ്രമാണം അനുഷ്ഠിക്കുകയാണെങ്കിൽ അവർ യേശുവിന്റെ ക്രൂശീകരണത്തെ സംബന്ധിച്ച് ക്ഷുദ്രം ചെയ്യപ്പെട്ടിരിക്കുകയാണ്. ഇപ്രകാരം യേശുവിന്റെ മരണത്തെ അപ്രസക്തമാക്കിയവരുടെ ഗണത്തിൽ ഒന്നാമതുള്ളത് അപ്പൊസ്തലന്മാർ ആണ്. മേൽപറഞ്ഞ പശ്ചാത്തലത്തിൽ ക്രൂശുമരണത്തെ പാപപരിഹാരയാഗമായി യേശുവോ, അപ്പൊസ്തലന്മാരോ, മുൻകാല പ്രവാചകന്മാരോ പറഞ്ഞിട്ടുണ്ടോ എന്ന് നമുക്ക് പരിശോധിക്കാം. ഇതിന് ക്രൈസ്തവർ തെളിവായി ഉദ്ധരിക്കുന്ന വാക്യങ്ങൾ ഇവയാണ്.

## I. യേശു നൽകിയ ജീവൻ

1. "മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കാനും അനേകർക്ക് വേണ്ടി സ്വന്തം ജീവൻ മറുവിലയായി കൊടുക്കുവാനും വന്നിരിക്കുന്നതും പോലെതന്നെ." (മത്തായി 20:28)
2. "തിരുവത്താഴ സമയത്ത് അപ്പം എടുത്തിട്ട് യേശു പറഞ്ഞു: ഇത് എന്റെ ശരീരം. വാങ്ങി ഭക്ഷിക്കുവിൻ. പിന്നീട് പാനപാത്രം എടുത്തിട്ട് അദ്ദേഹം പറഞ്ഞു: എല്ലാവരും ഇതിൽ നിന്ന് കുടിക്കുവിൻ, ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയപ്പെടുന്നതും പുതിയ ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു." (മത്തായി 26:26–28)

ക്രൈസ്തവ സഹോദരങ്ങൾക്ക് ക്രൂശീകരണത്തെ പാപ പരിഹാരയാഗമായി വിശ്വസിക്കാൻ യേശുവിന്റേതായി കാണുന്ന പ്രധാനപ്പെട്ട രണ്ട് വാക്യങ്ങളാണ് ഇത്. ഈ വചനത്തിൽ പറയുന്നത് 'മനുഷ്യരുടെ പാപമോചനത്തിന് പകരമായി യേശുവിന്റെ ജീവൻ നൽകും' എന്നാണ്. അല്ലാതെ, 'പാപമോചനത്തിന് പകരമായി യേശു മരിക്കും' എന്ന് പറഞ്ഞിട്ടില്ല. സ്വഭാവികമായും ഒരാൾ മരിക്കുമെന്ന് പറയുന്നതും ജീവൻ നൽകുമെന്ന് പറയുന്നതും ഒന്ന് തന്നെയല്ലേ എന്ന് സംശയം വരാം. എന്നാൽ യേശുവിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ ഇവയുടെ വ്യത്യാസം കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കും.

ഒരിക്കൽ ശമര്യക്കാരായ ആളുകൾ താമസിക്കുന്ന നാട്ടിലൂടെ യേശു നടന്നുപോകവേ ക്ഷീണിതനായി ഒരു കിണറിനരികെ ഇരുന്നു. യിസ്രയേൽ മക്കളുടെ പിതാവായ യാക്കോബ് പണികഴിപ്പിച്ചതായിരുന്നു ആ കിണർ. അതിൽ നിന്നും ഒരു ശമര്യ സ്ത്രീ വെള്ളം കോരുന്നതായി യേശു കണ്ടു. പിതാവായ യാക്കോബിന്റെ മക്കളാണെന്ന് ശമര്യക്കാർ അവകാശപ്പെടുന്നുവെങ്കിലും മുഖ്യധാര യിസ്രയേല്യർ ഇത് അംഗീകരിക്കുകയോ അവരുമായി സഹകരിക്കുകയോ ചെയ്തിരുന്നില്ല. ശമര്യർ ഉപയോഗിച്ച പാത്രം തങ്ങൾ ഉപയോഗിക്കുന്നതു പോലും യിസ്രയേല്യർ നിഷിദ്ധമായിട്ടാണ് കാണുന്നത്.

എന്നാൽ യേശു അവരോട് അൽപം വെള്ളം കുടിക്കാൻ ചോദിച്ചു. യഹൂദനായ യേശു, ശമര്യക്കാരിയായ തന്നോട് വെള്ളം ചോദിച്ചതിൽ ആ സ്ത്രീ അത്ഭുതപ്പെടുകയും അത് ഒരു ചോദ്യത്തിലൂടെ അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

യേശു അവളോട്: "ദൈവത്തിന്റെ ദാനം എന്തെന്നും നിന്നോട് കുടിക്കാൻ ചോദിക്കുന്നത് ആരെന്നും നീ അറിഞ്ഞിരുന്നുവെങ്കിൽ, നീ അയാളോടു ചോദിക്കുകയും അയാൾ ജീവനുള്ള വെള്ളം നിനക്ക് തരുകയും ചെയ്യുമായിരുന്നു."

സ്ത്രീ ചോദിച്ചു: "പ്രഭോ, കോരിയെടുക്കുവാൻ അങ്ങയുടെ കൈവശം ഒന്നുമില്ലല്ലോ. കിണറ് ആഴമുള്ളതാണ് പിന്നെ ജീവനുള്ള വെള്ളം അങ്ങേയ്ക്ക് എവിടെ നിന്നു കിട്ടും?"

യേശു ഉത്തരം പറഞ്ഞു: "നീ തരുന്ന വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് നിറഞ്ഞു വരുന്ന നീരുറവയായി തീരും."[1]

തനിക്ക് ലഭിച്ച ജീവനുള്ള വചനത്തെയും അത് സ്വീകരിക്കുന്നവർക്ക് പിന്നീട് ലഭിക്കുന്ന പരിശുദ്ധാത്മാവിനെയും ഈ വാക്യങ്ങളിൽ യേശു ഉപമിച്ചിരിക്കുന്നത് വെള്ളവുമായിട്ടാണ്.

മറ്റൊരിക്കൽ തന്റെ കയ്യിലുള്ള ജീവനെകുറിച്ച് യേശു സുദീർഘമായി വിവരിച്ചത് യോഹന്നാൻ സുവിശേഷം 6:25–70 വരെയുള്ള ഭാഗങ്ങളിൽ കാണാം. ആത്മീയ ഭാഷയുടെ ഔന്നത്യത്തിൽ നിന്നു

1. യോഹന്നാൻ 4:1–14.

കൊണ്ട് യേശു ജീവനെ കുറിച്ച് വിശദീകരിച്ചത് ഇങ്ങനെയാണ്. യേശുവിന്റെ പ്രസിദ്ധമായ അഞ്ചപ്പംകൊണ്ട് അയ്യായിരം പേർക്ക് ഭക്ഷണം നൽകിയ അത്ഭുത സംഭവമാണ് പശ്ചാത്തലം. പിറ്റേദിവസം പ്രസ്തുത അത്ഭുതം നടന്ന സ്ഥലത്തേക്ക് ധാരാളം ആളുകൾ ആഹാരം ലഭിക്കുന്നതിന് വേണ്ടി എത്തുകയുണ്ടായി. എന്നാൽ യേശു തിബര്യാസ് എന്ന ആ പ്രദേശത്തിന്റെ മറുകരയായ കഫർന്നഹൂമിലേക്ക് പോയിരുന്നു. അദ്ദേഹത്തെ അന്വേഷിച്ച് ജനങ്ങളും പുറകെ ചെന്നു.

യേശു അവരോട്: "നശിച്ചുപോകുന്ന ആഹാരത്തിനു വേണ്ടിയല്ല നിത്യജീവനിലേക്ക് നിലനിൽക്കുന്ന ആഹാരത്തിന് വേണ്ടിത്തന്നെ പ്രവർത്തിപ്പിൻ. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് നൽകും."

അവർ ചോദിച്ചു: "ദൈവത്തിന് ഹിതകരമായി ഞങ്ങൾ ചെയ്യേണ്ടുന്ന പ്രവൃത്തി എന്താണ്?"

യേശു: "ദൈവം അയച്ചവനിൽ വിശ്വസിക്കുക. ഇതത്രേ ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി."

അവർ: "താങ്കളെ വിശ്വസിക്കണമെങ്കിൽ മോശെ സ്വർഗത്തിൽ നിന്ന് അപ്പം ഇറക്കിയതിന് സമാനമായ ഒരു അത്ഭുതം കാണിക്കണം."

യേശു: "സ്വർഗത്തിൽനിന്നുള്ള യഥാർഥ അപ്പം നിങ്ങൾക്ക് തരുന്നത് എന്റെ പിതാവാണ്. ദൈവത്തിന്റെ അപ്പമോ, സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവൻ നൽകുന്നവൻ ആകുന്നു."

അവർ: "എങ്കിൽ ഇപ്പോൾ മുതൽ ഈ അപ്പം എല്ലായിപ്പോഴും ഞങ്ങൾക്ക് തരണം."

യേശു: "ഞാൻ സ്വർഗത്തിൽ നിന്നും ഇറങ്ങിയ ജീവന്റെ അപ്പമാകുന്നു. എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയോ വിശക്കുകയോ ഇല്ല. ഞാൻ സ്വന്തമായ ഇഷ്ടപ്രകാരമല്ല പ്രവർത്തിക്കുന്നത്. പിന്നെയോ അയച്ച ദൈവത്തിന്റെ ഇഷ്ടപ്രകാരമാണ്."

തുടർന്ന്, ജീവന്റെ അപ്പത്തെ തന്റെ ശരീരത്തോടും രക്തത്തോടും മാംസത്തോടും ഉപമിച്ചു. അതിനാൽ ഇവ ഭക്ഷിക്കാതെ ഒരു മ

നുഷ്യനും രക്ഷപ്പെടുകയില്ലെന്ന് വിവരിക്കുകയും ചെയ്തു:

"ജീവിക്കുന്ന പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിനാൽ ജീവിച്ചിരിക്കുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും."

ദീർഘമായ സംസാരം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും."

യേശുവിന്റെ വാക്കുകളിലെ ആത്മീയതയുടെ ആധിക്യം കാരണം ജനങ്ങൾക്ക് ഗ്രഹിക്കാൻ സാധിച്ചില്ല. അത്ഭുതം കാണാൻ ഓടിക്കൂടിയ അവിശ്വാസികളായ യഹൂദന്മാർ മാത്രമല്ല, യേശുവിന്റെ ശിഷ്യന്മാർ വരെ ആശയക്കുഴപ്പത്തിലായി.

അവർ പറഞ്ഞു: "ഇത് കഠിനമായ വാക്ക്, ഇത് സ്വീകരിക്കാൻ ആർക്ക് കഴിയും?"

തന്റെ ശിഷ്യന്മാർക്കും കാര്യം മനസ്സിലാകുന്നില്ലെന്ന് കണ്ടപ്പോൾ യേശു തന്റെ ഉപമകളെ വിശദീകരിച്ചുകൊണ്ട് പറഞ്ഞു: "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള വചനങ്ങൾ ആത്മാവും ജീവനും ആകുന്നു." തന്റെ പ്രസംഗമധ്യേ അപ്പം, രക്തം, മാംസം, ശരീരം എന്നെല്ലാം ഉപമിച്ചത് ദൈവം തനിക്ക് നൽകിയ വചനത്തെ കുറിച്ചാണ്. അവ മനുഷ്യനെ ജീവിപ്പിക്കുന്നതാണ്. അത് സ്വീകരിക്കുന്നവർ യേശുവിനോടൊപ്പവും, യേശു അവരോടൊപ്പവും ആയിരിക്കും. അങ്ങനെ യേശുവിനെ വിശ്വസിക്കുകയും, അദ്ദേഹത്തിന്റെ വചനത്തെ കൈക്കൊള്ളുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ലഭിക്കും."

ഇത് കേട്ടുകഴിഞ്ഞിട്ടും അനേകം ശിഷ്യന്മാർ അദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. അവർ ആരും പിന്നെ യേശുവിനെ പിൻപറ്റിയില്ല. എന്നിട്ടും തന്നോടൊപ്പം ഉറച്ചുനിൽക്കുന്ന അപ്പൊസ്തലന്മാരെ കണ്ടപ്പോൾ യേശു ചോദിച്ചു: "നിങ്ങൾ എന്നെ വിട്ട് പോകുന്നില്ലേ?"

അപ്പോൾ പത്രോസ് പറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ പക്കൽ ഉണ്ടല്ലോ. അങ്ങ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു."

അങ്ങനെ യേശു പറയുന്ന ജീവനും അപ്പവും, ജലവും, ശരീര

വും, രക്തവും, മാംസവും എന്താണെന്ന് മനസ്സിലാക്കാൻ കഴിവുള്ള അപ്പൊസ്തലന്മാരാണ് അദ്ദേഹത്തിന്റെ കൂടെ തിരുവത്താഴത്തിന് ഉണ്ടായിരുന്നത്. ബന്ധസ്ഥനാകുന്നതിന് തൊട്ടുമുമ്പ് യേശു നടത്തുന്ന പ്രാർഥന ശ്രദ്ധിക്കുക: "പിതാവേ, അവിടുന്ന് എന്നെ ഏൽപ്പിച്ച വചനം ഞാൻ അവർക്ക് (ശിഷ്യന്മാർക്ക്) കൊടുത്തു. അവർ അത് സ്വീകരിക്കുകയും ഞാൻ അങ്ങയിൽനിന്ന് വന്നു എന്ന് അറിയുകയും ചെയ്തിരിക്കുന്നു."

തുടർന്ന്, സുവിശേഷ പ്രവർത്തനത്തിന് ഇവരെ അയച്ചുകൊണ്ട് യേശു പറഞ്ഞു: "അവർക്ക് (ശിഷ്യന്മാർക്ക്) വേണ്ടി മാത്രമല്ല അവരുടെ വചനം മുഖേന എന്നിൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് വേണ്ടിയും പ്രാർഥിക്കുന്നു." അങ്ങനെ ദൈവം നൽകിയ വചനം വിശ്വസിക്കുന്ന അപ്പൊസ്തലന്മാരും മറ്റു അനുയായികളും മാത്രമല്ല, അവർ വഴി ഭാവിയിൽ വിശ്വസിക്കുവാനുള്ള ആളുകളും തന്നോടൊപ്പവും താൻ അവരോടൊപ്പവും ആകണമെന്നും യേശു ദൈവത്തോട് അപേക്ഷിച്ചു. (യോഹന്നാൻ: 17).

ഇങ്ങനെ ദൈവവും യേശുവും അപ്പൊസ്തലന്മാരും അവരുടെ അനുയായികളും ഒന്നാകുന്ന പ്രക്രിയ സംഭവിക്കുന്നത്, ജീവനുള്ള ദൈവം നൽകിയ ജീവന്റെ വചനം യേശുവിലേക്കും, യേശുവിലൂടെ അപ്പൊസ്തലന്മാരിലേക്കും അവർ വഴി അനുയായികളിലേക്കും വന്നെത്തുമ്പോഴാണ്. ദൈവവചനം സ്വീകരിക്കുന്നതിലൂടെയാണ് ദൈവവും മനുഷ്യനും ആത്മീയ ഭാഷയിൽ ഒന്നാകുന്നത്.

ചുരുക്കത്തിൽ യേശുവിന്റെ പാപ പരിഹാരബലിക്ക് തെളിവായി ക്രൈസ്തവർ ഉദ്ധരിക്കുന്ന രണ്ട് വാക്യങ്ങളുടെ യഥാർഥ അർഥം ഇതാണ്. **മനുഷ്യരുടെ പാപത്തിന്റെ മോചനത്തിന് പകരമായി ജീവനുള്ള വചനം (സുവിശേഷം) നൽകുവാനാണ് യേശു വന്നത്**. ഒരു ഭാഗത്ത് പോലും മനുഷ്യരുടെ പാപമോചനത്തെ കുറിച്ച് പരാമർശിച്ചപ്പോൾ തന്റെ മരണത്തെ സംബന്ധിച്ച് യേശു പറഞ്ഞിട്ടില്ല, മറിച്ച് ജീവൻ എന്ന് മാത്രമാണ് പ്രയോഗിച്ചിട്ടുള്ളത്.

## II. ലോകത്തിന്റ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് യോഹന്നാൻ സ്നാപകൻ (യോഹ 1:29)

യേശുവിനെ കണ്ടപ്പോൾ യോഹന്നാൻ സ്നാപകൻ ഇങ്ങനെ പറഞ്ഞു. ഈ വാക്യം പ്രത്യക്ഷത്തിൽ സൂചിപ്പിക്കുന്നത് ഇതാണ്-

ലോകത്തിലെ മനുഷ്യർ എല്ലാം ചെയ്ത പാപം തലയിൽ ചുമന്നു കൊണ്ട് ബലിപീഠത്തിലേക്ക് യാഗമാകാൻപോകുന്ന ഒരു കുഞ്ഞാടാണ് യേശു. എന്നാൽ പി.ഒ.സി. പോലുള്ള മറ്റ് പരിഭാഷകളിൽ അവൻ ലോകത്തിന്റെ പാപത്തെ നീക്കി കളയുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതേപോലെ, ഇംഗ്ലീഷ് ബൈബിളിൽ കാണുന്നത് "He takes away the sin of the world" (അവൻ ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്നു.) ചുരുക്കത്തിൽ ദൈവം യേശുവിന് നൽകിയ വചനത്തിലൂടെ ലോകത്തിന്റെ പാപം നീങ്ങുമെന്ന് മാത്രമാണ് ഇവിടെ അർഥമുള്ളൂ. ഇതാകട്ടെ അഭിപ്രായവ്യത്യാസമില്ലാത്ത പരമാർഥമാണ് താനും.

## III. അപ്പൊസ്തലനായ ഫിലിപ്പോസിന്റെ സാക്ഷ്യം (അപ്പൊ. പ്രവൃത്തി 8:26–40)

എതോപ്യക്കാരനായ ഷണ്ഡൻ രഥത്തിലിരുന്ന് യെശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ നാല് വാക്യങ്ങൾ ഉറക്കെ വായിച്ചു. ഈ ഭാഗം അടിസ്ഥാനമാക്കി യേശുവിന്റെ സുവിശേഷം ഫിലിപ്പോസ് വിവരിച്ചു. ഇത് യെശയ്യാവിന്റെ പുസ്തകത്തിലെ 53-ാം അധ്യായമാണെന്നും അവിടെ തുടർന്ന് പറയുന്ന അകൃത്യയാഗം യേശുവിന്റെ ക്രൂശീകരണത്തെകുറിച്ചുള്ള പ്രവചനമാണെന്നും ക്രൈസ്തവർ പ്രചരിപ്പിക്കുന്നു. അതിനാൽ ഷണ്ഡൻ വായിച്ച വാക്യങ്ങൾ നമുക്ക് പരിശോധിക്കാം.

a. കൊല്ലാൻ കൊണ്ടുപോകുന്ന ആടിനെപോലെയും രോമം കത്രിക്കുന്നവന്റെ മുമ്പിൽ മൂകനായി നിൽക്കുന്ന ആട്ടിൻകുട്ടിയെപോലെയും അവൻ വായ് തുറന്നില്ല.
b. അപമാനിതനായ അവന് നീതി നിഷേധിക്കപ്പെട്ടു.
c. അവന്റെ പിൻതലമുറയെ പറ്റി ആര് വിവരിക്കും.
d. എന്തെന്നാൽ, ഭൂമിയിൽനിന്നും അവന്റെ ജീവൻ അപഹരിക്കപ്പെട്ടു.

ഷണ്ഡൻ വായിച്ച പ്രസ്തുത നാല് വാക്യങ്ങൾ യെശയ്യാവിന്റെ 53-ാം അധ്യായത്തിൽ ഉണ്ടോ?

ഇല്ല. ഇതിൽ ആദ്യത്തെ വാക്യം മാത്രമേ 53-ാം അധ്യായത്തിൽ കാണുന്നുള്ളു. അപ്പോൾ എന്ത് അടിസ്ഥാനത്തിലാണ് പ്രസ്തുത

അദ്ധ്യായം മുഴുവൻ യേശുവിന്റെ പാപപരിഹാരബലിക്ക് തെളിവാക്കുക? യേശുവും അപ്പൊസ്തലന്മാരും തെളിവായി ഉദ്ധരിക്കാത്ത വാക്യങ്ങൾ ക്രൈസ്തവർ ഉയർത്തിക്കാട്ടുന്നത് നിരർഥകമാണ്.

ഇത്രയും കാര്യങ്ങളാണ് ക്രൈസ്തവർ പാപപരിഹാരബലിക്ക് തെളിവ് ഉദ്ധരിക്കുന്നത്. സുവിശേഷങ്ങൾ നാലിലുമോ, പത്രോസിന്റെ അഞ്ച് പ്രസംഗങ്ങൾ അപ്പൊസ്തല പ്രവൃത്തിയിൽ കാണുന്നതിലോ ഒന്നും യേശുവിന്റെ മരണത്തെ പാപപരിഹാര ബലിയായി ചിത്രീകരിച്ചിട്ടില്ല. മറിച്ച് ദൈവം അയച്ച ക്രിസ്തുവായിരുന്ന യേശുവിനെ യഹൂദന്മാർ കൊന്നെങ്കിലും, ദൈവം അദ്ദേഹത്തെ അത്ഭുതകരമായി ഉയിർപ്പിച്ചു. അതിനാൽ യേശുവിൽ വിശ്വസിക്കുന്നവർക്ക് പാപമോചനം ലഭിക്കും; അവൻ രക്ഷകനും കർത്താവുമാണ്. അതല്ലാതെ, ആദം ചെയ്ത പാപം എല്ലാ മനുഷ്യരിലും ഉണ്ടെന്നോ, അത് നീക്കുവാനാണ് യേശു ക്രൂശിൽ മരിച്ചതെന്നോ ഒരു ഭാഗത്ത് പോലും യേശുവോ, അപ്പൊസ്തലന്മാരോ പറഞ്ഞതായി ബൈബിൾ പോലും പറയുന്നില്ല. ധാരാളം മുൻകാല മഹാന്മാരുടെ പേരുകൾ ഉദ്ധരിച്ച യേശുവും, അപ്പൊസ്തലന്മാരും ഒരുതവണപോലും ആദമിനെകുറിച്ച് പ്രത്യേകം പറഞ്ഞിട്ടില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, അപ്പൊസ്തലന്മാർ പുറന്തള്ളിയ പൗലോസിന്റെ ലേഖനങ്ങൾ അടിസ്ഥാനമിട്ടിരിക്കുന്നതാകട്ടെ ആദമിന്റെ പാപത്തിലും യേശുവിന്റെ പാപപരിഹാരത്തിലുമാണ്.

**യേശുവിന്റെ വചനത്തെ സ്വീകരിച്ചുകൊണ്ട് ആത്മീയ വിശുദ്ധി കൈവരിക്കുകയും നിർമലതയോടുകൂടി ന്യായപ്രമാണം അനുഷ്ഠിക്കുകയും ചെയ്യുക എന്നതായിരുന്നു അപ്പൊസ്തലന്മാരുടെ ക്രിസ്തു മാർഗം. അവർക്ക് ക്രൂശീകരണം സുവിശേഷമേ അല്ല. മറിച്ച് യേശുവിന്റെ വചനമായിരുന്നു സുവിശേഷം.**

## ക്രൂശുമരണം എന്ന സംഭവം

പാപപരിഹാരസിദ്ധാന്തവുമായുള്ള ബന്ധം നഷ്ടപ്പെട്ടതിന് ശേഷം ക്രൂശുമരണം മാത്രം നിലനിന്നാൽ അതിൽ മനുഷ്യർക്കുള്ള വിമോചന വിളംബരമോ സുവിശേഷമോ ഇല്ല. കാരണം, ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം ക്രൂശുമരണം എന്ന സംഭവത്തിന്റെ ആത്മാവാണ് പാപപരിഹാരസിദ്ധാന്തം എന്ന ആദർശം.

ആദർശമില്ലാതെ ക്രൂശുമരണം മാത്രം സ്ഥാപിക്കുന്നത് കൊണ്ടുള്ള ഏക നേട്ടം, മരിച്ചവരിൽ നിന്നും യേശു ഉയിർത്തെഴുന്നേറ്റുവെന്ന അത്ഭുതം മാത്രമാണ്. ഇതാകട്ടെ, യെരുശലേമിനോ, ബൈബിൾ വായനക്കാർക്കോ പുതുമയുള്ളത് അല്ല താനും.

മുൻകാല പ്രവാചകൻമാരും യേശുവും പത്രോസും മാത്രമല്ല, പൗലോസ് പോലും മരിച്ചവരെ ഉയിർപ്പിച്ചതായി ബൈബിൾ പറയുന്നു. യേശുക്രിസ്തു മരിച്ചുവെന്ന് സുവിശേഷകനായ മത്തായി വിവരിക്കുന്നിടത്ത്, മരിച്ച് കല്ലറകളിൽ കിടന്ന ധാരാളം ആളുകൾ ഉയിർത്തെഴുന്നേറ്റതായി കാണുന്നുണ്ട്.[1] മാത്രമല്ല, യേശുവിന്റെ കാലത്ത് തന്നെ, അദ്ദേഹത്തെക്കുറിച്ച് മുൻ പ്രവാചകന്മാരായ യിരമ്യാവോ, യോഹന്നാൻ സ്നാപകനോ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതാകാമെന്നും ചിലർ മരിക്കാതെ ആകാശത്തിലേക്ക് ഉയർത്തപ്പെട്ട ഏലിയാവ് ആയിരിക്കാമെന്നും കരുതിയതായി മനസ്സിലാക്കാം.[2]

മറ്റൊരിക്കൽ യേശുവിന് രൂപാന്തരം നടന്ന സംഭവം വിശദീകരിക്കുന്ന ഭാഗത്ത്, മരിച്ച മോശെയും മരിക്കാതെ ഉയിർക്കപ്പെട്ട ഏലിയാവും ഒരേസമയം യേശുവിനോട് സംസാരിച്ചതായും പത്രോസ് അവർക്ക് മൂന്ന് പേർക്കും കുടിലുകൾ പണിയാൻ ആഗ്രഹിച്ചതായും കാണാം.[3] അതേപോലെ യേശുവിന്റെ രണ്ടാം വരവ് സംഭവിക്കുമ്പോൾ മരണപ്പെട്ട വിശ്വാസികളെല്ലാം ഉയിർക്കപ്പെടുമെന്നും, ജീവിച്ചിരിക്കുന്നവർ മരിക്കാതെ എടുക്കപ്പെടുമെന്നും ക്രിസ്തുമതക്കാർ വിശ്വസിക്കുന്നു.

ചുരുക്കത്തിൽ ആദർശമൊന്നും സ്ഥാപിക്കാതെ മരിച്ചവരുടെ ഉയർത്തെഴുന്നേൽപ്പു കൊണ്ട് മാത്രം സുവിശേഷം ഉണ്ടാകുമെങ്കിൽ എണ്ണി തീർക്കുവാൻ കഴിയാത്ത സുവിശേഷങ്ങൾ ഉണ്ടാകും. യേശുക്രിസ്തു ദൈവനിയോഗിതനാണെന്നും അദ്ദേഹത്തെ ദൈവം തന്നിലേക്ക് ഉയർത്തിയെന്നും പറയുന്ന ഖുർആനുമായി ബൈബിൾ വിയോജിക്കുന്നത് പ്രധാനമായും യേശുവിന്റെ മരണത്തെ സംബന്ധിച്ച് മാത്രമാണ്. പൗലോസിന്റെ ആദർശാനുഷ്ഠാനങ്ങൾ മുഴുവൻ യേശുവിന്റെ ക്രൂശുമരണത്തിൽ കെട്ടി ഉയർത്തിയിരിക്കെ അദ്ദേഹത്തിന്റെ അനുയായികൾ രചിച്ച ക്രിസ്തുചരിത്രത്തിലും അപ്പൊസ്

1. മത്തായി 27:52, 53.
2. മത്തായി 16:14.
3. മത്തായി 17:1–4.

തലചരിത്രത്തിലും ഇത് കാണുക സ്വാഭാവികം മാത്രമാണ്.

സത്യത്തിൽ ദൈവിക പദ്ധതിക്ക് വിരുദ്ധമായി ക്രിസ്തുമത സ്ഥാപകർ പടുതുയർത്തിയ തന്ത്രം ദൈവം പൊളിച്ചുകളഞ്ഞിരിക്കുന്നു. എന്തെന്നാൽ, ക്രൂശുമരണം തട്ടിക്കൂട്ടി മെനഞ്ഞെടുത്തെങ്കിലും അതിലേക്ക് പാപ പരിഹാരയാഗത്തെ ബന്ധിപ്പിക്കുന്ന യാതൊരു വാക്യവും ക്രിസ്തു സഭയുടെ ഭാഗത്തുനിന്നും ഇല്ല തന്നെ. ഈ മാർഗം പൗലോസിലൂടെ ആരംഭിച്ചതും പിൽക്കാലത്ത് കൊൺസ്റ്റന്റൈൻ ചക്രവർത്തിയിലൂടെ പ്രചരിച്ചതുമാണ്.

> അല്ലാഹുവിനെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു.
>
> (ഖുർആൻ 3:54)

# നാല്

## ക്രിസ്തുമതം
## അഥവാ മിത്രാസ് മതം

അപ്പൊസ്തലൻമാരുടെ നേതൃത്വത്തിൽ വിശ്വാസികളെല്ലാം ഓരോ വീടുകളിൽ ഒരുമിച്ച് കൂടുകയും അപ്പം നുറുക്കുകയും ഉപദേശം സ്വീകരിക്കുകയും ചെയ്തുപോന്നു എന്ന് ബൈബിൾ വിവരിക്കുന്നു. ഈ പ്രത്യേക കൂട്ടായ്മയെ സഭ എന്നാണ് വിളിച്ചിരുന്നത്. യേശുവിനെ ക്രിസ്തുവായി വിശ്വസിക്കുന്നതിലൂടെ ഇവരാരും പുതിയ ഒരു മതം സ്വീകരിച്ചിട്ടില്ല; മറിച്ച്, അവരുടെ പൂർവിക മതത്തെ പരിപൂർണമായി അനുസരിക്കുകയായിരുന്നു. പൊതുവായ പ്രാർഥനകൾ നേർച്ചകൾ ആഘോഷങ്ങൾ ഇതര ആരാധന കർമങ്ങൾ അതോടൊപ്പം മതപരമായ സിവിൽ-ക്രിമിനൽ നിയമങ്ങൾ തുടങ്ങിയ ഒരു കാര്യത്തിലും ക്രിസ്തു അനുയായികൾക്ക് യഹൂദൻമാരുമായി അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നില്ല. യേശുവിനെ അംഗീകരിക്കുന്നവരും അല്ലാത്തവരുമായ മുഴുവൻ യഹൂദൻമാരും, യഹൂദ മതം സ്വീകരിച്ചവരുമെല്ലാം യെരുശലേം ദേവാലയത്തിലെ സ്ഥിരം അംഗങ്ങളാണ്. ഇവർക്കെല്ലാം യഹൂദ മതത്തിലെ അംഗത്വമാണ് ഉള്ളതെന്ന് ചുരുക്കം.

വ്യവസ്ഥാപിതമായ യഹൂദ മതത്തിൽ നിലകൊള്ളുന്നതോടൊപ്പം, മതനേതൃത്വം തള്ളിക്കളഞ്ഞ ക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനാണ് അപ്പൊസ്തലൻമാർ പ്രത്യേകം സഭ കൂടിയിരുന്ന

ത്. എന്നാൽ ഇതിൽ നിന്നും തീർത്തും വ്യത്യസ്തമാണ് പൗലോസി ന്റെ ക്രിസ്ത്യാനി സഭ. യഹൂദ മതസംസ്ക്കാരം അഥവാ മോശൈക ന്യായപ്രമാണമാകുന്ന സംസ്ക്കാരം പൂർണമായി അവഗണിച്ച ക്രി സ്ത്യാനികൾക്ക്, യെരുശലേം ദേവാലയവുമായോ മറ്റ് പ്രാദേശിക സിനഗോഗുകളുമായോ യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. ഇ ക്കാരണത്താൽ, ഇവർക്ക് ക്ലിപ്തമായ ആരാധന രീതിയോ, പ്രത്യേക ആരാധനാ ദിശയോ, ആഘോഷങ്ങളോ ശബത്ത് ദിവസമോ മറ്റ് കർമങ്ങളോ ഒന്നും ഇല്ല. ആരാധനപരമായ കാര്യങ്ങളിൽ പോലും ദൈവിക നിയമം ബാധകമല്ലാത്ത ഈ ലക്ഷ്യം തെറ്റിയ ചെറിയ ആൾക്കൂട്ടത്തിന് മോശൈക ന്യായപ്രമാണം നിർദ്ദേശം നൽകിയ രാജ്യ-രാജ്യാന്തര നിയമങ്ങളോ, ഐഹിക നീതി-ന്യായ വ്യവസ്ഥക ളോ, ശിക്ഷാ നിയമങ്ങളോ, യുദ്ധ-യുദ്ധാനന്തര നിയമങ്ങളോ ഒന്നും തീരെയും ആവശ്യമില്ലെന്ന് പ്രത്യേകം പറയേണ്ടതില്ല.

അപ്പൊസ്തല കാലഘട്ടത്തിൽ ഇത്രത്തോളം ദുർബലരായിരു ന്ന ക്രിസ്ത്യാനികൾ എങ്ങനെയാണ് ഇന്ന് ഭൂലോകം മുഴുവൻ വ്യാ പിച്ചതെന്ന ചോദ്യം ഈ സന്ദർഭത്തിൽ പ്രസക്തമാവുകയാണ്. ക്രൈസ്തവ സഹോദരങ്ങൾ കരുതുന്നത് പോലെ ഇതൊരു ശക്ത മായ ദൈവിക സഹായം മൂലം സംഭവിച്ചതാണോ അതോ, ഇതിന് ഒരു മറുവശമുണ്ടോ? യെരുശലേമിൽ വച്ച് ഒരു തവണ പോലും ത റപ്പിച്ച് പറയുവാൻ പൗലോസ് ധൈര്യം കാണിക്കാതിരുന്ന പുതിയ നിയമ സിദ്ധാന്തം കരയും കടലും കീഴടക്കി മുന്നേറുവാൻ ആശ്രയി ച്ചത് വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ദൈവത്തേയോ അതോ അദ്ദേഹത്തിന്റെ ശത്രുവിനെയോ എന്ന് പരിശോധിക്കാം.

## സത്യത്തിന്റെ തളർച്ചയും വ്യാജത്തിന്റെ വളർച്ചയും

ഇന്നുള്ള അവസ്ഥയിലേക്ക് ക്രിസ്തുമതത്തെ പരിവർത്തിപ്പിച്ച തിൽ റോമൻ സാമ്രാജ്യത്തിന്റെ പങ്ക് വളരെ വലുതാണ്. ക്രിസ്ത്യാ ബ്ദം 62 വരെയുള്ള ക്രൈസ്തവചരിത്രം ബൈബിളിൽ നിന്ന് ലഭ്യമാ ണ്. ഇതിൽ നിന്നും നാല് വർഷം മാത്രം പിന്നിട്ടപ്പോൾ അവർ ജീ വിച്ചിരുന്ന സാമൂഹിക സാഹചര്യം പെട്ടെന്ന് മാറ്റപ്പെട്ടു. ക്രിസ്ത്യാ ബ്ദം 66ൽ റോമൻ ചക്രവർത്തിയായ നീറോയ്ക്കെതിരായി യഹൂദന്മാ ർ വിപ്ലവം ആരംഭിച്ചു. ഇതിനെ അടിച്ചമർത്തുന്നതിനായി വെസ്പാ സിയൻ എന്ന വ്യക്തിയെ നീറോ ചക്രവർത്തി സൈന്യാധിപനായി നിയോഗിച്ചു. ക്രിസ്താബ്ദം 68 ജൂണിൽ നീറോ ആത്മഹത്യ ചെയ്ത

തിനെ തുടർന്ന് വെസ്പാസിയൻ ചക്രവർത്തിയായി. അദ്ദേഹം തന്റെ മകനായ ടൈറ്റസിനെ യഹൂദവിപ്ലവം അമർച്ച ചെയ്യുവാനായി പലസ്തീനിലേക്ക് അയച്ചു. ടൈറ്റസ് യഹൂദൻമാരെ പരാജയപ്പെടുത്തി. യെരുശലേം കീഴടക്കി. ക്രിസ്താബ്ദം 70 സെപ്റ്റംബർ 26–ാം തീയതി യെരുശലേം ദേവാലയം നശിപ്പിച്ചു. യെരുശലേമിന്റെ രാജപാതകളിലെല്ലാം യഹൂദന്മാരുടെ ചോര ഒഴുകി. നിരവധി യഹൂദന്മാർ ജയിലിലാക്കപ്പെട്ടു. ഏകദേശം ആറു ലക്ഷത്തോളം ആളുകൾ ഈ കലാപത്തിൽ കൊല്ലപ്പെട്ടതായിട്ടാണ് കരുതുന്നത്.[1]

നീറോയുടെയും വെസ്പാസിയന്റെയും കാലത്ത് നടന്ന ഈ യിസ്രയേല്യ അടിച്ചമർത്തലിൽ യെരുശലേമിലെ അപ്പൊസ്തലസഭ ഏതാണ്ട് തകർന്നു പോയിരുന്നു. അപ്പൊസ്തല പ്രമുഖനായ പത്രോസിനെ റോമാക്കാർ തലകീഴായി ക്രൂശിച്ചു കൊന്നു. മോശൈക ന്യായപ്രമാണം ഇപ്പോഴും മുറുകെ പിടിക്കുന്നുവെന്ന് കള്ളം പറഞ്ഞ പൗലോസ്, ഇക്കാരണത്താൽ തന്നെ റോമൻ തടവറയിൽ വെച്ച് വധിക്കപ്പെട്ടു. യഹൂദ സംസ്ക്കാരം തീക്ഷ്ണമായി പിൻപറ്റിയിരുന്ന അപ്പൊസ്തല സഭാവിശ്വാസികളിൽ ഭൂരിപക്ഷംപേർ ക്രൂരമായി വധിക്കപ്പെടുകയോ ബാക്കിയുള്ളവർ ഓടി രക്ഷപ്പെടുകയോ ചെയ്തിട്ടുണ്ടാകാം. ഏതായാലും, റോമൻ സാമ്രാജ്യത്തിനകത്ത് അവരുടെ ഉപദേശങ്ങൾ പൂർണമായും നിശബ്ദമാക്കപ്പെട്ടു.

യെരുശലേം സഭയ്ക്കുണ്ടായ ശക്തമായ പ്രതിസന്ധി അനുഗ്രഹമായി തീർന്നത് യഹൂദ സംസ്ക്കാരം തൊട്ടു തീണ്ടാത്ത പൗലോസിന്റെ അനുയായികൾക്കാണ്. ഭരണകൂടത്തിന്റെ കണ്ണിൽ പെടാതെ പ്രവർത്തിക്കാൻ ഈ 'സംസ്ക്കാരമില്ലായ്മ' അവർക്ക് വലിയ ഒരു അനുഗ്രഹമായി തീർന്നു. ചിതലിന്റെ പ്രവർത്തനം പോലെ ബാഹ്യമായ യാതൊരു പ്രകടനവുമില്ലാതെ, ആശയപ്രചരണം സുഗമമായി ഇവർ നടത്തി. റോമൻ ഐഹിക ഭരണഘടനയ്ക്ക് വിരുദ്ധമായ മോശൈക ഭരണഘടന ഇവർക്ക് ഇല്ലാത്തതിനാൽ ഇവർ രാജ്യദ്രോഹികളല്ല. ഒരു പ്രത്യേക ആത്മീയ സംഘങ്ങൾ എന്നതിലുപരി ഇവരെ ഗൗരവമായി പരിഗണിക്കേണ്ട യാതൊരു ആവശ്യവും ഭരണകർത്താക്കൾക്ക് ഉണ്ടായിരുന്നില്ല. ഈ നിഷ്കളങ്ക പരിവേഷം പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് ക്രിസ്ത്യാനികൾ എണ്ണത്തിൽ പെരുകി.

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 157,158.

ഇവരുടെ വ്യാജ സുവിശേഷത്തെ തടഞ്ഞു നിർത്തേണ്ടവരായ യെരുശലേം സഭ തീർത്തും ദുർബലമായതോടെ, യഥാർഥ ക്രിസ്തു സന്ദേശം പതുക്കെ വിസ്മൃതിയിലായി. യേശുവിന്റെ ദൗത്യം എന്തായിരുന്നുവെന്ന് പൗലോസ് പറഞ്ഞത് വിശ്വസിക്കേണ്ട അവസ്ഥയിലേക്ക് കാലം വഴിമാറ്റപ്പെട്ടു. ആദമിലൂടെ മനുഷ്യർക്ക് ലഭിക്കുന്ന ജൻമപാപവും, പാപം മൂലം മനുഷ്യനെ ശപിക്കപ്പെട്ടവനാക്കി തീർക്കുന്ന മോശൈക ന്യായപ്രമാണവും ഒരേ സമയം നീക്കുന്നതിന് ദൈവം മനുഷ്യവതാരമെടുത്ത് ഭൂമിയിൽ വന്നതാണ് യേശുവെന്നും അദ്ദേഹത്തിന്റെ ക്രൂശുമരണത്തിലൂടെ മാത്രമേ സർവർക്കും പാപമോചനം ലഭിക്കുകയുള്ളൂവെന്ന പൗലോസിന്റെ കെട്ടുകഥ, മൂക്കില്ലാ രാജ്യത്തെ മുറിമൂക്കൻ രാജാവായി സുവിശേഷ മേഖല അടക്കി ഭരിച്ചു.

മാറി വരുന്ന റോമൻ ചക്രവർത്തിമാരുടെ നിലപാടനുസരിച്ച് സാഹചര്യങ്ങൾക്ക് ചെറിയ മാറ്റങ്ങൾ ഉണ്ടായികൊണ്ടിരുന്നു. റോമൻ ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം യഹൂദന്മാരും ക്രിസ്ത്യാനികളും അനഭിമതരാണെങ്കിലും, രണ്ടു കൂട്ടരോടുമുള്ള സമീപനം തീർത്തും വ്യത്യസ്തമാണ്. യഹൂദന്മാർ മതപരമായി ശക്തിപ്പെടുന്നത് റോമാക്കാരുടെ ഭരണകൂടത്തിനും അവരുടെ മിത്രാസ് മതത്തിനും ഒരുപോലെ ദോഷമാണെങ്കിൽ, ക്രിസ്ത്യാനികളുടെ വളർച്ച കൊണ്ട് മതപരമായ പ്രശ്നം മാത്രമാണുണ്ടാവുക.

യഹൂദന്മാരിൽനിന്ന് സംഘടിത നീക്കങ്ങൾ ഉണ്ടാവാതിരിക്കാൻ ആവശ്യമായ എല്ലാ നിയമ നടപടികളും റോമൻ സാമ്രാജ്യത്വം സ്വീകരിച്ചു. പെരുന്നാളുകളിൽ യെരുശലേം ദേവാലയത്തിൽ സമ്മേളിക്കുന്നതിലൂടെ ഇവർക്കുണ്ടാകുന്ന ഐക്യം ഇല്ലാതാക്കുന്നതിന്, ക്രിസ്താബ്ദം 130ൽ റോമൻ ചക്രവർത്തിയായ ഹാഡ്രിയൻ യെരുശലേം ദേവാലയം തകർത്തുകളഞ്ഞുകൊണ്ട് പകരം ആ സ്ഥാനത്ത് ജൂപിറ്റർ ദേവന്റെ ആരാധനാലയം പണിയുവാൻ നിർദ്ദേശിച്ചു. ഇതിനെ എതിർത്ത യഹൂദന്മാരെ അടിച്ചൊതുക്കുകയും യെരുശലേം നഗരത്തിന് പുറത്താക്കുകയും ചെയ്തു. യെരുശലേമിൽ പരിച്ഛേദന കർമം നിരോധിക്കപ്പെട്ടു. യെരുശലേം നഗരത്തെ ഒരു റോമൻ നഗരമാക്കി മാറ്റുകയും അനേകം റോമൻ ദേവൻമാരുടെ ആരാധനാലയങ്ങൾ അവിടെ പണിയുകയും ചെയ്തു. റോമാക്കാർ യഹൂദന്മാരുടെ മേൽ അവരുടെ രണ്ടു കണ്ണുകളും തുറന്നുവെച്ച് നിരീക്ഷണം നട

ത്തി. ഇവരെ നിസ്സാരമായി വിട്ടാൽ സംഭവിക്കുന്ന ഭവിഷ്യത്തിനെ കുറിച്ച് അവർക്ക് പൂർണബോധ്യമുണ്ടായിരുന്നു.

ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ക്രിസ്ത്യാനികളോടുള്ള റോമാക്കാരുടെ സമീപനം. തങ്ങളുടെ ആരാധനാനുഷ്ഠാനങ്ങളെ ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്ന ഒരു പ്രത്യേക ആത്മീയ സംഘമായി മാത്രമാണ് ഇവർ പരിഗണിക്കപ്പെട്ടിരുന്നത്. ക്രിസ്താബ്ദം 98-117ൽ ട്രാജൻ റോമൻ ചക്രവർത്തിയായിരിക്കേ, ഏഷ്യ മൈനറിലെ ഗവർണറായിരുന്ന ജൂനിയർ പ്ലിനി, ക്രിസ്ത്യാനികളുടെ കുറ്റം വ്യക്തമാക്കുന്ന അനേകം കത്തുകൾ ചക്രവർത്തിയ്ക്ക് അയക്കുകയുണ്ടായി. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ ദൈവമായി ആരാധിക്കുന്നു, പാട്ടുകൾ പാടുന്നു, റോമൻ ആരാധനാലയങ്ങളെയും ബലിപീഠങ്ങളെയും ഉപേക്ഷിക്കുന്നു തുടങ്ങിയ കുറ്റങ്ങളാണ് പ്രസ്തുത കത്തുകളിൽ ചൂണ്ടിക്കാണിച്ചിരുന്നത്. ചക്രവർത്തിയുടെ ഉത്തരവനുസരിച്ച് നിരവധി ക്രിസ്ത്യാനികളെ പ്ലിനി വിസ്തരിച്ചു. ക്രിസ്തുവിനെ തള്ളിപ്പറയാത്തവരെ ശിക്ഷിക്കുകയും അനേകരെ വധിക്കുകയും ചെയ്തു. വിസ്താരവേളയിൽ ക്രിസ്തുവിനെ തള്ളിപറഞ്ഞ് റോമൻ ദൈവങ്ങളുടേയും ചക്രവർത്തിമാരുടെയും പ്രതിമകളെ നമസ്കരിക്കരിച്ചവരെ വെറുതെ വിട്ടു. ധാരാളം ആളുകൾ പൗലോസ് പഠിപ്പിച്ച ക്രിസ്തുവിന് വേണ്ടി രക്തസാക്ഷികളായി. പീഡനങ്ങളിൽ സഹിച്ചു നിൽക്കേണ്ടതിന് ധാരാളം ആളുകൾ സന്യാസ ജീവിതം തിരഞ്ഞെടുത്തു. അവർ സ്വീകരിച്ച വിശ്വാസത്തിന് വേണ്ടി കഠിനമായ ത്യാഗങ്ങൾ സഹിച്ചു. അവസാനം ഇതിനൊരു അറുതി വരുത്തികൊണ്ട് അത് അർഹിക്കുന്ന സ്ഥാനത്ത് എത്തിച്ചേർന്നു.[1]

## റോം കുരിശുവിശ്വാസത്തിലേക്ക്

ക്രിസ്താബ്ദം 313ൽ റോമൻ ചക്രവർത്തിയായ കൊൺസ്റ്റൻറ്റൈൻ ക്രിസ്ത്യാനിയായി. അതിന് നിദാനമായ സംഭവം ഇതാണ്. ക്രിസ്താബ്ദം 306ൽ പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ ഉന്നത പദവിയിലേക്ക് കൊൺസ്റ്റൻറ്റൈൻ നിയുക്തനായി. ഇതിനെ മറ്റ് പ്രവിശ്യകളിലെ ഗവർണറായിരുന്ന മാക്സന്റെയൂസും, ലിചിനിയൂസും എതിർത്തു. എന്നാൽ ഇവരെ യുദ്ധത്തിലൂടെ പരാജയപ്പെടുത്തിക്കൊണ്ട് അദ്ദേഹം ആധിപത്യം ഉറപ്പിച്ചു. ക്രിസ്താബ്ദം 312ൽ റോമിലെ മിൾവിയൻ

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 180-181, 226.

ബ്രിഡ്ജിന് സമീപം നടന്ന യുദ്ധത്തിലൂടെയാണ് അദ്ദേഹം മാക്സ ന്റെയൂസിനെ  പരാജയപ്പെടുത്തിയത്.

പ്രസ്തുത യുദ്ധത്തിന്റെ തലേ ദിവസം രാത്രി, നാളെ എന്ത് സംഭവിക്കുമെന്ന ഉത്കണ്ഠ അദ്ദേഹത്തെ കഠിനമായി ബാധിച്ചു. ബഹുദൈവവിശ്വാസിയായ അദ്ദേഹം തന്റെ ദേവനോട് പ്രാർഥിച്ചു. ഉടനെ ആകാശത്തിൽ ഒരു കാഴ്ച കണ്ടു. ഒരു പ്രകാശവലയം, അതിനുള്ളിൽ ഒരു കുരിശിന്റെ അടയാളം. കുരിശിന്റെ തൊട്ടുതാഴെ "ഇൻ ഹോക്ക് സീഞ്ഞോ വീഞ്ചസ്" (ഈ അടയാളത്തിൽ നീ വിജയം വരിക്കും) എന്ന് രേഖപ്പെടുത്തിയിരുന്നു. ഈ ദർശനത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട അദ്ദേഹം കുരിശിന്റെ ചിഹ്നം യുദ്ധത്തിൽ ഉപയോഗിക്കുവാൻ തീരുമാനിച്ചു. കവചങ്ങളിലും പതാകകളിലും അദ്ദേഹം അത് ഉപയോഗിച്ചു. മിൾവിയൻ ബ്രിഡ്ജ് യുദ്ധത്തിൽ കൊൺസ്റ്റൻറ്റൈൻ  ജേതാവായി.

യുദ്ധത്തിൽ ലഭിച്ച വിജയം കൊൺസ്റ്റൻറ്റൈൻ ചക്രവർത്തിയെ കുരിശിൽ രക്ഷാമാർഗം കണ്ടെത്തിയ ക്രിസ്ത്യാനികളിലേക്ക് അടുപ്പിച്ചു. ക്രിസ്താബ്ദം 313 ഫെബ്രുവരിയിൽ കൊൺസ്റ്റെൻറ്റെൻ ചക്രവർത്തി ക്രിസ്തുമതത്തെ റോമൻ സാമ്രാജ്യത്വത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റേത് തികച്ചും രാഷ്ട്രീയ ലക്ഷ്യത്തോടു കൂടിയുള്ള പരിവർത്തനമായിരുന്നു. ഇതോടുകൂടി ക്രിസ്ത്യാനികൾക്ക് പീഡനങ്ങൾ അവസാനിച്ചു. ദൈവരാജ്യം സമാഗതമായെന്ന് അവർ തെറ്റിദ്ധരിച്ചു. ഒളിവിൽ കഴിഞ്ഞിരുന്ന വിശ്വാസികളെല്ലാം പകൽ വെളിച്ചത്തിലെത്തി. ഇവരുടെ ഭീതിയും പ്രവർത്തനങ്ങളുടെ രഹസ്യ സ്വഭാവവും അവസാനിച്ചു. ആദർശബോധമില്ലാത്ത ധാരാളം ബഹുദൈവാരാധകർ ക്രിസ്ത്യാനികളായി. യഥാ രാജ തഥാ പ്രജ എന്നു പറയുന്നതുപോലെ, റോമൻ ചക്രവർത്തി അംഗമായിരിക്കുന്ന മതം എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ പ്രജകളെല്ലാം ക്രിസ്ത്യാനികളായി. മതത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പൂർണമായി  പരിഹരിക്കപ്പെട്ടു.[1]

റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെട്ടതോടെ സാമ്രാജ്യത്തിന്റെ ഭരണ സമ്പ്രദായവും ക്രിസ്തുമതം അന്ധമായി അനുകരിച്ചു. അപ്പൊസ്തലൻമാരുടെ നിലപാടിനെ ധിക്കരിക്കുകയും ന്യായപ്രമാണത്തിന്റെ ഐഹിക ചട്ടക്കൂടിൽ നിന്ന്

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 214.

സ്വയം പുറത്ത് പോവുകയും ചെയ്ത പൗലോസിന്റെ അനുയായികൾ മൂന്നാം നൂറ്റാണ്ടോടെ തികച്ചും മനുഷ്യ നിർമിതമായ ഐഹിക ചട്ടക്കൂടിനുള്ളിൽ അഭയം പ്രാപിച്ചു. അങ്ങനെ ക്രിസ്തുമതവിശ്വാസികൾ പുരോഹിതൻമാരും (വൈദികർ), പുരോഹിതൻമാർ അല്ലാത്തവർ (അൽമായർ) എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. ഇതിൽ പുരോഹിത വർഗം ഭരണകർത്താക്കളായി ഒന്നാം തട്ടിലും അൽമായർ രണ്ടാം തട്ടിലുമായി. റോമൻ സ്റ്റേറ്റിന്റെ റവന്യു ഡിവിഷനുകളെ അനുകരിച്ചു കൊണ്ട് ഇടവക, രൂപത എന്നിങ്ങനെ സ്ഥാപനങ്ങൾ നിലവിൽ വന്നു. വിശ്വാസികളുടെ പ്രാദേശിക സഭയെ ഇടവകയാക്കുകയും അതിന്റെ അധികാരിയായി ഒരു വൈദികനെ നിയോഗിക്കുകയും ചെയ്തു. നിരവധി വൈദീകരുടെയും ഇടവകകളുടെയും അധിപനാണ് ബിഷപ്പ് (മെത്രാൻ). ബിഷപ്പിന്റെ അധികാരത്തിൽ വരുന്നതാണ് രൂപത. മെത്രാൻമാർക്ക് മുകളിൽ മെത്രോപ്പോലിത്തയും പിന്നെ പാത്രീയർക്കീസുമാരും വന്നു. പാത്രീയർക്കീസ്, മാർപാപ്പ എന്നീ സ്ഥാനങ്ങൾ മതത്തിന്റെ പരമാധികാരങ്ങളായി പ്രതിഷ്ഠിച്ചു. ഇപ്രകാരമുള്ള മതനേതൃത്വത്തെ നിയന്ത്രിച്ചിരുന്നത് റോമൻ ചക്രവർത്തിയായിരുന്നു.

ചക്രവർത്തിയുടെ പ്രതിനിധിയായി മാർപാപ്പ നിയോഗിക്കപ്പെട്ടു. കൊൺസ്റ്റൻറ്റൈന് സ്ത്രീധനമായി ലഭിച്ച ലാറ്ററൻ കൊട്ടാരം മാർപാപ്പയുടെ ഔദ്യോഗിക വസതിയായി. രാജകീയമായ വേഷങ്ങളും ആഢംബര ജീവിതരീതിയും ചക്രവർത്തി മാർപാപ്പയ്ക്ക് അനുവദിച്ചു. ഇപ്രകാരമുള്ള ഭൗതിക ഉന്നതി മൂലം യേശുവിനെക്കുറിച്ച് ഒന്നും അറിയാത്തവരും ബഹുദൈവാരാധകരുമായ ധാരാളം ആളുകൾ ക്രിസ്ത്യാനികളായി.[1] പുറത്തുനിന്നുള്ള പ്രശ്നങ്ങൾ അവസാനിച്ചതോടെ ക്രിസ്ത്യാനികൾക്കിടയിലെ ആശയ സംവാദങ്ങൾ ആരംഭിച്ചു. ദൈവം ഏകനാണെന്ന് വാദിച്ച ബിഷപ്പ് അരിയൂസും ത്രിയേകനാണെന്ന് വാദിച്ച ബിഷപ്പ് അത്തനേഷ്യസും തമ്മിലുണ്ടായ സംവാദങ്ങൾ ഇതിൽ പ്രധാനമാണ്. ഇപ്രകാരമുള്ള ആശയകുഴപ്പങ്ങൾ ഒഴിവാക്കി ക്രിസ്തുമതത്തിന് ഏകീകൃത സ്വഭാവം രൂപപ്പെടുത്തുന്നതിന് നിഖ്യ എന്ന സ്ഥലത്ത് ഒരു കൗൺസിൽ കൊൺസ്റ്റൻറ്റൈൻ സംഘടിപ്പിച്ചു. ഒരു മാസം നീണ്ടുനിന്ന വാദപ്രതിവാദങ്ങൾക്കു ശേഷം അധ്യക്ഷസ്ഥാനം വഹിച്ചിരുന്ന ചക്രവർത്തി ത്രിയേക സി

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 226-230.

ദ്ധാന്തത്തെ ക്രിസ്തുമതത്തിന്റെ അടിസ്ഥാനവിശ്വാസമായി പ്രഖ്യാപിച്ചു.

## മിത്രാസ് മതം

റോമൻസാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി നൂറ്റാണ്ടുകളോളം നിലനിന്ന മിത്രാസ് മതത്തെ കൊൺസ്റ്റൻറൈൻ പൂർണമായും ഉപേക്ഷിച്ചിരുന്നില്ല. തന്റെ ഭരണത്തിൻ കീഴിലുള്ള ഇവരിൽ നിന്നും തന്റെ മതപരിവർത്തനവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. മിത്രാസ് മതത്തിന്റെ ആദർശവും അനുഷ്ഠാനങ്ങളും പ്രത്യേക ദിവസങ്ങളുമൊക്കെ അല്പം ഭേദഗതിവരുത്തികൊണ്ട് ക്രിസ്തുമതത്തിലേക്ക് അദ്ദേഹം പ്രവേശിപ്പിച്ചു. ഇങ്ങനെ ഇരുകൂട്ടർക്കും അംഗീകരിക്കാൻ കഴിയുന്ന ഒരു പുതിയ മതം ക്രിസ്തുവിന്റെ പേരിൽ അദ്ദേഹം സ്ഥാപിച്ചു. ഇങ്ങനെ കുരിശിന്റെ മാർഗത്തെ കൊൺസ്റ്റൻറൈൻ വ്യവസ്ഥാപിതമാക്കിയപ്പോൾ അദ്ദേഹത്തിന്റെ പൂർവിക മതം എത്ര അളവിൽ ചേർത്തിട്ടുണ്ടെന്ന് കൂടി മനസ്സിലാക്കുന്നതിന് മിത്രാസ് മതം എന്തായിരുന്നുവെന്ന് അല്പം വിശദീകരിക്കേണ്ടതുണ്ട്.

### ഉത്ഭവം

നോഹ പ്രവാചകന്റെ കാലത്തെ ജലപ്രളയത്തിന് ശേഷം, അദ്ദേഹത്തിന്റെ മകനായ ഹാമിന്റെ മകൻ നിമ്രോദ് (നംറൂദ്) കടുത്ത ദൈവനിഷേധിയായി തീർന്നു. ലോകത്തിലെ ആദ്യത്തെ സ്വേച്ഛാധിപധിയായിത്തീർന്ന ഇദ്ദേഹം ബാബേൽ (ബാബിലോൺ) എന്ന നഗരത്തെ തലസ്ഥാനമാക്കിയാണ് ഭരിച്ചിരുന്നത്. മികച്ച വില്ലാളി വീരനായിരുന്ന അദ്ദേഹത്തിന്റെ കഴിവിൽ ധാരാളം ആളുകൾ ആകൃഷ്ടരായി. അവർ നിമ്രോദിനെ സൂര്യന്റെ അവതാരമായും, പ്രകൃതിയിലുള്ള മറ്റു ഗോളങ്ങളെയും നക്ഷത്രങ്ങളെയും ദേവന്മാരായും സങ്കൽപിച്ച് ആരാധിക്കുന്നവരായിത്തീർന്നു. ഒരിക്കൽ കൂടി ജലപ്രളയത്താൽ ദൈവം നശിപ്പിക്കാതിരിക്കേണ്ടതിന് അവർ വലിയ ഒരു ഗോപുരം പണി കഴിപ്പിച്ചു. ഇത് ബാബേൽ ഗോപുരം എന്ന പേരിൽ അറിയപ്പെടുന്നു. ഇവരുടെ സംഘടിത ശക്തി നഷ്ടപ്പെടാതിരിക്കാൻ ഇവർ ഒരു സ്ഥലത്ത് തന്നെ കൂടി താമസിക്കുവാൻ തീരുമാനിച്ചു. എന്നാൽ ദൈവം ഇവരുടെ പ്രസ്തുത ഉദ്ദേശത്തെ തകർത്തുകളഞ്ഞു. ഇവർക്ക് പരസ്പരം മനസ്സിലാക്കാൻ കഴിയാത്ത രൂപ

ത്തിൽ ഇവരുടെ ഭാഷയെ ദൈവം മാറ്റി മറിച്ചു. അങ്ങനെ ആശയവിനിമയം അസാധ്യമായപ്പോൾ ഒരോ ഭാഷ സംസാരിക്കുന്ന ആളുകൾ ഓരോരോ സ്ഥലങ്ങളിലേക്ക് മാറി പോയി താമസിച്ചു.[1]

സ്വയം ദൈവമാണെന്ന് വാദിച്ചിരുന്ന ഇവന്റെ ധിക്കാരത്തിനെതിരെ വിശ്വാസികളുടെ പിതാവായ അബ്രഹാം നടത്തിയ ധീരമായ പോരാട്ടം ഖുർആൻ വിവരിക്കുന്നുണ്ട്. അബ്രഹാമിന്റെ യൗവനത്തിൽ നടന്ന ഈ സംഭവത്തെക്കുറിച്ച് ബൈബിൾ ഒന്നും പറയുന്നില്ലെങ്കിലും യഹൂദന്മാരുടെ തൽമൂദിൽ ഇതുവളരെ വ്യക്തമായി കാണാവുന്നതാണ്.

## ആദർശം

നിമ്രോദിനെ സൂര്യദേവനായും ഭാര്യയായ സെമീറാമീസിനെ ആകാശ രാജ്ഞിയായും ജനങ്ങൾ വിശ്വസിച്ചിരുന്നു. നിമ്രോദിന് മരണം സംഭവിക്കുകയില്ലായെന്ന് അവർ വിശ്വസിച്ചിരിക്കേ, അവന് ദാരുണമായ അന്ത്യം സംഭവിച്ചു. ഈ സമയം സെമീറാമീസ് ഗർഭിണിയായിരുന്നു. ഇവർക്ക് ജനിച്ച കുഞ്ഞ് നിമ്രോദ് തന്നെയാണെന്ന് ഇവൾ പ്രചരിപ്പിച്ചു. ആ കുഞ്ഞിന്റെ പേര് നീനസെന്നും തമ്മൂസെന്നും പറയപ്പെടുന്നു. അങ്ങനെ പിതാവും പുത്രനും അമ്മയും ആരാധിക്കപ്പെടുന്ന ഒരു ത്രിത്വ വിശ്വാസം മിത്രാസ് മതത്തിന്റെ അടിസ്ഥാനമായി തീർന്നു. വിവിധ രാജ്യങ്ങളിൽ വിവിധ പേരുകളാണ് ഈ ദൈവങ്ങൾക്ക് ഉള്ളതെങ്കിലും, ആശയം ഏറെക്കുറെ ഒന്നുതന്നെയാണ്.[2]

## ക്രിസ്തുമതവും മിത്രാസ് മതവും: ഒരു താരതമ്യ പഠനം

മിത്രാസ് മതത്തിൽ നിന്നും കടമെടുത്ത കാര്യങ്ങൾ അനേകമാണെങ്കിലും പ്രധാനപ്പെട്ടവ മാത്രം സൂചിപ്പിച്ചുവിടുകയാണ്. കാരണം, ക്രൈസ്തവ ലോകത്ത് പ്രബോധനവിപ്ലവം സൃഷ്ടിച്ച പെന്തകോസ്ത് വിഭാഗങ്ങൾ ഇതെല്ലാം വിവരിച്ചുകൊണ്ട് ധാരാളം പുസ്തകങ്ങൾ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ത്രിയേകത്വം, ഉണ്ണിയേശു ആരാധന, മർയ ഭക്തി, ഞായറാഴ്ച പുണ്യ ദിനം, ക്രിസ്തുമസ്, മാമോദീസ (ശിശുസ്നാനം), വിഗ്രഹാരാധന, തിരുശേഷിപ്പ്, ദുഃഖ

1. *മഹതിയാം ബാബിലോൺ*, പുറം 27–29.
2. Ibid, പുറം 53–56.

വെള്ളി, ഈസ്റ്റർ, കുരിശ്, വിഗ്രഹങ്ങൾ എഴുന്നെള്ളിച്ചുള്ള നഗര പ്രദക്ഷിണം, പുണ്യയാത്രകൾ തുടങ്ങി ക്രിസ്തുമതത്തിലെ എണ്ണിയാൽ തീരാത്ത വിഷയങ്ങളെ മുഴുവൻ മിത്രാസ് മതത്തിന്റെ പകർപ്പായി അവർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. എന്റെ മുൻകാല സമുദായത്തിന്റെ ഈ വിഷയകമായ സംഭാവനകളെ എടുത്തുദ്ധരിക്കുന്നതിൽ ഞാൻ വളരെയധികം സന്തുഷ്ടനാണ്.

**1. ത്രിയേകത്വം**

മിത്രാസ് മതത്തിലെ മൂന്ന് ദിവ്യ വ്യക്തികളെ അനുകരിച്ചുകൊണ്ട് പിതാവ്, മാതാവായ മർയം, പുത്രനായ ക്രിസ്തു എന്നിവരടങ്ങിയ ത്രിത്വം അംഗീകരിക്കണമെന്ന് ഈജിപ്തിൽ നിന്നും വന്ന ക്രിസ്തീയ പ്രതിനിധികൾ നിഖ്യ കൗൺസിലിൽ ആവശ്യമുന്നയിച്ചിരുന്നു. ഇവരുടെ ആവശ്യം തള്ളപ്പെട്ടെങ്കിലും ഒട്ടും ശ്രേഷ്ഠത കുറയാത്ത ഒരു ഉന്നതപദവി യേശുവിന്റെ അമ്മയായ മർയമിന് കൊൺസ്റ്റൻറൈൻ വകവെച്ചു കൊടുത്തു. സർപ്പത്തിന്റെ തലയെ തകർക്കുന്നവൾ, ആകാശരാജ്ഞി, ത്രിലോക രാജ്ഞി, മദ്ധ്യസ്ഥത വഹിക്കുന്ന ദേവി, ദൈവത്തിന്റെ ആലയം, സ്രഷ്ടാവിന്റെ മാതാവ്, രക്ഷിതാവിന്റെ മാതാവ്, വണക്കത്തിന് യോഗ്യയായ കന്യക തുടങ്ങിയ ധാരാളം വിശേഷണങ്ങളാണ് മർയമിന് ക്രിസ്തുമതം വകവച്ചിരിക്കുന്നത്.[1] മർയം മരിച്ചതിന് ശേഷം യേശുവിനെ പോലെ മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റുവെന്നും സ്വർഗത്തിലേക്ക് ആരോഹണം ചെയ്യപ്പെട്ടുവെന്നും ക്രിസ്തുമതം പ്രചരിപ്പിക്കുന്നു.[2]

ഇതെല്ലാം മിത്രാസ് ദേവിയായിരുന്ന സെമീറാമീസിന്റെ പദവികളാണെന്ന് തെളിയിച്ചുകൊണ്ട് പൗരോഹിത്യ സഭകളെ മറുപക്ഷം പ്രതികൂട്ടിൽ കയറ്റി. ഗത്യന്തരമില്ലാതെ വന്നപ്പോൾ, അന്യമതങ്ങളിൽ നിന്നും പലകാര്യങ്ങളും ക്രിസ്തുമതത്തിലേക്ക് എടുത്തിട്ടുണ്ടെന്ന് അവർ സമ്മതിച്ചു. എന്നാൽ ഇങ്ങനെയുള്ള അന്യമതവിശ്വാസാചാരങ്ങളെ ശുദ്ധീകരിച്ച് അഥവാ കഥയും പേരും മാറ്റി ക്രിസ്തുമതത്തിലേക്ക് പ്രവേശിപ്പിക്കുവാൻ സഭാപിതാക്കൻമാർക്ക് അധികാരമുണ്ടെന്നാണ് ഇപ്പോൾ നിലനിൽപ്പിനുവേണ്ടി പറയുന്നത്. ഈ മറുപടിയിൽ തൃപ്തരല്ലാത്ത അനേകം ആളുകൾ പൗരോഹിത്യ സഭകളിൽ നിന്നും കൊഴിഞ്ഞു പോയ്ക്കൊണ്ടിരിക്കുന്നു.

1. *മഹതിയാം ബാബിലോൺ*, പുറം 53-78.
2. Ibid, പുറം 106-109.

**2. ഉണ്ണിയേശു ആരാധന**

ശിശുവായ തമ്മൂസിനെ മിത്രാസുകാർ ആരാധിച്ചതു പോലെ ശിശുവായ യേശുവിനെയും ക്രിസ്തുമതം ആരാധിക്കുന്നു. യുവാവായ യേശുവിനെ കുറിച്ച് അറിയുന്നവർ പിന്നെയും ശിശുവിനെ ആരാധിക്കാൻ വെമ്പൽ കൊള്ളുന്നു. ഇൻഫന്റ് ജീസസ് അഥവാ ഉണ്ണിയേശു റോമൻ കത്തോലിക്ക വിഭാഗത്തിന്റെ ചിഹ്നമായി തന്നെ മാറിയിട്ടുണ്ട്.(1)

**3. ക്രിസ്തുമസ്സ്**

യൂൾ ഡേ (ശിശുവിന്റെ ദിവസം) എന്ന പേരിലും ക്രിസ്തുമസ് അറിയപ്പെടുന്നു. യേശുവിന്റെ ജന്മദിനം ഡിസംബർ 25 അല്ലായെന്ന് ഇപ്പോൾ സമ്മതിക്കുന്നുണ്ടെങ്കിലും ആചാരങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ ദിവസം കൃത്യമായി എങ്ങനെ തിരഞ്ഞെടുത്തുവെന്ന് അന്വേഷിച്ചാൽ മിത്രാസ് മതത്തിലെ ശിശുവായ തമ്മൂസിന്റേതാണെന്ന് കണ്ടെത്തുവാൻ സാധിക്കും.(2)

**4. കുരിശ്**

ആദ്യകാല ക്രൈസ്തവർ അടയാളമായി മൽസ്യത്തെ ഉപയോഗിച്ചിരുന്നതായിട്ടാണ് മനസിലാകുന്നത്. കൊൺസ്റ്റൻറൈന്റെ ഇടപെടലോടു കൂടെയാണ് തമ്മൂസിന്റെ അടയാളമായ കുരിശ് ക്രിസ്തുമതത്തിന്റെ ചിഹ്നമായത്. ശിശുവിന്റെ പേരായ തമ്മൂസ് എന്ന പദത്തിന്റെ ആദ്യക്ഷരമായ 'തൗ' എന്നതിന്റെ ലിപി കുരിശ് ആകൃതിയിലായിരുന്നു. ഈ അടയാളം നെറ്റിമേൽ വരയ്ക്കുകയും നെഞ്ചിൽ ഒരു രക്ഷയായി കെട്ടി തൂക്കിയിടുകയും ചെയ്യുന്ന ഏർപ്പാട് മിത്രാസ് മതത്തിലുണ്ടായിരുന്നു. ഇവിടെയും പുത്രനായ തമ്മൂസിന് പകരം പുത്രനായ യേശുവെന്ന് കഥ മാറ്റുക മാത്രം ചെയ്തിരിക്കുന്നു.(3)

**5. സമൂഹപ്രാർഥനയുടെ ദിശ**

യഹൂദൻമാർക്ക് രണ്ട് വിധത്തിലുള്ള പ്രാർഥനയുണ്ടായിരുന്നു. ഒന്ന്, സമൂഹം മുഴുവൻ ഒന്നായി തീർന്നുകൊണ്ടുള്ള പ്രാർഥന. ഇത് നിർവഹിച്ചിരുന്നത് യെരുശലേം ദേവാലയത്തെ ദിശയാക്കിയാണ്. മറ്റൊന്ന്, വ്യക്തിപരമായ പ്രാർഥന. ഇവയ്ക്ക് ദിശയൊന്നുമില്ലാ

---

1. *മഹതിയാം ബാബിലോൺ*, പുറം 58-65.
2. Ibid, പുറം 84-90.
3. Ibid, പുറം 203-209.

തെ എപ്പോൾ വേണമെങ്കിലും, എങ്ങനെവേണമെങ്കിലും പ്രാർഥിക്കാവുന്നതാണ്. ക്രിസ്തു മാർഗികളായ യെരുശലേം സഭയെ സംബന്ധിച്ചിടത്തോളം സമൂഹ പ്രാർഥനയ്ക്കായി അവർ ദേവാലയത്തിലേക്ക് പോകുകയും വ്യക്തിപരമായ പ്രാർഥനയ്ക്ക് വേണ്ടി അവർ സഭ കൂടുകയുമാണ് ചെയ്തിരുന്നത്. ഈ സഭാ പ്രാർഥനയ്ക്ക് പ്രത്യേകമായ രൂപങ്ങളോ, ദിശയോ പാലിക്കേണ്ടതില്ല.

എന്നാൽ പൗലോസിന്റെ സഭയ്ക്ക് യഹൂദൻമാരുടെ പ്രാർഥനകളുമായി യാതൊരു ബന്ധവുമില്ലായിരുന്നു. അവർക്കാകെയുള്ളത് സഭയ്ക്കുള്ളിൽ നടത്തപ്പെടുന്ന വ്യക്തിപരമായ പ്രാർഥനകൾ മാത്രമാണ്. പിൽക്കാലത്ത് പൗലോസിന്റെ സഭ മിത്രാസ് മതത്തിന്റെ പുറംചട്ടയണിഞ്ഞതോടെ സൂര്യന്റെ ഉദയസ്ഥാനമായ കിഴക്ക് ക്രിസ്ത്യാനികളുടെ ദിശയായി മാറി. പക്ഷേ സൂര്യദേവന്റെ ദിശ എന്നു പറയുവാൻ ലജ്ജിച്ച ഇവർ തങ്ങളുടെ മതത്തിന്റെ ഉദയസൂര്യനാണ് യേശു എന്നും ഈ അടിസ്ഥാനത്തിലാണ് ഞങ്ങൾ കിഴക്കിനെ ദിശയാക്കുന്നതെന്നും തെളിവുനിരത്തുന്നു.

**6. വിഗ്രഹാരാധന**

> മീതെ ആകാശത്തിലോ, താഴെ ഭൂമിയിലോ ഉള്ള യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കരുത്. അവയെ വണങ്ങുകയോ ആരാധിക്കുകയോ ചെയ്യരുത്.
>
> (പുറ 20:4)

ഇത്ര വ്യക്തമായ നിയമം കയ്യിൽ വച്ച് കൊണ്ട് തന്നെ, പുത്രന്റെയും മാതാവിന്റെയും കുരിശിന്റെയും പുണ്യാവാളൻമാരുടെയും വിഗ്രഹങ്ങൾ ക്രിസ്തുമതം സൃഷ്ടിച്ചു. വിഗ്രഹാരാധനയുടെ തുടക്കക്കാരായ മിത്രാസ് മതക്കാരെ മനപരിവർത്തനമില്ലാതെ മതംമാറ്റിയപ്പോൾ ചെയ്ത വിട്ടുവീഴ്ചയുടെ മറ്റൊരു ഉദാഹരണമാണിത്. വിഗ്രഹത്തിന്റെ പേര് മാറി പുതിയത് വന്നു എന്നല്ലാതെ മിത്രാസുകാരെ കൂടുതൽ ബുദ്ധിമുട്ടിക്കാതിരിക്കാൻ ക്രൈസ്തവ പിതാക്കൾ പ്രത്യേകം ശ്രദ്ധിച്ചു.

മേൽപറയപ്പെട്ട കാര്യങ്ങളെല്ലാം സമർഥിച്ച് ക്രൈസ്തവ പണ്ഡിതനും ക്രിസ്തുമതത്തിലെ നവീകരണ പ്രവർത്തനം നിർവഹിക്കുന്ന ഇന്ത്യൻ പെന്തകോസ്ത് ദൈവസഭയുടെ സ്ഥാപകനുമായ പാസ്റ്റർ ഡോ. കെ.ഇ. എബ്രഹാം, *മഹതിയാം ബാബിലോൺ* എന്ന ഒരു പുസ്തകം എഴുതിയിട്ടുണ്ട്. ധാരാളമായി വിറ്റഴിക്കപ്പെട്ട

ഈ പുസ്തകത്തിന്റെ പത്താം പതിപ്പും ഇപ്പോൾ ഇറങ്ങിയിട്ടുണ്ട്. ഇതിന്റെ രണ്ടാം പതിപ്പിന്റെ മുഖവുരയിൽ അദ്ദേഹം അവകാശപ്പെടുന്നത് ഇങ്ങനെയാണ്.

> റോമാസഭയുടെ ഉപദേശാചാരങ്ങൾ മിക്കവാറും എല്ലാംതന്നെ പുരാതന ബാബിലോന്യ (മിത്രാസ്) മതത്തിൽ നിന്നും പരിവർത്തനം ചെയ്യിച്ചവയെന്നു പ്രസ്പഷ്ടമാക്കുന്ന ഗ്രന്ഥം ഇറങ്ങിയിട്ടു മുപ്പതോളം വർഷങ്ങളായെങ്കിലും അവ ബാബിലോണ്യ മതത്തിൽ നിന്നു വന്നിട്ടുള്ളവയല്ലെന്ന് സ്ഥാപിച്ചു ഇതിനു ഒരു ഖണ്ഡനം എഴുതുവാൻ റോമാമതസ്ഥർക്കു കഴിഞ്ഞിട്ടില്ല. നേരെ മറിച്ച്, ഇതു പ്രസിദ്ധപ്പെത്തിയ ആയിടയ്ക്കു റോമൻ കത്തോലിക്കാ പത്രമായ സത്യദീപം ഈ പുസ്തകത്തിലെ എന്റെ വാദങ്ങളെ സമ്മതിച്ചുള്ള ഒരു മുഖപ്രസംഗം എഴുതുകയാണുണ്ടായത്. ബാബിലോന്യ തുടങ്ങിയുള്ള ജാതികളുടെ (അന്യമതസ്ഥരുടെ) ഇടയിലെ ആചാര നടപടികളെ ശുദ്ധീകരിച്ച് സഭയിലേക്കു പകർത്തുവാൻ സഭയ്ക്ക് അധികാരം ഉള്ളതാകയാൽ അപ്രകാരം ചെയ്തിട്ടുള്ളതാകുന്നു എന്നിങ്ങനെ സമ്മതിച്ചു പറയുക തന്നെ ചെയ്തിരിക്കയാണ്.

ഇപ്പോൾ കാര്യങ്ങൾ വ്യക്തമാണ്. സത്യമാർഗത്തിൽ നിന്ന് തെറ്റിപ്പിരിഞ്ഞ ക്രിസ്ത്യാനികൾ, അവസാനം ചെന്നു പതിച്ചിരിക്കുന്നത് അബ്രഹാം പിതാവിനോട് ശത്രുത പുലർത്തിയ നിമ്രോദിന്റെ മതത്തിലാണ്. പൗലോസിന് പ്രത്യക്ഷപ്പെട്ട കർത്താവും കൊൺസ്റ്റൻറൈന് പ്രത്യക്ഷപ്പെട്ട കർത്താവും കുരിശിലൂടെയുള്ള രക്ഷയാണ് പറയുന്നത്. ഏതായാലും ശരി, ശാപത്തിന്റെ അടയാളമായി മോശൈക ന്യായപ്രമാണം വ്യക്തമാക്കിയ കുരിശിനെ രക്ഷയുടെ അടയാളമായി കണ്ടത് പൗലോസും കൊൺസ്റ്റൻറൈനും മാത്രമാണെന്നും ഇതിന് നിമിത്തമായതാകട്ടെ ഇവർക്ക് മാത്രമുണ്ടായ വെളിപ്പാടുകളാണെന്നതും പച്ചപരമാർഥം.

അപ്പൊസ്തലൻമാരും പൗലോസും സഞ്ചരിച്ചത് ഒരേ മാർഗത്തിലൂടെയെന്ന് സ്ഥാപിക്കുകയായിരുന്നു പിൽക്കാലത്ത് വന്ന ഓരോ ക്രൈസ്തവ ചരിത്രകാരൻമാരുടെയും പ്രധാനലക്ഷ്യം. ഇങ്ങനെ ഒരിക്കലും യോജിക്കാത്ത അപ്പൊസ്തലൻമാരുടെ ക്രിസ്തുമാർഗത്തെയും പൗലോസിന്റെ കുരിശു മാർഗത്തെയും ഒരുമിച്ച് ഒരു സാങ്കൽപിക സഭയിൽ ഇവർ കുടിയിരുത്തി. ഇടക്കാലത്ത് നിലച്ച് പോയ അപ്പൊസ്തലൻമാരുടെ സത്യമാർഗത്തിലേക്ക് പൗലോസി

ന്റെ കുരിശുമാർഗത്തെ വിളക്കിച്ചേർക്കുകയും അവിടെ നിന്ന് ഒരു നേർരേഖ വരച്ച് ഇന്നത്തെ ക്രിസ്ത്യാനികളിലേക്ക് എത്തിക്കുകയും ചെയ്തു. അപ്പോൾ ക്രിസ്തുവിൽ നിന്ന് ആരംഭിച്ച്, പന്ത്രണ്ട് അപ്പൊസ്തലൻമാരോടൊപ്പം പൗലോസും കൂടി ഒരുമിച്ച് പരിശ്രമിച്ച് വളർത്തിയെടുത്തതാണ് ക്രിസ്തുമതം എന്ന ഒരു വമ്പൻ കെട്ടുകഥ ക്രൈസ്തവ ചരിത്രകാരൻമാർ ലോകത്തിന് സമ്മാനിച്ചു. എന്നാൽ ബൈബിൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ചരിത്രം നിരൂപണവിധേയമാക്കിക്കൊണ്ട് പുനരന്വേഷിച്ചപ്പോൾ ലഭിച്ച സത്യസന്ധമായ വിവരണമാണ് ഇപ്പോൾ നിങ്ങൾക്ക് മുമ്പിലുള്ളത്.



**സെമീറാമീസും തമ്മൂസും** **മർയമും ഉണ്ണിയേശുവും**

**Kitto's Illustrated Commentory (Vol. IV.P.31)**
**മഹതിയാം ബാബിലോൺ**



**തമ്മൂസിന്റെ ആദ്യാക്ഷരമായ 'തൗ'വിന്റെ രൂപം**

(*മഹതിയാം ബാബിലോൺ* എന്ന ഗ്രന്ഥത്തിൽ നിന്നും)

# അഞ്ച്

## നവീകരണം പാതിവഴിയിൽ

### ക്രിസ്തുമതം ഭൂലോകം നിറയുന്നു

പൗലോസിന്റെ ദുരുപദേശത്തോടൊപ്പം കൊൺസ്റ്റെൻറൈന്റെ മിത്രാസ് മതവും കൂടി ചേർന്നതോടെ ഒരു സമ്പൂർണ പ്രാകൃത വ്യവസ്ഥയായി ക്രിസ്തുമതം അധഃപതിച്ചിരുന്നു. റോമൻ സാമ്രാജ്യത്തോടുള്ള വിധേയത്വവും ഭൗതീക വിഷയത്തോടുള്ള ആസക്തിയും മൂലം ക്രൈസ്തവ പിതാക്കൻമാർ ഇതിനോടെല്ലാം 'ദീർഘക്ഷമയും മഹാദയയും' വച്ച് പുലർത്തി.

ക്രിസ്താബ്ദം 330ൽ കൊൺസ്റ്റെൻറൈൻ ചക്രവർത്തി തുർക്കിയിലെ ഇസ്താംബുൾ എന്ന പട്ടണം പുതുക്കി പണിത് ആകർഷണീയമാക്കി. കൊൺസ്റ്റെൻറൈന്റെ പട്ടണം എന്ന അർഥത്തിൽ കൊൺസ്റ്റെൻറ്റാനിപ്പോൾ എന്ന് നാമകരണം ചെയ്യുകയും തന്റെ സാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമായി ഇതിനെ മാറ്റുകയും ചെയ്തു.(1) ഇങ്ങനെ ക്രിസ്തുമതത്തിന് രണ്ട് പ്രധാന നേതൃത്വങ്ങൾ ലഭിച്ചു. ഒന്ന്, റോമിനെ ആസ്ഥാനമാക്കി മാർപാപ്പ നയിക്കുന്ന പാശ്ചാത്യ സഭകളും അഥവാ ലത്തീൻ സഭകളും, മറ്റൊന്ന് കൊൺസ്റ്റെൻറ്റാനിപ്പോളിനെ കേന്ദ്രമാക്കി പാത്രീയർക്കീസ് നയിക്കുന്ന പൗരസ്ത്യ അഥവാ ഗ്രീക്ക് സഭകളും. ക്രിസ്താബ്ദം അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാർപാപ്പ സ്ഥാനത്തേക്ക് ഗ്രിഗറി ഒന്നാമൻ

---

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 229.

ഉപവിഷ്ടനായതോടെ, എല്ലാ ക്രിസ്തുസഭകളുടെയും പരമാധികാരം തനിക്കാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. പലപ്പോഴും പൗരസ്ത്യസഭകളുടെ അധിപനായ പാത്രീയർക്കീസിന്റെ അധികാര മേഖലയിലും ഗ്രിഗറി ഒന്നാമൻ ഇടപെട്ടു. ഇത് ഇവർക്കിടയിൽ അൽപമല്ലാത്ത അലോസരം സൃഷ്ടിച്ചു.

ക്രിസ്താബ്ദം ആറാം നൂറ്റാണ്ട് മുതൽ പതിനാറാം നൂറ്റാണ്ട് വരെയുള്ള ദീർഘമായ കാലഘട്ടത്തെ ക്രൈസ്തവ ചരിത്രകാരൻമാർ 'അന്ധകാര കാലം' എന്നാണ് വിശേഷിപ്പിക്കുന്നത്. മാർപാപ്പയുടെ ഏക ഭരണത്തിൻ കീഴിലായിരുന്നു എല്ലാ രാജ്യങ്ങളിലെയും, പ്രധാനമായും പാശ്ചാത്യ രാജ്യങ്ങളിലെ പ്രാദേശിക സഭകൾ. സാർവത്രികം അഥവാ കാതോലിക്കം എന്ന അർഥത്തിൽ ഇവയെല്ലാം മാർപാപ്പയുടെ കത്തോലിക്ക സഭകളാണ്. ഈ സഭകളുടെയെല്ലാം വരുമാനം ചെന്നെത്തുന്നത് മാർപാപ്പയിലേക്കാണ്. അന്ന് രാജാക്കന്മാരുടെ അധികാരം ഉപയോഗിച്ചുള്ള കൂട്ട മതംമാറ്റമായിരുന്നു സഭയുടെ വളർച്ചയ്ക്കുള്ള പ്രധാന മാർഗം. മാർപാപ്പയ്ക്ക് ലഭിക്കുന്ന വെളിപാടുകളും സുന്നഹദോസ് തീരുമാനങ്ങളും ചാക്രിക ലേഖനകളും ക്രിസ്തുമതത്തിന്റെ ആധികാരിക സ്രോതസുകളായി പരിഗണിച്ചിരുന്നു. ബൈബിൾ എത്ര പുസ്തകമാണന്ന് ക്ലിപ്തമാക്കപ്പെട്ടിരുന്നില്ല. അത് വായിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള അധികാരം സഭാനേതൃത്വത്തിന് മാത്രമായിരുന്നു. പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് ബൈബിൾ അപ്രാപ്യമായിരുന്നു. രാജാക്കൻമാർ കീഴടക്കുന്ന ഒരോ രാജ്യങ്ങളുടെയും മതാധിപത്യം സ്വാഭാവികമായും മാർപാപ്പയിൽ എത്തിചേർന്നു.

ആറാം നൂറ്റാണ്ടിൽ മുഹമ്മദിﷺന്റെ പ്രവാചകത്വത്തോടെ ക്രിസ്തുമതത്തിന്റെ ആദർശത്തിനും റോമിന്റെയും കൊൺസ്റ്റാന്റിനോപ്പിളിന്റേയും രാഷ്ട്രീയ ശക്തിക്കും ഉലച്ചിൽ സംഭവിച്ചു. ഇസ്‌ലാമിന്റെ കടന്നുവരവിനെ പ്രതിരോധിക്കുവാൻ ക്രിസ്തുമതം നിർബന്ധിതരായി. ആദ്യം മാർപാപ്പയുടെ ആശിർവാദത്തോടെ ക്രിസ്ത്യാനികളായ രാജാക്കൻമാരായിരുന്നു യുദ്ധത്തിന് തയ്യാറായതെങ്കിൽ, പിന്നീട് മാർപാപ്പ തന്നെ നേരിട്ട് പ്രധാനമായും എട്ട് കുരിശ് യുദ്ധങ്ങൾ നയിക്കുകയുണ്ടായി. പണ്ട് കൊൺസ്റ്റെൻറ്റൈൻ ചെയ്തത് പോലെ, യുദ്ധത്തിൽ ഉപയോഗിച്ചിരുന്ന പതാകകളിലും പടയാളികളുടെ

വസ്ത്രത്തിലും ആയുധങ്ങളിലുമെല്ലാം കുരിശടയാളം രേഖപ്പെടുത്തിയിരുന്നു. ഇരുക്കുട്ടരും വിശുദ്ധനഗരമായി കരുതുന്ന യെരുശലേമിന് വേണ്ടിയായിരുന്നു അധിക യുദ്ധങ്ങളും. ജയപരാജയങ്ങൾ ഇരുക്കൂട്ടർക്കുമിടയിൽ മാറിമറിഞ്ഞു.

ഇസ്‌ലാമിൽ നിന്നും കൊൺസ്റ്റാന്റിനോപ്പിളിനെ സംരക്ഷിക്കാൻ ചെന്ന മാർപാപ്പയുടെ സൈന്യം ഒരു പ്രത്യേക സാഹചര്യത്തിൽ ആ നാട്ടുകാർക്ക് തന്നെ എതിരായി തീർന്നു. പൈശാചികമായ ആക്രമണം അഴിച്ചുവിട്ട സൈന്യം, അധികം താമസിയാതെ ഒരു ലത്തീൻ സാമ്രാജ്യവും ലത്തിൻ പാത്രിയർക്കേറ്റും അവിടെ സ്ഥാപിച്ചു. പൗരസ്ത്യ സഭകളുടെ മേൽ അധികാരം സ്ഥാപിക്കാനുള്ള മാർപാപ്പയുടെ പ്രസ്തുത തന്ത്രം ഭാവിയിൽ പരാജയപ്പെടുകയും കൂടുതൽ പൗരസ്ത്യ നാടുകളും, സഭകളും അതോടൊപ്പം മാർപാപ്പ സ്ഥാപിച്ച ലത്തീൻ പാത്രീയർക്കേറ്റ് പോലും കൊൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിന് കീഴിൽ അണിനിരന്നു. മേൽപറഞ്ഞ രാഷ്ട്രീയ കാരണങ്ങളോടൊപ്പം ഉപദേശ സംബന്ധമായ അഭിപ്രായ വ്യത്യാസങ്ങളും ഇവർക്കിടയിൽ ഉണ്ടായി. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുമെന്ന് മാർപാപ്പ വിഭാഗവും പിതാവിൽ നിന്ന് മാത്രമെന്ന് പാത്രീയർക്കീസ് വിഭാഗവും വാദിച്ചു. ചുരുക്കത്തിൽ, ക്രിസ്താബ്ദം 1054 ൽ ക്രൈസ്തവ വിഭാഗങ്ങൾ എല്ലാ അർഥത്തിലും രണ്ടായി തീർന്നു.[1]

## മാർട്ടിൻ ലൂഥറും നവീകരണ പ്രവർത്തനങ്ങളും

കൊൺസ്റ്റെൻറ്റൈൻ ചക്രവർത്തി പണിത സെന്റ് പീറ്റേഴ്സ് ബസലിക്ക പള്ളിയുടെ പുനർനിർമാണവുമായി ബന്ധപ്പെട്ട് പതിനഞ്ചാം നൂറ്റാണ്ടിൽ മാർപാപ്പയായിരുന്ന ലിയോ പത്താമൻ പണം സമാഹരിക്കുന്നതിന് ഒരു പാപമോചനചീട്ട് പുറത്തിറക്കുകയുണ്ടായി. മുൻപ് ചെയ്തതും, ചെയ്യാൻ പോവുന്നതുമായ എല്ലാ പാപങ്ങളും പൊറുക്കപ്പെടുന്നതിനോടൊപ്പം ധാരാളം ഭൗതിക അനുഗ്രഹങ്ങളും പാപമോചനചീട്ടിന്റെ ഗുണമായി അദ്ദേഹം അവതരിപ്പിച്ചു. ജനങ്ങളുടെ വിശ്വാസ ദൗർബല്യം പരമാവധി ചൂഷണം ചെയ്ത് കൊണ്ടുള്ള ഈ കച്ചവടം ജർമനിയിലെ വിറ്റൻബർഗിൽ എത്തിയപ്പോൾ സന്യാസി വൈദികനായ മാർട്ടിൻ ലൂഥർ ഇതിനെതിരെ

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 270-290.

പ്രതികരിച്ചു.

പൗലോസ് എഴുതിയ റോമ, ഗലാത്യ ലേഖനങ്ങളിൽ വിശ്വാസ സംഹിത ഉറപ്പിച്ചിരുന്ന ലൂഥർക്ക് പ്രവൃത്തിയിലൂടെയുള്ള (മതകർമങ്ങൾ) നീതികരണം അംഗീകരിക്കാൻ കഴിയുന്നതല്ല. അന്ന് പ്രവൃത്തിയെന്ന് പൗലോസ് ഉദ്ദേശിച്ചത് ദൈവിക കൽപനയായ മോശൈക ന്യായപ്രമാണത്തെ സംബന്ധിച്ചായിരുന്നുവെങ്കിൽ, ലൂഥറിന് മുമ്പിലുണ്ടായിരുന്നത് മാർപാപ്പയുടെ മാനുഷിക പ്രമാണങ്ങളായിരുന്നു എന്നതാണ് കാതലായ വ്യത്യാസം മാത്രം. പൗലോസിന്റെ ആശയങ്ങളിൽ അടിയുറച്ച് നിന്ന ലൂഥർ മാർപാപ്പയുടെ ഭീഷണിയ്ക്ക് വഴങ്ങിയില്ല. ജർമൻ രാജാവായ ഫ്രെഡറിക്കും മറ്റ് ചില രാജാക്കൻമാരും ബഹുഭൂരിപക്ഷം ജർമൻകാരും ലൂഥറിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചതോടെ, നിമ്രോദിൽ നിന്നും പൗലോസിലേക്കുള്ള മടക്കയാത്ര അഥവാ ക്രിസ്തുമതത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കത്തോലിക്ക സഭയുടെ തീരുമാനങ്ങളെ എതിർത്ത ലൂഥറിന്റെ ആളുകൾ പ്രൊട്ടസ്റ്റന്റ് (പ്രതിഷേധിച്ചവർ) എന്ന് പേരിൽ അറിയപ്പെട്ടു.[(1)]

## മാർട്ടിൻ ലൂഥറുടെ ദൈവശാസ്ത്രം

അദ്ദേഹത്തിന്റെ ദൈവശാസ്ത്രം പ്രധാനമായും മൂന്ന് പ്രസ്താവനകളാണ്.

1. സോളാ സ്ക്രിപ്ത്തൂരാ - വചനം മാത്രം മതി.
2. സോളാ ഫീദെസ് - നീതികരണം വിശ്വാസത്താൽ മാത്രം.
3. സോളാ ഗ്രാസിയാ - രക്ഷ ദൈവകൃപകൊണ്ടു മാത്രം.

പാരമ്പര്യങ്ങൾക്കും സുന്നഹദോസ് തീരുമാനങ്ങൾക്കും പ്രാധാന്യം നൽകിവന്നിരുന്ന ക്രൈസ്തവരിൽ, ബൈബിളിന്റെ പ്രസക്തി ചൂണ്ടികാണിച്ചതും സ്ഥാപിക്കുന്നതും ലൂഥറാണ്. ജർമൻ ഭാഷയിലേക്ക് ബൈബിളിന്റെ ഒരു വിവർത്തനം അദ്ദേഹം തയ്യാറാക്കുകയും പൊതുജനങ്ങൾക്ക് വായിക്കാൻ സാഹചര്യം ഒരുക്കുകയും ചെയ്തു. സോളാ സ്ക്രിപ്ത്തുരാ അഥവാ വചനം മാത്രം മതി എന്ന അദ്ദേഹത്തിന്റെ ആഹ്വാനത്തിലൂടെ മറ്റ് പാരമ്പര്യ പുസ്തകങ്ങളുടെ കൂട്ടത്തിൽ നിന്നും ബൈബിളിന് മോചനം ലഭിച്ചു.

---

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 332-346.

എന്നാൽ ലൂഥർ പോലും ഇന്ന് നിലവിലുള്ള 66 പുസ്തകങ്ങളുള്ള ബൈബിളിനെ അംഗീകരിച്ചിരുന്നില്ല എന്നതാണ് മറ്റൊരു സത്യം. അദ്ദേഹത്തിന്റെ പുതിയ നിയമ കാനോനിൽ യൂദായുടെ ലേഖനം, യാക്കോബിന്റെ ലേഖനം, വെളിപാട് പുസ്തകം, എബ്രായ ലേഖനം തുടങ്ങിയവ ഉണ്ടായിരുന്നില്ല. മാത്രമല്ല, നീതികരണത്തിന് പ്രവൃത്തി ആവശ്യമില്ലായെന്ന് പൗലോസിന്റെ ലേഖനങ്ങളിൽ നിന്നും പഠിച്ച ലൂഥറിന്, പ്രവൃത്തിയെ കുറിച്ച് അധികമായി സംസാരിക്കുന്ന യാക്കോബിന്റെ ലേഖനത്തെ വിമർശിക്കാതിരിക്കാനും സാധിച്ചിരുന്നില്ല. ചുരുക്കത്തിൽ, പതിനഞ്ചാം നൂറ്റാണ്ടിലെ ബൈബിൾ വാദിയായ വൈദികന് പോലും ഇന്നത്തെ ബൈബിൾ സ്വീകാര്യമല്ലായെന്ന്  തെളിയുന്നുണ്ട്.[1]

ലൂഥറിന്റെ നവീകരണചിന്തകളിൽ ആകൃഷ്ടരായ അൾറിക് സ്വിംഗ്ലി, ജോൺ കാൽവിൻ, ഇറാസ്മസ് തുടങ്ങിയ പ്രഗൽഭർ മാർപാപ്പയ്ക്ക് എതിരായി ശബ്ദിച്ചു. അതോടൊപ്പം, ചില വിഷയങ്ങളിൽ നവീകരണ നേതാക്കന്മാർ തമ്മിലും രൂക്ഷമായ തർക്കവിതർക്കങ്ങൾ അരങ്ങേറി. ഇങ്ങനെ ബൈബിളിൽ നിന്നും തെളിവുകൾ  ഉദ്ധരിച്ച് നടത്തപ്പെട്ട സംവാദങ്ങൾ, ആ ഗ്രന്ഥത്തിന്റെ പ്രസക്തി വർദ്ധിക്കാൻ കാരണമായി തീർന്നു. ക്രൈസ്തവരുടെ ആചാരാനുഷ്ഠാനങ്ങൾ കെട്ടിപ്പെടുക്കുന്നതിൽ അതുവരെയും നിർണായക സ്വാധീനമില്ലാതിരുന്ന ബൈബിളിന്, ഇവിടുന്നങ്ങോട്ട് ശക്തമായ സ്വാധീനം ലഭിക്കുകയുണ്ടായി.[2]

പ്രൊട്ടസ്റ്റന്റുകാരെ രാഷ്ട്രീയമായും ആദർശപരമായും കത്തോലിക്ക സഭ നേരിട്ടു. ധാരാളം ആളുകൾ വധിക്കപ്പെട്ടു. നവീകരണ പ്രവർത്തനങ്ങളെ തടയുന്നതിന് കത്തോലിക്ക സഭ ബദൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്രിസ്താബ്ദം 1545-1563ൽ തെന്ത്രോസ് സുന്നഹദോസ് വിളിച്ചുകൂട്ടി കത്തോലിക്ക സഭ സുപ്രധാനമായ പല തീരുമാനങ്ങളുമെടുത്തു. ബൈബിളിനോടൊപ്പം പാരമ്പര്യങ്ങളും ദൈവിക സ്രോതസ്സുകളാണ്, പാപ്പാധിപത്യം, വൈദീക ബ്രഹ്മചര്യം, ബസ്പുർക്കാന (ശുദ്ധീകരണ സ്ഥലം), ബൈബിളിൽ 73 പുസ്തകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്, മർയ ഭക്തി, മതകുറ്റവിചാരണ തുടങ്ങി ധാരാളം കാര്യങ്ങളിൽ സുന്നഹദോസ് തീരുമാനമെടുത്തു.[3]

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 352,353.
2. Ibid, പുറം 348,349.
3. Ibid, പുറം 358-360.

## ഇംഗ്ലണ്ടിൽ നവീകരണം ശക്തിപ്പെടുന്നു

ഇതിനിടയിൽ റോമും ഇംഗ്ലണ്ടും തമ്മിൽ ഇടഞ്ഞു. വിവാഹ സംബന്ധമായ ഒരു പ്രശ്നത്തിൽ ഹെൻട്രി എട്ടാമൻ രാജാവും മാർപാപ്പയും തമ്മിൽ ഭിന്നത ഉടലെടുക്കുകയും ഇതിന്റെ പ്രതികാരമായി പ്രൊട്ടസ്റ്റന്റ് പ്രവർത്തനത്തെ രാജാവ് സഹായിക്കുകയും ചെയ്തു. സ്വതന്ത്ര സഭകളായി നിലകൊള്ളുവാനുള്ള പ്രൊട്ടസ്റ്റന്റുകാരുടെ ആഗ്രഹം രാജാവ് അനുവദിച്ചു കൊടുത്തു. അദ്ദേഹത്തിന് ശേഷം അധികാരത്തിലെത്തിയ മേരി രാജ്ഞി മാർപാപ്പയുമായി പിന്നെയും ബന്ധം സ്ഥാപിച്ചെങ്കിലും തുടർന്ന് വന്ന എലിസബത്ത് രാജ്ഞി റോമുമായുള്ള സകല ബന്ധവും വിച്ഛേദിക്കുകയും കത്തോലിക്കർക്കെതിരായി ക്രൂരമായ മർദ്ദനം അഴിച്ചുവിടുകയും ചെയ്തു. ഈ സാഹചര്യം നവീകരണവാദികൾക്ക് മേൽക്കോയ്മ ലഭിക്കുന്നതിന് മറ്റൊരു രാഷ്ട്രീയ കാരണമായി തീർന്നു.[1]

## കൊളോണിയലിസം

പതിനാറാം നൂറ്റാണ്ടിൽ കപ്പൽ യാത്രകളിലൂടെ ധാരാളം ഭൂപ്രദേശങ്ങളും രാജ്യങ്ങളും കണ്ടെത്തുകയുണ്ടായി. അന്നത്തെ പ്രമുഖ നാവിക ശക്തികളായ പോർച്ചുഗീസിനെയും സ്പെയിനിനെയും കൂട്ടുപിടിച്ച് കത്തോലിക്ക സഭ ക്രിസ്തുമത കോളനികൾ സ്ഥാപിച്ചു. "ഭൂമിയും അതിന്റെ പൂർണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു" എന്ന ബൈബിൾ വാക്യം, ചില കത്തോലിക്ക ദൈവശാസ്ത്രകാരന്മാർ ദുർവ്യാഖ്യാനിച്ചുകൊണ്ട് യഹോവയുടെ പ്രതിനിധിയായ മാർപാപ്പയുടെ പരമാധികാരത്തിൻ കീഴിൽ എല്ലാ രാജ്യങ്ങളും വന്നുചേരുമെന്ന് പ്രചരിപ്പിച്ചു. ഇത് മതാധിഷ്ഠിതമായ കൊളോണിയലിസത്തിന് കളമൊരുക്കി. ഇങ്ങനെ പിടിച്ചടക്കിയതും കണ്ടുപിടിച്ചതുമായ സകല പ്രദേശങ്ങളും മാർപാപ്പയ്ക്ക് നൽകുവാൻ പോർച്ചുഗീസ്, സ്പെയിൻ രാജാക്കന്മാർ തയ്യാറായി. ഇത്തരം കുടിയേറ്റ പ്രദേശങ്ങളിൽ കത്തോലിക്ക ഇടവകകളും രൂപതകളും ഇവർ സ്ഥാപിച്ചു. ഈ രാജ്യങ്ങളുടെ മേലുള്ള രാഷ്ട്രീയാധികാരം രാജാക്കന്മാർക്കാണെങ്കിലും, ഇവിടെയുള്ള മതാധികാരം മാർപാപ്പയുടേതാണ്. ഇവിടങ്ങളിൽ കത്തോലിക്ക സഭയുടെ മിഷണറി പ്രവർത്തനം ഉഷാറായി നടന്നു. ഈ രാജ്യങ്ങളെല്ലാം

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 361–363.

തന്നെ ആക്രമിച്ചോ, യുദ്ധം ചെയ്തോ കീഴടക്കുകയാണ്. അനേകമാളുകളെ കൊന്നും ബാക്കിയുള്ളവരെ നിർബന്ധിച്ച് കൂട്ടമായി മതം മാറ്റിയും ഒക്കെയുള്ള ഒരു പ്രത്യേക മിഷണറി പ്രവർത്തനം.

കൊളോണിയലിസത്തിന്റെ ഭാഗമായി ആ നാട്ടുകാരുടെ സംസ്കാരം മാറ്റപ്പെടുകയും അപരിചിതമായ പാശ്ചാത്യ സംസ്കാരം അവർക്ക് സ്വീകരിക്കേണ്ടി വരികയും ചെയ്തു. ഇങ്ങനെ ധാരാളം ദൂഷ്യങ്ങൾ ഉണ്ടെങ്കിലും മറ്റ് ചില ഗുണങ്ങൾ അവർക്ക് ലഭിച്ചു. പ്രാകൃതമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മാറ്റപ്പെട്ടു. ജനങ്ങൾക്ക് വിദ്യാഭ്യാസം ലഭിച്ചു. ഒട്ടേറെ രാജ്യങ്ങൾ തമ്മിൽ ബന്ധങ്ങളുണ്ടായി. ആരോഗ്യം, തൊഴിൽ, സദാചാരം, സാമ്പത്തികം, കുടുംബജീവിതം തുടങ്ങിയ രംഗങ്ങളിൽ പുരോഗതി പ്രാപിച്ചു.[1] ആദ്യം കിട്ടിയ ഉപദ്രവം പതുക്കെ ജനങ്ങൾ മറന്നു. അങ്ങനെ ആ രാജ്യം നിമ്രോദ് ബാധിച്ച ക്രിസ്തുമതരാജ്യമായി മാറും. അധികം താമസിയാതെ നവീകരണവാദികൾ എത്തുകയായി. ബൈബിൾ സംബന്ധമായ ചർച്ചകളായി, തെളിവുകളായി, രക്തസാക്ഷികളായി, സന്യാസമായി, ആതുര സേവനമായി, വിട്ടുവീഴ്ചയായി, ത്യാഗങ്ങളായി, അവസാനം സ്നേഹത്തിലൂടെയും, കാരുണ്യത്തിലൂടെയും ബൈബിളും, അതിനുള്ളിലെ പൗലോസും സ്ഥിരപ്പെടുകയായി.

## നവീകരണം വഴിത്തിരിവിൽ

പ്രധാനമായും മാർട്ടിൻ ലൂഥർ മുതൽ ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ ഇന്നും നടന്നു കൊണ്ടിരിക്കുന്നു. പാരമ്പര്യങ്ങളും സഭാപുസ്തകങ്ങളും ബൈബിളിന്റെ അടിസ്ഥാനത്തിൽ വിമർശന വിധേയമാക്കപ്പെട്ടു. കുരിശും, ക്രിസ്തുമസ്സും, മർയ ഭക്തിയും, പുണ്യവാളൻമാരോടുള്ള മദ്ധ്യസ്ഥപ്രാർഥനകളും, വിഗഹ പ്രതിഷ്ഠകളും, ശിശുസ്നാനവും (കുഞ്ഞുങ്ങളെ സ്നാനം ചെയ്യുന്ന കർമം), പൗരോഹിത്യവും തുടങ്ങി നൂറ്റാണ്ടുകളോളം ക്രിസ്തുമതം പിന്തുടർന്നിരുന്ന പലതും ബൈബിൾ വെളിച്ചത്തിൽ അനാചാരമായി സ്ഥാപിക്കപ്പെട്ടു. ഏകനേതാവിന്റെ പരമാധികാരത്തിൻ കീഴിൽ സഭകൾ സ്ഥാപിക്കുക എന്ന പരമ്പരാഗത ശൈലിക്കു മാറ്റം വന്നു. സഭകളുടെ രൂപകൽപന പൗലോസ് പറഞ്ഞത് പോലെ തന്നെ പുനസ്ഥാപിക്കപ്പെട്ടു. ഒരു സാധാരണ മുറിക്കുള്ളിൽ കൂടി ചേർന്ന്,

1. *ക്രൈസ്തവ സഭ ഇരുപത് നൂററാണ്ടുകളിലൂടെ*, പുറം 368–370.

ഒരു ഇടയന്റെ കീഴിൽ ഇന്ന് സഭകൾ നടത്തപ്പെടുന്നു. കത്തോലിക്ക സഭകളുടെ ഏഴ് അനുഷ്ഠാനങ്ങൾ (കൂദാശകൾ) എന്നത് മാറി, ബൈബിൾ പ്രകാരമുള്ള സ്നാനം, അപ്പം നുറുക്കൽ എന്ന രണ്ട് അനുഷ്ഠാനങ്ങളിലൊതുങ്ങി.

ഇങ്ങനെ ദൈവിക ഗ്രന്ഥമായി നവീകരണ വിഭാഗം വിശ്വസിക്കുന്ന ബൈബിൾപ്രകാരമുള്ള പരിണാമങ്ങൾക്ക് അവർ ഏറെക്കുറെ വിധേയരായി. ക്രിസ്തുമതത്തിൽ നിന്നും നിമ്രോദിന്റെ ബാധയെ അവർ കുടിയൊഴിപ്പിച്ചു. പാട്ടുകളും വാദ്യോപകരണവും ഉപയോഗിച്ച് ഇവർ ആരാധിക്കുന്നു. പരലോക വിശ്വാസം മനസ്സിലുറപ്പിച്ച് നന്മകൾ ചെയ്യുന്നു. സ്വർഗത്തെ മാത്രം ലക്ഷ്യം വെച്ച് ഇവർ കവലകളിലും വീടുകളിലും ആശുപത്രികളിലും ബൈബിൾ പ്രസംഗിക്കുന്നു. അങ്ങനെ ക്രിസ്തുമതത്തിൽ കടന്നുകൂടിയ  ഏതാണ്ട് എല്ലാ അനാചാരങ്ങളെയും പുറത്താക്കുകയും ബൈബിൾ അടിസ്ഥാനമാക്കിയുള്ള നവീകരണ പ്രവർത്തനങ്ങൾ ഏകദേശം പൂർണമാകുകയും  ചെയ്തിരിക്കുന്നു.

## നവീകരണം പൂർവീകരണമല്ല

ക്രിസ്തുമതത്തിൽ ഇവർ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെങ്കിലും യഥാർഥ ക്രിസ്തുമാർഗത്തെ പുനരുജ്ജീവിപ്പിക്കുവാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. കാരണം, ബൈബിൾ അടിസ്ഥാനപ്രമാണമാക്കിയുള്ള ഈ നവീകരണം മൂലം പൗലോസിന് അപ്രമാദിത്വമുള്ള സഭകളിൽ എത്തിച്ചേരുവാൻ മാത്രമേ ഇവർക്ക് സാധിച്ചിട്ടുള്ളൂ. യഹൂദ സംസ്കാരം അഥവാ മോശൈക ന്യായപ്രമാണം മുറുകെ പിടിച്ച അപ്പൊസ്തലന്മാരുടെ യെരുശലേം സഭയുമായി ഇവരുടെ സഭകൾക്ക് യാതൊരു സാമ്യതയും കാണുന്നില്ല. ദൈവിക സ്രോതസുകളായി ഇവർ വിശ്വസിക്കുന്ന ബൈബിളിലെ പുസ്തകങ്ങളും, ഇവരുടെ സഭകളിൽ നടത്തപ്പെടുന്ന രണ്ട് അനുഷ്ഠാനങ്ങളും പഠനവിധേയമാക്കിയാൽ ഈ കാര്യം എളുപ്പത്തിൽ  ബോധ്യപ്പെടുന്നതാണ്.

# ബൈബിൾ

## പുസ്തകങ്ങളുടെ എണ്ണം

'പുസ്തകങ്ങൾ' എന്ന അർഥമാണ് ബൈബിളിനുള്ളത്. ഏതാ

ണ്ട് 240ൽപരം പുസ്തകങ്ങളിൽ നിന്നും പൗരോഹിത്യസഭാപിതാക്കന്മാർ തെരഞ്ഞെടുത്ത പുസ്തകങ്ങളാണ് ഇന്ന് ബൈബിളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ എത്ര പുസ്തകങ്ങളാണെന്നുള്ള വിഷയത്തിൽ പ്രധാനമായും രണ്ട് പക്ഷമുണ്ട്.

1. 73 പുസ്തകങ്ങൾ അടങ്ങിയിട്ടുള്ളതായി റോമൻ കത്തോലിക്ക സഭ.
2. 66 പുസ്തകമെന്ന് മറ്റ് സഭകൾ

ഈ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നത് യേശുവിന്റെ ദൗത്യവുമായി ബന്ധപ്പെട്ട പുസ്തകങ്ങളിൽ അല്ലാത്തതിനാൽ വിശദീകരിക്കുന്നില്ല.

## I. ഘടന

ബൈബിളിലെ പുസ്തകങ്ങളെ രണ്ടുഭാഗങ്ങളായി വേർതിരിച്ചിട്ടുണ്ട്

**1. പഴയ നിയമം** – മോശൈക ന്യായപ്രമാണവും മറ്റു പ്രവാചക പുസ്തകങ്ങളും

**2. പുതിയ നിയമം** – യേശുവിന്റെ ജീവിതത്തെ കുറിച്ചുള്ള നാലു വിവരണങ്ങളും മറ്റ് ലേഖനങ്ങളും

പൗലോസിന്റെ ആശയങ്ങളോടുള്ള ബൈബിളിന്റെ പൂർണ വിധേയത്വം പ്രകടമാക്കുന്നതാണ് പ്രസ്തുത ഘടന. മോശൈക ന്യായപ്രമാണത്തെ തീക്ഷ്ണമായി അനുഷ്ഠിക്കുന്ന യെരുശലേം സഭയ്ക്ക് ഈ വിഭജനം ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. പരിച്ഛേദനയും യാഗങ്ങളും ശബത്തും ഉത്സവങ്ങളും പൗരോഹിത്യ ശുശ്രൂഷയും ഒന്നും തന്നെ അവർക്ക് പഴയ നിയമങ്ങളല്ല; മറിച്ച് എപ്പോഴും അനുഷ്ഠിക്കേണ്ട നിയമങ്ങളാണ്. ഈ ഘടന സ്വീകാര്യമാകുക പൗലോസിന്റെ ആശയക്കാർക്ക് മാത്രമാണ്.

## II. പുതിയ നിയമത്തിന്റെ മൂലഭാഷ

യേശു സംസാരിച്ചത് അരമായ ഭാഷയിലാണ്. ഇതേ ഭാഷ തന്നെയാണ് അപ്പൊസ്തലൻമാരും യെരുശലേമിലെ സഭയും ഉപയോഗിച്ചിരുന്നത്. അതിനാൽ ഇവർക്ക് വേണ്ടി എഴുതപ്പെട്ട ഗ്രന്ഥമായിരുന്നുവെങ്കിൽ ഭാഷ മറ്റൊന്നാകേണ്ട കാര്യമില്ല. ബൈബിൾ പുതിയ നിയമ പുസ്തകങ്ങളുടെ മൂലഭാഷ ഗ്രീക്കാണ്. ഇതാകട്ടെ പൗലോ

സിന്റെ സഭക്കാരുടെ സംസാരഭാഷയാണ് താനും.

## III. പുസ്തക കർത്താക്കൾ

പുതിയ നിയമത്തിൽ മൊത്തം 27 പുസ്തകങ്ങളാണ് ഉള്ളത്. ഇതിൽ പൗലോസിനുള്ള ഭൂരിപക്ഷം തീർത്തും ഏകപക്ഷീയമാണെന്ന് ഒറ്റനോട്ടത്തിൽ ഏവർക്കും മനസ്സിലാക്കാവുന്നതാണ്.

| പുസ്തകം | | രചയിതാവ് |
|---|---|---|
| 13 ലേഖനങ്ങൾ | - | പൗലോസ് |
| എബ്രായ ലേഖനം | - | ആരെഴുതിയെന്നറിയില്ല (പൗലോസാണെന്ന് ശക്തമായ അനുമാനം) |
| അപ്പൊസ്തല പ്രവൃത്തിയും ഒരു സുവിശേഷവും | - | പൗലോസിന്റെ അനുയായിയായ ലൂക്കോസ് |
| മാർക്കോസിന്റെ സുവിശേഷം | - | പൗലോസിന്റെ മറ്റൊരു അനുയായി |
| പത്രോസിന്റെ രണ്ട് ലേഖനം | - | പൗലോസിന്റെ മറ്റൊരു അനുയായിയായ ശീലാസിന്റെ വ്യക്തമായ ഇടപെടലുള്ളതായി റോമൻ കത്തോലിക്ക ബൈബിൾ[1] |
| യൂദയുടെ ലേഖനം | - | അപ്പൊസ്തലനായ യൂദാ എഴുതിയതല്ല (റോമൻ കത്തോലിക്ക ബൈബിൾ)[2] |

1. പി.ഒ.സി.ബൈബിൾ, കാതോലിക്ക ലേഖനങ്ങൾ പുറം 343.
2. പി.ഒ.സി.ബൈബിൾ, പുറം 344.

| | | |
|---|---|---|
| വെളിപാട് പുസ്തകം | - | അപ്പൊസ്തലനായ യോഹന്നാൻ എഴുതിയല്ലായെന്ന്ശക്തമായ അഭിപ്രായം, |

പശീത്തോ വിഭാഗം നൂറ്റാണ്ടുകളോളം ഇതിനെ ബൈബിളിൽ ഉൾപ്പെടുത്തിയിരുന്നില്ല.

| | | |
|---|---|---|
| യോഹന്നാന്റെ മൂന്ന് ലേഖനങ്ങൾ | - | ഇവ ആരെഴുതി എന്നതിനെ കുറിച്ച് രണ്ടാം നൂറ്റാണ്ടു മുതൽ വളരെ കാലത്തേക്ക് സംശയമുണ്ടായിരുന്നു. (റോമൻ കത്തോലിക്ക ബൈബിൾ)[1] |

പുതിയ നിയമ പുസ്തകങ്ങളുടെ ഗ്രന്ഥകർത്താക്കളെക്കുറിച്ച് ഉറപ്പിച്ച് പറയാവുന്നത് പൗലോസിന്റെയും അദ്ദേഹത്തിന്റെ അനുയായികളുടെയും ലേഖനങ്ങളെ കുറിച്ചു മാത്രമാണ്. യെരുശലേമിലെ അപ്പൊസ്തലൻമാരുടെ പേരുകൾ തലക്കെട്ടാക്കിയിരിക്കുന്ന ലേഖനങ്ങളുമായി അവരെ ചരിത്രപരമായി യോജിപ്പിക്കാൻ സാധിച്ചിട്ടില്ല. യെരുശലേമിലെ അപ്പൊസ്തലന്മാർ യഹൂദേതരുടെ അടുക്കലുള്ള പൗലോസിന്റെ പ്രവർത്തനത്തെ അംഗീകരിച്ചു എന്ന് തെറ്റിദ്ധരിപ്പിക്കുവാൻ ചില ബോധപൂർവമായ തിരിമറികൾ നടത്തിയതായി ന്യായമായും സംശയിക്കാവുന്നതാണ്.

## പൗലോസിന്റെ ലേഖനങ്ങൾ

യെരുശലേം സഭയിൽ യാതൊരു സ്ഥാനവുമില്ലാത്ത പൗലോസിന്റെ പതിമൂന്നു ലേഖനങ്ങളാണ് ബൈബിളിലുള്ളത്. ആദമിലൂടെ മനുഷ്യരിൽ പാപം ഉത്ഭവിക്കുന്നതും യേശുവിലൂടെ മനുഷ്യർക്ക് പാപമോചനം ലഭിക്കുന്നതുമാണ് ഇതിന്റെ ഇതിവൃത്തം. മോശൈക ന്യായപ്രമാണം കാലഹരണപ്പെട്ടെന്നും ഇനി ആരും അവയെ അനു

1. പി.ഒ.സി.ബൈബിൾ, പുറം 344.

സരിക്കേണ്ടതില്ലെന്നും പ്രസ്തുത ലേഖനങ്ങളിൽ സമർഥിക്കുന്നു. ഇതോടൊപ്പം യെരുശലേം സഭയെ അവമതിച്ചു കൊണ്ട് എഴുതിയ ഗലാത്യ, കൊരിന്ത്യ, റോമ ലേഖനങ്ങളും ഇവയിൽ പ്രധാന സ്ഥാനം അലങ്കരിക്കുന്നു. ക്രിസ്തുമതത്തിന്റെ ദൈവശാസ്ത്രം രൂപപ്പെടുന്നത് ഈ ലേഖനങ്ങളിലൂടെയാണ്.

## ലൂക്കോസിന്റെ അപ്പൊസ്തല പ്രവൃത്തി

പൗലോസിന്റെ സഹപ്രവർത്തകരിൽ അവസാനം വരെ കൂടെയുണ്ടായിരുന്ന പ്രധാനിയാണ് ഭിഷഗ്വരനായ ലൂക്കോസ്. ഇദ്ദേഹം യേശുവിന്റെ ജീവിതചരിത്രവും അപ്പൊസ്തലൻമാരുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒരു ചരിത്രരേഖയും രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്തകത്തെ ക്രിസ്തുമതത്തിന്റെ ആധികാരിക ചരിത്രരേഖയായിട്ടാണ് പരിഗണിക്കുന്നത്.

പൗലോസിന്റെ അന്ത്യോക്യ സഭയുടെ പ്രവർത്തനത്തെ യെരുശലേം സഭ അംഗീകരിച്ചുവെന്ന് തെറ്റിദ്ധരിപ്പിക്കുവാനാണ് ലേഖകൻ ഇതിൽ ശ്രമിച്ചിട്ടുള്ളത്. മോശൈക ന്യായപ്രമാണം അനുഷ്ഠിക്കുന്ന വിഷയത്തിൽ യെരുശലേം സഭാവിശ്വാസികൾ അന്ത്യോക്യയിലെത്തി പ്രശ്നമുണ്ടാക്കിയതിന്റെ പര്യവസാനമായി യെരുശലേം കൗൺസിലിന്റെ താല്ക്കാലിക ഇളവിനെയാണ് ഈ ലേഖനത്തിൽ ലൂക്കോസ് ഉയർത്തി കാട്ടുന്നത്. ഇതിന് ശേഷം പത്രോസ് അന്ത്യോക്യയിൽ എത്തുന്നതും മോശൈക ന്യായപ്രമാണം നിർബന്ധമായും അനുഷ്ഠിക്കാൻ യഹൂദേതര വിശ്വാസികളെ നിർബന്ധിച്ചതുമായ സംഭവങ്ങൾ ലൂക്കോസ് പ്രസ്തുത രചനയിൽ മറച്ചു വെച്ചു. ഇത്ര പ്രധാനപ്പെട്ട സംഭവം ഈ ഗ്രന്ഥത്തിന്റെ ഒരു ഭാഗത്തുപോലും ലേഖകൻ പരാമർശിച്ചിട്ടില്ല. മാത്രവുമല്ല, പത്രോസിന്റെ ഈ നിലപാടിനെ ബർന്നബാസ് അംഗീകരിക്കുകയും പൗലോസിൽ നിന്ന് വിട്ട് പിരിയുകയും ചെയ്തു എന്ന മർമ്മപ്രധാന വിഷയത്തിന് പകരം മറ്റൊരു വ്യക്തിപരമായ കാര്യത്തിനാണ് ഇവർ പിരിഞ്ഞതെന്നാണ് ലൂക്കോസ് എഴുതിയിരിക്കുന്നത്.

## പത്രോസിന്റെ ലേഖനങ്ങൾ

ബൈബിളിലെ രണ്ട് ലേഖനങ്ങൾ പത്രോസിന്റെ പേരിലുള്ളവയാണ്. ഇതിൽ രണ്ടാമത്തെ ലേഖനത്തെ നൂറ്റാണ്ടുകളോളം

പണ്ഡിതൻമാർ ബൈബിളിന്റെ ഭാഗമായി അംഗീകരിച്ചിരുന്നില്ല. ഈ ലേഖനങ്ങളെ സംബന്ധിച്ച് പി.ഒ.സി. അഥവാ റോമൻ കത്തോലിക്ക ബൈബിൾ പറയുന്നത് ഇങ്ങനെയാണ്.

> പത്രോസിനെ ഈ ലേഖനം എഴുതുവാൻ യേശുവിന്റെ പീഡനാനുഭവത്തിന് ദൃക്സാക്ഷിയല്ലാത്ത ഒരാൾ കൂടി സഹായിച്ചിട്ടുണ്ട് എന്ന് സംശയിക്കപ്പെടുന്നു. താരതമന്യേ മെച്ചമേറിയ ഗ്രീക്ക് ഭാഷ ഉപയോഗിക്കുന്ന ഈ സഹായി, പൗലോസിന്റെ ശിഷ്യനായ ശീലാസ് ആയിരിക്കാനാണ് കൂടുതൽ സാധ്യത. ഈ ലേഖനത്തിന്റെ ആശയവിഷ്കരണത്തിൽ പൗലോസിന്റെ ലേഖനങ്ങളോടുള്ള സാമ്യത ഈ നിഗമനത്തെ ശക്തിപ്പെടുത്തുന്നു.(1)

ഈ ലേഖനം പത്രോസ് നേരിട്ട് പൗലോസിന്റെ സഭയ്ക്ക് നൽകിയതല്ല മറിച്ച് ശീലാസു വഴിയായി അയച്ചു എന്നാണ് ലേഖനത്തിന്റെ ഉള്ളടക്കത്തിൽ പറയുന്നത്. മാത്രമല്ല, അപ്പൊസ്തലനായ പത്രോസ് മരണപ്പെട്ടത് ക്രിസ്താബ്ദം 64-67ൽ ആണെന്നും ഇവ എഴുതപ്പെട്ടത് 80 കളിലോ അല്ലെങ്കിൽ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കാമെന്നും(2) കത്തോലിക്ക ബൈബിളിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. മറ്റ് പുതിയ നിയമ പുസ്തകങ്ങളിൽ നിന്നും മനസ്സിലാകുന്ന പത്രോസിന്റെ ആദർശവുമായി ഈ ലേഖകന് യാതൊരു ബന്ധവും കാണുന്നില്ല. ഇതിന്റെ ഒരു ഭാഗത്ത് ഗ്രന്ഥകർത്താവ് പൗലോസിനെ അതിശക്തമായി ന്യായീകരിക്കുന്നുമുണ്ട്.

## യാക്കോബിന്റെ ലേഖനം

യെരുശലേം സഭയുടെ അദ്ധ്യക്ഷനായ യാക്കോബ് ഇതര മതസ്ഥരുടെ ഇടയിൽ താമസിക്കുന്ന യിസ്രയേലിന്റെ പന്ത്രണ്ട് ഗോത്രക്കാർക്ക് എഴുതിയ ഒരു ലേഖനം ബൈബിളിലുണ്ട്. മോശൈക ന്യായപ്രമാണം അനുഷ്ഠിക്കരുതെന്ന് അവിടെയുള്ള യഹൂദൻമാരോട് പൗലോസ് ഉപദേശിച്ചുവെന്ന് യാക്കോബും യെരുശലേം സഭയും മനസ്സിലാക്കിയിരുന്നത് ഓർക്കുമല്ലോ. ഇപ്രകാരമുള്ള ആശയങ്ങൾക്ക് പൗലോസ് തെളിവുദ്ധരിച്ചത് അബ്രഹാം പിതാവിനെ ദുരുപയോഗം ചെയ്തായിരുന്നു.

1. പി.ഒ.സി.ബൈബിൾ, കാതോലിക്ക ലേഖനങ്ങൾ പുറം 343.
2. പി.ഒ.സി.ബൈബിൾ, ചരിത്രത്തിലൂടെ, പുറം 394.

> അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അദ്ദേഹത്തിന് നീതി യായി കണക്കിട്ടു എന്നുണ്ടല്ലോ? അതു കൊണ്ട്, വിശ്വസിക്കുന്ന വരത്രേ അബ്രഹാമിന്റെ മക്കൾ എന്ന് അറിഞ്ഞു കൊൾവിൻ (ഗലാത്യ 3:6,7)

മോശൈക ന്യായപ്രമാണം അനുഷ്ഠിക്കാതെ വിശ്വാസം മൂലം മാത്രം രക്ഷപ്പെടുമെന്ന വാദങ്ങളെ യാക്കോബ് ഖണ്ഡിക്കുന്നതും ഇതേ സംഭവം ഉദ്ധരിച്ചാണ്.

> ഭോഷനായ മനുഷ്യ, പ്രവൃത്തികൾ ഇല്ലാത്ത വിശ്വാസം നിഷ്പ്ര യോജനം എന്ന് നിനക്ക് തെളിയിച്ചു തരേണമോ? നമ്മുടെ പി താവായ അബ്രഹാം പുത്രനായ യിസ്ഹാക്കിനെ യാഗപീഠത്തി ൻമേൽ അർപ്പിച്ചപ്പോൾ, പ്രവൃത്തിയാലല്ലോ നീതീകരിക്കപ്പെട്ട ത്? അദ്ദേഹത്തിന്റെ വിശ്വാസം പ്രവൃത്തിയോടൊപ്പം വ്യാപരി ച്ചുവെന്നും പ്രവൃത്തിയാൽ വിശ്വാസം പൂർത്തീകരിക്കപ്പെട്ടുവെ ന്നും നിങ്ങൾ കാണുന്നുവല്ലോ? അബ്രഹാം ദൈവത്തെ വിശ്വ സിച്ചു. അത് അദ്ദേഹത്തിന് നീതിയായി കണക്കിട്ടു എന്നുള്ള തിരുവെഴുത്ത് ഇങ്ങനെ നിറവേറുകയും അദ്ദേഹം ദൈവത്തിന്റെ സ്നേഹിതൻ എന്ന് വിളിക്കപ്പെടുകയും ചെയ്തു. അങ്ങനെ മ നുഷ്യൻ വിശ്വാസത്താൽ മാത്രമല്ല, പ്രവൃത്തികളാലത്രേ നീതി കരിക്കപ്പെടുന്നത് എന്ന് നിങ്ങൾ കാണുന്നു. ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നത് പോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാണ്.
>
> (യാക്കോബ് 2:20-26)

പൗലോസ് പ്രചരിപ്പിക്കുന്ന ആശയത്തിൽ യിസ്രയേല്യർ വഞ്ചി ക്കപ്പെടാതിരിക്കാനാണ് ഈ ലേഖനം യാക്കോബ് എഴുതിയതെന്ന് അനുമാനിക്കാവുന്നതാണ്.

## അനുഷ്ഠാനങ്ങൾ

യേശുവിലൂടെ പുതിയ രണ്ട് അനുഷ്ഠാനങ്ങൾ കൂടി സത്യവി ശ്വാസികൾക്ക് ലഭിക്കുകയുണ്ടായി. എന്നാൽ ഇവ അനുഷ്ഠിക്കുന്ന കാര്യത്തിൽ യെരുശലേം സഭയുടെയും പൗലോസിന്റെ സഭയുടെ യും ലക്ഷ്യങ്ങൾ തമ്മിൽ രാപകൽ വ്യത്യാസമുണ്ട്.

### 1. യേശുവിന്റെ പേരിലുള്ള സ്നാനം

ജീവിതത്തിൽ പുതിയ ആത്മീയ തീരുമാനങ്ങൾ സ്വീകരിക്കുന്ന തിന്റെ പ്രതീകമായി വെള്ളത്തിൽ സ്നാനം ചെയ്യുക എന്ന ചടങ്

അക്കാലത്ത് പതിവാണ്. മറ്റ് മതസ്ഥർ അബ്രഹാമിന്റെ മതത്തിലേക്ക് പ്രവേശിക്കുമ്പോൾ ചെയ്യേണ്ടിയിരുന്നത് സ്നാനവും പരിച്ഛേദനയും ആയിരുന്നു. യേശുവിന് തൊട്ടുമുമ്പ് യിസ്രയേല്യരിൽ പ്രബോധനം ആരംഭിച്ച യോഹന്നാൻ സ്നാപകന്റെ വാക്ക് വിശ്വസിക്കുന്നവരും വെള്ളത്തിൽ മുങ്ങി സ്നാനപ്പെടുമായിരുന്നു. ഇതുപോലെ യേശുവിന്റെ വാക്കുകൾ സ്വീകരിക്കുന്നവർ ഇതിന്റെ പ്രതീകമെന്നോണം വെള്ളത്തിൽ സ്നാനം ചെയ്യണമായിരുന്നു.

ഒരിക്കൽ യേശു പറഞ്ഞു: “വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല. ശരീരം ശരീരത്തിന് ജന്മം നൽകുന്നു; ആത്മാവിന് ജന്മം നൽകുന്നതോ ആത്മാവാകുന്നു. അതിനാൽ നിങ്ങൾ വീണ്ടും ജനിക്കണം.” (യോഹ 3:5,6) അതായത്, മനുഷ്യന്റെ ഭൗമികജനനം എന്നത് ശരീരത്തിന്റെ മാത്രം ജനനമാണ്. ആത്മാവിനെ ജനിപ്പിക്കുവാൻ കഴിയുക ദൈവത്തിന്റെ വചനത്തിന് മാത്രമാണ്.

> (ആത്മീയമായി) ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.
>
> (യോഹ 6:63)

ചുരുക്കത്തിൽ, ദൈവവചനമാകുന്ന ആത്മാവിനെ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ആത്മീയ ജനനം പ്രാപിച്ചവരുടെ പരസ്യ പ്രഖ്യാപനമാണ് സ്നാനം എന്ന കർമം. യേശുവിന്റെ വാക്ക് സ്വീകരിച്ചവർ ശിഷ്യൻമാർ മുഖേന സ്നാനപ്പെട്ടു. ഇങ്ങനെയുള്ളവർക്ക് പിന്നീട് പരിശുദ്ധാത്മാവിന്റെ സഹായം ലഭിക്കുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. ഇതായിരുന്നു യേശുവിന് ശേഷവും അപ്പൊസ്തലൻമാർ നിർവഹിച്ചിരുന്ന സ്നാനം.

യേശുവിന്റെ ജീവിതകാലത്തെ ഉപദേശങ്ങൾ എന്തെന്നറിയാത്ത പൗലോസ്, അദ്ദേഹത്തിന്റെ മരണത്തെ ആസ്പദമാക്കി പുതിയൊരു നിർവചനം സ്നാനത്തിന് നൽകി. അതിൻപ്രകാരം, മരണപ്പെട്ട യേശുവിന്റെ ശവസംസ്കരണത്തിന് സമാനമായി പാപിയായ മനുഷ്യൻ വെള്ളത്തിൽ മുങ്ങുന്നതോടെ യേശുവിനോടൊപ്പം മരിച്ച് അടക്കപ്പെടുന്നു എന്നും തുടർന്ന്, യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിന് സമാനമായി പുതിയൊരു പാപമില്ലാത്ത മനുഷ്യനായി അദ്ദേഹത്തോടൊപ്പം ഉയർത്തെഴുന്നേൽക്കുന്നുവെന്നും പൗലോസ് പഠിപ്പി

ച്ചു.

> സ്നാനത്തിൽ നിങ്ങൾ ക്രിസ്തുവിനോടു കൂടി കുഴിച്ചിടപ്പെടുകയും ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ച ദൈവ ശക്തിയിലുള്ള വിശ്വാസത്താൽ അവിടുത്തോടൊപ്പം ഉയർപ്പിക്കപ്പെടുകയും ചെയ്യുന്നു.
>
> (കൊലോസ്യർ 2:12)

അങ്ങനെ ഈ മനുഷന്റെ പാപം ഇല്ലാതാകുകയും പുതിയ ഒരു സൃഷ്ടിയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ പൗലോസിന്റെ വീക്ഷണ പ്രകാരം സ്നാനമെന്നത് യേശുവിന്റെ മരണത്തോടും ഉയർത്തെഴുന്നേൽപ്പിനോടും ബന്ധമുള്ള ഒരു അനുഷ്ഠാനമാണ്.

ഇദ്ദേഹത്തിന്റെ ഈ വാദം ക്രിസ്തുമാർഗികൾക്ക് സ്വീകാര്യമാകുന്നത് എങ്ങനെ? യേശുവിന്റെ ജീവിതകാലത്ത് മൂന്ന് വർഷത്തോളം ശിഷ്യൻമാർ അദ്ദേഹത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും പ്രസംഗിക്കുകയും യേശുവിന്റെ മേൽനോട്ടത്തിൽ തന്നെ സ്നാനപ്പെടുത്തുകയും ചെയ്തിട്ടുണ്ടല്ലോ.[1] യേശുക്രിസ്തു മരണപ്പെട്ടുവെന്ന് പറഞ്ഞിരിക്കുന്ന സുവിശേഷങ്ങൾ പോലും വ്യക്തമാക്കുന്നത്, അദ്ദേഹം ഉയിർത്തെഴുന്നേൽക്കുമെന്ന് വിശ്വസിക്കുന്ന ഒരാൾ പോലും അദ്ദേഹത്തിന്റെ അനുയായികളിൽ ഉണ്ടായിരുന്നില്ല എന്നാണ്.

> പത്രോസും യോഹന്നാനും കല്ലറയ്ക്കുള്ളിൽ പ്രവേശിച്ച് യേശുവിന്റെ ശരീരം അവിടെയില്ല എന്ന് സ്ഥിരീകരിച്ചു. അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല.
>
> (യോഹ 20:9)

ശവകല്ലറയിൽ പോയ സ്ത്രീകൾ യേശു ഉയിർത്തെഴുന്നേറ്റതായി അപ്പൊസ്തലൻമാരോട് അറിയിച്ചു.

> അവർക്കാകട്ടെ, ആ കഥകൾ കെട്ടുകഥ പോലെയെ തോന്നിയുള്ളൂ. അവർ അവരെ വിശ്വസിച്ചില്ല.
>
> (ലൂക്കോസ് 24:11).

അപ്പൊസ്തലൻമാർക്കോ മറ്റ് ശിഷ്യമാർക്കോ യേശു മരിച്ചാൽ

1. യോഹന്നാൻ 4:1; 3:22.

ഉയിർത്തെഴുന്നേൽക്കുമെന്ന വിശ്വാസമോ, പ്രതീക്ഷയോ അന്ന് ഉണ്ടായിരുന്നില്ല. അങ്ങനെയെങ്കിൽ, ഇവരുടെ വാക്ക് കേട്ട് യേശുവിനെ വിശ്വസിച്ച ആളുകളുടെ സ്നാനം ക്രൈസ്തവർക്ക് അംഗീകരിക്കാൻ കഴിയുമോ? പൗലോസിന്റെ സ്നാനത്തിന്റെ നിർവചനപ്രകാരം അപ്പൊസ്തലൻമാർക്ക് സ്നാനപ്പെടുത്തുവാനുള്ള യോഗ്യതയുണ്ടോ? അതോ, യേശു മരിച്ച് ഉയിർത്തെഴുന്നേറ്റതായി വിശ്വസിച്ചതിന് ശേഷം ഈ അപ്പൊസ്തലൻമാർ വീണ്ടും പുതിയ സ്നാനം സ്വീകരിച്ചോ? പൗലോസിന്റെ അനുയായികൾ ഉത്തരം കണ്ടെത്തേണ്ടതുണ്ട്. സത്യത്തിൽ, യെരുശലേം സഭയ്ക്കുള്ളത് പോലെ സ്നാനം എന്ന കർമം പൗലോസിന്റെ സഭയിലും ഉണ്ടെങ്കിലും, ഇവ പ്രതീകമാകുന്നത് തികച്ചും വ്യത്യസ്തമായ ആദർശങ്ങൾക്കാണ്.

**2. അപ്പം നുറുക്കൽ (തിരുവത്താഴം)**

യേശുവിന്റെ വചന ശുശ്രൂഷയുടെ ഓർമക്കായി നിർദേശിക്കപ്പെട്ട കർമ്മമാണ് അപ്പം നുറുക്കൽ. സ്നാനത്തിന്റെ കാര്യത്തിൽ എന്നപോലെ, അപ്പം നുറുക്കലിനെയും യേശുവിന്റെ മരണവുമായി പൗലോസ് ബന്ധപ്പെടുത്തി. മനുഷ്യരുടെ പാപമോചനത്തിന് വേണ്ടി ജീവനുള്ള വചനം നൽകുവാനാണ് താൻ നിയോഗിതനായത് എന്ന വിഷയത്തെ സന്ദർഭോചിതമായി ജീവന്റെ അപ്പം, ശരീരം, രക്തം, ജലം എന്നിവയോട് ആലങ്കാരികമായി യേശു സാദൃശ്യപ്പെടുത്തിയിട്ടുണ്ട്.[1] എന്നാൽ പൗലോസിന്റെ വ്യാഖ്യാനം ശ്രദ്ധിക്കുക.

> നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.
> (1. കൊരി 11:26)

## നവീകരണം പൂർണമാകണം

ക്രിസ്തുവിന്റെ മാർഗം പിൽക്കാലത്ത് ക്രിസ്തുമതമായി രൂപാന്തരം പ്രാപിച്ചതിൽ പ്രധാനമായും രണ്ട് തരത്തിലുള്ള മാർഗഭ്രംശമാണ് സംഭവിച്ചിട്ടുള്ളത്.

**ഒന്ന്.** പൗലോസിലൂടെയുള്ള ആദർശ വ്യതിയാനം
**രണ്ട്.** കൊൺസ്റ്റെൻറ്റൈൻ ചക്രവർത്തിയിലൂടെയുള്ള അനാചാര

1. മുൻപ് വിവരിച്ചത് ശ്രദ്ധിക്കുക, പുറം 76-80.

ങ്ങളുടെ കടന്നുവരവ്.

ഇതിൽ കൊൺസ്റ്റെൻറ്റൈൻ ചക്രവർത്തി കടത്തിക്കൂട്ടിയ അനാചാരങ്ങളെ ക്രൈസ്തവ സമൂഹത്തിന്റെ മുമ്പിൽ തുറന്നു കാണിക്കുന്നതിൽ നവീകരണ വിഭാഗം തീർച്ചയായും വിജയിച്ചിട്ടുണ്ട്. പുരോഹിതന്മാരെ അന്ധമായി പിൻപറ്റുന്നതിന് നിമിത്തമായ മതകാര്യങ്ങളോടുള്ള അലസത ഇന്ന് ക്രൈസ്തവരിൽ നിന്നും നീക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം മൂല്യങ്ങളിലേക്ക് തിരിച്ചുവരുവാനുള്ള നവീകരണ വിഭാഗത്തിന്റെ ആഹ്വാനം തികച്ചും ഗുണകരമാണെങ്കിലും, ലക്ഷ്യ സ്ഥാനം നിർണ്ണയിക്കുന്നതിൽ ഇവർക്ക് വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. ഇന്ന് ഇവരിലൂടെ പുനസ്ഥാപിക്കപ്പെട്ടത് പൗലോസിന്റെ 'നിയമങ്ങൾ ബാധകമല്ലാത്ത' സഭകളാണ്. ഇതുവരെയും ഇവർ പുലർത്തിപോന്ന ഇച്ഛാശക്തിയോടെ അൽപം കൂടി ഉണർന്നു ബൈബിൾ പരിശോധിച്ചാൽ, തീർച്ചയായും ഇവരുടെ കയ്യെത്തും ദുരത്താണ് യഥാർഥ ക്രിസ്തുസഭ.

ഈ വിഷയത്തിൽ ഇവർക്ക് ഗലാത്യരെ മാതൃകയായി സ്വീകരിക്കാവുന്നതാണ്. പൗലോസിന് വേണ്ടി സ്വന്തം കണ്ണുകൾ പോലും ചൂഴ്ന്നു കൊടുക്കുവാൻ[1] തയ്യാറായിരുന്ന ഇവർ സത്യാവസ്ഥ തിരിച്ചറിഞ്ഞപ്പോൾ പിന്നെ ഒട്ടും വൈകിയില്ല. പൗലോസിന്റെ സുവിശേഷത്തെ ദുരെ എറിയുകയും മതകർമങ്ങളും പരിച്ഛേദനയും ഒക്കെയുള്ള ക്രിസ്തുമാർഗികളായി അവർ മാറ്റപ്പെടുകയും ചെയ്തുവല്ലോ. ഇങ്ങനെ അപ്പൊസ്തല സഭ പ്രസംഗിച്ച യഥാർഥ യേശുവിനെ ഇവർ മനസ്സിലാക്കുകയാണെങ്കിൽ, ആ നഷ്ടപ്പെട്ടു പോയ സത്യമാർഗത്തിന്റെ പുനഃസ്ഥാപകനെ തിരിച്ചറിയുവാൻ താമസിക്കുകയില്ല എന്ന് പ്രതീക്ഷിക്കാം.

---

1. ഗലാത്യ 4:10.

ഭാഗം രണ്ട്

# യഥാർഥ ക്രിസ്തുമാർഗം

# ഒന്ന്

## ക്രിസ്തുവിന്റെ മതം

ഒരു വ്യക്തിയുടെ മതം ഏതാണെന്ന് അന്വേഷിക്കുക വളരെ എളുപ്പമാണ്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഏത് പള്ളിയിലാണ് പോയിരുന്നത്, ഏത് സമൂഹവുമായിട്ടാണ് സഹകരിച്ചത്, ഏത് ജീവിത രീതിയിലേക്കാണ് ജനങ്ങളെ ക്ഷണിച്ചത്, അദ്ദേഹത്തിന്റെ അനുയായികൾ ഏത് മതസ്ഥരാണ്, അദ്ദേഹത്തിന്റെ ആരാധനാനുഷ്ഠാനങ്ങൾ എന്തായിരുന്നു തുടങ്ങിയ വിവരങ്ങൾ ലഭിച്ചാൽ ആ വ്യക്തിയുടെ മതം ഏതാണെന്ന് മനസ്സിലാകും. ഇതേ മാർഗത്തിലൂടെ യേശുവിന്റെ മതം ഏതായിരുന്നു എന്ന് അന്വേഷിച്ചാൽ ബൈബിളിന്റെ ഉത്തരം ഇതാണ്.

അബ്രഹാമിന്റെ മതം പിന്തുടർന്ന മാതാപിതാക്കളുടെ മകനായി അറിയപ്പെട്ടു. ആദ്യ കുഞ്ഞിന് വേണ്ടി നിർവഹിക്കേണ്ട ന്യായപ്രമാണ പ്രകാരമുള്ള കർമങ്ങൾ യേശുവിനും നടത്തപ്പെട്ടു. എട്ടാം ദിവസം പരിച്ഛേദന നടത്തി.[1] എല്ലാ വർഷവും പെരുന്നാളിന് മാതാപിതാക്കൾ ബാലനായ യേശുവിനെ കൂട്ടിക്കൊണ്ട് യെരുശലേം ദേവാലയത്തിൽ എത്തുമായിരുന്നു.[2] യുവത്വത്തിലേക്ക് പ്രവേശിച്ചതോടെ സിനഗോഗുകളിലെ സ്ഥിരം ഉപദേശകനായി. എല്ലാ ആഴ്ചയിലുമുള്ള ശബത്ത് ദിവസത്തിൽ എഴുന്നേററ് നിന്ന് പ്രവാചക പു

1. ലൂക്കോസ് 2:21–24.
2. ലൂക്കോസ് 2:41,42.

സ്തകങ്ങൾ ഉറക്കെ വായിക്കുന്നത് പതിവായിരുന്നു.[1] മോശെയുടെ നിയമങ്ങൾ അനുസരിക്കുന്നവരോട് മാത്രം സുവിശേഷം പ്രസംഗിച്ചു. നിയമങ്ങൾക്ക് വിരുദ്ധമായി അദ്ദേഹം ഒന്നും ചെയ്തില്ല. ന്യായപ്രമാണം അനുസരിക്കാത്തവരെ യഹൂദൻമാർ സിനഗോഗുകളിൽ പ്രവേശിപ്പിക്കില്ലെന്നിരിക്കേ എല്ലാം ദിവസവും യേശു ദേവാലയത്തിനകത്ത് ജനങ്ങളെ ഉപദേശിക്കുമായിരുന്നു. ചുരുക്കത്തിൽ അബ്രഹാമിന്റെ ദൈവത്തെ ആരാധിക്കുകയും മോശൈക ന്യായപ്രമാണത്തെ അനുഷ്ഠിക്കുകയും ചെയ്തിരുന്ന മുൻകാല പ്രവാചക മതമായിരുന്നു  യേശുവിന്റേതും.

## മതനേതൃത്വത്തിന്റെ കാപട്യം

അങ്ങനെയെങ്കിൽ, മോശൈക ന്യായപ്രമാണത്തെ അനുസരിക്കണമെന്ന് വളരെയധികം നിർബന്ധബുദ്ധിയുള്ള യഹൂദ പുരോഹിതന്മാരും പരീശൻമാരും അദ്ദേഹത്തിന് വിരുദ്ധമായത് എങ്ങനെയെന്ന് സ്വാഭാവികമായും സംശയം വരാം. അക്കാലത്തെ യഹൂദന്മാർക്ക് മോശെയുടെ നിയമത്തെ സംബന്ധിച്ച് വ്യക്തമായ ജ്ഞാനമുണ്ടെങ്കിലും, അവയെ അനുസരിക്കുന്നതിൽ മാനസികമായി അവർ താല്പര്യപ്പെട്ടിരുന്നില്ല. ബാഹ്യമായി നിയമങ്ങളുടെ വിഷയത്തിൽ കൃത്യതയ്ക്ക് പരിശ്രമിക്കുന്നതായി അഭിനയിച്ചെങ്കിലും അവയിൽ അടങ്ങിയിട്ടുള്ള ദൈവിക താല്പര്യത്തെ പൂർത്തീകരിക്കുന്നതിൽ അവർ തികഞ്ഞ പരാജയമായിരുന്നു. കടുത്ത ആത്മീയ ദാരിദ്ര്യം ബാധിച്ചിരുന്ന ഇവരുടെ പ്രവൃത്തികൾ നിയമത്തെ ഫലശൂന്യമാക്കുന്നതും ദൈവത്തിന് വെറുപ്പുളവാക്കുന്നതും ആയിരുന്നു. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

> കപടഭക്തരായ വേദജ്ഞരും പരീശരുമേ, നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ ചതുകപ്പ, തുളസി, ജീരകം തുടങ്ങിയവയിലെ ദശാംശം നൽകുന്നു. എന്നാൽ ന്യായം, കരുണ, വിശ്വസ്തത, എന്നിങ്ങനെ ന്യായപ്രമാണത്തിലെ ഘനമേറിയ കാര്യങ്ങൾ അവഗണിക്കുന്നു. ആദ്യം പറഞ്ഞത് അവഗണിക്കാതെ നിങ്ങൾ രണ്ടാമത്തേത് അനുഷ്ഠിക്കുകയാണ് വേണ്ടത്.
>
> (മത്തായി 23:23)

കാപട്യം എന്ന ഹൃദയരോഗം ബാധിച്ചിരുന്ന ഇവർ ന്യായപ്രമാ

1. ലൂക്കോസ് 4:16.

ണം അനുസരിച്ച് ഭക്തി നടിച്ചു. എന്നാൽ സത്യവിശ്വാസികൾക്ക് അനിവാര്യമായ ആന്തരീക വിശുദ്ധി ഇവർ നഷ്ടപ്പെടുത്തിയിരുന്നു. ഇത് സുന്ദരമായി വിവരിക്കുന്ന ധാരാളം ഉപമകൾ യേശു പറയുക യുണ്ടായി:

> നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ വെള്ളപൂശിയ ശവക്കല്ലറകൾക്ക് തുല്യർ. അവ പുറമേ മനോഹരം അകമേയോ മരിച്ചവരുടെ അസ്ഥികളും സകല വിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അതുപോലെ നിങ്ങളും ജനങ്ങളുടെ മുമ്പിൽ നീതിമാൻമാരായി കാണപ്പെടുന്നു. പക്ഷേ ഉള്ളിൽ കപട ഭക്തിയും ദുഷ്ടതയും കൊണ്ട് നിറഞ്ഞവർ.
>
> (മത്തായി 23:27,28)

ഇപ്രകാരമുള്ള പുരോഹിതരും വേദപണ്ഡിതരും അടങ്ങിയതാണ് അദ്ദേഹത്തിന്റെ സമകാലികരായ യഹൂദ നേതൃത്വം. ഭൗതിക തൽപരരും സ്ഥാനമോഹികളുമായ ഇവരുടെ കീഴിൽ ജനങ്ങൾ വീർപ്പുമുട്ടി. ആത്മീയത പൂർണമായും കൈമോശം വന്നു. ഇപ്രകാരം വററി വരണ്ട നിയമങ്ങളോട് ജനങ്ങൾക്ക് താല്പര്യം നഷ്ടപ്പെട്ടു. ഇവരുടെ പിറകെ നടക്കുന്നതിന്റെ വ്യർഥത വെളിവാക്കികൊണ്ട് യേശു പറഞ്ഞു:

> വേദജ്ഞരും പരീശരരും മോശെയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. അതിനാൽ നിങ്ങൾ അവരെ അനുസരിക്കണം; അവർ പറയുന്നത് കേൾക്കുകയും വേണം. എന്നാൽ അവർ പ്രവർത്തിക്കുന്നത് പോലെ നിങ്ങൾ പ്രവർത്തിക്കരുത്. കാരണം അവർ പഠിപ്പിക്കുന്നതിന് അനുസരിച്ച് പ്രവർത്തിക്കുന്നില്ല. അവർ ഭാരമുള്ള ചുമടുകെട്ടി മനുഷ്യരുടെ തോളിൽ വയ്ക്കുന്നു. എന്നാൽ ഒരു വിരൽ കൊണ്ടുപോലും തൊടുവാൻ അവർക്കു മനസ്സില്ല.
>
> (മത്തായി 23:1–4)

ഇവ്വണ്ണം യഹൂദ നേതൃത്വത്തിന്റെ കാപട്യത്തിന്റെ പുറംതോൽ പൊതുജനമദ്ധ്യത്തിൽ അദ്ദേഹം പിച്ചിച്ചീന്തി. തങ്ങൾക്ക് ചുറ്റും ഓടികൂടുകയും 'റബ്ബി' എന്ന് ആദരപൂർവ്വം വിളിക്കുകയും ചെയ്തിരുന്ന സാധാരണക്കാരായ ജനങ്ങൾ യേശുവിന്റെ അടുക്കൽ നിന്നും ഉപദേശം സ്വീകരിക്കുന്നത് അവർക്ക് സഹിച്ചില്ല. ഇതിന് പ്രതികാരം ചെയ്യുവാൻ അവർ ആഗ്രഹിച്ചു. നിയമവിരുദ്ധമായി അദ്ദേഹം എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്ന് അവർ അന്വേഷിച്ച് നടന്നു. പര

സ്യമായി ധാരാളം ആരോപണങ്ങൾ ഉന്നയിച്ചു. എന്നാൽ ഒന്നുപോലും അവർക്ക് ഗുണകരമായി പര്യവസാനിച്ചില്ല. അത്ഭുത പ്രവൃത്തികളും പ്രമാണബദ്ധമായ ഉപദേശങ്ങളും ആത്മസംസ്കരണ പ്രവർത്തനങ്ങളും നിർലോഭമായി പ്രവഹിച്ച അദ്ദേഹത്തെ പരാജയപ്പെടുത്താൻ ശത്രുക്കൾക്ക് സാധ്യമായിരുന്നില്ല.

## ന്യായപ്രമാണം നിത്യജീവന്റെ മാർഗം

മുൻകാലത്ത് പഠിപ്പിക്കപ്പെട്ട ഒരു കാര്യത്തിനും വിരുദ്ധമായി യേശു പഠിപ്പിച്ചില്ല. ബാഹ്യമായി മാത്രം ന്യായപ്രമാണം അനുസരിക്കാതെ അതീവ താല്പര്യത്തോടെയും നീതിയോടെയും ചെയ്യുവാൻ ജനങ്ങളെ ഉപദേശിച്ചു. യേശു ന്യായപ്രമാണത്തെ കുറിച്ചു പറഞ്ഞതു ശ്രദ്ധിക്കുക.

> I. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കുവാൻ വന്നു എന്നു ചിന്തിക്കരുത്. അവയെ നീക്കുവാനല്ല നിവർത്തിപ്പാനാണ് ഞാൻ വന്നത്. ആകാശവും ഭൂമിയും അപ്രത്യക്ഷമാകുവോളം സകലവും നിറവേറുന്നതുവരെ ന്യായപ്രമാണത്തിലെ വള്ളിക്കോ പുള്ളിക്കോ മാറ്റം വരുകയില്ല എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ഈ കൽപനയിൽ ലഘുവായതെങ്കിലും ലംഘിക്കുകയും അപ്രകാരം ചെയ്യുവാൻ മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് ഗണിക്കപ്പെടും. എന്നാൽ ഈ കല്പനകൾ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവൻ എന്ന് ഗണിക്കപ്പെടും. നിങ്ങളുടെ നീതി പരീശന്മാരുടെയും വേദജ്ഞന്മാരുടെയും നീതിയെ അതിലംഘിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിശ്ചയമായും സ്വർഗരാജ്യത്തിൽ കടക്കുകയില്ല എന്ന് ഞാൻ സത്യമായും നിങ്ങളോട് പറയുന്നു.
>
> (മത്തായി 5:17-20)

ഇവിടെ, ആകാശവും ഭൂമിയും ഒഴിഞ്ഞു പോകുവോളം ന്യായപ്രമാണം മാറ്റപ്പെടുകയില്ല എന്ന് യേശു പഠിപ്പിക്കുന്നുണ്ട്.

II. മറ്റൊരിക്കൽ ഒരു ശാസ്ത്രി യേശുവിനോട് - നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കുവാൻ താൻ എന്തു ചെയ്യണമെന്ന് ചോദിച്ചു.

അതിന് യേശു: "എന്നെ നല്ലവൻ എന്ന് പറയുന്നത് എന്ത്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല. കൊലചെയ്യരുത്, വ്യഭിചാ

രം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, ചതിക്കരുത്, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്ന കൽപനകളെ നീ അറിയുന്നുവല്ലോ" എന്ന് പറഞ്ഞു. (മർക്കോസ് 10: 17-19) ഇവിടെയും യേശു നിത്യജീവന് ആവശ്യമായ കൽപനകൾ നിനക്ക് മുമ്പ് തന്നെ അറിയുമല്ലോ എന്നാണ് ചോദിക്കുന്നത്. അല്ലാതെ പുതിയ ഒരു നിത്യജീവന്റെ മാർഗം പഠിപ്പിക്കുന്നില്ല.

III. പിന്നീടൊരിക്കൽ ശാസ്ത്രിമാരിൽ ഒരുവൻ യേശുവിനോട് മുഖ്യമായ കൽപന ഏതാണ് എന്ന് ചോദിച്ചപ്പോൾ അദ്ദേഹം ന്യായപ്രമാണത്തിലെ 10 കൽപനകളും രണ്ടെണ്ണമാക്കി ചുരുക്കിപ്പറഞ്ഞു.

1. നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്, നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും, പൂർണമനസ്സോടും, പൂർണ ആത്മാവോടും, പൂർണശക്തിയോടും കൂടി സ്നേഹിക്കുക.

2. നിന്നെപ്പൊലെ നിന്റെ കൂട്ടുകാരനേയും സ്നേഹിക്കുക. സകല ന്യായപ്രമാണവും പ്രവാചകന്മാരും ഈ രണ്ട് കൽപനകളിൽ അധിഷ്ഠിതമായിരിക്കുന്നു.

ശാസ്ത്രി അദ്ദേഹത്തോട്: "നന്ദി ഗുരോ, നീ പറഞ്ഞതു സത്യം തന്നെ. ഏകനേയുള്ളൂ. അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണ ഹൃദയത്തോടും പൂർണ മനസ്സോടും, പൂർണ ശക്തിയോടും കൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും, സർവാംഗ ഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതുതന്നെ" എന്ന് പറഞ്ഞു. അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്ന് യേശു കണ്ടിട്ട്, നീ ദൈവരാജ്യത്തോട് അകന്നവനല്ല എന്നു പറഞ്ഞു. (മർക്കോസ് 12:28-34)

യേശു ഇവിടെ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ന്യായപ്രമാണത്തിലെ 10 കൽപനകൾ ഇവയാണ്:

1) ഞാനല്ലാതെ അന്യദേവന്മാർ നിങ്ങൾക്ക് ഉണ്ടാകരുത്.

2) ഒരു വിഗ്രഹവും ഉണ്ടാക്കരുത്.

3) വൃഥാ ദൈവനാമം എടുക്കരുത്.

4) ശബത്ത് ആചരിക്കുക.

5) അപ്പനെയും അമ്മയെയും ബഹുമാനിക്കുക.

6) കൊല ചെയ്യരുത്.

7) വ്യഭിചരിക്കരുത്.

8) മോഷ്ടിക്കരുത്.

9) കള്ളസാക്ഷ്യം പറയരുത്.

10) കൂട്ടുകാരന്റെ യാതൊന്നിനെയും ആഗ്രഹിക്കരുത്.

ന്യായപ്രമാണത്തിന്റെ അടിസ്ഥാന നിയമങ്ങൾ ശ്രദ്ധിച്ചാൽ ആദ്യത്തെ നാലെണ്ണം ദൈവവുമായി ബന്ധപ്പെട്ടതും ബാക്കി ആറെണ്ണം മനുഷ്യരുമായി ബന്ധപ്പെട്ടതും ആണെന്ന് മനസ്സിലാക്കാം. ദൈവത്തെ പൂർണ മനസ്സോടും, പൂർണ ശക്തിയോടും, പൂർണ ആത്മാവോടും കൂടെ സ്നേഹിക്കുന്നവർക്ക് ആദ്യത്തെ നാല് നിയമങ്ങൾ അനുസരിക്കുന്നത് എളുപ്പമാണ്. അതേപോലെ കൂട്ടുകാരനെ സ്വന്തത്തെ സ്നേഹിക്കുന്നതുപോലെ സ്നേഹിച്ചാൽ അവിടെ മോഷണമോ, വ്യഭിചാരമോ, കൊലപാതകമോ, കള്ള സാക്ഷ്യമോ, അത്യാഗ്രഹമോ ഉണ്ടാവുകയില്ല. ഇങ്ങനെ ന്യായപ്രമാണത്തിന്റെ ലക്ഷ്യം മുഴുവനും അർഥ സമ്പൂർണമായ രണ്ടു നിയമങ്ങളിൽ യേശു ചുരുക്കി പറഞ്ഞു.

IV. ധനവാന്റെയും ലാസറിന്റെയും കഥ – ന്യായപ്രമാണം തന്നെ നിത്യജീവന്റെ മാർഗം

ഒരിക്കൽ സ്വർഗം കരഗതമാക്കിയ ലാസർ എന്ന ഒരു ദരിദ്രന്റെയും നരക ശിക്ഷക്ക് വിധേയനായ ഒരു ധനവാന്റെയും കഥ യേശു പറയുകയുണ്ടായി. മരണശേഷം ധനവാൻ നരകശിക്ഷ അനുഭവിക്കവെ, സ്വർഗത്തിൽ അബ്രഹാമിന്റെ സന്നിധിയിൽ സന്തോഷമനുഭവിക്കുന്ന ആ ദരിദ്രനെ കണ്ടു. തനിക്ക് ജീവിതത്തിൽ സംഭവിച്ച അബദ്ധം, ഇപ്പോൾ ഭൂമിയിൽ ജീവിച്ചിരിക്കുന്ന തന്റെ സഹോദരങ്ങൾക്ക് ഭവിക്കരുതെന്ന ഒരാഗ്രഹം ഈ സമയത്ത് ധനവാനുണ്ടായി. ഇത് പ്രകടമാക്കിക്കൊണ്ട് അബ്രഹാമിനോട് ധനവാൻ നടത്തിയ ചില സംഭാഷണങ്ങളും അതിന് ലഭിച്ച മറുപടിയും യേശു ഒരുപമയിലൂടെ വിവരിക്കുന്നുണ്ട്.

“ധനവാൻ അബ്രഹാമിനോട്: എന്നാൽ പിതാവേ, അവനെ (ലാസർ) എന്റെ അപ്പന്റെ വീട്ടിലേക്ക് അയക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ച് സഹോദരന്മാരുണ്ട്. അവരും ഈ യാതനയുള്ള സ്ഥലത്ത് വരാതിരിക്കുവാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ” എന്ന് പറഞ്ഞു.

അബ്രഹാം അവനോട്: <u>അവർക്ക് മോശെയും പ്രവാചകന്മാരും</u>

ഉണ്ടല്ലോ. അവരുടെ വാക്ക് അവൻ കേൾക്കട്ടെ."

ധനവാൻ: "അങ്ങനെയല്ല അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റ് അവരുടെ അടുക്കൽ ചെന്നാൽ അവർ മാനസാന്തരപ്പെടും."

അബ്രഹാം: "അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്ക് കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റ് ചെന്നാലും വിശ്വസിക്കുകയില്ല എന്ന് പറഞ്ഞു." (ലൂക്കോസ് 16:27 –31)

തീ കത്തുന്ന യാതന സ്ഥലത്ത് നിന്ന് രക്ഷപെടണമെങ്കിൽ മോശെയുടെയും പ്രവാചകന്മാരുടെയും വാക്ക് അനുസരിക്കണമെന്നാണ് ഈ ഉപമയിലൂടെ യേശു വ്യക്തമാക്കിയത്. മാത്രമല്ല, ഇത് വിശ്വസിക്കാത്തവന്റെ മുമ്പിൽ ഒരാൾ മരിക്കുകയോ, അടക്കപ്പെടുകയോ, മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയോ ചെയ്താലും തഥൈവ! ചെവിയുള്ളവൻ കേൾക്കട്ടെ.

## യേശു ന്യായപ്രമാണം ലംഘിച്ചിട്ടില്ല

ഒരിക്കൽ ശബത്ത് ദിവസത്തിൽ കൈ ശോഷിച്ച ഒരു വ്യക്തിയെ യേശു സൗഖ്യമാക്കി. ഈ സമയം നിയമത്തിന്റെ മൂലയിൽ തൂങ്ങിക്കൊണ്ട് ശത്രുക്കൾ ഇതിനെ ചോദ്യം ചെയ്തു. ശബത്ത് ദിവസം നന്മയായ കാര്യങ്ങൾ ചെയ്യുന്നത് നിയമാനുസൃതമാണെന്ന് തെളിയിക്കുന്നതിന് വേണ്ടി അദ്ദേഹം അവരോട് തിരിച്ച് ചോദിച്ചു. നിങ്ങളുടെ ആട് ശബത്ത് ദിവസം കുഴിയിൽ വീണാൽ നിങ്ങളതിനെ രക്ഷിക്കുകയില്ലേ. അതോ ശബത്ത് കഴിയുന്നത് വരെ നിങ്ങൾ കാത്തിരിക്കുമോ? ഉത്തരം മുട്ടി നിന്ന വിമർശകരോട്, ദൈവം ആടിനെക്കാൾ അധികം വിലമതിക്കുന്നത് മനുഷ്യനെയാണെന്ന് അദ്ദേഹം ഉണർത്തി. (മത്തായി 12:9–14)

മറ്റൊരു ശബത്ത് ദിവസം യേശുവും ശിഷ്യന്മാരും നടന്നുപോകവേ, അവരിൽ ചിലർ വയലിൽ നിന്നും കതിർ പറിച്ച് തിന്നു. അവസരം കാത്തിരുന്ന വിമർശകർ ഇതിനെയും ചോദ്യം ചെയ്തു. അവർ അംഗീകരിക്കുന്ന ദാവീദ് പ്രവാചകൻ മുമ്പ് ഒരു പ്രത്യേക സാഹചര്യത്തിൽ പുരോഹിതന്മാർക്ക് മാത്രം അനുവദിച്ചിരുന്ന കാഴ്ചയപ്പം ഭക്ഷിച്ച സംഭവം ഉദ്ധരിച്ചുകൊണ്ട് യേശു തിരിച്ചടിച്ചു. അത് തെറ്റാണെന്ന് പറയുവാൻ ധൈര്യമില്ലാത്തതിനാൽ വിമർശകർ തൽക്കാലത്തേക്ക്

പിൻവാങ്ങി. (മത്തായി 12:1-8)

ഒരിക്കൽ വേദജ്ഞരും പരീശരും യേശുവിന്റെ സമീപം വന്ന്, അങ്ങയുടെ ശിഷ്യന്മാർ ആഹാരം കഴിക്കുന്നതിന് മുമ്പ് കൈ കഴുകുന്നില്ലെന്നും അത് നമ്മുടെ പൂർവിക മര്യാദകൾക്ക് വിരുദ്ധമാണെന്നും ആരോപിച്ചു. ഇത്ര നിസ്സാര വിഷയത്തെ പെരുപ്പിച്ചു കാണിക്കുന്ന ഇവരുടെ ഉദ്ദേശശുദ്ധി ജനസമക്ഷം വെളിവാക്കുവാൻ അദ്ദേഹം തീരുമാനിച്ചു.

പൂർവിക മര്യാദകളുടെ പേരിൽ ഇത്രത്തോളം ഗൗരവം കാണിക്കുന്ന നിങ്ങൾ, പക്ഷേ ദൈവിക കൽപനയെ പാരമ്പര്യത്തിന്റെ പേരിൽ നിസ്സാരവൽക്കരിക്കുന്നത് എന്തെന്ന് അദ്ദേഹം ചോദിച്ചു. മാതാപിതാക്കളെ ബഹുമാനിക്കേണം എന്ന ദൈവ കൽപനയ്ക്ക് പ്രാധാന്യം നൽകാതെ, ഒരുവൻ അവന്റെ മാതാപിതാക്കൾക്ക് നൽകുന്ന സഹായം ദൈവത്തിനുള്ള വഴിപാടാണെന്ന് ബഹുമാനമില്ലാതെ പറഞ്ഞാലും അവന്റെ നിയമപരമായ ബാധ്യത പൂർത്തീകരിക്കപ്പെട്ടു എന്ന് നിങ്ങൾ വിധിക്കുന്നതിലൂടെ പ്രസ്തുത നിയമത്തെ നിങ്ങൾ ഫലശ്യൂന്യമാക്കുകയല്ലേ എന്ന് അദ്ദേഹം ഉണർത്തി. (മത്തായി 15:1-6)

മറ്റൊരിക്കൽ ദൈവപുത്രനെന്ന് യേശു സ്വയം വിശേഷിപ്പിച്ചതിന്റെ പേരിൽ അദ്ദേഹത്തെ കല്ലെറിയുവാൻ യഹൂദന്മാർ തീരുമാനിച്ചു. അപ്പോൾ യേശു പറഞ്ഞു: "ദൈവവചനം ലഭിച്ചവരെ ദേവന്മാർ എന്ന് ദൈവം വിളിച്ചുവല്ലോ. അങ്ങനെയെങ്കിൽ ഞാൻ ദൈവപുത്രനെന്ന് പറയുന്നതിന് നിങ്ങൾ എന്തിനാണ് കല്ലെറിയുന്നതെന്ന് ചോദിച്ചു." (യോഹ 10:32-37) ഇവിടെ യേശു ഉദ്ധരിച്ചത് "നിങ്ങൾ ദേവന്മാരെന്നും നിങ്ങൾ അത്യുന്നതന്റെ മക്കളെന്നും ഞാൻ പറയും" (സങ്കീർത്തനം 82:6) എന്ന വാക്യമാണ്. ആത്മീയ ഭാഷയിൽ വചനം ലഭിച്ചവരെ ദേവന്മാരെന്നും ദൈവമക്കളെന്നും പ്രയോഗിച്ചതിന് തത്തുല്യമായിട്ടാണ് യേശു ഉപയോഗിച്ച ദൈവപുത്രൻ എന്ന പദവും എന്നർഥം. അല്ലാതെ, ഇന്നത്തെ ക്രൈസ്തവ വിശ്വാസപ്രമാണം പറയുന്നതുപോലെ അദ്ദേഹം ദൈവപുത്രത്വം വിശദീകരിച്ചിരുന്നെങ്കിൽ എല്ലാ ജനങ്ങളും യേശുവിന് എതിരാകുമെന്നതാണ് വാസ്തവം.

പിന്നീട് ഒരിക്കൽ ഒരു വ്യഭിചാരിണിയെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ശിക്ഷ വിധിക്കുവാൻ വിമർശകർ ആവശ്യപ്പെട്ടു.

ആദ്യം കുറെ നേരം മൗനം പാലിച്ചിട്ടും അവർ ഒഴിഞ്ഞുപോകുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. "കുറ്റം ചെയ്യാത്തവർ ഇവളെ കല്ലെറിയട്ടെ." വ്യഭിചാരത്തെ ആചാരമാക്കി ജീവിച്ച അവർ മന:സ്താപത്തോടെ കല്ലെറിയാതെ ഓടിപ്പോയി. രണ്ട് കാരണങ്ങൾ കൊണ്ടാവാം അദ്ദേഹം അങ്ങനെ പറഞ്ഞത്.

1) വധശിക്ഷ പോലുള്ള ക്രിമിനൽ ശിക്ഷാനിയമങ്ങൾ നടപ്പിലാക്കാൻ ഭരണകർത്താക്കളായ റോമക്കാർ യഹൂദന്മാരെ അനുവദിച്ചിരുന്നില്ല. അതിനാൽ, ദൈവിക നിയമപ്രകാരം വധിക്കാൻ കൽപ്പിച്ചാൽ അദ്ദേഹത്തിന്റെ പ്രവൃത്തി റോമൻ നിയമങ്ങൾക്ക് വിരുദ്ധമാവും. അങ്ങനെ യേശുവിനെ ബന്ധനസ്ഥനാക്കാനുള്ള കാരണം ലഭിക്കും.

2) വ്യഭിചാരമെന്ന പാപത്തോടുള്ള ദേഷ്യമല്ല, മറിച്ച് തന്റെ നിലപാട് എന്തെന്നറിയുകയാണ് അവരുടെ ഉദ്ദേശ്യമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അതിനാൽ പാപം ചെയ്യാത്തവർ കല്ലെറിയാൻ നിർദ്ദേശിച്ചാൽ അതിന് യോഗ്യതയുള്ളവർ ആരും ആ കൂട്ടത്തിൽ ഉണ്ടാകുകയില്ലായെന്ന് അദ്ദേഹത്തിനറിയാം. ശേഷം ആ സ്ത്രീയോട് നിന്നെ ആരും കല്ലെറിഞ്ഞില്ലേയെന്ന് ചോദിക്കുകയും ഇല്ലായെന്ന് മറുപടി ലഭിച്ചപ്പോൾ, എങ്കിൽ ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ലെന്നും. ഇനിമേലിൽ തെറ്റുകൾ ചെയ്യരുതെന്നും ഉപദേശിച്ച് പറഞ്ഞയക്കുകയും ചെയ്തു. (യോഹ 8:1-11)

ഇപ്രകാരം ന്യായപ്രമാണത്തെ ആധാരമാക്കി യേശുവിനെ ജനങ്ങളുടെ മുമ്പിൽ കുറ്റക്കാരനായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ വിഫലമായി. ദിവസം പിന്നിടും തോറും യഹൂദ നേതാക്കന്മാർക്ക് ഒന്നും ചെയ്യുവാൻ കഴിയാത്ത രീതിയിൽ അദ്ദേഹത്തിന്റെ സ്വാധീനം വർധിച്ചു. എന്നാൽ യേശുവിന്റെ മുമ്പിൽ തടിച്ചു കൂടിയ ജനങ്ങൾ എല്ലാവരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായില്ല. അങ്ങനെയുള്ള നാടുകളെ ഓർത്ത് യേശു വിലപിക്കുന്നത് സുവിശേഷങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. (മത്തായി 11:20-24)

അങ്ങനെ ശത്രുക്കളായ യഹൂദവേദജ്ഞരും പരീശരും കിണഞ്ഞു പരിശ്രമിച്ചിട്ടുപോലും യേശുവിൽ നിന്ന് ന്യായപ്രമാണ വിരുദ്ധമായി ഒന്നും ലഭിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വിയോഗശേഷം മുപ്പത് വർഷത്തോളം യെരുശലേമിൽ ജീവിച്ച പന്ത്രണ്ട് അപ്പൊസ്തലന്മാ

രെ കുറിച്ചും ന്യായപ്രമാണം ലംഘിച്ചവർ എന്ന കുറ്റാരോപണം ഇല്ല. യേശുവിനെ പോലെ തന്നെ യെരുശലേം ദേവാലയത്തിലെ സ്ഥിരം സാന്നിധ്യമായിരുന്നു അപ്പൊസ്തലന്മാരും. ഒരു തവണ പോലും ന്യായപ്രമാണം ലംഘിച്ചതിന് അവരെ യഹൂദന്മാർ പീഡിപ്പിച്ചില്ല. മറിച്ച്, യേശുവിനെ ക്രിസ്തുവായി പ്രസംഗിച്ചതിന്റെ പേരിൽ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. എന്നാൽ കാര്യകാരണ സഹിതം ന്യായപ്രമാണ ലംഘകനായി പിടികൂടപ്പെടുകയും തല്ല് വാങ്ങുകയും ചെയ്തത് 'പതിമൂന്നാമത്തെ' അപ്പൊസ്തലനായ പൗലോസ് മാത്രമാണ്.

# രണ്ട്

## ധാർമികതയുടെ മാനദണ്ഡം

ദൈവിക മാർഗത്തിൽ നിയുക്തരായ പ്രവാചകൻമാരിൽ ചിലർ ആത്മിക മേഖലകളിൽ മാത്രവും, മറ്റ് ചിലർ ആത്മിയവും ഐഹിക വുമായ സമസ്ത മേഖലകളിലും പ്രവർത്തിച്ചിരുന്നതായി വേദഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. ഇവർ എല്ലാവരും തങ്ങളെ ദൈവം ഏൽപ്പിച്ച ദൗത്യങ്ങൾ കൃത്യമായി നിർവഹിച്ചിട്ടുണ്ട്.

ആത്മിയ മേഖലകളിലേക്ക് മാത്രം നിയോഗിക്കപ്പെട്ട പ്രവാചകൻമാരുടെ വാക്കുകൾ ഐഹിക നിയമങ്ങളല്ല; മറിച്ച് ഉപദേശങ്ങളാണ്. അതിൽ പ്രധാനമായും അടങ്ങിയിട്ടുള്ളത് വിട്ടുവീഴ്ച, സഹനം, ക്ഷമ, ഭൗതിക വിരക്തി തുടങ്ങിയവയെ കുറിച്ചുള്ള ഉത്ബോധനങ്ങളാണ്. മനുഷ്യനെ തിൻമയിലേക്ക് നയിക്കുന്ന സർവ കാര്യങ്ങളും ഉപേക്ഷിക്കണമെന്നും നൻമയിലേക്ക് അതിവേഗം മുന്നേറണമെന്നുമുള്ള നിർദേശങ്ങൾ അവയുടെ കാതലാണ്. മനുഷ്യർ തമ്മിലുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളെ ഐഹിക നീതിന്യായ സംവിധാനങ്ങളിലേക്ക് നീട്ടാതെ, അതിന് മുമ്പ് തന്നെ വിട്ടുവീഴ്ചയിലൂടെ പരിഹരിക്കണമെന്നുള്ള സാരോപദേശങ്ങളും അതിന് ഒരാൾ തയ്യാറാവുകയാണെങ്കിൽ സൃഷ്ടാവ് ഇപ്രകാരം അവരോടും വിട്ടുവീഴ്ച ചെയ്യുമെന്നുമുള്ള വാഗ്ദാനങ്ങളും ഈ മേഖലയിലുള്ള പ്രവാചകൻമാരുടെ തിരുമൊഴികളിൽ കാണാനാകും. ഭൗതിക വസ്തുക്കളുമായി ബന്ധപ്പെടുത്തിയുള്ള ലാഭ നഷ്ട കണക്കുകളേക്കാൾ, എല്ലാ വിഭവങ്ങളുടേയും ഉടമസ്ഥനായ പ്രപഞ്ചനാഥനെ ആശ്രയമാക്കി ദാനധർ

മാദികൾ നൽകുവാനുള്ള പ്രേരണകൾ ഇവർ നൽകും. മനസിന്റെ രഹസ്യ രോഗങ്ങളായ കാപട്യം, അസൂയ, അഹങ്കാരം, ശാരീരികേച്ഛ, അത്യാഗ്രഹം, ദുഷ്ചിന്ത തുടങ്ങിയവക്കുള്ള ഫലപ്രദമായ ഔഷധത്തിന്റെ വിതരണക്കാരാണ് ഇവർ. ഹൃദയത്തെ എല്ലാവിധ മാലിന്യങ്ങളിൽ നിന്നും മുക്തമാക്കി പകരം സൃഷ്ടാവിനോടുള്ള പരിപൂർണ സ്നേഹം ഊട്ടിയുറപ്പിക്കുക എന്നതാണ് ഈ പ്രവാചകൻമാരുടെ ആത്യന്തിക ലക്ഷ്യം.

ഇവരുടെ അനുയായികൾ നിയമത്തിന്റെ ഓരത്തോളം പോകുന്നവരല്ല; മറിച്ച് ദൈവഹിതം മനസിലാക്കി അതിൻപ്രകാരം പൂർത്തീകരിക്കുന്നവരാണ്. അവർ നിർബന്ധപൂർവം പ്രവാചകൻമാരെ പിൻപറ്റിയവരല്ല; സ്വമേധയ താല്പര്യപ്പെട്ട് വന്നവരാണ്. ഇവർ പ്രവാചകൻമാരെ പോലെ സർവ മനുഷ്യർക്കും മാതൃകകളാണ്.

എന്നാൽ മേൽപറഞ്ഞ ആത്മീയ മേഖലയോടൊപ്പം, ഐഹിക മേഖലയും സംസ്കരിക്കുന്നതിന് നിയുക്തരായ പ്രവാചകൻമാരുടെ വാക്കുകളിൽ ഉപദേശങ്ങളോടൊപ്പം നിയമങ്ങളും അടങ്ങിയിട്ടുണ്ട്. തങ്ങളെ സ്വമേധയ പിൻപറ്റിയ അനുയായികളുടെ കാര്യത്തിൽ മാത്രമല്ല ഇവർ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. അവരുടെ മേൽനോട്ടത്തിൻ കീഴെ സച്ചരിതരായ അനുയായികളും, അൽപ വിശ്വാസികളും, കപട വിശ്വാസികളും, അന്യമതക്കാരും, വിദേശികളും, ദുർബലരും ശക്തരുമായവർ ഈ ജനസമൂഹത്തിലുണ്ടാകും. ദുർബലരായ ജനങ്ങളോട് അതിക്രമത്തിന് മുതിരുന്ന അഹങ്കാരികളും, കള്ളൻമാരും, വ്യഭിചാരികളും, കള്ളസാക്ഷികളും തുടങ്ങിയ വിവിധ കുറ്റകൃത്യങ്ങൾ അവസരം കിട്ടുമ്പോൾ പുറത്തെടുക്കുന്ന മനുഷ്യരും ഉണ്ടാകും. എത്ര വിട്ടുവീഴ്ച ചെയ്താലും അക്രമം തുടരുകയും അത് വർധിപ്പിക്കുകയും ചെയ്യുന്നവരും ഉണ്ടാകും. ഈ സമയങ്ങളിൽ ജനങ്ങൾ പരസ്പരം നിയമം കയ്യിലെടുക്കാതെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന് ആവശ്യമായ നീതിന്യായ സംവിധാനങ്ങൾ ഒരുക്കേണ്ടിവരും. ഇതോടൊപ്പം, അവസരം ഒത്തു വന്നാൽ ആക്രമിക്കാൻ അവസരം കാത്തിരിക്കുന്ന ശത്രുരാജ്യങ്ങളിൽ നിന്നും തന്റെ ജനത്തെ സംരക്ഷിക്കേണ്ട ബാദ്ധ്യതയും ഈ പ്രവാചകൻമാർക്കുണ്ട്. ഇതിന് സൈന്യത്തെ തയ്യാറാക്കുകയും ശത്രുക്കളിലേക്ക് നയിക്കുകയും ചെയ്യേണ്ടത് അദ്ദേഹത്തിന്റെ ദൗത്യമായിരിക്കും. യുദ്ധാനന്തരം ലഭിക്കുന്ന ശത്രുക്കളെയും അവരുടെ സമ്പത്തിനെയും എപ്രകാരം കൈകാര്യം ചെയ്യുന്നതാണ് ദൈവഹിതമെന്ന് പ്രവാചകന്

ജനങ്ങളെ പഠിപ്പിക്കേണ്ടി വരും.

ഇപ്രകാരമുള്ള രണ്ട് വിഭാഗം പ്രവാചകൻമാരേയും അംഗീകരിക്കുവാനുള്ള ബാധ്യത ഓരോ സത്യവിശ്വാസിക്കുമുണ്ട്. യുദ്ധം നയിച്ച പ്രവാചകൻമാരും യുദ്ധം നയിക്കേണ്ട സാഹചര്യം ഇല്ലാതിരുന്ന പ്രവാചകൻമാരും ഒരു പോലെ സൃഷ്ടാവിനെ അനുസരിക്കുകയായിരുന്നു. ദൈവത്തിന്റെ കൽപന പ്രകാരം ആയുധങ്ങൾ ഉപയോഗിച്ച പ്രവാചകൻമാരെ നിന്ദിക്കുന്നവർ, യഥാർഥത്തിൽ അവരെ കൊണ്ട് അപ്രകാരം ചെയ്യിപ്പിച്ച ദൈവത്തെ തന്നെയാണ് പരിഹസിക്കുന്നത്. യുദ്ധം ചെയ്ത പ്രവാചകൻമാരുടെ കാലത്താണ് മറ്റ് പ്രവാചകൻമാരും ജീവിച്ചിരുന്നതെങ്കിൽ, തീർച്ചയായും അവരും യുദ്ധമുഖത്ത് അണിനിരക്കുമായിരുന്നു. ഇവരെല്ലാവരും ഒരേയൊരു ദൈവീക ജീവിത വ്യവസ്ഥയ്ക്ക് വേണ്ടി അക്ഷീണം വ്യത്യസ്ത മേഖലകളിൽ, വ്യത്യസ്ത കാലങ്ങളിൽ പരിശ്രമിച്ചവരാണ്.

മോശൈക ന്യായപ്രമാണം കാലഹരണപ്പെടുത്തുകയാണ് യേശുക്രിസ്തുവിന്റെ ദൗത്യം എന്ന് തെറ്റിദ്ധരിച്ച ക്രൈസ്തവർ, യേശുവിന് മുമ്പും പിൻപും നിയുക്തരായ പ്രവാചകൻമാരുടെ ധാർമികതയെ കുറിച്ച് പുരികം ചുളിച്ചതിൽ അത്ഭുതപ്പെടാനില്ല. യേശുവിന്റെ ഉപദേശങ്ങളെ ഉപയോഗിച്ച് മറ്റ് പ്രവാചകൻമാരുടെ ഐഹിക നിയമങ്ങളുടെ ധാർമികത പരിശോധിക്കുകയായിരുന്നു നാളിതുവരെയുള്ള ബൈബിൾ വിശ്വാസികൾ. എന്നാൽ യേശുവും ശേഷം അപ്പൊസ്തലൻമാരും മോശൈക ന്യായപ്രമാണത്തെ മുറുകെ പിടിച്ചാണ് ജീവിച്ചിരുന്നതെന്ന സത്യം തിരിച്ചറിയുമ്പോൾ, ക്രിസ്തു മാർഗത്തിന്റെ ധാർമികതയുടെ അദ്ധ്യാപനങ്ങളിൽ ന്യായപ്രമാണത്തിന്റെ നിയമങ്ങളും ഉൾപ്പെടുത്തേണ്ടി വരും. യഥാർഥ ക്രിസ്തു മാർഗത്തിന്റെ അകവും പുറവുമായ സുവിശേഷവും ന്യായപ്രമാണവും ധാർമികതയുടെ അളവുകോലായി സ്വീകരിച്ചുകൊണ്ട് മുൻകാല പ്രവാചകൻമാരെയും യേശുവിന് ശേഷം നിയോഗിതനായ അന്ത്യപ്രവാചകനെയും പഠനത്തിന് വിധേയമാക്കുന്നത് സത്യമതത്തിന്റെ പ്രവേശനത്തിനുള്ള പാതയിൽ ഒരു വെളിച്ചമായി തീരുമെന്നതിൽ സംശയമില്ല.

## മോശെയുടെയും യേശുവിന്റേയും ദൗത്യത്തിന്റെ അന്തരം

### മോശെ പ്രവാചകന്റെ ദൗത്യം

ഈജിപ്ത് ഭരിച്ചിരുന്ന ക്രൂരനായ ഫറോവയുടെ അടിമത്വത്തിൽ

നിന്നും യിസ്രയേല്യരെ മോചിപ്പിക്കുകയും അവർക്ക് നിർഭയമായി ജീവിക്കുവാൻ കഴിയുന്ന നാട്ടിലേക്ക് നയിക്കുകയും ചെയ്ത പ്രവാചകനാണ് മോശെ. അബ്രഹാം എന്ന കറതീർന്ന ഏകദൈവവിശ്വാസിയുടെ പിൻതലമുറക്കാർ ആയിരുന്നു ഇവരെങ്കിലും, സ്വഭാവവും വിശ്വാസവും എല്ലാം പിൽക്കാലത്ത് പൂർണ്ണമായി മാറ്റപ്പെട്ടിരുന്നു. കഠിനമായ ജോലികളും ഈജിപ്തുകാരുടെ പരിഹാസവും ഫറോവയുടെ ക്രൂരതകളും മൂലം പരുക്കൻ സ്വഭാവവും അനുസരണക്കേടും അവരുടെ പ്രകൃതമായി തീർന്നു. ആ നാട്ടിലെ ബഹുദൈവ വിശ്വാസവും അനാചാരങ്ങളും അവരുടെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. ഇത്രത്തോളം പ്രാകൃതരായ ആളുകളെ നയിക്കുക എന്ന ഏറ്റവും പ്രയാസകരമായ ദൗത്യമായിരുന്നു മോശെയ്ക്ക് ലഭിച്ചത്.

പലപ്പോഴും യിസ്രയേല്യർ ദൈവത്തെയും പ്രവാചകനെയും പ്രകോപിപ്പിച്ചു. ഓരോ അനുഗ്രഹങ്ങൾ ലഭിക്കുമ്പോഴും അവർ പിന്നെയും പിറുപിറുത്തു. അനുയായികളെ യഥാവിധി നയിക്കുവാൻ കഴിയാതെ പ്രവാചകൻ ധാരാളമായി വിഷമിച്ചു. അനേകം സമയങ്ങളിൽ ഇവരുടെ മേൽ ദൈവശിക്ഷ വരാതിരിക്കുവാൻ മോശെ പ്രവാചകൻ മദ്ധ്യസ്ഥത നിന്നു. ഇവരുടെ അനുസരണക്കേട് മൂലം പല തവണ തന്നെ ഈ ദൗത്യത്തിൽ നിന്ന് ഒഴിവാക്കി തരണമെന്ന് അദ്ദേഹം ദൈവത്തോട് അഭ്യർഥിച്ചു.

ഇവരെ ആത്മീയമായി സംസ്കരിക്കുന്നതിന് ആവശ്യമായ ആരാധന കർമങ്ങളും അനുഷ്ഠാനങ്ങളും നന്മതിന്മകളെ വേർതിരിക്കുന്ന പ്രമാണങ്ങളും നൽകപ്പെട്ടു. അത് ലംഘിക്കുന്നവർക്ക് നൽകേണ്ട ശിക്ഷാവിധികളും ശിക്ഷ വിധിക്കുന്നതിന് മുമ്പ് നടത്തപ്പെടേണ്ട വിചാരണയും അതിന് ആവശ്യമായ തെളിവുകൾ എന്തൊക്കെയെന്നും വിശദീകരിച്ച് നൽകി. വാദിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പ്രതിക്ക് തക്കതായ ശിക്ഷ ലഭിക്കുന്നതിനും കൃത്യമായ നീതി-ന്യായ വ്യവസ്ഥകൾ സ്ഥാപിക്കപ്പെട്ടു.

ബഹുദൈവവിശ്വാസത്തെയും അനാചാരങ്ങളെയും തുടച്ചുമാറ്റി പകരം ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ഐഹിക രാജ്യം സ്ഥാപിക്കുന്ന അവസരത്തിൽ അനിവാര്യമാകുന്ന യുദ്ധ നിയമങ്ങളും യുദ്ധാനന്തര നിയമങ്ങളും നൽകപ്പെട്ടു. യുദ്ധത്തിൽ ശത്രുക്കളായ പുരുഷന്മാരോട് സ്വീകരിക്കേണ്ട നിലപാട്, സ്ത്രീകൾ കുട്ടികൾ കന്നുകാലികൾ തുടങ്ങിയവയോടുള്ള വ്യത്യസ്ത സമീപ

നങ്ങൾ, സമരാർജ്ജിത സമ്പത്ത് എപ്രകാരം വീതം വെയ്ക്കണം, അതിൽ ദൈവത്തിന് എത്ര നൽകണം തുടങ്ങിയ യുദ്ധസാഹചര്യങ്ങളിലെ ഒരോ ചെറുതും വലുതുമായ കാര്യങ്ങൾക്കും ദൈവം മോശെയിലൂടെ നിയമം നൽകി.

ഈ നിയമങ്ങൾ ഒന്നുപോലും ഉപേക്ഷിക്കരുതെന്ന് നിർദേശിച്ച് ധാരാളം പ്രവാചകന്മാർ യിസ്രയേൽ മക്കളിലേക്ക് നിയോഗിതരായി. ചിലർ ഭരണകർത്താക്കളായിരുന്നു, അവർ ഭരണകാര്യങ്ങൾ ന്യായപ്രമാണപ്രകാരം നിർവഹിച്ചു. ചിലർ മറ്റ് ഭരണകൂടത്തിൻ കീഴിൽ യിസ്രയേല്യർ ജീവിച്ചപ്പോൾ, അവരിലെ സാധാരണക്കാരായി നിയോഗിതരായി. അവർ ആത്മീയ ഉപദേശങ്ങളിലൂടെ വ്യക്തിപരമായ സൽസ്വഭാവങ്ങളിലേക്കും ആരാധനപരമായ കാര്യങ്ങളിലേക്കും യിസ്രയേല്യരെ ക്ഷണിച്ചു. അവർ യുദ്ധം ചെയ്യുകയോ ശിക്ഷ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ഇങ്ങനെ ഏത് സാഹചര്യത്തിലാണോ അവർ നിയോഗിതരായത്, അവർ എല്ലാവരും അവരുടെ കടമകൾ ഭംഗിയായി നിർവഹിച്ചിട്ടുണ്ട്.

## യേശുവിന്റെ ദൗത്യം

റോമൻ ദേശാധിപതിയായ പീലാത്തോസ് പ്രതിക്കൂട്ടിൽ നിൽക്കുന്ന യേശുവിനോട് ചോദിച്ചു: “നീ യഹൂദന്മാരുടെ രാജാവാകുന്നുവോ?”

യഹൂദ നേതൃത്വം യേശുവിനെ ബന്ധനസ്ഥനാക്കി ഭരണകർത്താക്കളായ റോമക്കാർക്ക് നൽകി. യഹൂദ മതപ്രകാരമുള്ള രാജ്യം സ്ഥാപിക്കുന്ന വാഗ്ദത്ത മിശിഹ താനാണെന്ന് യേശു വാദിച്ചു എന്നതാണ് കുറ്റം. ഒരു ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ കുറ്റമാണ് യേശു ചെയ്തിട്ടുള്ളത്. ഇതിന്റെ വിസ്താരവേളയിലാണ് പീലാത്തോസ് ഇപ്രകാരം ചോദിച്ചത്.

“എന്റെ രാജ്യം ഐഹികം (ഭൗതികം) അല്ല. അങ്ങനെയെങ്കിൽ യഹൂദർ എന്നെ ബന്ധനസ്ഥനാക്കാതിരിക്കാൻ എന്റെ ഭൃത്യന്മാർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല.” യേശു ഉത്തരം പറഞ്ഞു. അദ്ദേഹം ഐഹിക രാജ്യത്തിന്റെ രാജാവല്ലെങ്കിൽ, പിന്നെ എങ്ങനെയുള്ള രാജാവാണെന്ന് അറിയുവാൻ പീലാത്തോസ് ചോദ്യം ആവർത്തിച്ചു.

“ഞാൻ ഒരു രാജാവാണെന്നത് ശരി തന്നെ. വാസ്തവത്തിൽ

സത്യത്തിന് സാക്ഷ്യം വഹിക്കാനാണ് ഞാൻ ജനിച്ചതും ലോകത്തിലേക്ക് വന്നതും. സത്യത്തിന്റെ പക്ഷത്തുള്ളവൻ എന്റെ വാക്ക് കേൾക്കുന്നു." യേശു നയം വ്യക്തമാക്കി. (യോഹ 18:36,37)

ഇതോടുകൂടി അദ്ദേഹത്തിന് എതിരായി അവർ ഉന്നയിച്ച ആരോപണം തകർന്ന് തരിപ്പണമായി. അദ്ദേഹം രാജാവാണെന്ന് അവകാശപ്പെടുന്നത് ഭൗതികാർഥത്തിൽ അല്ലായെന്നും തങ്ങളുടെ റോമൻ സാമ്രാജ്യത്തിന് യേശു ഭീഷണിയല്ലായെന്നും പീലാത്തോസ് ഗ്രഹിച്ചു. മാത്രമല്ല യഹൂദമതത്തിൽ ഇദ്ദേഹം നടത്തുന്ന ആത്മീയ ഇടപെടലുകളിലുള്ള അസഹിഷ്ണുത മൂലമാണ് പൗരോഹിത്യം യേശുവിന് എതിരായി നീക്കം നടത്തുന്നതെന്ന് ദേശാധിപതിക്ക് ബോധ്യപ്പെട്ടു. യേശുവിനെ വെറുതെവിടാൻ അദ്ദേഹം ആഗ്രഹിച്ചുവെങ്കിലും യഹൂദന്മാരുടെ ശക്തമായ സമ്മർദ്ദത്തിന് മുമ്പിൽ വഴങ്ങേണ്ടി വന്നു എന്ന് ബൈബിൾ പറയുന്നു.

യിസ്രയേൽ മക്കളുടെ സുവർണ കാലഘട്ടത്തിൽ ആയിരുന്നില്ല മഹാനായ യേശുക്രിസ്തു നിയോഗിക്കപ്പെട്ടത്. ബഹുദൈവവിശ്വാസികളായ റോമൻ സാമ്രാജ്യത്തിൻ കീഴെ നികുതി നൽകി ജീവിക്കുന്ന ന്യൂനപക്ഷ വിഭാഗമാണ് അന്ന് യഹൂദന്മാർ. തങ്ങളുടെ ഈ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്തുക 'ക്രിസ്തു' അഥവാ മിശിഹ എന്ന വിശേഷണമുള്ള വ്യക്തിയായിരിക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ദൗത്യത്തിലൂടെ മോശൈക ന്യായപ്രമാണം ഭരണഘടനയാക്കിയുള്ള ഒരു സ്വതന്ത്ര രാജ്യം സ്ഥാപിക്കപ്പെടും. ഈ പ്രതീക്ഷയ്ക്ക് കടകവിരുദ്ധമായ ഒരു വ്യക്തിത്വമായിരുന്നു യേശു. ദൈവിക നിയമങ്ങളിൽ അടങ്ങിയിട്ടുള്ള നന്മകളെ പൂർണമായും അവഗണിച്ചു ജീവിച്ച യിസ്രയേല്യർക്ക് രാജ്യം സ്ഥാപിച്ചു കൊടുക്കുകയായിരുന്നില്ല യേശുക്രിസ്തുവിന്റെ ദൗത്യം, മറിച്ച് ദൈവ സന്നിധിയിൽ ഇവർക്കുള്ള പരിഗണന നഷ്ടപ്പെടുന്നതിന് മുമ്പ് അവരിൽ പശ്ചാത്തപിക്കാൻ തയ്യാറുള്ളവർക്ക് അവസാന അവസരം നൽകുകയായിരുന്നു.

അന്ന് നിലവിലിരുന്ന രാഷ്ട്രീയ സാഹചര്യത്തിന് ഏതെങ്കിലും വിധത്തിൽ മാറ്റം വരുത്തുവാൻ അദ്ദേഹം ശ്രമിച്ചില്ല. ദൈവകോപത്തിന് അർഹരായിരിക്കുന്ന ഇവരെ സംഘടിപ്പിച്ച് കൊണ്ട് അതിശക്തമായ റോമൻ സാമ്രാജ്യത്തെ അട്ടിമറിച്ച് രാജ്യം സ്ഥാപിക്കുക എന്നത് ദൈവിക പദ്ധതി അല്ല. റോമാക്കാർ അനുവദിച്ചു തന്നിട്ടുള്ള

ആത്മീയ കാര്യങ്ങൾ നിർവഹിക്കുകയും ഐഹിക നിയമങ്ങളിൽ ഭരണകർത്താക്കളെ അനുസരിക്കുകയും ചെയ്യുക എന്ന ഒരോ യിസ്രയേല്യന്റെയും മനോഭാവമായിരുന്നു ക്രിസ്തുവിന്റേതും. കൈസർക്ക് കരം കൊടുക്കണമോ എന്ന ചോദ്യത്തിനുള്ള മറുപടിയിലും (മർക്കോസ് 12:13–17) വ്യഭിചാരിയെ എറിഞ്ഞു കൊല്ലാതിരുന്നതിലും (യോഹ 8:1–11) താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്ന് കൽപിച്ചതിലും (മത്തായി 16:13–20) തുടങ്ങി പല സന്ദർഭങ്ങളിലും, അദ്ദേഹം ഭരണകർത്താക്കളുമായി പ്രശ്നം ഉണ്ടാകാതിരിക്കുവാൻ പരമാവധി സൂക്ഷ്മത പാലിച്ചിരുന്നുവെന്ന് മനസ്സിലാക്കാം.

ഐഹിക രാജ്യം സ്ഥാപിക്കുക എന്നത് തന്റെ ദൗത്യമല്ലാത്തതിനാൽ, ഐഹിക നിയമങ്ങൾ ഒന്നും തന്നെ അദ്ദേഹത്തിന് ഉപയോഗിക്കേണ്ടി വന്നിട്ടില്ല. അദ്ദേഹത്തിന്റെ സമകാലികരായ ജനങ്ങൾ മോശെയ്ക്ക് ലഭിച്ച ജനങ്ങളെ പോലെ നിയമത്തെ കുറിച്ച് അജ്ഞരല്ല; മറിച്ച് നൂറ്റാണ്ടുകളായി അത് പഠിപ്പിക്കപ്പെട്ടവരാണ്. ഇവരുടെ കപടഭക്തി ഒഴിവാക്കിക്കൊണ്ട് ദൈവത്തിന് പ്രസാദകരമായ രീതിയിൽ എങ്ങനെയാണ് ആ നിയമങ്ങൾ അനുസരിക്കേണ്ടതെന്ന് മാത്രമേ അദ്ദേഹത്തിന് പഠിപ്പിക്കേണ്ടതുള്ളൂ.

## നിയമത്തിലെ ദൈവിക താൽപര്യം

മോശെയുടെ നിയമത്തെ മാറ്റുവാനല്ല മറിച്ച് അതിന്റെ യഥാർഥ അന്തഃസത്ത വിവരിക്കുന്നതിനാണ് യേശു നിയുക്തനായത്. തന്റെ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിൽ അദ്ദേഹം പറയുന്നത് ശ്രദ്ധിക്കുക:

> ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കിക്കളയുവാനാണ് ഞാൻ വന്നതെന്ന് ചിന്തിക്കരുത്. അവയെ നീക്കുവാനല്ല; പൂർത്തീകരിക്കുവാനാണ് ഞാൻ വന്നത്. ആകാശവും ഭൂമിയും ഒഴിഞ്ഞ് പോകുവോളം സകലവും നിറവേറുന്നത് വരെ ന്യായപ്രമാണത്തിലെ ഒരു വള്ളിക്കോ പുള്ളിക്കോ മാറ്റം വരികയില്ല എന്നു ഞാൻ സത്യമായി നിങ്ങളോട് പറയുന്നു. ഈ കല്പനകളിലെ ഏറ്റവും ലഘുവായ ഒന്നെങ്കിലും ലംഘിക്കുകയും, അപ്രകാരം ചെയ്യുവാൻ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവനായി ഗണിക്കപ്പെടും. എന്നാൽ ഈ കല്പനകൾ ആചരിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെ

ടും. നിങ്ങളുടെ നീതി പരീശന്മാരുടെയും വേദജ്ഞരുടെയും നീതിയെ അതിലംഘിക്കുന്നില്ലെങ്കിൽ നിങ്ങൾ നിശ്ചയമായും സ്വർഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോട് പറയുന്നു.

(മത്തായി 5:17–20)

സ്വർഗരാജ്യത്തിൽ മനുഷ്യരെ പ്രവേശിപ്പിക്കുവാൻ കഴിയുന്ന പ്രസ്തുത നിയമം, ആകാശവും ഭൂമിയും ഒഴിഞ്ഞ് പോകുവോളം നിലനിൽക്കണം. എന്നാൽ നിയമം അനുസരിക്കുന്നതായി ഭാവിച്ചു കൊണ്ട് യഹൂദനേതൃത്വം കാട്ടിക്കൂട്ടുന്ന നീതി മതിയാകുകയില്ല, മറിച്ച് നിയമത്തിന്റെ അന്തഃസത്ത മനസ്സിലാക്കി പൂർത്തീകരിച്ചാൽ മാത്രമേ സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. ശേഷം, ഒരോ നിയമത്തിലും ഉൾക്കൊണ്ടിരിക്കുന്ന ദൈവഹിതം യേശു വിശദീകരിച്ചത് ശ്രദ്ധിക്കുക.

**കൊലപാതകം**

'നീ കൊലചെയ്യരുത്' എന്ന ന്യായപ്രമാണത്തിലെ നിയമം വിശദീകരിച്ച് കൊണ്ട് യേശു പറഞ്ഞു:

ഞാനോ നിങ്ങളോട് പറയുന്നത്: സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്ക് വിധേയനാകും. സഹോദരനെ നിസാരൻ എന്ന് വിളിക്കുന്നവൻ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും; മൂഢാ! എന്ന് വിളിച്ചാലോ നരകാഗ്നിക്ക് യോഗ്യനാകും.

(മത്തായി 5:21,22)

മറ്റൊരു കല്പനയായ 'അയൽക്കാരനെ സ്നേഹിക്കണം' എന്നും 'ശത്രുവിനെ വെറുക്കണം' എന്നും പറഞ്ഞിട്ടുള്ളതിനെ വിശദീകരിച്ച് യേശു പറഞ്ഞു:

എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർഥിപ്പിൻ.

(മത്തായി 5:43,44)

യേശു പ്രസ്തുത ഉപദേശം നൽകിയത് ആർക്കാണെന്ന് മനസ്സിലാക്കുന്നതിൽ ക്രൈസ്തവർക്ക് വലിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ നിയമത്തെ സംബന്ധിച്ചാണ് ക്രൈസ്തവ – ഇസ്ലാം സംവാദങ്ങളിൽ ഏറ്റവും അധികം സമയം ചെലവഴിക്കുന്നത്. ക്രൈസ്തവ

സമൂഹത്തിലെ പണ്ഡിതന്മാരും പാമരന്മാരും ഒരുപോലെ ഇസ്‌ലാമിനെതിരെ ചോദിക്കുന്നു - മഹാനായ യേശുക്രിസ്തു ശത്രുക്കളെ സ്നേഹിക്കുവാനും അവർക്ക് വേണ്ടി പ്രാർഥിക്കുവാനും പഠിപ്പിക്കുന്നു. കൊലപാതകം ചെയ്യരുതെന്ന് മാത്രമല്ല, കോപിക്കുകപോലും അരുതെന്ന് കൽപ്പിക്കുന്നു. ഇത്രയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉന്നത മാതൃക യേശുക്രിസ്തു മുന്നോട്ട്വെച്ചിരിക്കെ, അദ്ദേഹത്തിന് ശേഷം നിയോഗിതനായ മുഹമ്മദിﷺന്റെ അധ്യാപനം എന്തുകൊണ്ടാണ് ഇതിൽ നിന്നും വളരെയധികം വിഭിന്നമായത്? മുഹമ്മദ്ﷺ ശത്രുക്കളോട് യുദ്ധം ചെയ്ത അനേകം സംഭവങ്ങൾ പരിശുദ്ധ ഖുർആനിലും സ്വീകാര്യയോഗ്യമായ ഹദീഥുകളിലും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രഥമദൃഷ്ട്യാ തന്നെ ക്രൈസ്തവ സഹോദരങ്ങൾക്ക് അലോസരമുണ്ടാക്കുന്ന പ്രസ്തുത നിയമത്തിന്റെ യാഥാർഥ്യം നമുക്ക് പരിശോധിക്കാം.

**കൊല ചെയ്യരുത്; ആര്?**

കൊലചെയ്യരുത് എന്ന ന്യായപ്രമാണത്തിലെ നിയമം ബാധകമാകുന്നത് മുഴുവൻ സംവിധാനങ്ങൾക്കുമല്ല, മറിച്ച് പൊതുജനത്തിന് മാത്രമാണ്. ദൈവിക നിയമം നടപ്പിലാക്കേണ്ട ന്യായാധിപനോ, സൈന്യമോ, ഭരണാധികാരിയോ കൊല ചെയ്യരുതെന്ന് ന്യായപ്രമാണം കൽപിക്കുന്നില്ല, മറിച്ച് നീതിയും സമാധാനവും പുലരേണ്ടതിന് കുറ്റവാളിക്ക് നിർബന്ധമായും വധശിക്ഷ നൽകണം എന്നാണ് ദൈവം പഠിപ്പിക്കുന്നത്. കൊല ചെയ്യരുതെന്ന് കൽപിക്കുന്ന ന്യായപ്രമാണത്തിലെ മറ്റ് നിയമങ്ങൾ ശ്രദ്ധിക്കുക:

- ഒരുവനെ കരുതിക്കൂട്ടി കൊല്ലുന്നവനെ യാഗപീഠത്തിങ്കൽ കൊണ്ടുപോയി **കൊന്നുകളയണം**.

(പുറപ്പാട് 21:14)

- അപ്പനെയും അമ്മയെയും ശപിക്കുകയോ അടിക്കുകയോ ചെയ്യുന്നവൻ **മരണശിക്ഷ** അനുഭവിക്കണം.

(പുറപ്പാട് 21:15-17)

- കുത്തുമെന്ന് അറിയാവുന്ന കാളയെ അഴിച്ച് വിട്ട് അത് മനുഷ്യനെ കൊന്നാൽ ഉടമസ്ഥനും മൃഗവും **മരണശിക്ഷ അനുഭവിക്കണം**.

(പുറപ്പാട് 21:9)

– മന്ത്രവാദിനിയെ **കൊല്ലണം**.

(പുറപ്പാട് 22:18)

– പ്രകൃതി വിരുദ്ധ ലൈംഗികതയ്ക്ക് **വധശിക്ഷ**.

(പുറപ്പാട് 22:11)

– അന്യദേവന് യാഗം നടത്തുന്നവനെ **കൊല്ലണം**.

(പുറപ്പാട് 22:20)

– വ്യഭിചാരത്തിന് **വധശിക്ഷ നൽകണം**.

(ലേവ്യ 20:10)

മാത്രമല്ല, ശത്രുരാജ്യങ്ങളെ ആക്രമിക്കുമ്പോൾ സ്വീകരിക്കേണ്ട നിലപാടുകൾ, യുദ്ധമുതലിനെ സംബന്ധിച്ചുള്ള വിധി, യുദ്ധത്തിൽ ബന്ധസ്ഥനാക്കപ്പെട്ട പുരുഷനോടും സ്ത്രീയോടും പുലർത്തുന്ന വ്യത്യസ്ത നിലപാടുകൾ എല്ലാം മോശെയുടെ ന്യായപ്രമാണത്തിൽ വിവരിച്ചിട്ടുണ്ട്. ഇതിൽ അനിവാര്യഘട്ടങ്ങളിൽ ന്യായാധിപന്മാർക്ക് വധശിക്ഷ വിധിക്കേണ്ടിവരും, ശിക്ഷ നടപ്പാക്കുന്നവർക്ക് പ്രതിയെ കൊല്ലേണ്ടിവരും, സൈന്യങ്ങൾക്ക് ശത്രുവിനെ വധിക്കേണ്ടിവരും. അതിനാൽ കൊലചെയ്യരുത് എന്ന നിയമത്തിന്റെ പരിധിയിൽ ഇക്കൂട്ടർ വരികയില്ലെന്ന് സ്പഷ്ടം. ഒരു വ്യവസ്ഥാപിതമായ നിയമത്തിന് കീഴെ ജീവിക്കുന്ന പൊതുജനം സഹകാരികളായ ഇതര മനുഷ്യനോട് സ്വീകരിക്കേണ്ട നിലപാടിനെ സംബന്ധിച്ച് മാത്രമാണ് ഈ നിയമം പ്രതിപാദിക്കുന്നത്. അതായത്, ഒരുവന്റെ വ്യക്തി ജീവിതത്തിൽ ഉണ്ടാകുന്ന ശത്രുക്കളോട് ക്ഷമിക്കണം. അല്ലാതെ സായുധരായി വരുന്ന ശത്രുക്കളോട് യോദ്ധാവ് ക്ഷമിച്ചു കൊടുക്കണമെന്ന് ന്യായപ്രമാണം കൽപിച്ചിട്ടില്ല.

പൊതുജനത്തിന് മാത്രം ബാധകമാകുന്ന പ്രസ്തുത കൽപനയെ കുറിച്ചാണ് യേശു വിശദീകരിച്ചത്. അദ്ദേഹത്തിന്റെ ശ്രോതാക്കൾ ന്യായാധിപന്മാരോ സൈന്യത്തലവന്മാരോ, ഭരണം നടപ്പിലാക്കേണ്ട മറ്റു ആളുകളോ അല്ല; മറിച്ച് സാധാരണക്കാരായ ജനങ്ങളാണ്. ഇങ്ങനെ പരസ്പരം കൊലചെയ്യരുതെന്ന് നിയമം കൽപിച്ച പൊതുജനത്തോട്, കൊലക്കുള്ള ആദ്യ കാരണമായ കോപം പോലും പാടില്ലായെന്നും പരസ്പരം സ്നേഹിക്കണമെന്നും അദ്ദേഹം പഠിപ്പിച്ചു. ഇത് ന്യായപ്രമാണത്തിന്റെ അന്തഃസത്തയാണ്. ഇവിടെ, കൊല്ലരുതെന്നുള്ളത് കോപത്തിന്റെ അതിർവരമ്പാണ്. മനുഷ്യർ

കൊല ചെയ്തില്ലെങ്കിലും പരസ്പരം വിദ്വേഷത്തോടെ ജീവിക്കുന്ന തല്ലല്ലോ ദൈവത്തിന്റെ താൽപര്യം. അതിനാൽ കൊലചെയ്യരുതെന്ന നിയമത്തിൽ അടങ്ങിയിട്ടുള്ള ദൈവഹിതമാണ് മനുഷ്യർ പരസ്പരം വിട്ടുവീഴ്ച ചെയ്യുകയും സ്നേഹിക്കുകയും വേണമെന്നത്.

ഉദാഹരണം പറഞ്ഞാൽ, നമ്മുടെ രാജ്യത്തും കൊലചെയ്യരുതെന്ന നിയമമുണ്ട്. അത് ബാധകമായിരിക്കുന്നത് സാധാരണക്കാരായ പൊതുജനത്തിനു മാത്രമാണ്. അല്ലാതെ, നമ്മുടെ ന്യായാധിപനും പട്ടാളക്കാരും ആരാച്ചാരും ഒന്നും വധശിക്ഷ നടപ്പിലാക്കരുതെന്ന് ആരും പറയാറില്ലല്ലോ.

ഇതേപോലെ, കൊലചെയ്യരുത് എന്ന മോശെയുടെ നിയമം ബാധകമാകുന്ന പൊതുജനങ്ങൾ പരസ്പരം സ്നേഹത്തോടെയും വിട്ടുവീഴ്ചയോടെയും ജീവിക്കണമെന്നാണ് ഇസ്‌ലാമും പഠിപ്പിക്കുന്നത്. സമാധാനം ഭൂമിയിൽ സ്ഥാപിക്കുന്നതിന് വേണ്ടി മോശെയുടെ നിയമത്തിൽ കൊല്ലാൻ നിർദേശിച്ചിട്ടുള്ളവർക്ക് മാത്രമാണ് മുഹമ്മദുംﷺ പ്രസ്തുത വിധി നടപ്പിലാക്കാൻ കൽപിച്ചിട്ടുള്ളൂ. യേശുവിനെപ്പോലെ പൊതുജനങ്ങളോട് സംവദിക്കുമ്പോൾ, കാരുണ്യവും സ്നേഹവും സഹകരണവും മാത്രമേ പ്രവാചകനായ മുഹമ്മദുംﷺ ഉപദേശിച്ചിട്ടുള്ളൂ.

അതിനാൽ, പ്രവാചക പ്രഭുവായ മുഹമ്മദിﷺനെ വിലയിരുത്തുമ്പോൾ അദ്ദേഹം നൽകിയ ഐഹിക നിയമങ്ങളെ മോശെയുടെ ഐഹിക നിയമങ്ങളോട് താരതമ്യം ചെയ്യണം. അതേപോലെ, പ്രവാചകﷺന്റെ ആത്മീയ ഉപദേശത്തെ യേശുവിന്റെ വാക്കുകളോട് താരതമ്യം ചെയ്യുകയാണെങ്കിൽ ഏവർക്കും സത്യാവസ്ഥ മനസ്സിലാക്കാവുന്നതേയുള്ളൂ.

## വ്യഭിചാരം ചെയ്യരുത്

ഈ നിയമം ദൈവപ്രീതിക്ക് അനുസൃതമായി എങ്ങനെയാണ് പൂർത്തിയാക്കേണ്ടത് എന്ന് യേശു പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക.

> ദുർമോഹത്തോടെ സ്ത്രീയെ നോക്കുന്നവൻ തന്റെ ഹൃദയത്തിൽ അവളുമായി വ്യഭിചരിച്ച് കഴിഞ്ഞു.
>
> (മത്തായി 5:28)

വ്യഭിചരിക്കരുത് എന്ന നിയമത്തിൽ അടങ്ങിയിട്ടുള്ള ദൈവഹിതം, അന്യസ്ത്രീയെ കുറിച്ച് ദുർമോഹം പോലും പാടില്ലയെന്നാ

ണ്. അല്ലാതെ, വ്യഭിചാരത്തിന് മുമ്പുള്ള മ്ലേച്ഛതകൾ ന്യായപ്രമാണം അനുവദിച്ചിട്ടുണ്ടെന്ന് കരുതുവാൻ സാധ്യമല്ല. പാപത്തിന്റെ ഉത്ഭവമായ കണ്ണിന്റെ നോട്ടവും ഹൃദയത്തിന്റെ ചിന്തയും ഉൾപ്പെടെ നിയമലംഘനത്തിന് കാരണമാകുന്ന സകല വഴികളും യേശു അടച്ചു കളഞ്ഞു. എന്നാൽ യേശുവിന്റെ ഈ ഉപദേശത്തെ മോശെയുടെ ഐഹിക നിയമത്തിന് പകരമായി മനസ്സിലാക്കുവാൻ കഴിയുമോ? ഒരാൾ ഹൃദയത്തിൽ അന്യസ്ത്രീയെ കുറിച്ച് മോശമായി ചിന്തിച്ചിട്ടുണ്ടെന്ന് സങ്കൽപ്പിക്കുക, ആ വിഷയം പരാതിക്കാരിയായി മാറേണ്ട സ്ത്രീയോ, ശിക്ഷ വിധിക്കേണ്ട ന്യായാധിപനോ അറിയുക സാധ്യമല്ല. അതിനാൽ  തന്നെ വിഷയം ഐഹിക കോടതിയിൽ എത്തുകയില്ല.

ഇനി പ്രതി നേരിട്ട് ചെന്ന് കുറ്റമേറ്റു പറഞ്ഞു എന്ന് കരുതുക, ന്യായാധിപൻ ഇദ്ദേഹത്തെ വ്യഭിചാരത്തിനുള്ള വധശിക്ഷക്ക് വിധേയനാക്കുമോ? ഇല്ല. ഹൃദയത്തിൽ തെറ്റ് സംഭവിച്ചാൽ ഈ മനുഷ്യൻ ഹൃദയത്തെ അറിയുന്ന ദൈവത്തിന്റെ മുമ്പിൽ പശ്ചാത്തപിക്കുകയാണ് വേണ്ടത്. കാരണം, ഭോഗാസക്തിയോടെ ഒരു മനുഷ്യൻ  ചിന്തിക്കുക മാത്രം ചെയ്താൽ, സാമൂഹികാന്തരീക്ഷം തകരുകയില്ല; മറിച്ച് ദൈവവുമായുള്ള ഹൃദയബന്ധമാണ് തകരുക. അതിനാൽ, ശരിയാക്കേണ്ടതും ദൈവികബന്ധം ആണ്.

### വിവാഹമോചനവും ഉപേക്ഷണപത്രവും

വിവാഹമോചനം ദൈവത്തിന്റെ താല്പര്യമല്ലായെന്ന് പ്രത്യേകം പറയേണ്ടതില്ല; മറിച്ച് പ്രശ്ന പരിഹാരത്തിനുള്ള പ്രതിവിധിയാണ്. സ്ത്രീ-പുരുഷ ബന്ധത്തിൽ ദൈവം ആഗ്രഹിക്കുന്നത് വിവാഹമാണ്. ഏത് സമൂഹത്തിന്റെയും സംസ്ക്കരണം ആരംഭിക്കുന്നത് സ്വസ്ഥമായ കുടുംബാന്തരീക്ഷത്തിലാണ്. വിവാഹത്തിലൂടെ രണ്ട് വ്യക്തികൾ മാത്രമല്ല വലിയ രണ്ട് കുടുംബങ്ങൾ കൂടിയാണ് ഒരുമിച്ച് ചേരുന്നത്. അതുകൊണ്ട് ഓരോ കൂട്ടരും തങ്ങളാൽ കഴിയും വിധം അന്വേഷിച്ചതിന് ശേഷം മാത്രമാണ് വിവാഹം നടക്കുക. പക്ഷേ, ഏതെങ്കിലും കാരണം കൊണ്ട് വിവാഹ ബന്ധം തകർന്നാൽ, സ്ത്രീയുടെയും പുരുഷന്റെയും സമാധാനത്തിന് വേണ്ടി അവരെ സ്വതന്ത്രരാക്കുന്ന പ്രതിവിധിയുടെ സാങ്കേതിക നാമമാണ് വിവാഹ മോചനം അഥവാ ത്വലാഖ്.

ഉദാഹരണം പറഞ്ഞാൽ, വലിയ ആഗ്രഹത്തോടുകൂടി ഒരാൾ

മനോഹരമായ ഒരു വാഹനം വാങ്ങി. ഇദ്ദേഹത്തിന്റെ ലക്ഷ്യം വാഹനം പൊളിച്ചു വിൽക്കുകയോ, തൂക്കി വിൽക്കുകയോ അല്ല; മറിച്ച് സന്തോഷത്തോടെ തന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയാണ്. എന്നാൽ അവിചാരിതമായി ഒരിക്കലും പരിഹരിക്കാൻ കഴിയാത്ത ഉപയോഗശൂന്യമായ അവസ്ഥയിലേക്ക് വാഹനം എത്തിപ്പെട്ടാൽ, ഗത്യന്തരമില്ലാതെ ഒഴിവാക്കിക്കളയുന്നത് പോലെയാണ് വിവാഹമോചനം.

ഇങ്ങനെ വിവാഹമോചനം അനിവാര്യമായി വന്നാൽ ഉപേക്ഷണപത്രം നൽകി ഒഴിവാക്കാൻ ന്യായപ്രമാണം നിർദേശിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് യേശു പറഞ്ഞു:

> വിവാഹബന്ധത്തിലെ അവിശ്വസ്തത കൊണ്ടല്ലാതെ ആരെങ്കിലും ഭാര്യയെ ഉപേക്ഷിക്കുന്നുവെങ്കിൽ അവൻ അവളെ വ്യഭിചാരിണി ആക്കുകയാണ്; ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.
>
> (മത്തായി 6:31,32)

ഭാര്യയെ കാരണം കൂടാതെ ഉപേക്ഷിച്ചിട്ട് ദൈവം പറഞ്ഞത് പോലെ ഉപേക്ഷണപത്രം കൊടുത്തിട്ടുണ്ടെന്ന് പറയുന്നവൻ, ഐഹിക കോടതിയുടെ മുമ്പിൽ മാത്രമേ രക്ഷപ്പെടുന്നുള്ളൂ. ഇത്തരം വിവാഹമോചനം മോശെയുടെ ന്യായപ്രമാണം അനുസരിച്ചായാലും, മുഹമ്മദിﷺന്റെ ഐഹിക നിയമം അനുസരിച്ചായാലും, ഏതെങ്കിലും രാജ്യത്തിന്റെ സിവിൽ നിയമം അനുസരിച്ചായാലും ശരി, ഇതെല്ലാം നീതി-ന്യായ വ്യവസ്ഥയെ തന്നിഷ്ടത്തിന് വേണ്ടി ദുരുപയോഗം ചെയ്യുകയാണ്.

അന്യായമായി ഭാര്യയെ ഉപേക്ഷിച്ചവൻ ഹൃദയം അറിയുന്ന ദൈവത്തിന്റെ മുമ്പിൽ ശിക്ഷക്ക് വിധേയനാകും എന്നതിൽ ആർക്കും സംശയമില്ല. മോശെയുടെ ന്യായപ്രമാണത്തിൽ ഇതനുവദിച്ചത് മനുഷ്യരുടെ ഹൃദയകാഠിന്യം നിമിത്തം മാത്രമാണെന്നും, ഇത് മോശെയുടെയോ ദൈവത്തിന്റെയോ താൽപര്യം അല്ലായെന്നും യേശു വ്യക്തമാക്കിയിട്ടുണ്ട്. (മത്തായി 19:7,8)

എന്നാൽ ഉപേക്ഷിച്ച സ്ത്രീയെ ഭർത്താവ് വ്യഭിചാരിണിയാക്കുന്നുവെന്നും, ഉപേക്ഷിക്കപ്പെട്ടവരെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരിയാകുന്നുവെന്നും യേശു പഠിപ്പിച്ചതായി എഴുതിയിരിക്കുന്നു. ഇതു പറയുവാനുള്ള പശ്ചാത്തലം എന്തായിരുന്നുവെന്ന് ബൈബി

ളിൽ കാണുന്നില്ല. നിഷ്കളങ്കയായ ഭാര്യയെ കുറ്റക്കാരനായ ഭർത്താവ് വിവാഹത്തിന്റെ ആദ്യ നാളുകളിൽ തന്നെ ഉപേക്ഷിക്കുന്ന അനേകം സംഭവങ്ങൾ നമ്മൾ കേൾക്കാറുണ്ട്. ആ സ്ത്രീയെ വിവാഹം ചെയ്യുവാൻ തയ്യാറാകുന്ന വ്യക്തി വ്യഭിചാരിയാണെന്ന് യേശു പഠിപ്പിക്കുകയില്ല. മാത്രമല്ല, ആദ്യ ഭർത്താവിന്റെ കുറ്റം കാരണം സ്ത്രീ ജീവിതകാലം മുഴുവൻ ഒറ്റക്ക് കഴിയണമെന്നും വിവാഹം ചെയ്താൽ വ്യഭിചാരിക്ക് തുല്യമായി ഇവൾ മാറുമെന്നും അദ്ദേഹം പഠിപ്പിച്ചുവെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല.

അക്കാലത്തെ ജനങ്ങൾ വ്യഭിചാരത്തെ ആചാരമാക്കി ജീവിച്ചവരാണെന്ന് മനസ്സിലാക്കാൻ രണ്ട് കാരണങ്ങളുണ്ട്.

1. വ്യഭിചാരിയെ എറിഞ്ഞ്കൊല്ലാൻ ശ്രമിച്ചവരോട്, നിങ്ങളിൽ പാപം ഇല്ലാത്തവർ ഇവളെ കല്ലെറിയട്ടെ എന്ന് യേശു പറഞ്ഞപ്പോൾ, അവർ ശിക്ഷ നടപ്പിലാക്കിയില്ല. കാരണം, അവർക്ക് അവളെ കല്ലെറിയുവാനുള്ള യോഗ്യത ഇല്ലായിരുന്നു. (യോഹ 18:36,37)

2. ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു എന്ന് ഒരിക്കൽ യേശു പറഞ്ഞത്. (മത്തായി 12:39)

ലൈംഗിക ബന്ധം മാത്രം ലക്ഷ്യംവെച്ച് വിവാഹം ചെയ്യുകയും പിന്നീട് ദൈവിക നിയമപ്രകാരം ഉപേക്ഷണപത്രം നൽകി പങ്കാളിയെ ഒഴിവാക്കുകയും ചെയ്യുന്ന തങ്ങളുടെ നടപടികളെ ന്യായീകരിക്കാനാണ് ഇവർ ഈ ചോദ്യം ഉന്നയിച്ചത്. അതായത് നിയമത്തിന്റെ ഓരത്ത് തൂങ്ങി വ്യഭിചാരമെന്ന കുറ്റത്തിൽ നിന്നും രക്ഷപെടുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇത് ഖണ്ഡിക്കുന്ന വേളയിലാണ് യേശു പ്രസ്തുത ഉപദേശം നൽകിയത്. ഇതിന് തത്തുല്യമായി അറബികളുടെ ഇടയിൽ മുത്അ എന്ന പേരിൽ താല്ക്കാലിക വിവാഹം നിലനിന്നിരുന്നു. ലൈംഗികബന്ധം മാത്രം ഉദ്ദേശിച്ച് വിവാഹം കഴിക്കുകയും ആവശ്യം പൂർത്തീകരിച്ച് കഴിഞ്ഞാൽ പരസ്പര സമ്മതത്തോടെ വേർപിരിയുകയും ചെയ്യുന്നതിനാണ് മുത്അ വിവാഹം എന്നുപറയുന്നത്. ബാഹ്യമായ നിയമം കൊണ്ട് പരിശോധിച്ചാൽ ഇവർ കുറ്റക്കാരല്ല. കാരണം, വിവാഹവും വിവാഹമോചനവും, ഉപേക്ഷിക്കപ്പെട്ട സ്ത്രീയെ വിവാഹം കഴിക്കുന്നതും നിയമാനുസൃതമാണ്. ഇത് മുഹമ്മദ്ﷺ നിരോധിച്ചത് പോലെ, ലൈംഗികബന്ധം മാത്രം ലക്ഷ്യമാക്കിയുള്ള താല്ക്കാലിക വിവാഹവും ഉപേക്ഷണപത്രത്തിന്റെ ദുരുപയോഗവുമാവാം യേശു നിരോധിച്ചത്. ബാഹ്യമായി

നിയമം അനുസരിച്ച് ഭക്തി കാണിക്കുകയും എന്നാൽ നിയമത്തെ ഫലശൂന്യമാക്കുകയും ചെയ്യുന്ന കപടഭക്തി ഈ വിഷയത്തിലും അവർ പുലർത്തിയിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്.

**കള്ളസത്യം ചെയ്യരുത്**

തന്റെ വാക്ക് വിശ്വസിക്കുന്നതിന് വേണ്ടിയാണല്ലോ ഒരുവൻ സത്യം ചെയ്യുന്നത്. അത് ഒരിക്കലും വ്യാജമായ കാര്യത്തിനാകരുതെന്ന് ന്യായപ്രമാണം പരിധിവെച്ചു. ഇതിന്റെ ദൈവിക പ്രീതി വിശദീകരിച്ച് യേശു പഠിപ്പിച്ചു 'സത്യം ചെയ്യുന്ന കാര്യം മാത്രം ശരിയായാൽ പോരാ, മറിച്ച് നീ സാധാരണയായി ഉവ്വ് എന്ന് പറഞ്ഞാൽ അത് സത്യമായിരിക്കണം അല്ലെങ്കിൽ ഇല്ല എന്ന് പറഞ്ഞാൽ അതും സത്യത്തിന് വേണ്ടിയായിരിക്കണം.' (മത്തായി 5:37) അപ്രകാരം യേശുവിന്റെ ഉപദേശം സ്വീകരിച്ചാൽ ന്യായപ്രമാണം അനുസരിക്കുന്നത് എളുപ്പമാകും.

<u>ഉദാഹരണം:</u>

ഒരു പിതാവ് തന്റെ മക്കളോട് കള്ളം പറയരുതെന്നും അങ്ങനെ ചെയ്താൽ നിങ്ങൾ ശിക്ഷിക്കപ്പെടുമെന്നും പറഞ്ഞുവെന്ന് സങ്കൽപിക്കുക. ഇത് നിയമം ആണ്. പിന്നീട് പിതാവ് മക്കളെ ഉപദേശിക്കുകയും, സത്യം പറയേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുകയും ചെയ്തു. ഇത് മക്കൾ സ്വീകരിച്ചാൽ ആദ്യം പറഞ്ഞ നിയമ പരിധിയുടേയോ ശിക്ഷയുടേയോ പ്രശ്നം ഉദിക്കുന്നില്ല. ഇതുപോലെ, ന്യായപ്രമാണം ഐഹിക നിയമവും യേശുവിന്റെ സുവിശേഷം ഉപദേശവും ആണ്.

**പകരത്തിന് പകരം**

അക്രമം ചെയ്യുന്നവർക്ക് തുല്യമായ ശിക്ഷ നൽകാൻ ന്യായപ്രമാണം കൽപിക്കുന്നു. ഇത് നടപ്പിലാക്കണമെങ്കിൽ അക്രമം നേരിട്ട ആൾ കോടതിയിലേക്ക് പ്രശ്നം എത്തിക്കണം. ന്യായാധിപന് പ്രതിയുടെ കുറ്റം വിസ്താരത്തിലൂടെ ബോധ്യപ്പെട്ടാൽ, തത്തുല്യമായ ശിക്ഷ പ്രതിക്ക് നൽകിക്കൊണ്ട് വാദിക്ക് നീതി നൽകും. അതിനാൽ, പൊതുജനങ്ങൾ പരസ്പരം നിയമം കയ്യിലെടുക്കേണ്ട സാഹചര്യമുണ്ടാകില്ല. ഈ നിയമത്തെ യഥാവിധി പൂർത്തീകരിച്ച്കൊണ്ട് യേശു പറഞ്ഞു:

> ദുഷ്ടനോട് എതിർക്കരുത്. നിന്റെ വലത്തെ ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചുകൊടുക്കുക. നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുക്കുവാൻ ഇച്ഛരിക്കുന്നവന് നിന്റെ മേലങ്കികൂടി കൊടുക്കുക.
>
> (മത്തായി 5:39,40)

ഈ നിർദേശം യേശു നൽകുന്നത് ന്യായാധിപനോടല്ല മറിച്ച് പൊതുജനത്തോടാണ്. ഏതെങ്കിലും തരത്തിൽ നിന്റെ സഹോദരൻ നിന്നെ ഉപദ്രവിച്ചാൽ നീ അതിനെ കോടതിയിലേക്ക് കൊണ്ടുപോകാതെ ക്ഷമിച്ചുകൊടുക്കുക. അല്ലാതെ, നിന്റെ സഹോദരനെ ശിക്ഷിക്കുന്നതിൽ നീ സന്തോഷിക്കരുത്. ഇവിടെ ഒന്നും മോശെയ്ക്ക് നൽകപ്പെട്ട ന്യായപ്രമാണത്തിന്റെ വള്ളിയോ, പുള്ളിയോ യേശു മാറ്റിയിട്ടില്ല. അദ്ദേഹത്തിന്റെ ഉന്നതമായ സുവിശേഷത്തിലൂടെ ന്യായപ്രമാണത്തിൽ അടങ്ങിയിട്ടുള്ള ദൈവിക താൽപര്യം അനാവരണം ചെയ്യപ്പെട്ടു. ഇനി ക്രൈസ്തവർ മനസ്സിലാക്കിയത് പോലെ മോശെയുടെ ന്യായപ്രമാണം യേശു നീക്കിക്കളഞ്ഞാൽ സംഭവിക്കുന്നത് എന്താണെന്ന് നോക്കാം.

ഒരു മനുഷ്യൻ മറ്റൊരാളുടെ ചെകിട്ടത്ത് അടിച്ചു. സങ്കടം സഹിക്കാതെ വാദിയായ ഈ മനുഷ്യൻ കോടതിയെ സമീപിച്ചു. ന്യായാധിപന് പ്രതിയുടെ കുറ്റം സംശയലേശമന്യേ ബോധ്യപ്പെട്ടു. ശിക്ഷ വിധിക്കുന്നതിനുവേണ്ടി ന്യായാധിപൻ നോക്കിയപ്പോൾ മോശെയുടെ നിയമം കാലഹരണപ്പെട്ടിരിക്കുകയാണ്. ഇനി വിധിക്കേണ്ടത് യേശുവിന്റെ സുവിശേഷപ്രകാരമാണ്. ഈ വിധി എന്തായിരിക്കും? ചെകിടത്ത് അടി കിട്ടിയതിന്റെ പേരിൽ കരഞ്ഞ്കൊണ്ട് നിൽക്കുന്ന വാദിയുടെ അപ്പുറത്തെ ചെകിടത്തും ഒരുതവണ കൂടെ പൊട്ടിക്കാനായിരിക്കും വിധി. അങ്ങനെയെങ്കിൽ അക്രമിക്കപ്പെട്ടതിന്റെ പേരിൽ നീതിന്യായ വ്യവസ്ഥിതിയെ സമീപിച്ചാൽ കേട്ടുകേൾവി പോലുമില്ലാത്ത ഇരട്ടി അക്രമമായിരിക്കും വാദിക്ക് ലഭിക്കുക.

അതേപോലെ, ഒരു വസ്ത്രം മോഷ്ടിക്കപ്പെട്ടതിന്റെ വ്യസനത്തിൽ നീതി ലഭിക്കുന്നതിന് വേണ്ടി ഒരാൾ കോടതിയെ സമീപിച്ചാൽ എന്താകും വിധി? യേശുവിന്റെ സുവിശേഷത്തെ (ക്രൈസ്തവർ മനസ്സിലാക്കുന്നത് പോലെ) ഐഹിക നിയമമായി ന്യായാധിപൻ തെറ്റിദ്ധരിച്ചാൽ, വാദിയുടെ ഉടുതുണി കൂടി മോഷ്ടാവിന്റെ അവകാശത്തിൽ എത്തുകയായിരിക്കും ഫലം. ഇങ്ങനെയുള്ള രാജ്യത്ത്

മോഷ്ടാക്കളും അക്രമികളും പെറ്റുപെരുകുമെന്നും ഐഹിക നിയമ സംവിധാനം നിമിഷങ്ങൾകൊണ്ട് തകർന്നു തരിപ്പണമാകുമെന്നും മനസ്സിലാക്കാൻ സാമാന്യബുദ്ധി മാത്രം മതിയാകും.

യഥാർഥത്തിൽ, യേശുവിന്റെ ഉപദേശങ്ങൾ അർഥപൂർണവും, പ്രായോഗികവുമാവണമെങ്കിൽ, മോശെയുടെ ന്യായപ്രമാണം നില നിൽക്കണം. നിയമത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള ഉപദേശം മൂലം ഒരു രാജ്യം എന്നല്ല, ഒരു ചെറിയ സ്ഥാപനം പോലും നിലനിൽക്കു ക സാധ്യമല്ല. പിതാവിന്റെയും അധ്യാപകന്റെയും കൈയിൽ വടിയു ള്ളത് പോലെ, സ്ഥാപനങ്ങൾക്ക് പെരുമാറ്റചട്ടമുള്ളത്പോലെ, രാജ്യ ത്ത് സൈന്യമുള്ളതുപോലെ, സംസ്ഥാനങ്ങളിൽ പോലീസുള്ളത് പോലെ, മതസംഘടനകൾക്ക് ചട്ടക്കൂടുള്ളത് പോലെ, ജോലിക്കാ രെ നിരീക്ഷിക്കാൻ മേലുദ്യോഗസ്ഥർ ഉള്ളതുപോലെ, യേശുവിന്റെ ഉപദേശത്തോടൊപ്പം മോശെയുടെ ന്യായപ്രമാണം കൂടെ നിലനി ന്നാൽ മാത്രമേ പ്രയോഗികത ഉണ്ടാവുകയുള്ളൂ. മോശെയിലൂടെ നന്മയും തിന്മയും വേർതിരിക്കുന്ന ന്യായപ്രമാണം ദൈവം നൽകി, യേശുവിലൂടെ അതിൽ അടങ്ങിയിരിക്കുന്ന കൃപയും സത്യവും ന ൽകി. ഇതേ ആശയം ഖുർആനിൽ പറയുന്നത് നോക്കുക:

> മർയമിന്റെ മകൻ ഈസായെയും നാം തുടർന്നയച്ചു. അദ്ദേഹ ത്തിന് നാം ഇൻജീൽ (സുവിശേഷം) നൽകുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കരുണയും ഉണ്ടാക്കി.
>
> (ഖുർആൻ 57:27)

സത്യത്തിൽ, ഇവ രണ്ടും ഒരേ സമയം നിലനിൽക്കേണ്ടതും പരസ്പരം ബന്ധിതവുമാണ്. ആത്മീയതയില്ലാത്ത ഐഹികനിയമം സുന്ദരമായ മൃതശരീരം പോലെയും, ഐഹികവ്യവസ്ഥ നഷ്ടപ്പെട്ട ആത്മീയത ശരീരം നഷ്ടപ്പെട്ട ആത്മാവുപോലെയുമാണ്. ഇവ ര ണ്ടും ഭൂമിയ്ക്ക് യോഗ്യമല്ല.

**പുരുഷന്റെ താടിരോമം**

> നിങ്ങളുടെ താടിയുടെ അറ്റം മുറിക്കരുത്.
>
> (ലേവ്യ 19:27)

ഈ നിയമം അനുസരിച്ചാണ് യേശുവും അപ്പൊസ്തലൻമാരും മുൻകാല പ്രവാചകൻമാരും താടി വളർത്തിയത്. താടിരോമം വടി

ക്കുന്നത് പോയിട്ട്, അതിന്റെ അറ്റം മുറിക്കാൻപോലും മതം അവരെ അനുവദിക്കുന്നില്ല. ഇത് സംബന്ധമായ ഒരു സംഭവം ദാവീദ് പ്രവാച കന്റെ കാലത്ത് നടന്നത് ഇങ്ങനെയാണ്.

ഒരിക്കൽ അമ്മോന്യ രാജാവായ ഹാനൂനിന്റെ അടുത്തേക്ക് ര ണ്ട് ദൂതൻമാരെ ദാവീദ് രാജാവ് അയച്ചു. എന്നാൽ ചാരപ്രവർത്തന ത്തിന് വന്നതാണെന്ന് തെററിദ്ധരിച്ച ഹാനൂൻ രാജാവ് ഇവരുടെ വസ്ത്രം നിതംബമദ്ധ്യത്തിൽ വെച്ച് മുറിച്ച് മാറ്റുകയും, താടി പകു തി വടിച്ചു കളയുകയും ചെയ്തു. അപമാനിതരായ ഇവർ പ്രവാചക നും രാജാവുമായ ദാവീദിനെ വിവരം അറിയിച്ചു. അദ്ദേഹം ഇവരോ ട് ഇങ്ങനെ പറഞ്ഞു:

> നിങ്ങൾ യെരിഹോവിൽ തന്നെ താമസിക്കുക. നിങ്ങളുടെ താടി വളർന്ന് പഴയത് പോലെ ആകുമ്പോൾ മടങ്ങി വരിക.
> (2. സാമുവേൽ 10:5)

ഇവിടെ, താടിയുടെ ബാക്കി ഭാഗം കൂടെ വടിച്ചിട്ട് മാന്യൻമാരാ യി വരുവാനല്ല, മറിച്ച് താടി വളർന്ന് പൂർവസ്ഥിതിയിലാവുമ്പോൾ തിരിച്ച് വന്നാൽ മതിയെന്നാണ് നിർദേശിക്കുന്നത്.

**പരിച്ഛേദന (ചേലാകർമം)**

പുരുഷ ലിംഗത്തിന്റെ അഗ്രഭാഗത്തിലെ ചർമം മുറിച്ച് കളയുന്ന തിനാണ് പരിച്ഛേദന എന്ന് പറയുന്നത്. ഇത് ആദ്യമായി നൽകിയത് അബ്രഹാമിനാണ്.

> നീ അനുസരിക്കേണ്ടതും, നിന്നോടും നിനക്ക് ശേഷം നിന്റെ സന്തതിയോടുമായി ഞാൻ (ദൈവം) ചെയ്യുന്നതുമായ നിയമം ഇതാണ്: നിങ്ങളിൽ പുരുഷൻമാരെല്ലാം പരിച്ഛേദന ചെയ്യുക യും അത് എനിക്കും (ദൈവം) നിനക്കും മദ്ധ്യേയുള്ള നിയമ ത്തിന്റെ അടയാളമായിരിക്കുകയും ചെയ്യും. നിന്റെ ഭവനത്തിൽ ജനിച്ചവരും നിന്റെ സന്തതിയിൽ ഉൾപ്പെടാത്തതും അന്യനോട് വിലയ്ക്ക് വാങ്ങിയവരും ഉൾപ്പെടെ, നിങ്ങളുടെ കൂട്ടത്തിലുള്ള എട്ട് ദിവസം പ്രായമായ എല്ലാ പുരുഷപ്രജകളും തലമുറ തല മുറയായി പരിചേ്ഛദന ചെയ്യണം. നിങ്ങളുടെ ശരീരത്തിലുള്ള എന്റെ നിയമം ശാശ്വതമായിരിക്കേണ്ടതാണ്. പരിച്ഛേദന ഏറ്റിട്ടി ല്ലാത്തവനെ ദൈവ ജനത്തിന്റെ ഇടയിൽ നിന്ന് പുറത്താക്കണം. കാരണം അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നുവല്ലോ.
> (ഉൽപത്തി 17:9-14)

പിന്നീട് ഈ നിയമത്തെ മോശെയ്ക്ക് നൽകിയ ന്യായപ്രമാണത്തിലൂടെ രേഖപ്പെടുത്തി.

> എട്ടാം ദിവസം കുട്ടിയെ പരിച്ഛേദന നടത്തണം.
> (ലേവ്യ 12:3)

ഇപ്രകാരം അബ്രഹാമിന്റെ സമൂഹത്തിന് നിർബന്ധമാക്കിയ പരിച്ഛേദന എന്ന നിയമം പിന്നീട് വന്ന സകല പ്രവാചകൻമാരും അനുസരിച്ചിട്ടുണ്ട്. അതേപോലെ തന്നെ യേശുവും അപ്പൊസ്തലൻമാരും അവരുടെ അനുയായികളായ യഹൂദൻമാരും അവർ വഴി വിശ്വസിച്ച യഹൂദേതരായ ജനങ്ങളും എല്ലാം തന്നെ സ്വയം ഈ നിയമത്തെ അനുസരിക്കുന്നതോടൊപ്പം അവരുടെ മക്കളെ പരിച്ഛേദന കഴിക്കുന്നതിലും നിർബന്ധമുള്ളവരായിരുന്നുവെന്ന് മുമ്പ് വ്യക്തമാക്കിയല്ലോ. ഇതിന് വിരുദ്ധമായി പ്രസംഗിച്ച ഏക വ്യക്തി പൗലോസ് മാത്രമാണ്.

> ശ്രദ്ധിക്കുക; പരിച്ഛേദന ഏൽക്കുന്നുവെങ്കിൽ ക്രിസ്തുവിനെകൊണ്ട് നിങ്ങൾക്ക് യാതൊരു പ്രയോജനവും ഇല്ല എന്നു പൗലോസായ ഞാൻ നിങ്ങളോട് പറയുന്നു.
> (ഗലാത്യർ 5:2)

ഇപ്രകാരമുള്ള പൗലോസിന്റെ വാദങ്ങളെ യെരുശലേം സഭയിൽവെച്ച് അപ്പൊസ്തലൻമാർ തിരുത്തിയത് ഓർക്കുമല്ലോ. ചുരുക്കത്തിൽ, സ്ഥാപകൻ തന്നെ ഉപേക്ഷിച്ച ദുരുപദേശത്തിൽ നിന്നും മാറി ചിന്തിക്കേണ്ടത് ക്രൈസ്തവ സഹോദരങ്ങൾ തന്നെയാണ്.

### ബഹുഭാര്യത്വം, അടിമ സ്ത്രീകൾ, സ്വർഗത്തിലെ ഹൂറുകൾ

സമ്പൂർണ വിജയം ഉറപ്പിച്ചാണ് ഇസ്ലാമിക വിമർശകർ ഈ വിഷയത്തിലേക്ക് കടക്കുന്നത്. അല്ലാഹുവിന്റെ പരിശുദ്ധിയെയും, ഇസ്ലാമിന്റെ ഏകദൈവാദർശത്തെയും, പരിശുദ്ധ ഖുർആനിന്റെ അമാനുഷികതയെയും, പ്രവാചകൻ മുഹമ്മദിﷺന്റെ മഹത്വത്തെയുമൊക്കെ കൂടെ ഈയൊരു വിഷയത്തിൽ മുക്കികളയാമെന്നാണ് ഇവർ ചിന്തിക്കുന്നത്. അതിനാൽ തന്നെ യേശുക്രിസ്തുവിന്റെ ധാർമികതയുടെ അളവുകോൽ ഉപയോഗിച്ച് ഈ വിഷയത്തിൽ മുഹമ്മദിﷺനെ വിലയിരുത്തിയാൽ ഇസ്ലാം തകർന്നുപോകുമോ അതോ, ഉയർന്നു തിളങ്ങുമോ എന്ന് പ്രമാണബദ്ധമായി നമുക്ക് പരിശോധിക്കാം.

യഹൂദമതക്കാരുടെ ദേവാലയത്തിലെ സ്ഥിരം ഉപദേശിയായ

യേശുവിന്റെ ധാർമികതയുടെ അളവുകോൽ മോശെയുടെ ന്യായപ്രമാണം ആണെന്നതിൽ സംശയമില്ല. ഒരു വ്യക്തി വിവാഹം കഴിച്ചിട്ടില്ലായെങ്കിൽ അവന്റെ മതത്തിൽ വിവാഹം ഇല്ലായെന്നോ അല്ലെങ്കിൽ ഒരു വിവാഹം മാത്രമേ കഴിച്ചിട്ടുള്ളൂവെങ്കിൽ അവന്റെ മതത്തിൽ ഏകഭാര്യത്വം മാത്രമേ ഉള്ളൂവെന്നോ ആരും കരുതുകയില്ലല്ലോ? മറിച്ച്, അവൻ പിൻപററുന്ന ദൈവീക ഗ്രന്ഥത്തിൽ വിവാഹത്തെക്കുറിച്ച് എന്ത് കാഴ്ചപ്പാടാണുള്ളത് എന്ന് മാത്രമാണ് പരിഗണിക്കുക. ഇതേ പോലെ യേശു തന്റെ ജീവിതകാലത്ത് വിവാഹം കഴിച്ചോ, ഇല്ലയോ എന്നതായിക്കൂടാ ഈ കാര്യത്തിലെ മാനദണ്ഡം. മറിച്ച്, അദ്ദേഹത്തിന്റെ മതത്തിന്റെ ഇത് സംബന്ധമായ നിലപാടാണ് ഇവിടെ സ്വീകാര്യം.

അങ്ങനെയെങ്കിൽ സ്ത്രീകളുമായുള്ള ബന്ധത്തിൽ യേശുവിന്റെ കാഴ്ചപ്പാട് എന്തായിരുന്നു? ആദ്യമായി തന്റെ പ്രവാചകനായ ദാവീദിന് ദൈവം നൽകിയ അനുഗ്രഹങ്ങൾ വിവരിക്കുന്നതിൽ നിന്ന് തുടങ്ങാം ബൈബിൾ പ്രകാരം, ഒരിക്കൽ ദാവീദ് പ്രവാചകൻ മറ്റൊരാളുടെ ഭാര്യയിൽ ആകൃഷ്ടനാവുകയും വ്യഭിചാരത്തിൽ ഏർപ്പെടുകയും ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇദ്ദേഹത്തെ ബോധവൽക്കരിക്കുന്നതിന് നാഥാൻ എന്ന മറ്റൊരു പ്രവാചകനെ ദൈവം അയച്ചു. അദ്ദേഹം ഒരു ഉപമയിലൂടെ ദാവീദ് പ്രവാചകന് കാര്യത്തിന്റെ ഗൗരവം മനസിലാക്കി കൊടുത്തു. ഈ സമയം നാഥാൻ പ്രവാചകൻ പരിശുദ്ധാത്മാവ് നിറഞ്ഞ് ദൈവത്തിന് വേണ്ടി പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുക.

> നിന്റെ യജമാനന്റെ ഭവനം ഞാൻ നിനക്ക് തന്നു. നിന്റെ യജമാനന്റെ ഭാര്യമാരെയും ഞാൻ നിനക്ക് തന്നു. യിസ്രയേൽ ഭവനത്തെയും യഹൂദാഭവനത്തെയും ഞാൻ (ദൈവം) നിനക്ക് തന്നു. ഇതെല്ലാം നന്നേ കുറവെങ്കിൽ ഞാൻ നിനക്ക് ഇതിലധികവും നൽകുമായിരുന്നു.
>
> (2. ശമൂവേൽ 12:8)

യിസ്രയേൽ ഭവനത്തിൽ നിന്നും, യഹൂദ ഭവനത്തിൽ നിന്നും അദ്ദേഹത്തിന് ലഭിച്ച ഭാര്യമാരെ കുറിച്ച് പറയുന്നത് ഇങ്ങനെയാണ്.

ദാവീദ് പ്രവാചകന് ഹെബ്രോൻ എന്ന സ്ഥലത്ത്വെച്ച് ആറ് ഭാര്യമാരിൽ നിന്ന് കുട്ടികൾ ജനിച്ചതായി പറയുന്നു. (2 ശമൂവേൽ 3:24).

പിന്നീട് ഇദ്ദേഹം യെരുശലേമിൽ എത്തുകയും അവിടെവച്ച് കൂടുതൽ ഭാര്യമാരെയും വെപ്പാട്ടിമാരെയും സ്വീകരിച്ചു. ഇക്കാലത്ത് ഇദ്ദേഹത്തിന് പലരിൽ നിന്നായി പതിനൊന്ന് മക്കൾ കൂടെ ജനിച്ചു. (2. സാമുവേൽ 5:13-16).

ഈ ഭാഗത്ത് ദാവീദ് പ്രവാചകന് ധാരാളം ഭാര്യമാരെയും മറ്റ് അടിമ സ്ത്രീകളെയും ദൈവം നൽകിയെന്നും ഇനി ആവശ്യമെങ്കിൽ ഇതിലധികവും നൽകുമെന്നും പറയുന്നു. എന്നിട്ടും എന്തിനാണ് താങ്കൾ മറ്റൊരാളുടെ ഏകഭാര്യയെ അവകാശപ്പെടുത്തിയതെന്ന് ദൈവം ചോദിക്കുന്നു.

ഇതു കൂടാതെയും ദാവീദിന് ധാരാളം ഭാര്യമാർ ഉണ്ടായിരുന്നു. ഇപ്രകാരം ജീവിതം നയിച്ച ദാവീദിന്റെകൂടെ എപ്പോഴും ദൈവമുണ്ടായിരുന്നു എന്ന് ബൈബിൾ പറയുന്നു. "ദാവീദ് യഹോവയ്ക്ക് പ്രസാദകരമായ കാര്യങ്ങൾ പ്രവർത്തിച്ചു. ഹിത്യനായ ഊരിയാവിന്റെ കാര്യത്തിലൊഴികെ യഹോവയുടെ കൽപനകളിൽ ഒന്നുപോലും അദ്ദേഹം പാലിക്കാതിരുന്നിട്ടില്ല." (ഊരിയാവിന്റെ ഭാര്യയുമായി ദാവീദ് വ്യഭിചരിച്ചുവെന്നാണ് ബൈബിൾ ഭാഷ്യം.) ചുരുക്കത്തിൽ, ബഹുഭാര്യത്വവും അടിമസ്ത്രീ സമ്പ്രദായവും ദാവീദിന് സമ്മാനിച്ചത് ദൈവമാണെന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു.

വിശ്വാസികളുടെ പിതാവും ദൈവത്തിന്റെ സ്നേഹിതനുമായി ബൈബിൾ വിവരിക്കുന്ന അബ്രഹാമിന് മൂന്ന് ഭാര്യമാർ സാറ, ഹാഗാർ, കെതൂറ. ഇത് കൂടാതെ മററ് വെപ്പാട്ടികളും (ഉൽപത്തി 25:6)

അബ്രഹാമിന് നന്മചെയ്ത അബീമാലക്ക് എന്ന ഒരു രാജാവിന് വേണ്ടി അദ്ദേഹം ദൈവത്തോട് പ്രാർഥിച്ചു. ദൈവം രാജാവിന്റെ ഭാര്യമാരെയും വെപ്പാട്ടികളെയും അനുഗ്രഹിക്കുകയും അവർക്ക് മക്കൾ ജനിക്കുകയും ചെയ്തു. (ഉൽപത്തി 20:17)

ദൈവജനമായി ബൈബിൾ പരിചയപ്പെടുത്തുന്ന യിസ്രയേൽ മക്കൾ എന്നത് യാക്കോബിന്റെ പന്ത്രണ്ട് മക്കളുടെ തലമുറകളെയാണ്. ഈ മക്കൾ യാക്കോബിന് ജനിച്ചത് രണ്ട് ഭാര്യമാരിൽ നിന്നും രണ്ട് വെപ്പാട്ടിമാരിൽ നിന്നുമാണ്. (ഉൽപത്തി പുസ്തകം)

മോശൈക ന്യായപ്രമാണത്തിലെ ഒരു നിയമം ഇങ്ങനെയാണ്. ഒരാൾ രണ്ടാമത് വിവാഹം ചെയ്യുമ്പോൾ ആദ്യ ഭാര്യയ്ക്ക് ഭക്ഷണം, വസ്ത്രം, വൈവാഹിക ആവശ്യം എന്നിവ കുറയ്ക്കരുത് (പുറപ്പാട് 21:10) മുൻകാല പ്രവാചകൻമാരിൽ യേശുവോ മറ്റ് ആരെങ്കിലുമോ,

ബഹുഭാര്യത്വത്തെയോ അടിമ സമ്പ്രദായത്തെയോ വിലക്കിയിട്ടില്ല. വ്യഭിചാരത്തെ മ്ലേച്ഛമായി കാണുകയും കഠിനമായ ശിക്ഷാരീതികൾ നടപ്പിലാക്കുകയും ചെയ്തിരുന്ന ഇവർ, ഒരിക്കലും ബഹുഭാര്യത്വത്തെയോ അടിമ സ്ത്രീകളുമായുള്ള ബന്ധത്തെയോ വ്യഭിചാരമായി വിലയിരുത്തിയിട്ടില്ല.

ഇപ്രകാരം ഭൂമിയിൽ ഒരു പുരുഷന് ഒന്നിലധികം ഭാര്യമാരെയും ദാസികളെയും ദൈവം അനുവദിച്ചിട്ടുണ്ട് എന്ന് ബൈബിൾ വ്യക്തമാക്കുമ്പോൾ, സ്വർഗത്തിൽ ഒരു പുരുഷന് ധാരാളം സ്ത്രീകൾ നൽകപ്പെടും എന്ന് ഖുർആൻ പറയുന്നത് വിമർശിക്കേണ്ടതുണ്ടോ? മാത്രമല്ല, ഒരു പുരുഷന് ധാരാളം സ്ത്രീകളെ ലഭിക്കുമെങ്കിൽ തിരിച്ചും സ്ത്രീകൾക്ക് ധാരാളം പുരുഷൻമാരെ ലഭിക്കാത്തത് എന്തുകൊണ്ടെന്നുള്ള ചില ക്രൈസ്തവ സുഹൃത്തുക്കളുടെ ചോദ്യവും തികച്ചും വേദവിപരീതമാണ്. ഭൂമിയിൽ ഒരു സ്ത്രീയ്ക്ക് ഒരേ സമയം ഒരു പുരുഷനെ മാത്രമേ ദൈവം അനുവദിച്ചിട്ടുള്ളൂ എന്ന് ബൈബിൾ വ്യക്തമാക്കിയിരിക്കെ, ഇതേ സംവിധാനം തന്നെ സ്വർഗത്തിലും തുടരുന്നു എന്നു പറയുമ്പോൾ, ഇതിൽ മാത്രം അനീതി കാണുന്നവർ സ്വന്തം അജ്ഞത മാത്രമാണ് വെളിവാക്കുന്നത്.

**സമാധാനത്തിന്റെ ജിഹാദ്**

തികച്ചും വ്യത്യസ്തമായ പ്രസ്തുത രണ്ട് വാക്കുകൾ തമ്മിൽ എന്ത് ബന്ധമെന്ന് ചിന്തിക്കുന്നത് സ്വാഭാവികം. ഈ സംശയം നീങ്ങുന്നതിന് ക്രൈസ്തവരോട് നൽകാനുള്ള ഏക നിർദ്ദേശം, യേശു ദേവാലയത്തിൽ വായിച്ച മോശെയുടെ ന്യായപ്രമാണം ദയവായി നിങ്ങളും വായിക്കണം എന്ന് മാത്രമാണ്. മോശെയുടെ പഞ്ചഗ്രന്ഥത്തിലെ ആവർത്തന പുസ്തകം പറയുന്നത് ഇങ്ങനെയാണ്.

> നിങ്ങൾ ഒരു നഗരം അക്രമിക്കാൻ പോകുമ്പോൾ, അവിടെയുള്ള ജനങ്ങളോട് 'സമാധാനം' എന്ന് വിളിച്ച് പറയണം. അപ്പോൾ സമാധാനം എന്ന മറുപടി പറഞ്ഞ് അവർ വാതിൽ തുറന്നാൽ അവിടെയുള്ള ജനം എല്ലാം നിങ്ങൾക്ക് അടിമയായി ജോലി ചെയ്യണം.
>
> എന്നാൽ അവർ സമാധാനം നിരസിച്ച് യുദ്ധത്തിന് ഒരുങ്ങിയാൽ നീ അതിനെ നിരോധിക്കണം. നിന്റെ ദൈവമായ യഹോവ അത് നിന്റെ കയ്യിൽ ഏൽപ്പിക്കുമ്പോൾ അതിലുള്ള സകല പുരുഷൻമാരെയും വാൾ കൊണ്ട് കൊല്ലണം. എന്നാൽ സ്ത്രീ

> കളെയും കുഞ്ഞുങ്ങളെയും കന്നുകാലികളെയും പട്ടണത്തിലുള്ളതൊക്കെയും നിനക്ക് കൊള്ള മുതലായി (ഗനീമത്ത്) എടുക്കാം. നിന്റെ ദൈവമായ യഹോവ നിന്റെ ശത്രുക്കളിൽ നിന്നും നൽകിയ കൊള്ള വസ്തുക്കൾ നിനക്ക് അനുഭവിക്കാം.
>
> നിന്റെ ദൈവമായ യഹോവ നിനക്ക് അവകാശമായി നൽകുന്ന നഗരങ്ങളിലെ ശ്വാസമുള്ള ഒന്നിനെയും ജീവനോടെ ബാക്കിയാക്കരുത്. അല്ലാത്തപക്ഷം അവർ തങ്ങളുടെ അന്യദേവാരാധനയിൽ ചെയ്യുന്ന മ്ലേച്ഛതകൾ പിന്തുടരുവാൻ നിങ്ങളെ പഠിപ്പിക്കുകയും നിങ്ങളുടെ ദൈവമായ യഹോവക്ക് വിരോധമായി നിങ്ങൾ പാപം ചെയ്യുകയും ചെയ്യും.
>
> (ആവർത്തനപുസ്തകം 20:10–18).

സത്യവിശ്വാസികളുടെ സൈന്യം മറ്റൊരു പട്ടണത്തിൽ ചെന്ന് അവരെ സമാധാനത്തിലേക്ക് ക്ഷണിക്കണം. അവർ അത് സ്വീകരിച്ചാൽ അവരുടെ നേതൃത്വം ഏറ്റെടുക്കുകയും ഇവരുടെ വ്യവസ്ഥയനുസരിച്ച് (ശരീഅത്ത്) ഭരിക്കുകയും ചെയ്യണം. എന്നാൽ ദൈവത്തിന്റെ സമാധാനം നിഷേധിച്ചാൽ അതിന് നേതൃത്വം നൽകുന്ന മുഴുവൻ പുരുഷൻമാരെയും കൊല്ലണമെന്നും യുദ്ധത്തിന്റെ ഉത്തരവാദിത്തം ഇല്ലാത്ത സ്ത്രീകളെയും കുഞ്ഞുങ്ങളെയും കന്നുകാലികളെയും സമരാർജ്ജിത സമ്പത്തായി ജേതാക്കൾക്ക് ഉപയോഗിക്കാമെന്നും നിയമം വ്യക്തമാക്കുന്നു. ശത്രുക്കളായ പുരുഷൻമാരെ ജീവിക്കാൻവിട്ടാൽ അവർ നിങ്ങളെ വഴികേടിലാക്കുമെന്നതിനാൽ നിർബന്ധമായി തന്നെ അവരെ കൊല്ലണമെന്നും യേശു വായിച്ചിരുന്ന മോശെയുടെ നിയമം അനുശാസിക്കുന്നു. ഇപ്രകാരം യുദ്ധത്തിലൂടെ സ്ഥാപിക്കപ്പെടുന്ന സമാധാനം ഏതാണ്? വ്യഭിചാരിക്ക് സമാധാനത്തോടെ വ്യഭിചരിക്കാനും മോഷ്ടാവിന് സമാധാനത്തോടെ മോഷ്ടിക്കാനും മദ്യപാനിക്ക് സമാധാനമായി മദ്യപിക്കാനും കൊലയാളിക്ക് സമാധാനമായി ഒരാളെ കൊല്ലാനും സ്വാതന്ത്ര്യം നൽകുന്ന ശുദ്ധതോന്ന്യാസത്തിന്റെ സമാധാനമല്ല ഇവിടെ വിവക്ഷിക്കുന്നത്. മറിച്ച്, അക്രമവും അഴിമതിയും മ്ലേച്ഛതയും കൊലപാതകവും ഇല്ലായ്മ ചെയ്യുകയും, എല്ലാ ജനങ്ങൾക്കും നീതി ഉറപ്പാക്കുകയും ദൈവിക സന്ദേശം എല്ലാവർക്കും കേൾക്കാൻ ഉതകുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ രൂപപ്പെടുന്ന ദൈവിക സമാധാനം എന്ന അർഥം മാത്രമാണ് ഇവിടെ അനുയോജ്യമാകുന്നുള്ളൂ. ഇപ്രകാരം സ്ഥാപിക്കാൻ ദൈവജനമായ യിസ്രയേലിന്

സാധിക്കുമെങ്കിൽ മോശെയുടെ ഐഹിക നിയമം അനുസരിച്ച് വേണം പ്രസ്തുത പ്രക്രിയ പൂർത്തിയാക്കേണ്ടത്. ഈ നിയമം യഥാവിധി പൂർത്തീകരിച്ച ധാരാളം പ്രവാചകൻമാരിൽ പ്രധാനിയാണ് യോശുവ. അദ്ദേഹത്തെ കുറിച്ച് ബൈബിളിന്റെ വിവരണം ശ്രദ്ധിക്കുക.

> യോശുവ ഈ രാജകീയ പട്ടണങ്ങളെയും അവയുടെ രാജാക്കൻമാരെയും പിടിച്ച് വാളിന് കൊന്നു. യഹോവയുടെ ദാസനായ മോശെ കൽപ്പിച്ചത് പോലെ അവരെ ഉന്മൂലനാശം വരുത്തി. ഈ പട്ടണങ്ങളിലെ കൊള്ള മുഴുവനും കന്നുകാലികളെയും യിസ്രയേൽക്കാർ തങ്ങൾക്കായി എടുത്തുകൊണ്ടുപോയി. മനുഷ്യരെ മുഴുവൻ അവർ വാളിന്റെ വായ്ത്തലയാൽ സംഹരിച്ചു. ആരെയും ജീവനോടെ ശേഷിപ്പിച്ചില്ല. യഹോവ തന്റെ ദാസനായ മോശെയോട് കൽപ്പിച്ചത്പോലെ മോശെ യോശുവയോട് കൽപ്പിച്ചിരുന്നു. യോശുവ അങ്ങനെ തന്നെ ചെയ്തു. യഹോവ മോശെയോടു കൽപ്പിച്ചതിൽ ഒന്നും അവൻ ചെയ്യാതെ വിട്ടില്ല.
>
> യഹോവ മോശെയോടു കൽപ്പിച്ചതിൻ പ്രകാരമുള്ള പ്രദേശമൊക്കെയും യോശുവ പിടിച്ചു. അദ്ദേഹം അത് മുഴുവനും യിസ്രയേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് ഭാഗിച്ചുകൊടുത്തു. ഇങ്ങനെ ദേശത്ത് യുദ്ധം തീരുകയും **'സമാധാനം'** കൈവരുത്തുകയും ചെയ്തു.
>
> (യോശുവ 11: 12–23)

ഇപ്രകാരം ശത്രുക്കളോട് യാതൊരുവിധ കരുണയും കൂടാതെ യോശുവ 'സമാധാനം' സ്ഥാപിച്ചു. ഇദ്ദേഹം ചാരൻമാരെ ഉപയോഗിച്ച് ശത്രുക്കളുടെ അവസ്ഥ പഠിക്കുമായിരുന്നു. അപാരമായ യുദ്ധതന്ത്രങ്ങൾ ആവിഷ്കരിച്ച് ശത്രുക്കളെ പരാജയപ്പെടുത്തി. ഒരിക്കൽ യോശുവയും സംഘവും അപ്രതീക്ഷിതമായി ഒരു രാജ്യത്തെ ആക്രമിച്ചു. പിന്തിരിഞ്ഞോടിയ ശത്രുക്കളെ അവർ പിറകെ ചെന്ന് വെട്ടിവീഴ്ത്തി. ഇവരുടെ പക്കൽ നിന്നും രക്ഷപ്പെട്ട് ഓടിയ മറ്റൊരു കൂട്ടരെ ദൈവം ആകാശത്ത് നിന്ന് കല്ലുകൊണ്ടുള്ള മഴ വർഷിപ്പിച്ച് കൊന്നു. യോശുവയും സംഘവും വധിച്ചതിനേക്കാൾ അധികമാളുകൾ ഇങ്ങനെ മരിച്ചു. യുദ്ധം വിജയിച്ചുകൊണ്ടിരിക്കേ അസ്തമയം അടുത്തു.

മഹാനായ യോശുവ സൂര്യനോടും ചന്ദ്രനോടും നിശ്ചലമാകാൻ കൽപിച്ചു. അവർ ശത്രുക്കളെ കൊന്നു തീരുവോളം ഒരു ദിവസം മുഴുവൻ സൂര്യൻ അസ്തമിച്ചില്ല. ഇതിനെക്കുറിച്ച് ബൈബിൾ പറഞ്ഞ

ത് ഇങ്ങനെ.

> യഹോവ ഒരു മനുഷ്യന്റെ വാക്ക് കേട്ട് അതുപോലെ പ്രവർത്തിച്ച ആ ദിവസം പോലെ വേറൊരു ദിവസം അതിനു മുമ്പും ശേഷവും ഉണ്ടായിട്ടില്ല. യഹോവ തന്നെ യിസ്രയേലിന് വേണ്ടി യുദ്ധം ചെയ്യുകയായിരുന്നു.
>
> (യോശുവ 10:9–14)

ഇപ്രകാരം യുദ്ധം ചെയ്യുന്ന യഹോവ സമരാർജ്ജിത സമ്പത്തിൽ തന്റെ അവകാശം എത്രയാണെന്നും പറഞ്ഞിട്ടുണ്ട്. അതിൽ യഹോവക്ക് ഇത്ര നൽകണം; യോദ്ധാക്കൾക്ക് ഇത്ര എന്നൊക്കെ വളരെ കൃത്യമായി നിർദ്ദേശിച്ചിരിക്കുന്നു. (സംഖ്യ 31:25–30)

മുൻകാല പ്രവാചകൻമാർ പരിചയപ്പെടുത്തിയ യഹോവ നീതിമാനും, കാരുണ്യവാനും വിശുദ്ധനും ആണെന്ന് ക്രൈസ്തവ സഹോദരങ്ങളും വിശ്വസിക്കുന്നു. ഇതേ യഹോവ മനുഷ്യനായി അവതരിച്ചതാണ് യേശുവെന്ന് ക്രൈസ്തവർ ഹൃദയംകൊണ്ട് അംഗീകരിച്ചിരുന്നുവെങ്കിൽ ഇസ്‌ലാമിനെതിരെ ഇവർ ചോദ്യം ഉന്നയിക്കുകയില്ലായിരുന്നു. സഭാനേതൃത്വം അനുയായികളുടെ തലച്ചോറിലേക്ക് കുത്തിതിരുകിയ ത്രിയേകത്വ സിദ്ധാന്തം ഹൃദയം അംഗീകരിച്ചിട്ടില്ല എന്നതിന്റെ പ്രത്യക്ഷ തെളിവുകളാണ് പ്രസ്തുത ചോദ്യങ്ങൾ.

അല്ലാഹുവിനെ രക്തദാഹിയായി ചിത്രീകരിക്കുകയും യഹോവയെ നീതിമാനായി പ്രഖ്യാപിക്കുകയും ചെയ്യുന്ന സുഹൃത്തുക്കൾ, യഹോവ സ്വയം തന്നെകുറിച്ച് പറഞ്ഞത് ശ്രദ്ധിക്കുമോ.

> ഇതാ ഞാൻ, ഞാനാകുന്നു എന്ന് ഇപ്പോൾ കേട്ടുകൊൾവിൻ. ഞാനല്ലാതെ മറ്റൊരു ദൈവവുമില്ല. ഞാൻ കൊല്ലുന്നു, ഞാൻ ജീവിപ്പിക്കുന്നു, ഞാൻ മുറിപ്പെടുത്തുന്നു. ഞാൻ സൗഖ്യമാക്കുന്നു, എന്റെ കൈയിൽ നിന്ന് രക്ഷിക്കാൻ ആർക്കും കഴിയുകയില്ല.
>
> എന്റെ കരം സ്വർഗത്തിലേക്കുയർത്തി ഞാൻ പ്രഖ്യാപിക്കുന്നു: എന്നേക്കും ജീവിച്ചിരിക്കുന്ന എന്നെ തന്നെ സത്യം. എന്റെ മിന്നുന്ന വാളിന് ഞാൻ മൂർച്ചകൂട്ടി, ന്യായവിധി കൈകളിൽ എടുത്തു. എന്റെ എതിരാളികളോട് ഞാൻ പ്രതികാരം ചെയ്യും. എന്നെ ദ്വേഷിക്കുന്നവർക്ക് ഞാൻ പകരം ചെയ്യും. എന്റെ അമ്പുകളെ രക്തം കുടിപ്പിച്ച് ലഹരിപിടിപ്പിക്കും, അപ്പോൾ എന്റെ വാൾ മാംസം വിഴുങ്ങും, കൊല്ലപ്പെട്ടവരുടെയും അടിമകളുടെയും ര

ക്തം, ശത്രുനായകൻമാരുടെ തലകൾ.

(ആവർത്തനം 32:39-42)

ഇപ്രകാരമുള്ള ധാരാളം കാര്യങ്ങൾ ദൈവത്തെ കുറിച്ച് ബൈബിളിൽ കാണാം. ദൈവിക വ്യവസ്ഥയെ നടപ്പിലാക്കുന്നതിന് തടസ്സം നിൽക്കുന്ന ശത്രുക്കളെ നേരിട്ട പ്രവാചകൻമാർ അനവധിയാണ്. യേശുക്രിസ്തു ഐഹികമായി ദൈവരാജ്യം സ്ഥാപിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടില്ല. അങ്ങനെയെങ്കിൽ തന്റെ ദാസൻമാർ യുദ്ധം ചെയ്യുമായിരുന്നുവെന്ന് ഒരിക്കൽ യേശു പറഞ്ഞിട്ടുണ്ട്. (യോഹ 18:36) ദൈവിക മാർഗത്തിൽ യുദ്ധം ചെയ്തവരും ചെയ്യാത്തവരുമായ പ്രവാചകൻമാർ ബൈബിളിൽ ഉണ്ട്. ഇതിൽ യുദ്ധം ചെയ്തവരെ തെറ്റുകാരായും, യുദ്ധം ചെയ്യാത്തവരെ നല്ല ആളുകളായും വേർതിരിക്കാൻ കഴിയുകയില്ല. കാരണം, ഇവർ എല്ലാവരും ദൈവിക മാർഗത്തിലെ യുദ്ധത്തെ അംഗീകരിക്കുന്നവരാണ്. ഇവിടെ യുദ്ധം നടത്തിയോ എന്നതല്ല നന്മയുടെ മാനദണ്ഡം. മറിച്ച്, എന്തിന് വേണ്ടിയാണ് യുദ്ധം നടത്തപ്പെട്ടത് എന്നതാണ്. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും യുദ്ധസന്നാഹങ്ങൾ കരുതിയിട്ടുണ്ടല്ലോ, ഒട്ടുമിക്ക രാജ്യങ്ങളും യുദ്ധം ചെയ്തിട്ടുമുണ്ട്. ഇവയിൽ ചിലത് അക്രമമായിരിക്കും. മറ്റ് ചിലത് നന്മയെ സ്ഥാപിക്കുവാൻ വേണ്ടിയുള്ളതും. ഇത് രണ്ടിനെയും ഒരേ രീതിയിൽ കാണുന്നത് നീതിയല്ലായെന്ന് വ്യക്തം.

പ്രവാചകൻ മുഹമ്മദ് നബിﷺയുടെ കാലത്ത് നടന്ന ഒരു യുദ്ധം പോലും അനാവശ്യമായിരുന്നില്ല. ഒന്നുങ്കിൽ ശത്രുക്കളുടെ ആക്രമണത്തെ പ്രതിരോധിക്കുമ്പോൾ അല്ലെങ്കിൽ ഇസ്‌ലാമിനെ ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതിന് വേണ്ടി പ്രവാചകൻ യുദ്ധം ചെയ്തിട്ടുണ്ട്. ഒരു യുദ്ധത്തിൽ പോലും ആരെയും നിർബന്ധപൂർവം ഇസ്‌ലാമിലേക്ക് കൊണ്ടു വന്നിട്ടില്ല. മറിച്ച്, ഇസ്‌ലാമിക നിയമം ഒരു രാജ്യത്ത് നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് അത് കേൾക്കാനും സ്വീകരിക്കാനും തുറന്ന അവസരം ലഭിക്കും. ഭരണാധിപന്മാരുടെ ധിക്കാരത്തിന്റെ പേരിൽ സാധാരണ ജനങ്ങൾക്ക് രക്ഷയുടെ മാർഗം തടയപ്പെട്ടു കൂടാ. ഇപ്രകാരം സന്ദേശം കേട്ടതിന് ശേഷവും സ്വീകരിക്കാതിരിക്കാൻ ഇസ്‌ലാമിക വ്യസ്ഥയുടെ കീഴിൽ ജീവിക്കുന്ന ഇതര മതസ്ഥന് പൂർണ സ്വാതന്ത്ര്യമുണ്ട്.

**ആത്മീയ ലോകത്തിന്റെയും ഐഹിക ലോകത്തിന്റെയും രാജാവ്**

യേശുവിന്റെ പ്രവർത്തനമണ്ഡലം മനുഷ്യന്റെ ഹൃദയമാണെന്നും, മോശെയുടേത് പ്രധാനമായും ഐഹിക വ്യവസ്ഥിതിയുമായി

ബന്ധപെട്ടാണെന്നും വ്യക്തമാക്കപ്പെട്ടു. ആലങ്കാരികമായി പറഞ്ഞാൽ, മനുഷ്യന്റെ ഹൃദയത്തിൽ ദൈവത്തിന് വാസസ്ഥലം ഒരുക്കുകയായിരുന്നു യേശുവെങ്കിൽ, സമൂഹമധ്യത്തിൽ ദൈവത്തിന് വാസസ്ഥലം ഒരുക്കുകയായിരുന്നു മോശെ പ്രവാചകൻ. ശ്രേഷ്ഠരായ ഈ രണ്ട് പ്രവാചകന്മാരുടെയും ദൗത്യം കൃത്യമായ അനുപാതത്തിൽ സമ്മേളിച്ച പ്രവാചക പ്രഭുവാണ് മുഹമ്മദ്ﷺ. തന്റെ അനുയായികളെ ഉപദേശങ്ങളിലൂടെ ആത്മീയതയുടെ ഉന്നതനിലവാരത്തിലേക്ക് ഉയർത്തുന്നതിൽ മാത്രമല്ല, കുറ്റമറ്റതും കാലികവും പ്രായോഗികവുമായ ഐഹികനിയമങ്ങൾ ലോകത്തിന് സമർപ്പിക്കുന്നതിലും പ്രവാചകൻﷺ പൂർണ വിജയം നേടുകയുണ്ടായി.

യിസ്രയേൽ മക്കളിൽ ആത്മസംസ്ക്കരണ പ്രവർത്തനത്തിന് നിയോഗിക്കപ്പെട്ട യേശുക്രിസ്തുവിന്റെ കാലഘട്ടത്തോട് സാമ്യത പുലർത്തുന്നതാണ് പ്രവാചകന്റെﷺ മക്കയിലെ പതിമൂന്ന് വർഷത്തെ ജീവിതം. ബഹുദൈവവിശ്വാസികളായ റോമക്കാരുടെ ഭരണത്തിൻ കീഴിലായിരുന്നു യേശുവെങ്കിൽ, മക്കയിലെ ബഹുദൈവവിശ്വാസികളുടെ കൊടും ക്രൂരതകൾക്ക് വിധേയമായിട്ടായിരുന്നു മുഹമ്മദ്ﷺ ജീവിച്ചത്. സഹനത്തിന്റെയും ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും പാത സ്വീകരിച്ച മുഹമ്മദിﷺനെയും അനുയായികളേയും ശത്രുക്കൾ ക്രൂരമായി പീഡിപ്പിച്ചു. യേശുവിനെ സമൂഹനേതൃത്വം ഏതൊരു വിധത്തിൽ തള്ളിക്കളഞ്ഞുവോ അതുപോലെ തന്നെ മുഖ്യധാരാ മക്കാനിവാസികൾ പ്രവാചകനെയും തള്ളിക്കളഞ്ഞു. ഈ പീഡന കാലഘട്ടത്തിലൂടെ പ്രവാചകന്റെ അനുയായികൾക്ക് ഹൃദയത്തിന്റെ അടിത്തട്ട് വരെ ഇറങ്ങി ചെല്ലുന്ന സുദൃഢമായ ആത്മീയ ശിക്ഷണം ലഭിച്ചു. അങ്ങനെ ജീവനും സമ്പത്തും പകരം കൊടുത്ത് നിലനിർത്തിയ വിശ്വാസവുമായി അവർ മദീനയിലേക്ക് പലായനം ചെയ്തു. അങ്ങനെ ഹൃദയത്തെ ഏകദൈവവിശ്വാസം കൊണ്ട് ശുദ്ധീകരിച്ചവർക്ക്, ഐഹിക ലോകത്തെകൂടി ശുദ്ധീകരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ സ്രഷ്ടാവ് നൽകി.

മദീനയിലെ പ്രവാചകന്റെﷺ സംഭവബഹുലമായ ജീവിതത്തിൽ പ്രകടമാകുന്നത് മോശെ പ്രവാചകന്റെ ഐഹിക നിയമ സംസ്ഥാപന പ്രവർത്തനമാണ്. യിസ്രയേൽ മക്കളെ ശുദ്ധീകരിക്കുന്നതിന് വേണ്ടി വിശുദ്ധനായ യഹോവ നൽകിയതാണ് ന്യായപ്രമാണം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ബൈബിളിന്റെ അനുയായികൾക്ക്, പ്രവാചകനായ മുഹമ്മദിﷺലൂടെ പൂർത്തീകരിക്കപ്പെട്ട ഐഹിക നിയമ വ്യവസ്ഥിതി അഥവാ ഇസ്ലാമിക ശരീഅത്ത് വിശുദ്ധമാണെ

ന്ന് സമ്മതിക്കേണ്ടിവരും. കാരണം, പ്രസ്തുത രണ്ട് നിയമ സംഹിതകൾ കാതലായ ഒരു വിഷയത്തിലും വൈരുധ്യം പ്രകടിപ്പിക്കുന്നില്ല എന്നതാണ് യഥാർഥ്യം.

മുമ്പ് സൂചിപ്പിച്ചപോലെ, മോശെയുടെയും യേശുവിന്റെയും പ്രവർത്തനം അന്ത്യപ്രവാചകനായ മുഹമ്മദിﷺൽ സമ്മേളിക്കുന്നത് വ്യക്തമാക്കുന്ന ഒരു സംഭവം ശ്രദ്ധിക്കുക. പ്രവാചകﷺന്റെ വിയോഗ ശേഷം ഗവർണറായിരുന്ന അബ്ദുല്ലാഹിബ്നു മസ്ഊദിരേന്റെ മുമ്പിൽ ഒരു മോഷ്ടാവിനെ ജനങ്ങൾ ഹാജരാക്കി. അദ്ദേഹം വിചാരണ നടത്തി സംശയലേശമെന്യേ പ്രതി മോഷ്ടിച്ചുവെന്ന് ബോധ്യപ്പെട്ടു. മോഷണത്തിന്റെ ശിക്ഷയായ കൈമുറിക്കുക എന്ന നിയമം നടപ്പിലാക്കാൻ അദ്ദേഹം കൽപ്പിച്ചു. ജനങ്ങൾ മോഷ്ടാവിനെ ശിക്ഷ നടപ്പിലാക്കാൻ കൊണ്ടുപോയപ്പോൾ ഗവർണറായ ഇബ്നു മസ്ഊദ്رضي الله عنه കരയാൻ തുടങ്ങി. കൂടെ ഉണ്ടായിരുന്നവർ ചോദിച്ചു "അങ്ങ് എന്തിനാണ് കരയുന്നത്?" ഇബ്ന് മസ്ഊദ്رضي الله عنه പറഞ്ഞു: "ആദ്യമായി ഒരു മോഷ്ടാവിന് ശിക്ഷ മുഹമ്മദ്ﷺ നടപ്പിലാക്കിയ സമയത്ത് ഞാൻ അവിടെ ഉണ്ടായിരുന്നു. തെറ്റ് ബോധ്യപ്പെട്ട് ശിക്ഷ വിധിച്ചുകഴിഞ്ഞ് ഞങ്ങൾ മോഷ്ടാവിന്റെ കൈ മുറിക്കാൻ പോയപ്പോൾ പ്രവാചകൻﷺ കരഞ്ഞു. ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ പ്രവാചകരെ, താങ്കൾ എന്തിനാണ് കരയുന്നത്? അവൻ മോഷ്ടാവാണെന്ന് പൂർണമായി തെളിഞ്ഞിട്ടുണ്ട്. നമ്മൾ വിധി കൽപ്പിക്കുന്നതാകട്ടെ അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ടും. പിന്നെ എന്തിനാണ് താങ്കൾ കരയുന്നത്?" പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾക്ക് മോഷ്ടാവിനെ എന്റെ മുൻപിൽ കൊണ്ടുവരുന്നതിന് മുൻപ് അയാൾക്ക് ക്ഷമിച്ചുകൊടുക്കാമായിരുന്നില്ലേ. നിങ്ങൾ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ എന്റെ സമുദായത്തിലെ ഒരു മനുഷ്യന്റെ കൈ മുറിക്കേണ്ടി വരുമായിരുന്നില്ലല്ലോ. എന്റെ മുൻപിൽ വന്ന് കുറ്റം തെളിഞ്ഞ സ്ഥിതിക്ക് അല്ലാഹുവിന്റെ നിയമം നടപ്പിലാക്കാതിരിക്കാൻ എനിക്ക് യാതൊരു നിർവാഹവുമില്ല." ഇതും പറഞ്ഞ് കാരുണ്യപ്രവാചകനായ മുഹമ്മദ് ﷺ കരഞ്ഞു." (ബൈഹഖി)

ഇതിൽ ശിക്ഷ നടപ്പിലാക്കിയത് മോശെയുടെ പ്രവർത്തനത്തോടും, മോഷ്ടാവിന് പൊറുത്തു കൊടുക്കാമായിരുന്നില്ലേ എന്ന പ്രവാചകന്റെ ചോദ്യം പൊതുജനങ്ങളോടുള്ള യേശുവിന്റെ ആത്മീയ ഉപദേശത്തോടും സാമ്യത പുലർത്തുന്നതാണ്.

# മൂന്ന്

## ക്രിസ്തുവിന്റെ പിൻഗാമി

തനിക്കുശേഷം വരുവാനുള്ള പ്രവാചകനെ കുറിച്ചും അദ്ദേഹത്തിന്റെ വിപുലമായ ദൗത്യത്തെക്കുറിച്ചും മഹാനായ യേശുക്രിസ്തു സൂചിപ്പിച്ചിട്ടുണ്ട്. പ്രവാചകൻമാരിലൂടെ ലോകത്തിലേക്ക് വന്നുകൊണ്ടിരുന്ന സത്യവെളിച്ചം തനിക്ക് ശേഷം വരുന്ന പ്രവാചകനിലൂടെ പൂർണമാകുമെന്നും അത് എല്ലാ ജനവിഭാഗങ്ങളും സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്മാക്കിയിട്ടുണ്ട്. യേശുവിന് ശേഷം സുവിശേഷ പ്രചരണ ദൗത്യം ഏറ്റെടുത്ത അപ്പൊസ്തലൻമാർ തങ്ങൾ സ്വയം യഹൂദേതരുടെ അടുക്കൽ പ്രവർത്തിച്ചില്ലെങ്കിലും അധികം താമസിയാതെ ദൈവരാജ്യത്തിന്റെ സുവിശേഷം ഭൂലോകം മുഴുവൻ പ്രചരിക്കുമെന്ന് വിശ്വസിച്ചതായി കാണാം.

### യേശുക്രിസ്തുവിന്റെ പ്രവചനങ്ങൾ

### യെരുശലേമിന്റെ പ്രസക്തി നഷ്ടപ്പെടും

ദൈവജനം എന്ന് വിളിപ്പേരുള്ള യിസ്രയേല്യരുടെ വിശുദ്ധ നഗരമാണ് യെരുശലേം. പ്രവാചകനായ ശലോമോൻ പണികഴിപ്പിച്ച ദേവാലയം അവരുടെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാലയമാണ്. പെരുന്നാളുകളും ശബത്തും മറ്റ് ഇതര കർമങ്ങളും കൊണ്ട് ദേവാലയം എപ്പോഴും സജീവമായിരുന്നു. ലോകത്തിന്റെ ഏത് കോണിൽ ജീവിക്കുന്ന യഹൂദനും, തന്റെ സമൂഹ പ്രാർഥനക്ക് ദിശയാക്കിയിരുന്നത് യെരുശലേം ആയിരുന്നു. യേശുവും അപ്പൊസ്തലൻമാരും

അവരുടെ അനുയായികളും ഒന്നും ഇതിൽ മാറ്റം വരുത്തിയിട്ടില്ല.

അന്നോളം പ്രവാചകൻമാരുടെ നാട് എന്ന പ്രൗഢിയോടെ നില നിന്ന യെരുശലേമിനെ ദൈവം പൂർണ്ണമായും ഉപേക്ഷിക്കുന്നതിന്റെ സൂചന യേശുവിന്റെ വാക്കുകളിൽ കാണാവുന്നതാണ്.

> യെരുശലേമേ, യെരുശലേമേ, പ്രവാചകൻമാരെ കൊല്ലുകയും നിന്റെ അടുക്കൽ അയക്കപ്പെട്ടവരെ കല്ലെറിയുകയും ചെയ്യുന്ന വളെ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ അണയ് ക്കുന്നത് പോലെ നിന്റെ മക്കളെ അണച്ചു കൊള്ളുവാൻ എത്ര വട്ടം ഞാൻ ആഗ്രഹിച്ചു. എന്നാൽ നിനക്കോ മനസ്സുണ്ടായില്ല. ഇതാ നിന്റെ ഭവനം ശൂന്യമായിരിക്കുന്നു. 'കർത്താവിന്റെ നാമ ത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ' എന്നു നീ പറയുന്ന തു വരെ ഇനി നീ എന്നെ കാണുകയില്ല എന്ന് ഞാൻ നിന്നോടു പറയുന്നു.
>
> (മത്തായി 23:37-39)

ധാരാളം പ്രവാചകൻമാരെ കൊല്ലുകയും മർദ്ദിക്കുകയും ചെയ് ത യിസ്രയേല്യരുടെ ധിക്കാരത്തിന് അന്ത്യമടുത്തുവെന്ന് യേശു വ്യക്തമാക്കുന്നു. സ്വന്തം നിലപാട് നേരെയാക്കുവാനുള്ള അവരുടെ അവസാന അവസരമായിരുന്നു യേശുവിലൂടെ ലഭിച്ചത്. ഇതും പാഴാ ക്കി കളഞ്ഞതിനാൽ ഇനി മറ്റൊരു പ്രവാചകൻ ഇവിടേക്ക് വരാതെ യെരുശലേം ശൂന്യമായി പോകും. എന്നാൽ പിന്നീട് യേശുവിനെ ഒരിക്കൽ കണ്ടുമുട്ടേണ്ടി വരുമ്പോൾ, തങ്ങളുടെ മുൻകാലപ്രവർത്തന ങ്ങൾ ഓർത്ത് ഇവർക്ക് ഖേദിക്കേണ്ടി വരും.

ഇങ്ങനെയൊരു പ്രവചനം നടത്തിയ യേശുവോ, അപ്പൊസ്തല ൻമാരോ അവരുടെ വിയോഗം വരെ യെരുശലേം കേന്ദ്രീകരിച്ച് മാ ത്രമാണ് പ്രവർത്തിച്ചത്. ലക്ഷകണക്കിനുള്ള യിസ്രയേല്യരിൽ യേ ശുവിന്റെ പ്രവർത്തനത്തിലൂടെ നൂറോളം പേർ മാത്രമാണ് അനുയാ യികളായുള്ളൂ. പിന്നീടുള്ള അപ്പൊസ്തല കാലഘട്ടത്തിൽ, നൂറിൽ നിന്നും പല ആയിരങ്ങളിലേക്ക് അനുയായികളുടെ അംഗസംഖ്യ വർദ്ധിച്ചെങ്കിലും, യിസ്രയേല്യ സമൂഹത്തിന്റെ മൊത്തം ജനസംഖ്യ യുമായി വിലയിരുത്തുമ്പോൾ ഈ കണക്കും പരിമിതമാണ്. യിസ്ര യേല്യരുടെ പണ്ഡിത സ്ഥാനത്തേക്കോ, പൗരോഹിത്യ സ്ഥാന ത്തേക്കോ, സമൂഹത്തിലെ നേതൃസ്ഥാനത്തേക്കോ ഒന്നും ഇവരാ രും ഉയർന്നിട്ടില്ല. അധികാരത്തിലുള്ള തങ്ങളുടെ സ്വാധീനം ദുർവി

നിയോഗിച്ച് യേശുവിനെ യിസ്രയേല്യർ പീഡിപ്പിച്ചത് പോലെ, തുടർച്ചയായ ഇടവേളകളിൽ അപ്പൊസ്തലൻമാരും മർദ്ദിക്കപ്പെടുകയുണ്ടായി. എന്നാൽ ശക്തമായ പൊതുജനസമ്മിതി ആർജ്ജിച്ചുകൊണ്ട് മുന്നേറുകയായിരുന്ന ഇവർ അപ്രതീക്ഷിതമായ റോമൻ ഭരണകൂടത്തിന്റെ അടിച്ചമർത്തലിൽ ഇല്ലാതാവുകയാണ് ചെയ്തത്.

ചുരുക്കത്തിൽ, യേശുവിന്റെയോ അപ്പൊസ്തലൻമാരുടെയോ പ്രവർത്തന കാലഘട്ടത്തിൽ യെരുശലേമിന്റെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. മാത്രവുമല്ല ധിക്കാരികളായ മുഖ്യധാര യിസ്രയേല്യ സമൂഹത്തിന് തങ്ങളുടെ നിലപാടിൽ പുനർവിചിന്തനം നടത്തേണ്ട ഒരു സാഹചര്യവും ഇവർ മൂലം സംജാതമായിട്ടില്ല. എന്നാൽ മുഹമ്മദിﷺന്റെ പ്രവാചകത്വത്തോടെ യെരുശലേമിന് പുറത്ത് ഒരു പ്രവാചകൻ വരികയും സത്യവിശ്വാസികളുടെ കേന്ദ്രമായി മക്കയും മദീനയും സ്ഥാനം പിടിക്കുകയും ചെയ്തു. പിന്നീട് ലോകം മുഴുവൻ ഇസ്ലാം പ്രചരിച്ചതോടെ ദൈവവിശ്വാസികളുടെ ഏറ്റവും വലിയ സമ്മേളന കേന്ദ്രമായി ഇവ മാറി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികളെല്ലാം തങ്ങളുടെ പൊതുവായ പ്രാർഥനയ്ക്ക് ദിശയാക്കുന്നതും മക്കയിലെ കഅ്ബ എന്ന ആരാധനാലയമാണ്. യേശുക്രിസ്തു ഇനി വീണ്ടും വരുമെന്നും അന്ന് നിങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൻ കീഴിൽ അണിനിരക്കണമെന്നും മുസ്ലിം സമൂഹത്തിന് നിർദ്ദേശം നൽകിയ മുഹമ്മദിﷺന്റെ വാക്കുകൾ പുലരുന്ന ദിവസം തീർച്ചയായും പ്രവാചകന്മാരെ നിഷേധിച്ച യിസ്രയേല്യർ കുറ്റബോധം കൊണ്ട് തലതാഴ്ത്തേണ്ടി വരും.

**കിഴക്കും പടിഞ്ഞാറും ദൈവത്തിങ്കലേക്ക്**

> കിഴക്കു നിന്നും പടിഞ്ഞാറു നിന്നും അനേകർ വന്ന് അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ വിരുന്നിന് ഇരിക്കും. രാജ്യത്തിന്റെ പുത്രൻമാരോ പുറത്ത് അന്ധകാരത്തിലേക്ക് തള്ളപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.
> (മത്തായി 8:11,12)

ശ്രേഷ്ഠരായ പൂർവപിതാക്കൻമാരോടൊപ്പം ഏക മനസ്സോടെ സ്വർഗരാജ്യത്തിൽ വിരുന്നിന് ഇരിക്കുവാൻ യോഗ്യതയുള്ള പിൻമുറക്കാർ ആരായിരിക്കും? യേശുവിനെ അംഗീകരിച്ച അപ്പൊസ്തല അനുയായികൾ ഒഴിച്ചുള്ള യഹൂദൻമാർ അഥവാ രാജ്യത്തിന്റെ പുത്ര

ൻമാർ അന്ധകാരം നിറഞ്ഞ നരകത്തിലേക്ക് എറിയപ്പെടുമെന്ന് ഈ പ്രവചനം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കിഴക്കു നിന്നും പടിഞ്ഞാറു നിന്നും എത്തുന്ന യിസ്രയേല്യരല്ലാത്ത അനേകം ആളുകൾ എന്നുദ്ദേശിച്ചിരിക്കുന്നത് ആരെയാണ്? ഭൂമിയിൽ വച്ച് പോലും അപ്പൊസ്തലൻമാർ ഭക്ഷണം കഴിക്കുവാൻ കൂടെ ഇരുത്താതിരുന്ന ക്രിസ്ത്യാനികളെ സ്വർഗരാജ്യത്തിൽ വിരുന്നിന് ഇരുത്തുമെന്ന് സ്വപ്നം കാണുക പോലും അസാധ്യമാണ്.

ഈ സ്ഥാനത്തേക്ക് പരിഗണിക്കാൻ യോഗ്യരായ സമൂഹം ഒന്ന് മാത്രമേയുള്ളൂ. മുൻകാല പ്രവാചക ശ്രേഷ്ഠന്മാരെ മുഴുവൻ ആദരിക്കുകയും യേശുവിനെയും അദ്ദേഹത്തിന്റെ അനുയായികളെയും സച്ചരിതരുടെ കൂട്ടത്തിൽ കാണുകയും ആ ഉന്നത സംഘത്തോടൊപ്പം ഞങ്ങളെയും ഉൾപ്പെടുത്തണമേയെന്ന് ദിവസവും പലവട്ടം പ്രാർഥിക്കുകയും ചെയ്യുന്ന മുഹമ്മദ് നബിﷺയുടെ അനുയായികൾ. തീർച്ചയായും ഈ സ്വർഗീയ വിരുന്നിൽ പങ്കെടുക്കുവാനുള്ള ഇവരുടെ തയ്യാറെടുപ്പ് കണ്ടില്ലെന്ന് പറയുവാൻ ഭൂലോകത്തുള്ള ആർക്കും സാധ്യമല്ല തന്നെ.

## യേശുവിന്റെ പിൻഗാമിയായ പാരക്ലീറ്റ്

> എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു. നിങ്ങളുടെ നൻമക്ക് വേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല; ഞാൻ പോയാൽ കാര്യസ്ഥനെ നിങ്ങളുടെ അടുത്തേക്ക് അയക്കും. അവിടുന്നു വരുമ്പോൾ പാപം, നീതി, ന്യായവിധി എന്നിവയെ സംബന്ധിച്ച് ലോകത്തിന് ബോധ്യം വരുത്തും. ഇനി വളരെയധികം കാര്യങ്ങൾ നിങ്ങളോട് പറയുവാനുണ്ട്. എങ്കിലും അവ വഹിക്കുവാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല. എന്നാൽ പാരക്ലീറ്റ് വരുമ്പോൾ, അവിടുന്ന് നിങ്ങളെ സകല സത്യത്തിലേക്കും വഴി നടത്തും. അവിടുന്ന് സ്വയം സംസാരിക്കാതെ കേൾക്കുന്നത് മാത്രം സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ച് തരുകയും ചെയ്യും. അവിടുന്ന് എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരികയാൽ എന്നെ മഹത്വപ്പെടുത്തും.
>
> (യോഹ 16:7-15)

യേശുവിനെ സ്നേഹിക്കുന്നവർ നിർബന്ധമായും പിൻപറ്റേണ്ട പാരക്ലീറ്റിന്റെ യോഗ്യതകൾ എന്തെല്ലാമെന്ന് നോക്കുക.

- യേശു പോയാൽ മാത്രമേ പാരക്ലീറ്റ് വരുകയുള്ളൂ.
- പാപം, നീതി, ന്യായവിധി എന്നിവയെ കുറിച്ച് ലോകത്തിന് ബോധ്യം വരുത്തും.
- യേശു പറയാതിരുന്ന കൂടുതൽ ദൈവിക അരുളപാടുകൾ പാരക്ലീറ്റ് അറിയിച്ചു തരും.
- യേശു മുഴുവൻ സത്യത്തിലേക്ക് ജനങ്ങളെ വഴി നടത്തിയിട്ടില്ല. എന്നാൽ പാരക്ലീറ്റ് അത് ചെയ്യും. അതായത്, ദൈവീക മതത്തിന്റെ പൂർത്തികരണം സംഭവിക്കുക പാരക്ലീറ്റിലൂടെയാണ്.
- സംഭവിക്കാൻ പോകുന്ന പല കാര്യങ്ങളും മുൻകൂട്ടി 'പാരക്ലീറ്റ്' പ്രവചിക്കും.
- യേശുവിനെ 'പാരക്ലീറ്റ്' മഹത്വീകരിക്കും.

ഇത്രയും യോഗ്യതകൾ സമ്മേളിക്കുന്ന ഒരാൾക്ക് മാത്രമാണ് പാരക്ലീറ്റ് എന്ന് അവകാശപ്പെടുവാൻ ന്യായമുള്ളൂ. ക്രിസ്തുമതക്കാർ പാരക്ലീറ്റായി മനസ്സിലാക്കുന്നത് ത്രിത്വ ദൈവത്തിലെ പരിശുദ്ധാത്മാവ് എന്ന ആളത്വത്തിനെയാണ്. ഈ വാദം പല കാരണങ്ങൾ കൊണ്ട് പരിഗണന അർഹിക്കുന്നില്ല. ക്രിസ്തുമതക്കാരിൽ സ്ഥിതി ചെയ്യുന്നതായി അവർ അവകാശപ്പെടുന്നത് പൗലോസ് പ്രസംഗിച്ച സുവിശേഷത്തിൽ വിശ്വസിച്ചവർക്ക് ലഭിച്ച ആത്മാവിനെയാണ്. പൗലോസിന്റെ ഭാഷ പ്രകാരം അപ്പൊസ്തലൻമാർ പ്രസംഗിച്ച യേശുവും, സുവിശേഷവും പരിശുദ്ധാത്മാവും തീർത്തും തന്റേതിൽ നിന്നും വ്യത്യസ്തമാണെന്നിരിക്കേ, പൗലോസിന്റെ പരിശുദ്ധാത്മാവാണോ പാരക്ലീറ്റെന്ന ചർച്ച പോലും തികച്ചും നീതിക്ക് നിരക്കാത്തതാണ്.

അടുത്തതായി, യേശു തന്റെ ഉപദേശങ്ങളിൽ പല തവണ ആവർത്തിച്ച് പറഞ്ഞ പരിശുദ്ധാത്മാവും പാരക്ലീറ്റും ഒന്നുതന്നെയാണോ എന്ന് നമുക്ക് പരിശോധിക്കാം.

ബൈബിളിന്റെ തുടക്കം മുതൽ യഥാർഥ അപ്പൊസ്തലൻമാരുടെ കാലം വരെയുള്ള പരിശുദ്ധാത്മാവ് എന്തായിരുന്നുവെന്നും അത് വഴി അവർക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയെന്നും വിലയിരുത്തിയാൽ മാത്രമേ ശരിയായ ഗ്രാഹ്യം ലഭിക്കുകയുള്ളൂ. ദൈവിക സന്ദേശം മനുഷ്യരിൽ എത്തിക്കുക, അത്ഭുത പ്രവൃത്തിക്ക് മനുഷ്യരെ പ്രാപ്തനാക്കുക, മന:ശക്തിയും സമാധാനവും പ്രദാനം

ചെയ്യുക, നല്ലതായ തീരുമാനങ്ങൾ മനസ്സിൽ തോന്നിപ്പിക്കുക, കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുക തുടങ്ങിയ കാര്യങ്ങൾ മനുഷ്യന് നൽകുന്ന ദൈവത്തിന്റെ മഹത്തായ ഒരു ദാനം. ഈ ദൈവിക ദാനവും യേശു പറഞ്ഞ പാരക്ലീറ്റും തമ്മിലുള്ള വ്യത്യാസം പ്രകടമാണ്.

യേശു പോയതിന് ശേഷം മാത്രമേ പാരക്ലീറ്റ് വരുകയുള്ളുവെങ്കിൽ, പരിശുദ്ധാത്മാവിന്റെ പ്രവർത്തനകാലം തീർത്തും വ്യത്യസ്തമാണ്. യേശുവിന് മുമ്പും, അദ്ദേഹം മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോഴും, അദ്ദേഹത്തിന്റെ ജീവിതകാലത്തുമെല്ലാം പരിശുദ്ധാത്മാവ് ഭൂമിയിൽ നിറസാന്നിദ്ധ്യമാണ്. സ്വന്തമായി ഒന്നും പറയാതെ, ദൈവത്തിൽ നിന്ന് അറിവ് ലഭിക്കുന്നത് മാത്രമാണ് പാരക്ലീറ്റ് പറയുന്നതെങ്കിൽ, ക്രൈസ്തവ വീക്ഷണത്തിൽ ദൈവമായ പരിശുദ്ധാത്മാവ് പരാശ്രയനാണെന്ന് വരുന്നു. അതോടൊപ്പം, സ്വന്തമായ ഒരു ശരീരം ഇല്ലാത്ത പരിശുദ്ധാത്മാവ് പ്രവർത്തിക്കുക ഒരു മനുഷ്യനിലൂടെ ആയിരിക്കുമല്ലോ. അങ്ങനെ ഒരു വ്യക്തി പറയുന്ന കാര്യങ്ങൾ യേശു പറയാതെ വിട്ട അധികം വിഷയങ്ങളാണെങ്കിൽ അവയെ വിലയിരുത്തുവാനുള്ള മാനദണ്ഡം എന്താണ്?

തന്റെ വചനങ്ങളിൽ ഉറച്ച് നിൽക്കുന്നവർ മാത്രമാണ് തന്റെ ശിഷ്യൻമാർ എന്നും ശിഷ്യൻ ഒരിക്കലും ഗുരുവിന് മീതെയാകാതെ, ഏറ്റവും കൂടിയാൽ ഗുരുവിനോളം മാത്രമേ ആകാവുയെന്നും യേശു നിർദ്ദേശിച്ചിരിക്കേ (മത്തായി 10:24,25), ഗുരുവായ യേശുവിനെക്കാൾ അധികം കാര്യങ്ങൾ പറയുന്ന 'പാരക്ലീറ്റ്' അദ്ദേഹത്തിന്റെ ശിഷ്യൻ ആകുന്നതെങ്ങനെ? ചുരുക്കത്തിൽ പാരക്ലീറ്റെന്നാൽ, യേശുവിനെ മഹത്വീകരിക്കുകയും പ്രവാചകൻമാരുടെ മതം പൂർത്തികരിക്കുകയും ചെയ്യുന്ന അന്ത്യ പ്രവാചകനാണെന്ന് നിസ്സംശയം വ്യക്തമാകുന്നതാണ്.

## അപ്പൊസ്തലൻമാരുടെ പ്രതീക്ഷ

അപ്പൊസ്തലൻമാരുടെ നേതൃത്വത്തിൽ യെരുശലേം കൗൺസിൽ കൂടിയ സമയത്ത് അദ്ധ്യക്ഷനായ യാക്കോബ് ഉദ്ധരിച്ച ഒരു പ്രവചനം ശ്രദ്ധിക്കുക.

> ഇതിന് ശേഷം ഞാൻ മടങ്ങിവരികയും ദാവീദിന്റെ വീണുപോയ കൂടാരം വീണ്ടും പണിയുകയും ചെയ്യും; ഞാൻ അതിന്റെ ശൂന്യാവിഷ്ടങ്ങൾ വീണ്ടും പണിത് അതിനെ യഥാസ്ഥാനപ്പെടു

ത്തും; മനുഷ്യരിൽ ശേഷിക്കുന്നവരും എന്റെ നാമം വഹിക്കുന്ന വിജാതിയരും (യഹൂദേതരർ) കർത്താവിനെ അന്വേഷിക്കും എന്ന് ഇവ പൂർവകാലം മുതൽ അറിയിക്കുന്ന കർത്താവ് അരുളി ചെയ്യുന്നു.

(അപ്പൊ. പ്രവ 15:16-18)

പ്രവാചകനായ ആമോസിന്റെ ഈ വാക്കുകൾ പ്രകാരം അനേകം യഹൂദേതരായ ജനങ്ങൾ സത്യദൈവത്തിൽ വിശ്വസിക്കുമെന്ന് യാക്കോബ് മനസ്സിലാക്കിയിരുന്നു. എന്നാൽ അദ്ദേഹം നേതൃത്വം നൽകിയ യെരുശലേം സഭ യഹൂദൻമാരിൽ മാത്രമാണ് പ്രധാനമായും പ്രവർത്തിച്ചിരുന്നത്. യഹൂദേതരുടെ ഇടയിൽ അവർ അംഗീകരിച്ചത് ബർണബാസിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനത്തെ മാത്രമാണ്. പിൽക്കാലത്ത് ആ സഭകൾ പൗലോസിന്റെ ദുരുപദേശത്തിൽ വഞ്ചിക്കപ്പെട്ടു പോയപ്പോൾ അപ്പൊസ്തലൻമാർ ബർണബാസിനെ മടക്കി കൊണ്ടു വരുകയും ചെയ്തു. തുടർന്ന്, പൗലോസിന്റെ തന്ത്രങ്ങളിൽ കുടുങ്ങി പോയ ഇവരെ രക്ഷിക്കാൻ ചില ശ്രമങ്ങൾ അപ്പൊസ്തല അനുയായികൾ നടത്തിയതല്ലാതെ യഹൂദേതരുടെ ഇടയിൽ അധികം പ്രവർത്തിച്ചതായി തെളിവുകൾ ലഭ്യമല്ല. ഏതായാലും, ഇന്ന് യഹൂദേതരുടെ ഇടയിൽ പ്രചരിച്ചിരിക്കുന്നത് പൗലോസിന്റെ യഹൂദ സംസ്ക്കാരമില്ലാത്ത പുതിയ മാർഗമാണ്. ഇതാകട്ടെ 'സ്ഥാപകന്റെ' കാലത്ത് തന്നെ അപ്പൊസ്തലൻമാർ പുറത്താക്കിയതുമാണ്. അങ്ങനെയെങ്കിൽ യാക്കോബിന്റെ പ്രതീക്ഷ പോലെ യഹൂദേതരുടെ അടുക്കൽ സത്യദൈവത്തെ കുറിച്ചുള്ള സന്ദേശം അറിയിച്ച ആ മഹത് വ്യക്തിത്വം ആരാണ്?

## അന്ത്യപ്രവാചകനായ മുഹമ്മദ്ﷺ

യേശു പറഞ്ഞതും അപ്പൊസ്തലൻമാർ പ്രതീക്ഷിച്ചതുമായ ഈ വിപുല ദൗത്യം പൂർത്തികരിച്ച പ്രവാചകനെ അംഗീകരിക്കാൻ തീർച്ചയായും ബൈബിൾ വായനക്കാർ തയ്യാറാകേണ്ടതാണ്. മേൽ പറയപ്പെട്ട പ്രവചനങ്ങളെല്ലാം യോജിച്ച ഒരേയൊരു വ്യക്തിത്വം മാത്രമേ ലോകചരിത്രത്തിൽ യേശുവിന് ശേഷം ആഗതനായിട്ടുള്ളൂ. മനുഷ്യരാശിയുടെ മുമ്പിൽ ഖുർആൻ എന്ന അന്തിമ വേദഗ്രന്ഥം സമർപ്പിച്ച പ്രവാചകനായ മുഹമ്മദ്ﷺ.

അബ്രഹാമിന്റെ ദൈവത്തിൽ വിശ്വസിക്കുകയും മോശൈക

ന്യായപ്രമാണത്തെ പോലെ ജീവിതത്തിന്റെ സമസ്ത മേഖലയ്ക്ക് അനിവാര്യമായ ന്യായപ്രമാണം കൊണ്ടു വരുകയും പരിച്ഛേദന കൽപ്പിക്കുകയും യേശുവിന്റെ ക്രിസ്തുസ്ഥാനം അംഗീകരിക്കുകയും തന്നിഷ്ടം പറയാതെ ദൈവിക വെളിപാടുകൾ പിൻപറ്റുകയും പാപം, നീതി, ന്യായവിധി തുടങ്ങിയവയെ കുറിച്ച് ലോകത്തിന് ബോധ്യം വരുത്തുകയും തന്നിലൂടെ സത്യമതം പൂർത്തികരിക്കപ്പെട്ടുവെന്ന് അവകാശപ്പെടുകയും അദ്ദേഹത്തിന്റെ അഹ്വാനം ലോകത്തിന്റെ കിഴക്കും പടിഞ്ഞാറും ഉള്ള ജനങ്ങൾ സ്വീകരിക്കുകയും അതോടൊപ്പം, യേശുവിനെ രണ്ടാം വരവിൽ സ്വീകരിക്കാനുള്ള സംഘത്തെ തയ്യാറാക്കുകയും ചെയ്ത ഏക വ്യക്തിത്വമാണ് മുഹമ്മദ്ﷺ.

# നാല്

## ക്രിസ്തുവിന്റെ മിത്രങ്ങൾ

പൗലോസിന്റെ കുരിശു മാർഗത്തെ റോമൻ ചക്രവർത്തിയായ കൊൺസ്റ്റന്റൈൻ ഏറ്റെടുത്തതോടെ, ദൈവ നിയോഗിതനായ യേശുക്രിസ്തുവിന്റെ സത്യസന്ദേശം ഭൂമിയിൽ കുഴിച്ചിടപ്പെട്ടു. രാജാധികാരത്തിന്റെ ഇരുമ്പുദണ്ഡ് ഉപയോഗിച്ച് ഇതിനെതിരായി ഉയർന്നുവന്ന എല്ലാവിധ എതിർപ്പുകളും നിശബ്ദമാക്കപ്പെട്ടു. സത്യത്തെ ദുരുപദേശമെന്നും ദുരുപദേശത്തെ സത്യമെന്നും പുരോഹിതന്മാർ വിധി പറഞ്ഞു. ഇരുളിനെ വെളിച്ചമായി തെറ്റിദ്ധരിപ്പിച്ചു. ഇങ്ങനെ മൂന്നാം നൂറ്റാണ്ടിൽ നിന്നും പിന്നെയും കാലം മുന്നോട്ടു സഞ്ചരിച്ച് ആറാം നൂറ്റാണ്ടിലേക്ക് പ്രവേശിച്ചു. പൗലോസിന്റെ ഭാഷ കടമെടുത്താൽ, അപ്പൊസ്തലന്മാർ പഠിപ്പിക്കാത്ത 'യേശുവും സുവിശേഷവും പരിശുദ്ധാത്മാവും' അടങ്ങിയ ക്രിസ്തുമതം വ്യാപകമായി പ്രചരിച്ചു.

വിഗ്രഹങ്ങളും പുണ്യവാളന്മാരും പുണ്യ വസ്തുക്കളും തിരുശേഷിപ്പുകളും പള്ളി പെരുന്നാളുകളും ഘോഷയാത്രകളും പോപ്പിന്റെ വെളിപാടുകളും ഒക്കെയായി ക്രിസ്തുമതം കാടുകയറുകയായിരുന്നു. ഏത് അനാചാരങ്ങളെയും ശുദ്ധീകരിച്ച് യേശുവിന്റെ പേരിൽ ക്രിസ്തുമതത്തിലേക്ക് പ്രവേശിപ്പിക്കുവാൻ പുരോഹിതന്മാർക്ക് അധികാരം ഉള്ളതായി ക്രൈസ്തവർ അന്ധമായി വിശ്വസിച്ചിരുന്നു. അന്നത്തെ ക്രിസ്തുമതം എന്തായിരുന്നുവെന്ന് അൽപ്പമെങ്കിലും മനസ്സിലാകണമെങ്കിൽ, റോമൻ കത്തോലിക്ക എന്ന ക്രിസ്തീയ വിഭാഗത്തിന്റെ ആരാധനാനുഷ്ഠാനങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും.

അന്ന് ഇവരും ഇവരെപ്പോലുള്ളവരും മാത്രമാണ് ക്രിസ്ത്യാനികൾ. സാധാരണക്കാർക്കെന്നല്ല, പാതിരിമാർക്ക് പോലും ബൈബിളിന്റെ പൂർണ രൂപം ലഭ്യമല്ലാത്ത സാഹചര്യം. ചുരുക്കത്തിൽ, യേശുവിന്റെ യഥാർഥ ദൗത്യം അട്ടിമറിക്കപ്പെടുകയും പകരം മറ്റൊരു ദൗത്യം ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തു. ഇപ്രകാരം അസത്യം പരിപൂർണ വിജയം പ്രാപിച്ചുവെന്ന് ദുഷ്ടശക്തികൾ ആഹ്ലാദഭേരി മുഴക്കി നിൽക്കേ, സ്വർഗാധിനാഥൻ വിഷയത്തിൽ ഇടപ്പെട്ടു.

## മുഹമ്മദിﷺന്റെ പ്രവാചകത്വം

സൗദി അറേബ്യയിലെ മക്ക എന്ന പ്രദേശത്ത് ഏവർക്കും സുപരിചതനും സുസമ്മതനുമായ മുഹമ്മദ്ﷺ, അൽഅമീൻ (വിശ്വസ്തൻ) എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ സമ്പത്ത് സൂക്ഷിക്കാൻ നൽകുന്നവർ അനേകമായിരുന്നു. പല സങ്കീർണ വിഷയങ്ങളിലും അദ്ദേഹം ജനങ്ങൾക്കിടയിൽ മദ്ധ്യസ്ഥത വഹിച്ചിരുന്നു. ഏക ഭാര്യയായ ഖദീജയോടും മക്കളോടും താൻ സംരക്ഷണം ഏറ്റെടുത്ത പിതൃവ്യ പുത്രനോടുമൊപ്പം സ്വസ്ഥമായ കുടുംബ ജീവിതം അദ്ദേഹം നയിച്ചു പോന്നിരുന്നു. സാമ്പത്തിക ഭദ്രതയും സമാധാനപരമായ കുടുംബാന്തരീക്ഷവുമുള്ള ഈ ഗൃഹനാഥൻ തന്റെ ജനങ്ങളുടെ വിശ്വാസപരമായ കാര്യങ്ങളിൽ തീർത്തും ദുഃഖിതനായിരുന്നു.

## അറേബ്യയുടെ മതപശ്ചാത്തലം

വിശ്വാസികളുടെ പിതാവായ അബ്രഹാം, ഭാര്യയായ ഹാഗാർ, മകനായ യിസ്മായേൽ എന്നിവരുൾപ്പെട്ട ശ്രേഷ്ഠ പ്രവാചക കുടുംബം താമസിച്ചിരുന്ന നാടാണ് മക്ക. യിസ്മായേലിന് ആ പേര് നൽകിയത് ദൈവം തന്നെയാണ്.[1] പതിനാല് വർഷത്തോളം പിതാവായ അബ്രഹാമിന്റെ ഏക മകനെന്ന നിലയിൽ സ്നേഹ വാൽസല്യങ്ങൾ അതിരറ്റ് അദ്ദേഹം അനുഭവിച്ചു. പിതാവിന് ലഭിക്കുന്ന വെളിപാടുകളും ദർശനങ്ങളും നോക്കിക്കാണുകയും ദൈവിക കൽപനയായ പരിച്ഛേദന പിതാവിനൊപ്പം നിർവഹിക്കുകയും ചെയ്ത മകനാണ് യിസ്മായേൽ.[2] പിന്നീട് മകനെയും മാതാവിനെയും മരുഭൂമിയിലേക്ക് മാറ്റി താമസിപ്പിക്കുന്ന സമയത്ത്, അബ്രഹാം ഈ

1. ഉൽപത്തി 16:11.
2. ഉൽപത്തി 17:23.

മകനെ ഓർത്ത് അധികമായി വേദനിച്ചു. യിസ്മായേലിന്റെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്നുവെന്നും അവൻ പന്ത്രണ്ട് രാജാക്കന്മാർക്ക് അധിപതിയാകുമെന്നും ദൈവം അബ്രഹാമിനെ അറിയിച്ചു. അങ്ങനെ മകന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത സ്വർഗാധിനാഥനെ ഏതിലുമെന്ന പോലെ ഇക്കാര്യത്തിലും അബ്രഹാം വിശ്വസിച്ചു. മകനെയും മാതാവിനെയും മരുഭൂമിയിൽ ദൈവത്തെ ഭരമേൽപ്പിച്ചിട്ട് അബ്രഹാം തിരിച്ചു നടന്നു.

ദാഹിച്ചു വലഞ്ഞ മകന്റെ കരച്ചിൽ സഹിക്ക വയ്യാതെ മാതാവായ ഹാഗാർ വെള്ളമന്വേഷിച്ച് ഓടി നടന്നു. അങ്ങനെ സഫാ, മർവ എന്ന രണ്ട് കുന്നുകൾക്കിടയിൽ ഏഴ് പ്രാവശ്യം അവർ ഓടുകയുണ്ടായി. ദൈവം കുഞ്ഞിന്റെ കരച്ചിലിന് മറുപടി നൽകി. മരുഭൂമിയിൽ ഒരു നീരുറവ. യിസ്മായേലിന്റെ ദാഹം തീരുവോളം അവൻ അതിൽ നിന്ന് കുടിച്ചു. ആ നീരുറവ 'സംസം' എന്ന പേരിൽ അറിയപ്പെടുന്നു. ബാലൻ വളർന്നു. അവന്റെ വളർച്ചയിൽ ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു. ഇപ്രകാരം യിസ്മായേൽ ദൈവിക സഹായത്താൽ അറേബ്യൻ മണലാരണ്യത്തിൽ സ്വയം പര്യാപ്തനായി തീർന്നു.[1] അബ്രഹാമും യിസ്മായേലും കൂടി ദൈവത്തെ ആരാധിക്കുന്നതിനായി ഒരു ആരാധനാലയം പണിതു. ലോകത്തെ ആദ്യത്തെ ഏകദൈവാരാധനയുടെ ഭവനമെന്ന് ഖുർആൻ വ്യക്തമാക്കിയ ഇതിന്റെ പേര് കഅ്ബ എന്നാണ്. പിതാവായ അബ്രഹാം മരണപ്പെട്ടപ്പോൾ മക്കളായ യിസ്മായേലും യിസ്ഹാക്കും കൂടിയാണ് ശവസംസ്കാരം നിർവഹിച്ചത്.[2] ഈ സമയത്ത് യിസ്മായേലിന് എൺപത്തിയൊൻപത് വയസ്സുണ്ടായിരുന്നു. മാത്രമല്ല അബ്രഹാമിന്റെ മറ്റൊരു മകനായ യിസ്ഹാക്കിന്റെ മകനും യിസ്മായേലിന്റെ മകളും തമ്മിൽ വിവാഹബന്ധവും ഉണ്ടായിരുന്നു.[3] ചുരുക്കത്തിൽ പതിനാറാം വയസ്സിൽ മരുഭൂമിയിലേക്ക് മാറി താമസിച്ചിരുന്നുവെങ്കിലും യിസ്മായേലും അനുജനായ യിസ്ഹാക്കും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടായിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. അങ്ങനെ അറേബ്യയിൽ യിസ്മായേൽ ജീവിച്ചിരുന്ന ആദ്യ നൂറ് വർഷത്തേക്ക് അബ്രഹാമിന്റെ ദൈവത്തെ തന്നെയാണ് അവിടുത്തുക്കാർ ആരാധിച്ചതെന്ന് ബൈബിൾ ചരിത്രവും വ്യക്തമാക്കുന്നു.

1. ഉൽപത്തി 21:11–21.
2. ഉൽപത്തി 25:7–9.
3. ഉൽപത്തി 28:8,9.

ഫറോവയുടെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചതിന്റെ സ്മരണക്കായി 'പെസഹ' എന്ന ആഘോഷം യിസ്രയേല്യർക്ക് നൽകിയതുപോലെ, ഹാഗാറിനും യിസ്മായേലിനും ദൈവം ചെയ്ത അനുഗ്രഹങ്ങൾ ഓർമിപ്പിക്കുന്ന സഫാ, മർവ കുന്നുകൾക്കിടയിലെ ഓട്ടവും, ആദ്യത്തെ ആരാധനാലയമായ കഅ്ബയിൽ എത്തിയുള്ള പ്രാർഥനയുമെല്ലാം ഇവർക്കും നൽകപ്പെട്ടിരുന്നു. അബ്രഹാം, യിസ്മായേൽ, ഹാഗാർ തുടങ്ങിയവരെയും അവരുടെ ആരാധ്യനായ പ്രപഞ്ചനാഥനെയും അറബികൾ ഉപേക്ഷിച്ചിരുന്നില്ല. എന്നാൽ കാലം മുന്നോട്ടു സഞ്ചരിച്ചപ്പോൾ, ആദരണീയരായ മനുഷ്യരെ ആരാധിക്കുന്ന അവസ്ഥയിലേക്ക് അറബികൾ വഴിമാറ്റപ്പെടുകയും പ്രപഞ്ചനാഥനായ ദൈവത്തിന്റെ അധികാരത്തിൽ ഇവരിൽ പലർക്കും പങ്ക് കൽപ്പിക്കുകയും ചെയ്തു.

ഏകദൈവാരാധനയുടെ ആദ്യ ഭവനമായ കഅ്ബയിൽ അബ്രഹാമിന്റെയും യിസ്മായേലിന്റെയും ഉൾപ്പെടെ മുന്നൂറ്റി അറുപതോളം മഹാൻമാരുടെ വിഗ്രഹങ്ങൾ ആരാധിക്കപ്പെടുന്ന ദുരവസ്ഥയുണ്ടായി. പൂജകളും അനാചാരങ്ങളും നഗ്ന പ്രദക്ഷിണവും ഒക്കെയായി യിസ്മായേല്യ പിൻമുറക്കാർ അന്ധതയിലാണ്ടു. മദ്യപാനവും വ്യഭിചാരവും യുദ്ധങ്ങളും പലിശയുമെല്ലാം ജനങ്ങളുടെയിടയിൽ സർവ സാധാരണമായിതീർന്നു. ഇതിൽ മനംനൊന്തു ജീവിച്ച ചുരുക്കം വ്യക്തികളിൽ പ്രധാനിയായിരുന്നു മുഹമ്മദ്ﷺ.

## പരിശുദ്ധ ഖുർആന്റെ അവതരണം

സമൂഹത്തിന്റെ ജീർണതയിൽ കടുത്ത മനോവിഷമം അനുഭവിച്ച മുഹമ്മദ്ﷺ മനസമാധാനം ലഭിക്കുന്നതിന് ഹിറാ എന്ന ഗുഹയിൽ മാസങ്ങളോളം ചിന്താമഗ്നനായി ഒറ്റയ്ക്ക് ഇരിക്കുമായിരുന്നു. ഇപ്രകാരം അദ്ദേഹത്തിന്റെ നാല്പതാം വയസ്സിൽ ഒരു ദിവസം ഹിറാ ഗുഹയിൽ ഒറ്റയ്ക്കായിരിക്കേ, ദൈവത്തിന്റെ സന്ദേശ വാഹകനായ ഗബ്രിയേൽ മാലാഖ മുഹമ്മദിﷺന്റെ അടുക്കൽ എത്തി. നിരക്ഷരനായ അദ്ദേഹത്തിന് പരിശുദ്ധ ഖുർആനിന്റെ ആറ് സൂക്തങ്ങൾ ഓതികേൾപ്പിക്കുകയും അവ അദ്ദേഹത്തിന് മനഃപാഠമാകുകയും ചെയ്തു. ഭയചകിതനായ പ്രവാചകൻ ഉടനെ വീട്ടിലേക്ക് മടങ്ങുകയും ഭാര്യയായ ഖദീജയെ വിവരം അറിയിക്കുകയും ചെയ്തു. അങ്ങനെ മുഹമ്മദിﷺനെ പ്രവാചകനായി ആദ്യം ഭാര്യ വിശ്വസിക്കുകയും തുടർന്ന് മറ്റ് കുടുംബാംഗങ്ങളും ഉറ്റമിത്രങ്ങളും ഈ വഴി പിന്തുടരുക

യും ചെയ്തു. മ്ലേച്ഛത കൈവടിയാനും അബ്രഹാമിന്റെ ദൈവ ത്തെ മാത്രം ആരാധിക്കാനും പ്രവാചകൻ അനുയായികളെ ഉദ്ബോ ധിപ്പിച്ചു. അന്ന് 'കഅ്ബ' പരിപാലിച്ചിരുന്ന ബഹുദൈവ വിശ്വാസിക ളും ഗോത്ര നേതാക്കളും ഈ സംരംഭത്തിന് എതിര് നിന്നു. ദിവസം പിന്നിടും തോറും ജനങ്ങൾ സത്യവിശ്വാസത്തിലേക്ക് നടന്നെത്തി കൊണ്ടിരുന്നു. ആദ്യത്തെ മൂന്ന് വർഷത്തെ രഹസ്യ പ്രബോധന ത്തിന് ശേഷം പരസ്യമായി പ്രബോധനം ആരംഭിച്ചു. പീഡനങ്ങൾ ശക്തമായി. വിശ്വാസികൾ രക്തസാക്ഷിയാക്കപ്പെട്ടു. ഇതിലൊന്നും തളരാതെ സത്യവിശ്വാസം സ്വസ്ഥമായി ജനമനസ്സുകളിലേക്ക് ഒഴു കി കൊണ്ടിരുന്നു. ഗബ്രിയേൽ മാലാഖയുടെ ആഗമനം പ്രവാചക ജീവിതത്തിൽ നിത്യസംഭവമായി മാറി. നിർബന്ധമായ ഒരു അനുഷ് ഠാനങ്ങളും ഇല്ലാതിരുന്ന ഈ സമയത്ത് വിശ്വാസികളുടെ ഹൃദയ ത്തിൽ സ്രഷ്ടാവിനെ കുറിച്ചുള്ള അചഞ്ചലമായ വിശ്വാസം പ്രവാച കൻ ഊട്ടിയുറപ്പിച്ചു.

അബ്രഹാമിന്റെയും യിസ്മായേലിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തോട് മാത്രമേ പ്രാർഥിക്കാവൂ എന്ന പ്രവാചകന്റെ അഹ്വാനം മക്കയിലെ ജനങ്ങൾ അസഹിഷ്ണുതയോ ടെയാണ് ശ്രവിച്ചത്. ഇക്കാര്യം അദ്ദേഹം ബന്ധുജനങ്ങളെ ഒരുമിച്ച് കൂട്ടി പറഞ്ഞു. ഇതിൽ കുപിതനായ അബുലഹബ് പ്രവാചകന്റെ രണ്ട് പെൺമക്കളെ വിവാഹമോചനം ചെയ്യാൻ തന്റെ ആൺമക്കളോ ട് നിർദ്ദേശിച്ചുകൊണ്ടായിരുന്നു പ്രതികരിച്ചത്. അമ്മാർ എന്ന അനു യായിയെയും അദ്ദേഹത്തിന്റെ മാതാപിതാക്കളെയും ശത്രുക്കൾ കെട്ടിയിട്ട് മർദ്ദിച്ചു. ഇതുവഴി വന്ന പ്രവാചകന് വിശ്വാസികൾ അനുഭ വിക്കുന്ന പീഡനം കണ്ട് നിസ്സഹായനായി നോക്കി നിൽക്കുവാൻ മാത്രമേ കഴിഞ്ഞുള്ളു. ഇവർക്ക് വേണ്ടി പ്രാർഥിച്ച അദ്ദേഹം, നിങ്ങൾ ക്ഷമ പാലിക്കുകയാണെങ്കിൽ സ്വർഗമായിരിക്കും ദൈവം പ്രതിഫല മായി നൽകുകയെന്ന് ഉണർത്തി. ഈ വാക്ക് വിശ്വസിച്ച ആ മാതാ പിതാക്കൾ ശത്രുക്കളുടെ പീഡനമേറ്റ് രക്തസാക്ഷികളായി. മറ്റ് അനുയായികളും ക്രൂരമായി പീഡിപ്പിക്കപ്പെട്ടു. എല്ലാവിധ മാന്യതക ളും ലംഘിച്ചു കൊണ്ടുള്ള അവഹേളനം നിത്യസംഭവമായി മാറി. നമസ്ക്കരിക്കുകയായിരുന്ന പ്രവാചകന്റെ കഴുത്തിൽ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാല ശത്രുക്കൾ നിക്ഷേപിച്ചു. സമൂഹത്തിൽ മാന്യമായ സ്ഥാനം വഹിച്ചിരുന്ന പലരും വിശ്വാസം സ്വീകരിച്ചതി

ന്റെ പേരിൽ തല്ല്കൊണ്ട് ബോധരഹിതരായി. അടിമകളായ വിശ്വാസികൾക്ക് ലഭിച്ച പീഡനം വിവരണാതീതമായിരുന്നു.

ത്വാഇഫ് എന്ന് സ്ഥലത്തേക്ക് പ്രബോധനത്തിന് എത്തിയ പ്രവാചകനെ തെരുവു കുട്ടികളെ ഉപയോഗിച്ച് കല്ലേറിഞ്ഞ് ഓടിച്ചു. അപമാനിതനായി പിന്തിരിഞ്ഞോടുമ്പോഴും അവർക്ക് സൻമാർഗം നൽകണമെന്ന് അദ്ദേഹം പ്രാർഥിച്ചു. അവസാനം മക്കയിലെ നേതാക്കൻമാർ കൂടിയാലോചിച്ച് വിശ്വാസികളെ സമൂഹ ബഹിഷ്കരണം നടത്താൻ തീരുമാനിച്ചു. ഒരു മലഞ്ചെരിവിൽ പ്രവാചകനും അനുയായികളും മൂന്ന് വർഷത്തേക്ക് ബഹിഷ്കരിക്കപ്പെട്ടു. ഒരു ആഹാര സാധനവും ലഭിക്കാതെ, പച്ചിലകൾ മാത്രം ഭക്ഷിക്കുകയും ആടുകൾ കാഷ്ഠിക്കുന്നത് പോലെ വിസർജ്ജിക്കുകയും ചെയ്തു. ഈ സമയത്തെല്ലാം ശുഭപ്രതീക്ഷ നൽകുന്ന ധാരാളം ഖുർആൻ വചനങ്ങൾ അവതീർണമായി. നല്ല ഒരു നാളേയ്ക്കായി അവർ കാത്തിരുന്നു അങ്ങനെയിരിക്കേ, മദീന എന്ന പ്രദേശത്തെ ജനങ്ങൾ വിശ്വാസം സ്വീകരിക്കുകയും പ്രവാചകന്റെ അനുയായികൾക്ക് സംരക്ഷണം നൽകാൻ തയ്യാറാവുകയും ചെയ്തു. അങ്ങനെ അവർ ചെറുസംഘങ്ങളായി മദീനയിലേക്ക് യാത്രതിരിച്ചു.

ഭരണപരമായ ഒരു മേഖലയിലും ഇടപെടാതെ, വ്യക്തികളുടെ ആത്മ സംസ്ക്കരണമായിരുന്നു മക്ക കാലഘട്ടത്തിൽ പ്രയോഗികമായി ചെയ്യുവാൻ സാധിക്കുന്ന പ്രധാനകാര്യം. വിട്ടുവീഴ്ചയുടെയും സഹനത്തിന്റെയും ഉന്നതമായ മാർഗവും പ്രതിസന്ധികളെ എപ്രകാരമാണ് അതിജീവിക്കേണ്ടത് എന്ന മാതൃകയും പ്രവാചകൻ കൃത്യമായി വിശ്വാസികൾക്ക് കാണിച്ചുകൊടുത്തു. ഇന്ന് വിമർശകർ ഉന്നയിക്കുന്ന ആരോപണങ്ങൾക്കൊന്നും യാതൊരു പഴുതുമില്ലാത്ത വ്യക്തി ജീവിതമായിരുന്നു ഇക്കാലത്ത് പ്രവാചകന്റേതെന്ന് ഏവരും സമ്മതിക്കും. വിവാഹങ്ങളുടെ എണ്ണവും യുദ്ധത്തിന്റെ നിറം പിടിപ്പിച്ച കഥകളും മാത്രം കൈമുതലായുള്ള വിമർശകർ ഈ പതിമൂന്ന് വർഷത്തെ കുറിച്ച് മൗനം പാലിക്കുകയാണ് പതിവ്.

## പത്ത് വർഷത്തെ മദീന ജീവിതം

യേശുവിന്റെ ജീവിതത്തെ ഉപയോഗിച്ച് മാത്രം താരതമ്യം ചെയ്യുവാൻ കഴിയാത്ത സാഹചര്യങ്ങളാണ് മദീനയിൽ പ്രവാചകനെ കാത്തിരുന്നത്. യോഹന്നാൻ സ്നാപകൻ, യേശുക്രിസ്തു തുടങ്ങി

യവരെ പോലെ ആത്മീയ മേഖല കൈകാര്യം ചെയ്യുന്നതോടൊപ്പം, മോശെ, യോശുവ, ദാവീദ് തുടങ്ങിയവരെ പോലെ ഐഹിക മേഖലയും സംസ്ക്കരിക്കേണ്ട ഉത്തരവാദിത്തം അന്ത്യപ്രവാചകനായ മുഹമ്മദിﷺന് ദൈവം നൽകിയിരുന്നു. ഇത് മനസ്സിലാക്കാൻ തയ്യാറാകാതെ യേശുവിനെ മാനദണ്ഡമാക്കി മുഹമ്മദിﷺനെ വിമർശിക്കുന്നവർ, ഇതേ മാനദണ്ഡപ്രകാരം മോശെ, യോശുവ, ദാവീദ് തുടങ്ങിയ പ്രവാചകന്മാരെയും അവരെക്കൊണ്ട് പ്രവർത്തിപ്പിച്ച ദൈവത്തേയും പരിഹസിക്കുന്നവർ ആയിരിക്കും. ഇങ്ങനെയുള്ള താരതമ്യ പഠനം തീർത്തും അബന്ധജഡിലമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. ഇക്കൂട്ടർ ധ്യാനകേന്ദ്രത്തിലെ അദ്ധ്യാപകന്റെ ഉപദേശങ്ങളെ ഉപയോഗിച്ചു കൊണ്ട് ഒരു നീതിമാനായ രാജാവിന്റെ നടപടിക്രമങ്ങളെ വിമർശിക്കാൻ തയ്യാറാവുന്ന അൽപബുദ്ധികളാണ്.

സ്വസ്ഥമായി മരണം വരെ ജീവിക്കുകയെന്ന പരിമിത ദൗത്യമായിരുന്നില്ല മുഹമ്മദിﷺന് മദീനയിൽ നിർവഹിക്കേണ്ടിയിരുന്നത്. ആത്മീക ഐഹിക മേഖലകളിൽ ഒട്ടും വെള്ളം ചേർക്കാതെ മുഴുവൻ മാനവരാശിയുടെ മുമ്പിലും ദൈവിക മതത്തെ അതിന്റെ പൂർണതയിൽ അവതരിപ്പിക്കുകയെന്ന വിപുലമായ കർത്തവ്യം പ്രവാചകനുണ്ട്. ഇതര മതസ്ഥരുടെ അവസ്ഥയ്ക്കനുസരിച്ച് ദൈവിക മതത്തെ മിനുക്കിയെടുക്കുക എന്ന പൗലോസിയൻ 'പ്രായോഗികബുദ്ധി' പ്രവാചകൻﷺ സ്വീകരിച്ചില്ല. നേരെ മറിച്ച് തനിക്ക് ലഭിക്കുന്ന വെളിപാടുകളെ (ഖുർആൻ) മാത്രം പിൻപറ്റി പ്രവാചകൻ മുന്നോട്ടു നീങ്ങി. അദ്ദേഹം മദീനയിൽ ആരംഭിച്ച ദൈവിക മതത്തിന്റെ സംസ്ഥാപനത്തെ തടഞ്ഞു നിർത്താൻ ഒരു ശക്തിക്കും സാധിച്ചില്ല. ഉപദേശി മാത്രമായിരിക്കേ ആട്ടിയോടിക്കപ്പെട്ട മക്കയിലേക്ക് പ്രവാചകൻﷺ വിജയശ്രീലാളിതനായി തിരിച്ചുവന്നു. കഅ്ബയിൽ നിന്ന് വിഗ്രഹങ്ങൾ പൂർണമായി ഒഴിവാക്കപ്പെട്ടു. അബ്രഹാം പിതാവ് ആഗ്രഹിച്ചത് പോലെ ഏകദൈവാരാധനയുടെ ഭവനമായി കഅ്ബ മാറി. മ്ലേച്ഛതകളും അനാചാരങ്ങളും മക്കയിൽ നിന്നും പുറന്തള്ളി. തീർന്നില്ല, പ്രബോധക സംഘങ്ങൾ കരുത്തരായ മറ്റ് രാജ്യങ്ങളിലേക്ക് സത്യസന്ദേശവുമായി യാത്രയായി. ഏത് രാജ്യക്കാർക്കും ശ്രവിക്കാൻ സാധിക്കുന്ന നിലയിൽ, ഏക ദൈവിക ജീവിത പദ്ധതിയായ ഇസ്‌ലാം ലോകത്ത് അവതരിപ്പിക്കപ്പെട്ടു. ഇങ്ങനെ സകല പ്രവാചകൻമാരും പ്രബോധനം ചെയ്ത സത്യമതത്തിന്റെ സുന്ദരമാ

യ പൂർത്തീകരണം മുഹമ്മദിﷺലൂടെ നിർവഹിക്കപ്പെട്ടു.

## യേശുവിന്റെ രണ്ടാം വരവ്

അവസാനമായി അപ്പൊസ്തലന്മാർക്ക് ഒരു കാര്യം യേശുവിനോട് ചോദിക്കുവാൻ ഉണ്ടായിരുന്നു. താങ്കൾ ആത്മീയ രാജ്യം സ്ഥാപിക്കുവാനാണ് ഇപ്പോൾ വന്നത്. അതിൽ താങ്കൾ തീർത്തും വിജയിച്ചിട്ടുണ്ട്. പക്ഷേ, നീ പ്രാർഥിക്കുവാൻ പഠിപ്പിച്ചത് പോലെ ദൈവത്തിന്റെ രാജ്യം വരേണമേ, ദൈവത്തിന്റെ ഇഷ്ടം സ്വർഗത്തിലെ പോലെ ഭൂമിയിലും ആകേണമേ എന്ന പ്രാർഥനയുടെ പൂർത്തീകരണം എന്നാണ് സംഭവിക്കുക. ഈ ഒരു സംശയം അവരിൽ നിറഞ്ഞുനിന്നു. അദ്ദേഹം ഇപ്പോൾ ചെയ്യുമോ, അതോ പിന്നീടുള്ള വരവിൽ ആയിരിക്കുമോ രാജ്യം സ്ഥാപിക്കുന്നത്? ക്രിസ്തു എന്ന് അവർ പ്രതീക്ഷിച്ച വ്യക്തിത്വം ആത്മീയ രാജ്യം മാത്രം സ്ഥാപിച്ചാൽ പോര. മറിച്ച് ദൈവിക നിയമം അനുസരിച്ചുള്ള ഒരു ഐഹിക രാജ്യം കൂടി സ്ഥാപിക്കണം. അവർ ആകാംക്ഷയോടെ യേശുവിനോട് ചോദിച്ചു:

> കർത്താവേ, അവിടുന്ന് യിസ്രയേലിന് ഇക്കാലത്താണോ രാജ്യം പുനഃസ്ഥാപിച്ചു കൊടുക്കുന്നത്?
>
> (അപ്പൊ.പ്രവ. 1:6)

യിസ്രയേൽ എന്ന് അവർ ഉദ്ദേശിക്കുന്നത് ആ രാജ്യത്ത് ജനിച്ചധിക്കാരികളായ യഹൂദൻമാരെ കുറിച്ചല്ല മറിച്ച് അബ്രഹാമിന്റെ ദൈവത്തിൽ വിശ്വസിക്കുകയും ദൈവം നൽകിയ ന്യായപ്രമാണം പിൻപറ്റുകയും ചെയ്യുന്ന വിശ്വാസികളെയാണ്. അത് യിസ്രയേല്യനോ, അവരുടെ മതം സ്വീകരിച്ചവരോ, പിൽക്കാലത്ത് അനേകം ജനസമൂഹങ്ങളിൽ നിന്നും വിശ്വസിക്കുവാനുള്ളവരോ ആരുമാകട്ടെ, അവരെല്ലാവരും അപ്പൊസ്തലൻമാരുടെ കാഴ്ചപ്പാടിൽ യിസ്രയേല്യരാണ്. കാരണം, അവരുടെ കാലത്ത് ജീവിച്ച രണ്ട് പ്രവാചകൻമാർ, യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും പഠിപ്പിച്ചത് അങ്ങനെയാണ്.

യോഹന്നാൻ സ്നാപകൻ സ്നാനം നിർവഹിക്കുന്ന സ്ഥലത്തേക്ക് പരീശൻമാരും സദൂക്യരും വരുന്നത് കണ്ടിട്ട് അദ്ദേഹം പറഞ്ഞു.

> മാനസാന്തരത്തിന് അനുയോജ്യമായ ഫലം പുറപ്പെടുവിക്കുവിൻ. അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ട് ഉണ്ട് എന്നു സ്വയം

> പറയാമെന്ന് നിങ്ങൾ കരുതേണ്ട. ഈ കല്ലുകളിൽ നിന്ന് അബ്ര ഹാമിന് സന്തതികളെ എഴുന്നേൽപ്പിക്കുവാൻ ദൈവത്തിന് കഴി യുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു.
>
> (മത്തായി 3:9)

മറ്റൊരിക്കൽ യേശുവിന്റെ മുമ്പിൽ വന്ന് ഞങ്ങൾ ജന്മം കൊ ണ്ട് അബ്രഹാമിന്റെ സന്തതികളാണെന്ന് വാദിച്ച ധിക്കാരികളോട് യേശു പറഞ്ഞത് ഇങ്ങനെയാണ്:

> നിങ്ങൾ അബ്രഹാമിന്റെ സന്തതികൾ ആയിരുന്നെങ്കിൽ അബ്ര ഹാം ചെയ്ത കാര്യങ്ങൾ ചെയ്യുമായിരുന്നു. എന്നാൽ ദൈവ ത്തിൽ നിന്നുകേട്ട കാര്യങ്ങൾ നിങ്ങളോടു പറഞ്ഞ മനുഷ്യനാ യ എന്നെ കൊല്ലുവാൻ നിങ്ങൾ ഭാവിക്കുന്നു. അബ്രഹാം അ ങ്ങനെ ചെയ്തില്ലല്ലോ. നിങ്ങളുടെ പിതാവിന്റെ (പിശാചിന്റെ) പ്രവൃത്തികൾ തന്നെ നിങ്ങളും ചെയ്യുന്നു.
>
> (യോഹ 8:39-41)

ദൈവത്തെ അനുസരിക്കാതിരിക്കുകയും ജന്മം കൊണ്ട് യിസ്ര യേല്യനെന്നും അല്ലെങ്കിൽ അബ്രഹാമിന്റെ സന്തതിയെന്നും സ്വയം അവകാശപ്പെടുകയും ചെയ്യുന്നത് ദൈവത്തിങ്കൽ തീരെയും പരിഗ ണനീയമല്ലെന്ന് ഇവർ വ്യക്തമാക്കി. ഇത് വിശ്വസിക്കുന്ന അപ്പൊസ് തലന്മാരുടെ ഭാഷയിൽ യിസ്രയേൽ എന്നത് ഒരു സ്ഥലത്ത് ജനിച്ച പ്രത്യേക മനുഷ്യവർഗമല്ല; മറിച്ച് ദൈവത്തെ അനുസരിച്ച അബ്രഹാ മിന്റെ സ്വഭാവം ഉള്ള വിശ്വാസികളാണ്. ഇവർക്ക് ഏത് കാലത്തായി രിക്കും ക്രിസ്തു രാജ്യം സ്ഥാപിച്ച് കൊടുക്കുന്നത്?

ഈ ചോദ്യം കേട്ട് യേശു ഞെട്ടിയില്ല. ഞാൻ ആത്മീയ രാജ്യം സ്ഥാപിച്ചിരിക്കേ, ഇവർ ഏത് രാജ്യത്തെ കുറിച്ചാണ് പറയുന്നതെ ന്ന് അദ്ദേഹത്തിന് ഒരു ആശയകുഴപ്പവും ഉണ്ടായില്ല. അദ്ദേഹം പ റഞ്ഞു:

> പിതാവ് സ്വന്തം അധികാരത്തിൽ നിശ്ചയിച്ചിട്ടുള്ള സമയങ്ങളും കാലങ്ങളും നിങ്ങൾ അറിയേണ്ടതില്ല. എന്നാൽ പരിശുദ്ധാത്മാ വ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കുകയും യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അതിരുകൾ വരെയും നിങ്ങൾ എന്റെ സാക്ഷികളായി തീരും.
>
> (അപ്പൊ.പ്രവ. 1:7)

യേശു ഐഹിക രാജ്യം സ്ഥാപിക്കുന്ന സമയവും രീതിയും ഒന്നും അപ്പൊസ്തലന്മാർ അറിയേണ്ടതില്ല. കാരണം, ഈ പ്രവർത്തനം നടപ്പിൽ വരുത്തുന്നത് അവർ മുഖേന അല്ല. ഇവർ നിർവഹിക്കേണ്ട സുവിശേഷ പ്രവർത്തനത്തിന് സഹായിയായി പരിശുദ്ധാത്മാവ് വരുകയും ഇവർ ശക്തിയോടെ സുവിശേഷത്തിന് പ്രചാരകരായി തീരുകയും ചെയ്യും. ഇത് പറഞ്ഞശേഷം അവർ നോക്കി നിൽക്കേ അദ്ദേഹം സ്വർഗാരോഹണം ചെയ്യുകയായിരുന്നു.

ഇതിന്റെ ബാക്കിഭാഗം, അതായത് അബ്രഹാമിന്റെ മക്കൾക്ക് യേശുക്രിസ്തു എപ്രകാരമാണ് രാജ്യം സ്ഥാപിച്ചു നൽകുന്നതെന്ന് മഹാനായ മുഹമ്മദ്ﷺ വിശ്വാസികൾക്ക് പറഞ്ഞു കൊടുത്തു. ക്രിസ്തുവിനെ തള്ളിക്കളഞ്ഞ യഹൂദന്മാർ, പിൽക്കാലത്ത് അന്തിക്രിസ്തു അഥവാ മസീഹ് ദജ്ജാലിനെ മുൻപിൽ നിർത്തി സത്യവിശ്വാസികൾക്ക് എതിരായി യുദ്ധത്തിന് പുറപ്പെടും. സത്യത്തിന്റെ സാക്ഷിയായ യേശുവിനെ തള്ളിക്കളഞ്ഞ യഹൂദന്മാർക്ക് ലഭിക്കുന്ന കള്ളക്രിസ്തു എങ്ങനെയുള്ളവനാണ്? അവന്റെ രൂപം, പ്രവർത്തനം, ശക്തി, അമാനുഷിക പ്രകടനങ്ങൾ തുടങ്ങിയ സകലതും മുഹമ്മദ്ﷺ വിവരിച്ചിട്ടുണ്ട്. ദൃഢവിശ്വാസികളല്ലാത്ത ഏവരെയും അവൻ വഴിതെറ്റിക്കും. നിശ്ചയിക്കപ്പെട്ട നാല്പത് ദിവസത്തേക്ക് പ്രകൃതി അവന് കീഴ്പ്പെട്ടിരിക്കും. അവനെ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ഭൗതിക നേട്ടങ്ങളും അവനെ നിഷേധിക്കുന്ന സത്യവിശ്വാസികൾക്ക് ഉണ്ടാകുന്ന ഭൗതിക പരീക്ഷണങ്ങളും മുഹമ്മദ്ﷺ വിശദീകരിച്ചു.

> അവൻ ഒരു സമൂഹത്തിലേക്ക് വന്ന് അവരെ (തെറ്റായ മതത്തിലേക്ക്) ക്ഷണിക്കും. അവർ അവനിൽ വിശ്വസിക്കുകയും അവന്റെ ക്ഷണം സ്വീകരിക്കുകയും ചെയ്യും. അവൻ ആകാശത്തോട് കൽപ്പിക്കുമ്പോൾ അത് മഴ പെയ്യിക്കും, ഭൂമി മുളപ്പിക്കുകയും ചെയ്യും. വൈകുന്നേരമായാൽ അവരുടെ കാലികൾ അരകെട്ടുകൾ ഉയർന്നതായും അകിടുകൾ കൊഴുത്തതായും, പൂഞ്ഞകൾ ഉയർന്നതായും കൊണ്ട് തിരിച്ച് വരും.
>
> ശേഷം, മറ്റൊരു സമൂഹത്തിലേക്ക് വന്നുകൊണ്ട് അവരെ ക്ഷണിക്കും. എന്നാൽ അവർ അവനെ തള്ളികളയും. അങ്ങനെ അവൻ അവരിൽ നിന്നും പിരിഞ്ഞുപോകും. അവർക്ക് ക്ഷാമം നേരിടുകയും സമ്പത്തിന്റെ രൂപത്തിൽ ഒന്നും തന്നെ അവരുടെ കൈകളിൽ ബാക്കിയാകാതെ വരുകയും ചെയ്യും.
>
> അവൻ ഒരു തകർന്ന ഭൂമിയിലൂടെ നടന്ന് കൊണ്ട് അതിനോട്

> പറയും. നിന്റെ നിധികൾ നീ പുറത്തു കൊണ്ട് വരിക. അപ്പോൾ, നിധികൾ അവനെ പിന്തുടരും.
>
> ശേഷം, പൂർണകായനായ ഒരു യുവാവിനെ വിളിച്ച് കൊണ്ട് വന്ന് വാൾ കൊണ്ട് വെട്ടും. എന്നിട്ട് രണ്ട് കഷ്ണങ്ങളായി (രണ്ടും വെവേറെ ദിശകളിലേക്ക്) ദൂരെ എറിയും. ശേഷം, മസീഹ് ദജ്ജാൽ ആ മനുഷ്യനെ വിളിക്കും. അപ്പോൾ അവൻ തിളങ്ങുന്ന മുഖവുമായി ചിരിച്ചു കൊണ്ട് വരും.[1]

ഇപ്രകാരമുള്ള ഇവന്റെ പ്രകടനം മൂലം അൽപവിശ്വാസികൾ വഴിതെറ്റിക്കപ്പെടും. യഹൂദന്മാർ വിജയഭേരി മുഴക്കും. ഭൗതിക നേട്ടങ്ങൾക്കോ സ്വന്തം ജീവനോ യാതൊരു വിലയും കൽപ്പിക്കാത്തവരും, തനിക്കുള്ളതെല്ലാം ദൈവിക മാർഗത്തിൽ സമർപ്പിക്കാൻ തയ്യാറുള്ളവരുമായ ദൃഢവിശ്വാസികൾക്ക് ഇതിലൊന്നും ഒരു ചാഞ്ചല്യവും ഉണ്ടാവുകയില്ല. ഇങ്ങനെ പരീക്ഷണഘട്ടത്തിൽ വിജയിച്ച യഥാർഥ അബ്രഹാമിന്റെ മക്കളുടെ നേതൃത്വം ഏറ്റെടുക്കുവാൻ മർയമിന്റെ മകനായ യേശുക്രിസ്തു ആഗതനാകും.

> അദ്ദേഹം (യേശുക്രിസ്തു) ഇറങ്ങി വരും. നിങ്ങൾ അദ്ദേഹത്തെ കാണുകയാണെങ്കിൽ അറിയുക: ചുവന്ന മുടിയും രണ്ട് ഇളം മഞ്ഞ വസ്ത്രവും ധരിച്ച ഇടത്തരം ഉയരത്തിലുള്ള ഒരു മനുഷ്യനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ തലയിൽ നിന്നും വെള്ളം ഉറ്റിവീഴുന്നത് പോലിരിക്കും. എന്നാൽ അദ്ദേഹത്തിന്റെ തല നനഞ്ഞിട്ടുണ്ടാവുകയില്ല. ഇസ്ലാമിന് വേണ്ടി അദ്ദേഹം ജനങ്ങളോട് യുദ്ധം ചെയ്യും. കുരിശ് തകർക്കും; പന്നികളെ കൊല്ലും; ജിസ്യ നിർത്തലാക്കും. അദ്ദേഹത്തിന്റെ കാലത്ത് സത്യ മതമല്ലാത്ത (ഇസ്ലാം) എല്ലാത്തിനെയും അദ്ദേഹം നശിപ്പിക്കും. മസീഹ് ദജ്ജാലിനെ വധിക്കും; ഭൂമിയിൽ ശാന്തി പുലരും; ഏത് വരെയെന്നാൽ, ഒരു സിംഹം ഒട്ടകത്തോടൊപ്പവും കുറുക്കൻ ആടിനോടൊപ്പവും കടുവ പശുവോടൊപ്പവും മേഞ്ഞ് നടക്കും. കുട്ടികൾ പാമ്പുകളോടൊത്ത് കളിക്കും. എന്നാൽ അത് അവരെ ഉപദ്രവിക്കുകയില്ല. അദ്ദേഹം ഭൂമിയിൽ നാല്പത് വർഷം ചെലവഴിച്ച ശേഷം മരിക്കും. മുസ്ലിംകൾ അദ്ദേഹത്തിന് വേണ്ടി (മരിച്ചവർക്ക് വേണ്ടിയുള്ള നമസ്ക്കാരം) നമസ്ക്കരിക്കും. അദ്ദേഹത്തെ അവർ സംസ്കരിക്കുകയും ചെയ്യും.[2]

1. മുസ്ലിം, അബുദാവൂദ്.
2. അബുദാവൂദ്.

ഇപ്രകാരം ദൈവീക രാജ്യം ഭൂമിയിൽ സ്ഥാപിക്കുന്നതിന് അദ്ദേഹം വരുമ്പോൾ പിൻപറ്റുന്ന വേദഗ്രന്ഥം പരിശുദ്ധ ഖുർആൻ ആയിരിക്കും. ദൈവത്തെ പാടി പുകഴ്ത്തുന്ന ദാവീദിന്റെ സങ്കീർത്തനവും (സബൂറും) സ്വസമുദായത്തിൽ ആത്മസംസ്കരത്തിന് വേണ്ടി നൽകപ്പെട്ട സുവിശേഷവും (ഇഞ്ചീൽ) ഐഹിക രാജ്യ സംസ്ഥാപനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ മോശൈക ന്യായപ്രമാണവും (തൗറാത്ത്) തുടങ്ങിയ എല്ലാ മുൻ വേദഗ്രന്ഥങ്ങളുടെയും സാരാംശം ഉൾകൊണ്ട വിശുദ്ധ വേദമാണ് ഖുർആൻ. അതിന്റെ ഉള്ളടക്കത്തിൽ സ്തോത്രങ്ങളുണ്ട്, ഉപദേശങ്ങളുണ്ട്, നിയമങ്ങളുണ്ട്, മാത്രമല്ല നടപ്പിലാക്കേണ്ട രീതിയും വിവരിച്ചിട്ടുണ്ട്.

സഹോദരന്മാരേ, ഒരു നിമിഷം ചിന്തിക്കുക. നമ്മൾ സ്നേഹിക്കുന്ന യേശുക്രിസ്തു ഇനിയും വരുമ്പോൾ, അദ്ദേഹത്തെ സ്വീകരിക്കുവാനുള്ള സംഘത്തിലാണോ നിങ്ങൾ ഇന്ന് ഉള്ളത്. ഇതുവരെയും നിങ്ങൾ സ്നേഹിച്ചത് ക്രിസ്തുവിനെയാണെങ്കിൽ നിങ്ങളുടെ മനസ്സിൽ നിന്നും പൗലോസിന്റെ സുവിശേഷത്തെ ദൂരെ എറിയുക. യഥാർഥ ക്രിസ്തുസംഘത്തിൽ അണിചേരുക. നമുക്ക് സച്ചരിതമായ അബ്രഹാം(عليه السلام), മോശെ(عليه السلام), യേശു(عليه السلام), മുഹമ്മദ്(ﷺ) തുടങ്ങിയ പ്രവാചകൻമാരുടെ മാർഗമാണ് വേണ്ടത്. മനുഷ്യബുദ്ധിയിൽ ഉടലെടുത്ത ഒരു ജീവിത രീതിയും വിജയിക്കുകയില്ല. ഈ സത്യമാർഗത്തിൽ നിങ്ങളെ തന്നെ സമർപ്പിക്കുക. ജീവിത വിശുദ്ധി കൈവരിക്കുക. ദൈവത്തേക്കാൾ അധികമായി ഒന്നിനെയും സ്നേഹിക്കാതിരിക്കുക. പ്രവാചക മാതൃക പിൻപറ്റുക മരണം വരെ വിശ്വസ്തനായിരിക്കുക. ഇങ്ങനെയുള്ളവരുടെ കർമഫലം സ്വർഗമാണ്. ഒരിക്കലും നശിക്കാത്ത, ആർക്കും നമ്മളിൽ നിന്നും വഞ്ചിച്ചെടുക്കുവാൻ കഴിയാത്ത മഹത്തായ ജീവിതസാഫല്യം. നിശ്ചയമായും ഇഹലോകത്തേക്കാൾ ഉത്തമം പരലോകം തന്നെ.

# ചരിത്രപ്രധാന സംഭവങ്ങളുടെ കാലസൂചി

(റോമൻ കത്തോലിക്കാ ബൈബിൾ പ്രകാരം)

27-28 സ്നാപകയോഹന്നാൻെറ പ്രവർത്തനം
യേശുവിൻെറ പരസ്യജീവിതം തുടങ്ങുന്നു
29 സ്നാപകൻെറ വധം
30 ? യേശുവിൻെറ കുരിശുമരണം
36 ? സ്തേഫാനോസിൻെറ വധം
36-37? പൗലോസിൻെറ മാനസാന്തരം
45-49 പൗലോസിൻെറ ഒന്നാം പ്രേഷിതയാത്ര
48-49 ജറുസലെമിൽ അപ്പസ്തോലൻമാരുടെ സമ്മേളനം
50-52 പൗലോസിൻെറ രണ്ടാം പ്രേഷിതയാത്ര - തെസ്സലോനിക്കക്കാർക്കുള്ള ലേഖനങ്ങൾ
53-58 പൗലോസിൻെറ മൂന്നാം പ്രേഷിതയാത്ര
56 ഗാലാത്തിയർക്കും കോറിന്തോസുകാർക്കുമുള്ള ലേഖനങ്ങൾ
57-58 റോമാക്കാർക്കുള്ള ലേഖനം

58 ജറുസലെമിൽവച്ചു പൗലോസിനെ
ബന്ധനസ്ഥനാക്കുന്നു.

60 പൗലോസ് റോമായിലേക്ക്

61-63 പൗലോസ് റോമായിൽ വീട്ടുതടങ്കലിൽ
പൗലോസിൻെറ മറ്റു ലേഖനങ്ങൾ

62 യാക്കോബ് ജറുസലെമിൽവച്ചു
വധിക്കപ്പെടുന്നു.

64-ലോ 67-ലോ പത്രോസിൻെറയും
പൗലോസിൻെറയും രക്തസാക്ഷിത്വം

66-70 പലസ്തീനായിൽ യഹൂദവിപ്ലവം
മർക്കോസിൻെറ സുവിശേഷം?
ഹെബ്രായർക്കുള്ള ലേഖനം

70-80 മത്തായി, ലൂക്കാ, യൂദാ, 2 പത്രോസ്

90-100 യാമ്നിയാസമ്മേളനം - പഴയനിയമകാനൻ.
ക്രിസ്ത്യാനികളെ സിനഗോഗിൽനിന്നു
പുറത്താക്കുന്നു.

അനുബന്ധം - 2

# നാസീർ വ്രതം

മോശൈക ന്യായപ്രമാണത്തെ രക്ഷാമാർഗമായി വിശ്വസിച്ചിരുന്ന സാക്ഷാൽ മോശെയും മറ്റ് പ്രവാചകൻമാരും അവരുടെ അനുയായികളും പാപമോചനത്തിനായി മൃഗത്തെയും പക്ഷിയെയും ബലി കഴിച്ചുവെന്ന് ബൈബിളിൽ എഴുതിയിരിക്കുന്നു. ഇങ്ങനെ നടന്ന അനേകം ബലികളൊന്നും ഉദ്ദേശിച്ച ലക്ഷ്യം സാക്ഷാത്കരിക്കാത്തത് മൂലം ദൈവം സ്വയം മനുഷ്യനായി വരുകയും സകല മനുഷ്യരുടെയും പാപങ്ങൾക്ക് പരിഹാരമായി കുരിശിൽ ബലിയായി തീർന്നുവെന്നും എല്ലാ ക്രൈസ്തവരും വിശ്വസിക്കുന്നു. ഒരേ സമയം മോശൈക ന്യായപ്രമാണം 'പഴയ നിയമ'മായി മാറ്റപ്പെടുകയും പകരം യേശുവിന്റെ പാപപരിഹാരബലിയിലൂടെയുള്ള രക്ഷയെ 'പുതിയ നിയമ'മായി പ്രതിഷ്ഠിക്കുകയും ചെയ്യുന്ന മർമപ്രധാനമായ സംഭവമാണ് യേശുവിന്റെ മരണം. മഹാനായ യേശുക്രിസ്തു പ്രബോധനം ചെയ്തതും യെരുശലേം സഭയിലെ അപ്പൊസ്തലൻമാർ വിശ്വസിച്ചതും മേൽപറയപ്പെട്ട സുവിശേഷം തന്നെയാണെന്നും ഇത് അൽപംകൂടി അടുക്കും ചിട്ടയായി വിശദീകരിക്കുക മാത്രമാണ് പൗലോസ് ചെയ്തതെന്നും ക്രൈസ്തവരുടെ അടുക്കൽ സ്വീകാര്യമായ പൊതുതത്ത്വമാണ്.

ഈ കാഴ്ചപാടിൽ നിന്ന്കൊണ്ട് സുവിശേഷങ്ങളിലുള്ള യേശുവിന്റെ വാക്കുകളെയും അപ്പൊസ്തല പ്രവൃത്തിയിലുള്ള അപ്പൊസ്തലൻമാരുടെ പ്രസംഗങ്ങളെയും വ്യാഖ്യാനിച്ച് പൗലോസിന്റെ

ആശയങ്ങളോട് സാധർമ്യപെടുത്തുകയെന്ന ശ്രമകരമായ ദൗത്യം നിർവഹിക്കുവാൻ വിധിക്കപ്പെട്ടവരാണ് ക്രൈസ്തവ പ്രബോധകർ. ന്യായപ്രമാണം തീവ്രമായി അനുഷ്ഠിക്കപ്പെട്ടിരുന്ന യെരുശലേം നഗരത്തിൽ – ആ ശ്രേഷ്ഠ ദേവാലയത്തിനുള്ളിൽ യേശുവും അപ്പൊസ്തലൻമാരും പ്രസംഗിച്ചത് ന്യായപ്രമാണത്തിന്റെ അന്ത്യദിനങ്ങളെക്കുറിച്ചാണെന്ന് ഇക്കൂട്ടർ തെറ്റിദ്ധരിച്ചിരിക്കുന്നു. യേശുവിന്റെ സ്വർഗാരോഹണശേഷം മൂന്ന് പതിറ്റാണ്ടുകൾ അവസാനിക്കുന്ന കാലത്ത് നടന്ന അപ്പൊ.പ്രവൃത്തി 21–ാം അദ്ധ്യായത്തിൽ പരാമർശിക്കുന്ന പൗലോസിന്റെ അവസാന യെരുശലേം സന്ദർശനം ഈ വികല വിശ്വാസം പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി തരുന്നു.

യേശുവിനെ നിഷേധിച്ച യഹൂദൻമാർ അല്ല, മറിച്ച് സാക്ഷാൽ ക്രിസ്തു വിശ്വാസികളായ യഹൂദൻമാർ അപ്പോഴും ന്യായപ്രമാണം തീവ്രമായി അനുഷ്ഠിച്ചിരുന്നുവെന്നും അവരുടെ മക്കളെ പരിച്ഛേദനം നടത്തിയിരുന്നുവെന്നും മാത്രമല്ല, ഇതിന് വിരുദ്ധമായി അന്യജാതിക്കാരുടെ ഇടയിൽ ന്യൂനപക്ഷമായി ജീവിക്കുന്ന യഹൂദൻമാരുടെ അടുക്കൽ പൗലോസ് നടത്തിയ 'പുതിയ നിയമ' പ്രബോധനം തികച്ചും ഗുരുതരമായ പാഷാണ്ഡതയാണെന്നും ഇവർ വിലയിരുത്തുന്നു. അവർക്കുള്ള ഈ ധാരണ തിരുത്തണമെന്ന് കൽപിച്ച യെരുശലേം സഭയുടെ മൂപ്പൻമാർ ഇതിനായി തെരഞ്ഞെടുത്തത് ന്യായപ്രമാണത്തിലെ ഒരു നേർച്ചയാണ്. ആ നേർച്ച നിശ്ചിത ദിവസത്തേക്കുള്ളതും ശുദ്ധീകരണകാലം പാലിക്കേണ്ടതും പുരോഹിതൻമാരുടെ സാന്നിധ്യം ആവശ്യമുള്ളതും തലക്ഷൗരം ചെയ്യുന്നതിലൂടെ അവസാനിക്കുന്നതും ആകുന്നു. ഈ വ്രതം ഏതാണ്? വിവിധ കാഴ്ചപാടുള്ള ക്രൈസ്തവ വിഭാഗങ്ങളെല്ലാം ഈ വിഷയത്തിൽ ഏകാഭിപ്രായം പറഞ്ഞിരിക്കുന്നു. ഇത് സംഖ്യ പുസ്തകം ആറാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന നാസീർ വ്രതമാണ്.

1. *റോമൻ കത്തോലിക്കാ ബൈബിൾ*, പി.ഒ.സി, പുതിയ നിയമഭാഗം പുറം 154.
2. *The New Jerusalem Bible*, Pg 1837.
3. *Holy Bible Easy to read version*, Pg 1173.
4. *New American Standard Bible*, Pg 1805.

5. *Jehova witness Bible, watch tower Bible & tract society*, Pg 1393.

6. The new Jerome Biblical commentary, Pg 753

7. *വേദശബ്ദ രത്നാകരം*, ഡി. ബാബുപോൾ, പുറം 365.

8. *മഹാനായ പൗലോസ്*, കെ.എ.ഫിലിപ്പ്, പുറം 328.

ചുരുക്കത്തിൽ ന്യായപ്രമാണം പഠിപ്പിക്കുന്നത് എന്താണെന്ന് അറിയുന്നവരും യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും ഉപദേശം വിശ്വസിച്ചവരുമായ അപ്പൊസ്തലൻമാർ ക്രൈസ്തവരുടെ പുതിയ നിയമത്തെ സംബന്ധിച്ച് സുവിശേഷമെന്ന് പറയുകയില്ലെന്ന് സ്പഷ്ടം. ഇത് ക്രിസ്തുവിന്റെ പേരിലുള്ള സുവിശേഷം ആകണമെങ്കിൽ ക്രിസ്തു ദൗത്യം വ്യാഖ്യാനിക്കാൻ പൗലോസിന് അധികാരമുണ്ടെന്ന് വിശ്വസിക്കുകയും അപ്പൊസ്തലൻമാരെ പൗലോസിനേക്കാൾ താഴെയുള്ളവരാണെന്ന് കരുതുകയും വേദപാരമ്പര്യം ഇല്ലാതിരിക്കുകയും ശരീരത്തിൽ അഗ്രചർമം നിലനിർത്തുകയും യെരുശലേമിൽ നിന്ന് ശരീരം കൊണ്ടും മനസുകൊണ്ടും വിദൂരത്തായിരിക്കുകയും ചെയ്യുന്ന ശുദ്ധമനസുകൾക്കേ കഴിയുകയുള്ളൂ. വിഷയങ്ങളെ ഗ്രഹിക്കാതെയുള്ള ഈ ശുദ്ധന്മാരുടെ പ്രബോധനങ്ങൾ മനുഷ്യകുലത്തിന് ദോഷങ്ങൾ മാത്രമേ നൽകുകയുള്ളൂവെന്നതാണ് സത്യം.

അനുബന്ധം - 3

# ചാവുകടൽച്ചുരുളുകൾ

1947 ൽ ചാവുകടൽത്തീരത്തുള്ള ഖുംറാൻ പ്രദേശത്ത് നിന്നും കണ്ടെടുത്ത തുകൽ ലിഖിതങ്ങളാണ് ചാവുകടൽ ചുരുളുകൾ എന്നറിയപ്പെടുന്നത്. ഇവ മുഴുവൻ ക്രിസ്തീയ സഭാവക്താക്കളുടെ കൈവശമായിരുന്നു. ആകെയുണ്ടായിരുന്ന അഞ്ഞൂറു ചുരുളുകളിൽ നൂറെണ്ണം മാത്രമാണ് സഭാവക്താക്കൾ പുറത്ത് വിട്ടത്. ലോകത്തിന്റെ നാനാ ഭാഗങ്ങളിലുള്ള ഗവേഷകരുടെ ആവശ്യം അവഗണിച്ചുകൊണ്ട് സഭ കൈവശം വച്ചിരുന്ന ബാക്കി ലിഖിതങ്ങളുടെ ഫോട്ടോഗ്രാഫിക് പ്രിന്റുകൾ പേരു വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരാൾ വഴി രണ്ടു അമേരിക്കൻ ഗവേഷകർ അടുത്ത കാലത്ത് നേടിയെടുത്തു. കാലിഫോർണിയാ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. റോബർട്ട് ഐസൻമൻ, ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ ഡോ. മൈക്കേൽ വൈസ് എന്നിവരായിരുന്നു ഇവർ.

അതീവ ശ്രമകരമായ പഠന പരിശ്രമങ്ങളിലൂടെ പുരാതന ഹിബ്രുവിൽ എഴുതപ്പെട്ടതും മിക്കവാറും ദ്രവിച്ചുപോയതുമായ ആതുകൽ ലിഖിതങ്ങൾ വായിച്ചു, പരിഭാഷപ്പെടുത്തി, അവർ പ്രസിദ്ധീകരിച്ചത് ബൈബിൾ പണ്ഡിതന്മാരുടെയിടയിൽ വലിയ വിവാദം സൃഷ്ടിച്ചു. എസ്സനീർ എന്നറിയപ്പെടുന്ന ഒരു വിഭാഗം യഹൂദന്മാരാൽ രചിക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്ന ഈ ലിഖിതങ്ങളിൽ നിന്നും ബി.സി. ഒന്നാം നൂററാണ്ടിലെയും, ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിലെയും പലസ്തീനിലെ സ്ഥിതിഗതികൾ വിശ്വസനീയമാം

വണ്ണം ലഭിക്കുന്നു. ഡോക്ടർ ഐസൻമൻ എഴുതുന്നു:

> യേശുവിന്റെ കാലത്തെ പലസ്തീനിൽ എന്തു സംഭവിച്ചു എന്നറിയണമെങ്കിൽ സുവിശേഷങ്ങളിലേക്ക് പോകണ്ട. അവ മുന്നൂറും നാനൂറും വർഷങ്ങൾക്കുശേഷം ഗ്രീസിലും റോമിലും വച്ച് എഴുതപ്പെട്ടവയാണ്. നിങ്ങൾ പാലസ്തീൻകാരുടെ കൃതികൾ, അതായത് ചാവുകടൽ ചുരുളുകൾ വായിക്കുക.

കൂടാതെ അദ്ദേഹം ഇങ്ങനെയും പറയുന്നു:

> സുവിശേഷങ്ങളിലെ കഥകളെപ്പററി ഒന്നും പറയാൻ എനിക്ക് കഴിയില്ല. എന്നാൽ ഒരു കാര്യം പറയാം. നാമിന്നറിയുന്ന ക്രിസ്തുമതം, ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിലെ പാലസ്തീനിൽ നിലവിലില്ലായിരുന്നു. അത് ഗ്രീസിലും റോമിലും പൗലോസിന്റെ വിശ്വാസ പുനരവതരണത്തിനുശേഷം വികസിച്ചുവന്നതാണ്.
>
> (*Scroll Secrets* by Partha S, Banerjee in Los Angeles - article published in Indian Express Sunday Magazine, Sep. 5, 1993. Quotation from Eisenman).

ചാവുകടൽച്ചുരുളുകളെപററി ബി.ബി.സി. ടെലിവിഷൻ സംപ്രേഷണം ചെയ്ത ഒരു പരിപാടി (ഹൊറിസോൺ) യിൽ ഡോ. ഐസൻമൻ പറയുകയുണ്ടായി:

> ഈ പുരാതന കൃതികളിൽ പറയുന്ന പ്രമുഖരായ പല ആളുകളുടെയും പേരുകൾക്ക് പകരം ചില വിശേഷണ നാമങ്ങളാണ് കാണപ്പെടുന്നത്. ഉദാഹരണമായി, സച്ചരിതനായ ഗുരു, ദുഷ്ട പുരോഹിതൻ, കപടൻ എന്നിങ്ങനെ, പ്രധാനപ്പെട്ട ഒരു ലിഖിതത്തിൽ പരാമർശിക്കപ്പെടുന്ന സച്ചരിതനായ ഗുരു ക്രിസ്തുവിന് ശേഷം യെരുശലേം സഭയുടെ നേതൃസ്ഥാനം ഏറ്റെടുത്ത ക്രിസ്തുവിന്റെ സഹോദരനായ യാക്കോബ് ആയിരുന്നു എന്നും കപടൻ പൗലോസ് ആയിരുന്നുവെന്നും ആണ് തെളിവുകളുടെ അടിസ്ഥാനത്തിൽ ഐസൻമൻ പറയുന്നത്.

(**അവലംബം:** *യേശുവിന്റെ പാത മുഹമ്മദിന്റേയും*, പ്രൊഫ. പി.പി. ഷാഹുൽ ഹമീദ്)

## അനുബന്ധം – 4

# ദൈവപുത്രത്വം

## സത്യവും മിഥ്യയും

(ദൈവശാസ്ത്ര രൂപീകരണത്തിന് ക്രൈസ്തവർ ഏററവും അധികം ആശ്രയിച്ചിട്ടുള്ള യോഹന്നാൻ സുവിശേഷം ഒന്നാം അദ്ധ്യായം 1:1–8 വരെയുള്ള ഭാഗങ്ങളുടെ ശരിയായ വിശദീകരണം സംഭാഷണ രൂപത്തിൽ അവതരിപ്പിക്കുന്നു.)

ഒരിക്കൽ ഒരു ക്രൈസ്തവസുഹൃത്ത് സംഭാഷണ മധ്യേ എന്നോട് ചോദിച്ചു: "യേശു ദൈവത്തിന്റെ പുത്രനാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇത് സത്യവിശ്വാസമായി നിങ്ങൾ അംഗീകരിക്കുമോ?"

ഞാൻ: "ഇല്ല, യേശു ദൈവപുത്രനാണെന്ന് നിങ്ങൾ പറയുന്നത് നൂറ് ശതമാനവും തെറ്റാണ്."

ക്രൈസ്തവസുഹൃത്ത്: "യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്ന് ധാരാളം പ്രാവശ്യം സ്വയം അവകാശപ്പെട്ടിട്ടുണ്ട്." (അദ്ദേഹം അവ ഓരോന്നും എടുത്ത് ഉദ്ധരിച്ചു.)

ഞാൻ: "അദ്ദേഹം സ്വയം അവകാശപ്പെട്ട അർഥത്തിൽ അദ്ദേഹം ദൈവത്തിന്റെ ശ്രേഷ്ഠനായ പുത്രൻ ആണെന്നത് ശരിയാണ്."

അദ്ദേഹം: "എന്തേ, ഞങ്ങൾ വിശ്വസിക്കുന്ന ദൈവപുത്രത്വവും യേശു പഠിപ്പിച്ച ദൈവപുത്രത്വവും ഒന്നല്ലേ?"

ഞാൻ: "അല്ല. അത് തന്നെയാണ് പ്രശ്നവും."

അദ്ദേഹം: ഞാൻ അങ്ങനെ കരുതുന്നില്ല. നിങ്ങൾക്ക് അങ്ങനെ വാദമുണ്ടെങ്കിൽ തെളിയിക്കാൻ നിങ്ങൾ ബാധ്യസ്ഥനാണ്."

ഞാൻ: "തീർച്ചയായും."

അദ്ദേഹം: "ഞങ്ങളുടെ വിശ്വാസം ഇതാണ്. പിതാവിന്റെ ഏകപുത്രനും ദൈവസത്തയുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോട് തുല്യനും, സ്വർഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റെയും സ്രഷ്ടാവുമായ ഏക കർത്താവായ യേശുവിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് മനുഷ്യരായ ഞങ്ങൾക്കും..."

ഞാൻ: "ദയവായി നിർത്തൂ. നിങ്ങൾ നിഖ്യവിശ്വാസപ്രമാണം മുഴുവൻ ചൊല്ലിക്കേൾപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടില്ല. നിങ്ങൾ ഈ പറയുന്നത് എന്തെങ്കിലും ചിന്തിച്ചിട്ടാണോ? അതോ കാണാപ്പാഠം ഉരുവിടുന്നതോ? ഈ പറഞ്ഞതിൽ പലതും ദൈവദൂഷണവും ബഹുദൈവത്വ സങ്കൽപവുമാണ്."

അദ്ദേഹം: "ഞാൻ ചൊല്ലിയത് കാണാപ്പാഠമാണെങ്കിലും ഇവയ്ക്കെല്ലാം എനിക്ക് തെളിവുണ്ട്."

ഞാൻ: "നല്ലത്, എങ്കിൽ അവ ഓരോന്നായി പറയാമോ? യേശുവിന് ദൈവസത്തയുണ്ടെന്നും അദ്ദേഹം സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാണെന്നും സൃഷ്ടിയല്ലെന്നും സാരാംശത്തിൽ പിതാവിനോട് തുല്യനാണെന്നും സകലത്തിന്റെയും സ്രഷ്ടാവാണെന്നും നിങ്ങൾ പറയുകയുണ്ടായി. നിങ്ങളെ ഇപ്രകാരം വിശ്വസിക്കാൻ പ്രേരിപ്പിച്ചത് യേശുവിന്റെ ഏത് വാക്കുകളാണ്?"

അദ്ദേഹം: "നിങ്ങളുടെ ചോദ്യത്തിനെല്ലാം മറുപടി ബൈബിളിന്റെ ഒരു ഭാഗത്തുതന്നെയുണ്ട്. നിങ്ങൾ യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായത്തിന്റെ 1-18 വരെ വായിക്കുക! എല്ലാം അതിലുണ്ട്."

ഞാൻ: "ആട്ടെ, ഇത് യേശുവിന്റെ വാക്കുകളാണോ?"

അദ്ദേഹം: "അല്ല, പക്ഷേ ഇത് അദ്ദേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാന്റെ വാക്കുകളാണ്."

ഞാൻ: "ഖണ്ഡിതമായി പറഞ്ഞതാണോ, അതോ അനുമാനമാ

ണോ?"

അദ്ദേഹം: "എനിക്കറിയില്ല. എങ്കിലും ഞാൻ ഇത് വിശ്വസിക്കുന്നു."

ഞാൻ: "ശരി, ആരെഴുതി എന്നതിനെക്കുറിച്ച് ഇപ്പോൾ ചർച്ച ചെയ്യേണ്ട. എന്നാൽ യോഹന്നാൻ 1:1-18 വരെയുള്ള ഭാഗങ്ങളിൽ യേശുവിന്റെ ദിവ്യത്വം എവിടെയാണ് പറഞ്ഞിട്ടുള്ളത്?"

(സുഹൃത്ത് ബൈബിൾ നിവർത്തി വായിച്ച് തുടങ്ങി.)

അദ്ദേഹം: **"ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോട് കൂടിയായിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോട് കൂടിയായിരുന്നു. സകലതും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല."** (യോഹ: 1:1-3)

അദ്ദേഹം മുഖമുയർത്തി എന്നെ നോക്കി. എന്റെ മുഖത്ത് അപ്പോഴും ആദ്യമുണ്ടായിരുന്ന അതേ ആത്മവിശ്വാസം നിലനിൽക്കുന്നു. അൽപം ആശ്ചര്യത്തോടുകൂടി അദ്ദേഹം ചോദിച്ചു:

"എന്താ പോരേ, ഇതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്?"

ഞാൻ: "ഇതിൽ ഒരു തെളിവുമില്ല. പക്ഷേ നിങ്ങൾ വായിക്കുന്നതിന് മുകളിലൂടെ മറ്റൊരർഥം നൽകുകയാണ്. അല്ലാതെ ഇവിടെയെങ്ങും യേശുവിനെ കുറിച്ച് പരാമർശിച്ചിട്ടേയില്ല."

അദ്ദേഹം: "ഇതിന്റെ താഴോട്ട് വായിച്ചാൽ യേശുവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്."

ഞാൻ: "യേശുവിനെകുറിച്ച് മാത്രമല്ലല്ലോ, മോശെയെക്കുറിച്ചും പറഞ്ഞിട്ടില്ലേ?"

അദ്ദേഹം: "ഉവ്വ്, അവസാനം പറയുന്നുണ്ട്. ഇവിടെ പ്രതിപാദിക്കുന്നത് യേശുവിനെ കുറിച്ചല്ലെങ്കിൽ പിന്നെ ആരെയാണ് ഉദ്ദേശിക്കുന്നത്?"

ഞാൻ: "ഇവിടെ വിവരിക്കപ്പെട്ടിട്ടുള്ളത് **ദൈവത്തിന്റെ വചന**ത്തെക്കുറിച്ചാണ്. അങ്ങനെ മാത്രമാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നതും. ബാക്കിയെല്ലാം നിങ്ങളുടെ ഊഹങ്ങളാണ്."

അദ്ദേഹം: "ഞാൻ പഠിച്ചിട്ടുള്ളത് അങ്ങനെയാണ്. അത് ശരിയല്ലെങ്കിൽ, നിങ്ങൾ ഈ ഭാഗം മനസ്സിലാക്കുന്നത് എങ്ങനെയെന്ന്

വിശദീകരിക്കുമോ?"

ഞാൻ: "ആദ്യമായി നമുക്ക് രണ്ട് പേർക്കും അംഗീകരിക്കാവുന്ന ദൈവത്തെകുറിച്ചുള്ള പൊതുതത്ത്വം പറയാം. ശ്രദ്ധിക്കുക.

ദൈവം മാത്രമാണ് സ്രഷ്ടാവ്. അവനൊഴികെ മറ്റുള്ളതെല്ലാം സൃഷ്ടികളാണ്. അവൻ മാത്രമാണ് അതിനെ സംരക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും. അവനറിയാതെ ഒന്നും സംഭവിക്കുന്നില്ല. മനുഷ്യർ ഹൃദയത്തിൽ ഒളിപ്പിച്ചതും വായ്കൊണ്ട് പറയുന്നതും അവൻ അറിയുന്നു. കാരണം, ഹൃദയത്തെ സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും അവനാണ്. വസ്തുത ഇങ്ങനെയൊക്കെ മാത്രമാകയാൽ, സൃഷ്ടികളായ നമ്മൾ അവനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ.

ഞാൻ ഈ പറഞ്ഞതിൽ നിങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ലല്ലോ?"

അദ്ദേഹം: "ഇല്ല."

ഞാൻ: "നന്ദി. ഇനി നമുക്ക് ദൈവം എങ്ങനെയാണ് സൃഷ്ടികർമം നിർവഹിച്ചതെന്ന് നോക്കാം.

"**യഹോവയുടെ വചനത്താൽ** ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി." (സങ്കീർത്തനം 33:6)

"**വെളിച്ചം ഉണ്ടാകട്ടെ** എന്ന് ദൈവം കൽപ്പിച്ചു. വെളിച്ചം ഉണ്ടായി." (ഉൽപത്തി 1:3)

"ആകാശത്തിന് കീഴെയുള്ള വെള്ളമെല്ലാം ഒരു സ്ഥലത്ത് കൂടട്ടെ; ഉണങ്ങിയ നിലം കാണട്ടെ എന്ന് ദൈവം കൽപ്പിച്ചു. അങ്ങനെ സംഭവിച്ചു." (ഉൽപത്തി 1:9)

ഇപ്രകാരം ഓരോ കാര്യവും സൃഷ്ടിച്ചപ്പോൾ അതിനോട് **'ഉണ്ടാകട്ടെ'** എന്ന് കൽപിച്ചുവെന്ന് കാണാം. ഇത് ദൈവത്തിന്റെ വചനമാണ്. ഒരൊറ്റ വേദഗ്രന്ഥവും പ്രവാചകൻമാരും ഭൂമിയിലേക്ക് വരുന്നതിനും ഭൂമി തന്നെയും സൃഷ്ടിക്കപ്പെടുന്നതിനും മുമ്പ്, ദൈവത്തോട് കൂടെ ദൈവികസത്തയിലുള്ള അവന്റെ വചനം. ദൈവം സൃഷ്ടിയല്ലാത്തത് പോലെ അവന്റെ വചനവും സൃഷ്ടിയല്ല.

"അവൻ അരുളി ചെയ്തു: അങ്ങനെ സംഭവിച്ചു. അവൻ കൽപിച്ചു; അങ്ങനെ സ്ഥാപിതമായി." (സങ്കീർത്തനം 33:9)

ഇവിടെയെല്ലാം ദൈവം അരുളിയതും കൽപിച്ചതുമൊക്കെ ദൈ

വവചനമാണ്; സുവിശേഷ രചയിതാവ് പ്രതിപാദിച്ചിട്ടുള്ളതും ദൈവത്തിന്റെ വചനത്തെയാണ്.”

അദ്ദേഹം: “ഇത് സംബന്ധമായ ഇസ്‌ലാമിക കാഴ്ചപ്പാട് അൽപം ഒന്നു വിശദീകരിക്കുമോ?”

ഞാൻ: “ചോദിച്ചതിൽ സന്തോഷം. പരിശുദ്ധ ഖുർആൻ ദൈവത്തിന്റെ സൃഷ്ടികർമത്തെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. “ദൈവം ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ **ഉണ്ടാകൂ** എന്നു പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു.” (3:47)

ഇവിടെയും സർവസൃഷ്ടിയ്ക്കും മുമ്പ് ഉണ്ടാകൂ (കുൻ) എന്ന് പറഞ്ഞിരിക്കുന്നതാണ് അവന്റെ വചനം. അത് ഒരിക്കലും സൃഷ്ടിയല്ല; അതിനെ ദൈവത്തിൽ നിന്ന് വേറിട്ട മറ്റൊന്നായി ഗണിച്ചുകൂടാ.

മാത്രവുമല്ല അവനിലൂടെ ലോകത്തിലേക്ക് നൽകപ്പെട്ട മോശൈക ന്യായപ്രമാണമോ, ദാവീദിന്റെ സങ്കീർത്തനങ്ങളോ, യേശുവിന് നൽകപ്പെട്ട വചനമോ (ഇഞ്ചീൽ) ഒന്നുംതന്നെ സൃഷ്ടിയല്ല. അവയെല്ലാം ദൈവത്തോടൊപ്പം ആദി മുതൽ ഉണ്ടായിരുന്നതും ദൈവത്തിന്റെ വചനങ്ങളുമാണ്.

ഇതേപോലെ, അന്ത്യപ്രവാചകനായ മുഹമ്മദിﷺന് ലഭിച്ച പരിശുദ്ധ ഖുർആനും സൃഷ്ടിയല്ല. ഇവയെല്ലാം ദൈവവചനങ്ങളാണ്. പ്രവാചകൻﷺ പഠിപ്പിച്ച ഒരു പ്രാർഥന ഇങ്ങനെയാണ്. “സൃഷ്ടിക്കപ്പെട്ടിട്ടുള്ള മുഴുവൻ വസ്തുക്കളുടെയും ഉപദ്രവത്തിൽ നിന്നും **ദൈവത്തിന്റെ വചനങ്ങളിൽ** അഭയം തേടുന്നു.” (ബുഖാരി) താങ്കൾക്ക് ഞാൻ പറഞ്ഞത് മനസ്സിലായെങ്കിൽ, തുടർന്ന് വായിച്ചോളൂ.

അദ്ദേഹം: “താങ്കൾ പറയുന്നതിൽ എതിർക്കേണ്ടതായിട്ട് ഒന്നുമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഞാൻ ബാക്കി ഭാഗം വായിക്കാം.

**“അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുളോ അതിനെ കീഴടക്കിയില്ല.”** (യോഹ: 1:4,5)”

ഞാൻ: “ദൈവവചനത്തിൽ അടങ്ങിയിരിക്കുന്ന സൻമാർഗത്തെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. വചനത്തിന്റെ വെളിച്ചം മനുഷ്യനെ ഇരുളിൽ നിന്നും പ്രകാശത്തിലേയ്ക്ക് നയിക്കുന്നു. വചനത്തെ സംബന്ധിച്ച് സങ്കീർത്തനപുസ്തകത്തിൽ പറഞ്ഞത് ഇങ്ങനെയാണല്ലോ. “ദൈവത്തിന്റെ വചനം എന്റെ പാദത്തിന് ദീപവും എന്റെ

പാതയ്ക്ക് ഒരു പ്രകാശവും ആകുന്നു". (119:105)

"ദൈവത്തിന്റെ പ്രമാണങ്ങൾ ഞാൻ ഒരിക്കലും മറക്കുകയില്ല. അവയാലല്ലോ, അങ്ങ് എനിക്ക് ജീവൻ നൽകിയത്." (119:93)

ഈ വാക്യങ്ങളിൽ മോശൈക ന്യായപ്രമാണത്തെക്കുറിച്ച് പ്രകാശമെന്നും ജീവനെന്നും സങ്കീർത്തനകർത്താവ് വിശേഷിപ്പിക്കുന്നു. ഇതുപോലെ, പരിശുദ്ധ ഖുർആനിലും വേദഗ്രന്ഥങ്ങളെ പറ്റി വെളിച്ചമെന്നും സൻമാർഗമെന്നും വിശേഷിപ്പിച്ചിട്ടുണ്ട്."

അദ്ദേഹം: "താങ്കളുടെ വിശദീകരണം തൃപ്തികരമാണ്. തുടർന്ന് വായിക്കട്ടെ.

**"ദൈവം അയച്ച ഒരു മനുഷ്യൻ വന്നു. അവന് യോഹന്നാൻ എന്ന് പേരായിരുന്നു. അവൻ സാക്ഷ്യത്തിനായി, താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന് വെളിച്ചത്തെ കുറിച്ച് സാക്ഷ്യം പറയുവാൻ തന്നെ വന്നു. അവൻ വെളിച്ചം ആയിരുന്നില്ല. അവൻ വെളിച്ചത്തിനെക്കുറിച്ച് സാക്ഷ്യം വഹിക്കുവാൻ വന്നതത്രേ."** (യോഹ 1:6–8)"

ഞാൻ: "നമ്മൾ മനസ്സിലാക്കിയിട്ടുള്ളത് പോലെ, ക്രിസ്തുവിനെ കുറിച്ച് സാക്ഷ്യം വഹിക്കുകയെന്നതായിരുന്ന സ്നാപകയോഹന്നാന്റെ പ്രധാന ദൗത്യം. അദ്ദേഹത്തിലൂടെ വേദഗ്രന്ഥമൊന്നും നൽകപ്പെട്ടില്ല. യോഹന്നാന്റെ സുവിശേഷം 3:22–36 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. "ദൈവം അയച്ചവൻ **ദൈവത്തിന്റെ വചനം** പ്രസ്താവിക്കുന്നു. അവിടുന്ന് ആത്മാവിനെ അളവില്ലാതെ നൽകുന്നുവല്ലോ. പിതാവ് പുത്രനെ സ്നേഹിക്കുന്നു. സകലവും അവന്റെ കൈയിൽ ഏൽപ്പിച്ചിരിക്കുന്നു. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. എന്തെന്നാൽ ദൈവകോപം അവനിൽ വസിക്കുന്നു." യേശുവിനെ കുറിച്ചുള്ള സ്നാപകയോഹന്നാന്റെ സാക്ഷ്യം ഇതാണ്.

യേശു പ്രസ്താവിക്കുന്ന ദൈവവചനം ഒരാൾ വിശ്വസിക്കുന്നതിലൂടെ അവൻ ദൈവപുത്രനായി തീരുന്നു. അങ്ങനെയെങ്കിൽ, ദൈവവചനം സ്വീകരിക്കുക വഴി ശിഷ്യന്മാരേക്കാൾ മുമ്പേ ദൈവപുത്രനായത് യേശുവാണെന്നത് നിസ്തർക്കമാണല്ലോ. അതിനാൽ യേശു എന്ന ദൈവപുത്രനെ വിശ്വസിക്കുകയും അതുവഴി ദൈവമക്കളാകുകയും ചെയ്തവർ ആരും നശിച്ചു പോകയില്ലായെന്ന് വ്യക്

തം. താങ്കൾ തുടർന്ന് വായിച്ചോളൂ."

അദ്ദേഹം: "**ഏത് മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്ത് വന്നുകൊണ്ടിരുന്നു. അവിടുന്ന് ലോകത്തിൽ ഉണ്ടായിരുന്നു. ലോകം ഉളവായതിന് ഹേതു അവിടുന്ന തന്നെ. എങ്കിലും ലോകം അവിടുത്തെ തിരിച്ചറിഞ്ഞില്ല. അവിടുന്ന് സ്വന്തമായതിലേക്ക് വന്നു, എന്നാൽ സ്വന്തക്കാർ അവിടുത്തെ സ്വീകരിച്ചില്ല.**" (യോഹ 1:9–11)

ഞാൻ: "ദൈവത്തിന്റെ വചനം പ്രവാചകൻമാരിലൂടെ ലോകത്തിലേക്ക് വന്നുവെങ്കിലും, മനുഷ്യർക്ക് ലോകത്തോടുള്ള സ്നേഹം (ഭൗതികാസക്തി) കാരണം അവർ അവനെ സ്വീകരിച്ചില്ല. ഫറോവയുടെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുകയും ധാരാളം അനുഗ്രഹങ്ങൾ നൽകുകയും ചെയ്ത ജനസമൂഹത്തിലേക്ക് ദൈവത്തിന്റെ വചനം എത്തിയപ്പോഴും അവർ സ്വീകരിച്ചില്ല. ഇപ്രകാരം ഭൂരിപക്ഷം ആളുകൾ നിഷേധിച്ചെങ്കിൽ ചുരുക്കം ആളുകൾ അവന്റെ വചനത്തെ സ്വീകരിച്ചു. അവരെ കുറിച്ച് തുടർന്ന് പറയുന്നുണ്ട്. വായിച്ചോളൂ...

അദ്ദേഹം: "**തന്നെ കൈകൊണ്ട് തന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവിടുന്ന് അധികാരം കൊടുത്തു. അവർ വംശപരമ്പരയാലോ, ശാരീരികേച്ഛയാലോ, മാനുഷികഹിതത്താലോ ജനിച്ചവരല്ല; പിന്നെയോ ദൈവത്തിൽ നിന്ന് ജനിച്ചവരത്രേ.**" (യോഹ 1:12–13)

അപ്പോൾ താങ്കൾ പറഞ്ഞത് ശരിയാണ്. വചനം വിശ്വസിച്ചവർ എല്ലാവരും ദൈവമക്കളാകും എന്നാണ് എഴുതിയിരിക്കുന്നത്. മാത്രമല്ല, ഈ ജനനം എന്നത് ഭൗതികമായ ശാരീരികജനനം അല്ല മറിച്ച് ദൈവവചനം സ്വീകരിക്കുന്നത് വഴിയുള്ള ആത്മീയജനനം ആണ്. യേശു തന്റെ വചനങ്ങളെ കുറിച്ച് പറഞ്ഞത് ഞാൻ ഓർക്കുന്നു. "ജീവിപ്പിക്കുന്നത് ആത്മാവാകുന്നു. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ സംസാരിച്ചിട്ടുള്ള വചനങ്ങൾ ആത്മാവും ജീവനും ആകുന്നു."

ഞാൻ: "താങ്കൾ ഇപ്പോൾ നേരായ രീതിയിൽ ചിന്തിക്കുന്നു. താങ്കൾ പറഞ്ഞത് യോഹന്നാൻ സുവിശേഷത്തിന്റെ 6:63 ആണ്. ഇനി എന്തെങ്കിലും സംശയമുണ്ടോ?"

അദ്ദേഹം: "ഇല്ല. താങ്കൾ പറഞ്ഞത് ശരിയാണെന്ന് തോന്നുന്നു.

പക്ഷേ മോശെയുടെ ന്യായപ്രമാണത്തെ ജീവന്റെ വചനമായും അതിൽ വിശ്വസിക്കുന്നവരെ ദൈവമക്കളായും ഏതെങ്കിലും ഭാഗത്ത് വ്യക്തമായി പറഞ്ഞിട്ടുണ്ടോ?"

ഞാൻ: "നിശ്ചയമായും പറഞ്ഞിട്ടുണ്ട്. യേശുവിന്റെ അനുയായി വൃന്ദത്തിലെ ആദ്യത്തെ രക്തസാക്ഷിയായ സ്തേഫാനോസിന്റെ അവസാന പ്രസംഗം ശ്രദ്ധിക്കുക. "സീനായ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടുകൂടെയും നമ്മുടെ പിതാക്കൻമാരോടുകൂടെ മരുഭൂമിയിലെ സഭയിൽ ഉണ്ടായിരുന്നവനും നമുക്കു നൽകുവാൻ ജീവനുള്ള വചനം ലഭിച്ചവനുമായിരുന്നു അദ്ദേഹം (മോശെ). എന്നാൽ നമ്മുടെ പിതാക്കൻമാർ അദ്ദേഹത്തെ അനുസരിക്കാൻ മനസ്സുവയ്ക്കാതെ അദ്ദേഹത്തെ ഉപേക്ഷിച്ചു." (അപ്പൊ: പ്രവ. 7:38)

ഇവിടെ മോശൈക ന്യായപ്രമാണത്തെ ജീവനുള്ള വചനം എന്ന് സ്തേഫാനോസ് വിശേഷിപ്പിച്ചതായി കാണാം."

അദ്ദേഹം: "ശരിയാണ്, അങ്ങനെയാണ് ആ ഭാഗത്ത് എഴുതിയിരിക്കുന്നത്."

ഞാൻ: "ഇനി മോശൈക ന്യായപ്രമാണത്തിലൂടെ ദൈവമക്കൾ ജനിക്കുമോ എന്നാണ് അറിയേണ്ടത്. സത്യത്തിൽ, യേശു തന്റെ ദൈവപുത്രൻ എന്ന പദപ്രയോഗം ന്യായീകരിച്ചത്പോലും ന്യായപ്രമാണത്തിലെ ദൈവമക്കൾ എന്ന ഭാഗം ഉദ്ധരിച്ചാണ്.

യേശു ഈ വിഷയകമായി ന്യായവാദം നടത്തിയത് ശ്രദ്ധിക്കുക: "നിങ്ങൾ ദേവന്മാർ ആകുന്നുവെന്ന് ഞാൻ (ദൈവം) പറഞ്ഞു" എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിട്ടില്ലേ? ദൈവവചനം ലഭിച്ചവരെ ദൈവം തന്നെ ദേവന്മാർ എന്ന് വിളിച്ചുവെങ്കിൽ പിതാവ് തന്റെ സ്വന്തമായി വേർതിരിച്ചു ലോകത്തിലേക്ക് അയച്ചവനെപറ്റി എന്താണു പറയേണ്ടത്? ഞാൻ ദൈവത്തിന്റെ പുത്രൻ എന്ന് പറഞ്ഞത് കൊണ്ട് നിങ്ങൾ എന്റെ മേൽ എന്തിന് ദൈവദൂഷണം ആരോപിക്കുന്നു?" (ഈ ഭാഗം സങ്കീർത്തനം 82:6 ആണ്. "നിങ്ങൾ ദേവന്മാരെന്നും അത്യുന്നതന്റെ മക്കളെന്നും ഞാൻ പറയും.")

ഇവിടെ, യേശു ഉന്നയിക്കുന്ന മറുചോദ്യം ഗംഭീരമാണ്. വചനം ലഭിച്ചവർ ദൈവമക്കൾ ആകുമെങ്കിൽ, ദൈവം തന്റെ വചനം കൊടുത്തു വിട്ട പ്രവാചകൻ ദൈവപുത്രൻ എന്ന് വിശേഷിപ്പിക്കുന്നതിൽ എന്താണ് പ്രശ്നം? ഞങ്ങളുടെ വചനം വിശ്വസിക്കുന്നവർ ദൈവമക്കളാകുമെന്ന് മോശെയോ യേശുവോ പഠിപ്പിക്കണമെങ്കിൽ അവർ

ആദ്യം അത് വിശ്വസിക്കുകയും ദൈവമക്കളാകുകയും ചെയ്തിട്ടുണ്ടെന്ന് പ്രത്യേകം പറയാതെ തന്നെ മനസ്സിലാക്കാമല്ലോ."

അദ്ദേഹം: "അപ്പോൾ വചനം കേട്ട് വിശ്വസിച്ചവർ ദൈവമക്കളാണെന്ന് മാത്രമേ ഇതിനർഥമുള്ളൂ അല്ലേ..?"

ഞാൻ: "അതേ, ഇത് കൂടുതൽ മനസ്സിലാക്കുന്നതിന് യേശുവും അവിശ്വാസികളായ യഹൂദൻമാരും തമ്മിൽ നടന്ന ഒരു സംഭാഷണം പരിശോധിക്കുക. താങ്കൾ യോഹന്നാൻ സുവിശേഷത്തിന്റെ 8:31–58 വരെയുള്ള വാകൃങ്ങൾ നോക്കുക."

അദ്ദേഹം: "താങ്കൾ പറഞ്ഞോളൂ. ഞാൻ ആ ഭാഗം എടുത്തുകഴിഞ്ഞു."

ഞാൻ: "വിഷയപ്രാധാന്യമുള്ള ഭാഗം മാത്രം വായിക്കാം.

"യേശു: എന്റെ വചനത്തിൽ നിലനിന്നാൽ നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.

യഹൂദന്മാർ: ഞങ്ങൾ ആരുടെയും അടിമയല്ല. പിന്നെ, നീ എന്തിൽ നിന്നാണ് ഞങ്ങൾക്ക് സ്വാതന്ത്ര്യം നൽകുമെന്ന് പറയുന്നത്. മാത്രമല്ല, ഞങ്ങൾ അബ്രഹാമിന്റെ സന്തതിയാണ്.

യേശു: നിങ്ങൾ പാപത്തിന്റെ അടിമകളാണ്. നിങ്ങൾ വംശപരമ്പര കൊണ്ട് അബ്രഹാമിന്റെ സന്തതിയാണെങ്കിലും നിങ്ങളുടെ പ്രവൃത്തി വ്യക്തമാക്കുന്നത് നിങ്ങളുടെ പിതാവ് മറ്റൊരുവനാണെന്നാണ്.

യഹൂദന്മാർ: (ഗൗരവമായി) അബ്രഹാമാണ് ഞങ്ങളുടെ പിതാവ്.

യേശു: അബ്രഹാം ദൈവത്തെ അനുസരിച്ചു. നിങ്ങൾ അബ്രഹാമിന്റെ സന്തതിയല്ല. നിങ്ങളുടെ പിതാവ് മറ്റൊരുവനാണ്.

യഹൂദൻമാർ: ഞങ്ങൾ ജാരസന്തതികളല്ല. ഞങ്ങൾക്കൊരു പിതാവേ ഉള്ളൂ; ദൈവം തന്നെ. (അബ്രഹാം പ്രവാചകനെ പിതാവ് എന്ന് അഭിസംബോധന ചെയ്തതിൽ നിന്നും അൽപംകൂടി കടന്ന് ദൈവമാണ് ഞങ്ങളുടെ പിതാവെന്ന് പറയുക വഴി. ഉദ്ദേശിക്കുന്നത് ഒന്നുതന്നെയെങ്കിലും വിഷയം കൂടുതൽ ഗൗരവമായി)

യേശു: ദൈവം നിങ്ങളുടെ പിതാവായിരുന്നുവെങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കളാണ്. അതിനാൽ അവന്റെ സ്വഭാവമായ വ്യാജ

ആരോപണവും കൊലപാതകവും നിങ്ങൾ എന്റെ മേൽ നടത്താൻ ആഗ്രഹിക്കുന്നു.

താങ്കൾ ഞാൻ വായിച്ച ഭാഗങ്ങൾ എല്ലാം കണ്ടുവോ?"

അദ്ദേഹം: "ഉവ്വ്, താങ്കൾ ഉദ്ധരിച്ചതെല്ലാം ഈ ഭാഗത്ത് ഉണ്ട്."

ഞാൻ: "ഈ സംഭാഷണത്തിൽ ദൈവവചനം അനുസരിക്കുന്നവരെ ദൈവമക്കളെന്നും അബ്രഹാമിന്റെ മക്കളെന്നും വിളിക്കുന്നു. അതേപോലെ പിശാചിനെ അനുസരിക്കുന്നവരെ പിശാചിന്റെ മക്കളെന്നും പറഞ്ഞിരിക്കുന്നു. ശരിയല്ലേ?"

അദ്ദേഹം: "അതേ, അങ്ങനെതന്നെയാണ്. അപ്പോൾ ആരെ അനുസരിക്കുന്നുവോ, അവർ മറ്റൊരർഥത്തിൽ അവരുടെ മക്കളാകുന്നുവെന്ന് സാരം."

ഞാൻ: "താങ്കൾക്ക് ഇത്രയും മനസ്സിലായെങ്കിൽ യോഹന്നാൻ സുവിശേഷത്തിന്റെ ബാക്കിഭാഗം ഞാൻ വായിക്കാം. **"വചനം ജഡമായി തീർന്നു നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവിടുത്തെ തേജസ്സ്. പിതാവിന്റെ അടുക്കൽ നിന്ന് കൃപയും സത്യവും നിറഞ്ഞവനായി വന്ന ഏകജാതന്റെ തേജസ്സ് തന്നെ കണ്ടിരിക്കുന്നു. യോഹന്നാൻ അദ്ദേഹത്തെ കുറിച്ച് സാക്ഷ്യം പറഞ്ഞിരിക്കുന്നു. എന്റെ പിന്നാലെ വരുന്നവൻ എനിക്ക് മുമ്പേ ഉള്ളവനാകയാൽ എന്നെക്കാൾ ശ്രേഷ്ഠൻ എന്നു ഞാൻ പറഞ്ഞയാൾ ഇദ്ദേഹം തന്നെ. അവിടുത്തെ നിറവിൽ നിന്ന് നമുക്കേവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. എന്തെന്നാൽ, ന്യായപ്രമാണം മോശെ മുഖേന നൽകപ്പെട്ടു; കൃപയും സത്യവും യേശുക്രിസ്തു മുഖേന വന്നു."** (യോഹ 1:14-17) ഇവിടെ താങ്കൾ എന്താണ് വിവക്ഷിക്കുന്നത്?"

അദ്ദേഹം: "യേശു എന്ന ദൈവത്തിന്റെ മനുഷ്യാവതാരവും നിത്യതയും വിവരിക്കുന്ന ഭാഗമായിട്ടാണ് ഞങ്ങൾ പഠിച്ചിരുന്നത്. നിങ്ങൾ നൽകുന്ന അർഥം എന്താണ്?"

ഞാൻ: "വചനം ജഡമായി തീർന്നു. നമ്മുടെ ഇടയിൽ വസിച്ചു. എന്നതിന്റെ അർഥം, വചനം ഭൂമിയിലേക്ക് വരികയും എല്ലാവർക്കും തൊട്ടുനോക്കുവാനും വായിക്കുവാനും കാണുവാനും പരിശോധിക്കാനും എല്ലാം ഉതകുന്ന രീതിയിൽ വേദഗ്രന്ഥമായും പ്രവാചകൻമാരായും അവരുടെ വാക്കുകളായും രേഖപ്പെടുത്തപ്പെട്ടുവെന്നാണ്."

അദ്ദേഹം: "അൽപം കൂടി വ്യക്തമാക്കാമോ?"

ഞാൻ: "തീർച്ചയായും. താങ്കൾക്ക് എളുപ്പം മനസ്സിലാകുന്നതിന് ഞാൻ ഒരു കാര്യം ചോദിക്കാം. മോശെയുടെ ന്യായപ്രമാണം ദൈവ വചനമാണോ?"

അദ്ദേഹം: "അതെ."

ഞാൻ: "ദൈവവചനം സൃഷ്ടിയല്ലായെന്ന് താങ്കൾ വിശ്വസിക്കുന്നുണ്ടല്ലോ?"

അദ്ദേഹം: "അതെ."

ഞാൻ: എന്നാൽ നിങ്ങളുടെ കയ്യിലിരിക്കുന്ന മോശെയുടെ ന്യായപ്രമാണ പുസ്തകം സൃഷ്ടിയാണോ, സൃഷ്ടിയല്ലാത്തതാണോ?"

അദ്ദേഹം: "ഇത് സൃഷ്ടിയാണ്. കാരണം സൃഷ്ടിയായ മനുഷ്യനാൽ നൽകപ്പെടുകയും സൃഷ്ടികൾ എഴുതി വയ്ക്കുകയും സൃഷ്ടികളായ മനുഷ്യർ സൃഷ്ടിയായ അച്ചടിയന്ത്രം കൊണ്ട് മറ്റൊരു സൃഷ്ടിയായ കടലാസിൽ പകർത്തുകയും ചെയ്തതാണ് ഇത്."

ഞാൻ: "അതെ. താങ്കൾ പറഞ്ഞത് ശരിയാണ്. എങ്കിൽ ദൈവത്തോടൊപ്പം ഉണ്ടായിരുന്ന ദിവ്യമായ അവസ്ഥയിൽനിന്നും വചനം ഭൂമിയിലേക്ക് വന്നതിനെ സംബന്ധിച്ചാണ് ഈ ഭാഗം വിശദീകരിക്കുന്നത് എന്ന് മനസ്സിലാക്കാമല്ലോ."

അദ്ദേഹം: "നിങ്ങൾ പറഞ്ഞത് ശരിയാണ്. അപ്പോൾ ഖുർആനും അങ്ങനെയാണോ?"

ഞാൻ: "അതെ, ദൈവികവചനമായ ഖുർആൻ സൃഷ്ടിയല്ല. എന്നാൽ ഗ്രന്ഥരൂപത്തിൽ എന്റെ കയ്യിലിരിക്കുന്നത് ഖുർആന്റെ ജഡാവതാരമാണെന്ന് പറയാം. ഇന്ന് മോശൈക ന്യായപ്രമാണവും ഖുർആനുമൊക്കെ പുസ്തകമായും സി.ഡി.യായും കാസറ്റായും കാണപ്പെടുന്നതെല്ലാം വചനത്തിന്റെ ജഡാവതാരങ്ങളാണ്. ഇവയെല്ലാം തന്നെ സൃഷ്ടികളുമാണ്.

ദൈവം അരുളി ചെയ്ത അതേ അവസ്ഥയിൽ **ഉണ്ടാകട്ടെ** എന്നു പറഞ്ഞ വചനം സൃഷ്ടിയല്ല. എന്നാൽ ഞാൻ ആ സംഭവം ഉദ്ധരിച്ച് നിങ്ങളോടു പറയുന്ന ഉണ്ടാകട്ടെ എന്ന വചനം സൃഷ്ടിയാണ്."

അദ്ദേഹം: "അങ്ങനെയെങ്കിൽ ഈ ഭാഗം കൊണ്ട് യോഹന്നാൻ ഉദ്ദേശിച്ചത് എന്താണ്?"

ഞാൻ: "ദിവ്യമായ വചനം മനുഷ്യർക്ക് അനുഭവവേദ്യമായ അ

വസ്ഥയിൽ പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥത്തിലൂടെയും ഭൂമിയിൽ അവതരിച്ചു. ഇതിൽ ന്യായപ്രമാണം എന്ന വചനം ഭൂമിയിലേക്ക് നൽകപ്പെട്ടത് മോശെയിലൂടെയും, അതേപോലെ കൃപയും സത്യവും അടങ്ങുന്ന സുവിശേഷം നൽകപ്പെട്ടത് യേശുവിലൂടെയുമാണ്. ഇവയിൽ താൻ നേരിൽ കണ്ടതായി സ്നാപക യോഹന്നാൻ പറയുന്നത് കൃപയും സത്യവും നിറഞ്ഞ യേശുവിനെയാണ്. യേശു തന്നെക്കാൾ മുമ്പനാണെന്ന് അദ്ദേഹം പറയുവാനുള്ള കാരണം, യേശു കൊണ്ടുവന്നിട്ടുള്ള വചനം ആദിയിൽ ദൈവത്തോട് കൂടെ ഉണ്ടായിരുന്നതിനാലാണ്. ഇവിടെയെങ്ങും സംശയം ജനിക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഈ ഭാഗത്ത് തുടക്കം മുതൽ അവസാനം വരെ വിവരിക്കപ്പെട്ടിട്ടുള്ളത് ദൈവത്തിന്റെ വചനത്തെ സംബന്ധിച്ച് മാത്രമാണ്."

അദ്ദേഹം: "താങ്കൾ പറഞ്ഞത് പോലെ, ഇവിടെ പ്രതിപാദിക്കുന്നത് വചനത്തെക്കുറിച്ചാണെന്ന് മനസ്സിലായി. പിന്നെ എന്തുകൊണ്ടാണ് ഞങ്ങൾ ഇതിനെ യേശുവെന്ന് മനസ്സിലാക്കിയത്?"

ഞാൻ: "രണ്ട് കാരണങ്ങളാണ് പ്രധാനമായും ഞാൻ കാണുന്നത്:

1. ദൈവം മനുഷ്യാവതാരമെടുത്ത് ഭൂമിയിൽ വന്നതാണ് യേശുവെന്ന് തന്റെ ലേഖനങ്ങളിൽ പൗലോസ് സമർഥിച്ചിട്ടുണ്ട്. ഈ ദൈവശാസ്ത്രം നിങ്ങൾ വിശ്വസിക്കുന്നതുമൂലം ദിവ്യവചനം ജഡാവതാരമെടുത്തു എന്ന് പറയുമ്പോൾ നിങ്ങളും സ്വയം പൗലോസിനെപ്പോലെ ആയിത്തീരുന്നു.
2. യേശു മാത്രമാണ് ദൈവപുത്രനെന്നും അവനിലൂടെ മാത്രമേ യഥാർഥ പുത്രത്വപദവി ലഭിക്കുകയുള്ളൂവെന്നും പൗലോസ് സമർഥിച്ചിട്ടുണ്ട്. അതിനാൽ വചനത്തിലൂടെ ദൈവമക്കളാകും എന്ന് പറഞ്ഞിരിക്കുന്നിടത്ത് നിങ്ങൾ യേശുവിനെ മാത്രമേ കാണുന്നുള്ളൂ.

യഥാർഥത്തിൽ ദിവ്യവചനത്തിന്റെ സവിശേഷതകളെയും അതേപോലെ വചനത്തിന് മനുഷ്യനുമായുള്ള ബന്ധത്തെയും വിവരിക്കുന്നതാണ് ഈ ഭാഗം."

അദ്ദേഹം: "നമുക്ക് അവസാന വാചകം കൂടെയൊന്നുനോക്കാം. **"ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിനോട് ചേർന്നിരി**

**ക്കുന്ന ദൈവമായ ഏകജാതൻ അവിടുത്തെ വെളിപ്പെടുത്തിയിരിക്കുന്നു."** (യോഹ 1:18)

ഞാൻ: "ദൈവവചനത്തിന്റെ വാഹകരായ മോശെയേയും യേശുവിനെയും സ്വന്തം നഗ്നനേത്രങ്ങൾകൊണ്ട് ദർശിച്ച ധാരാളം മനുഷ്യരുണ്ട്. അവരുടെ വചനത്തിലൂടെയാണ് മനുഷ്യർക്ക് ദൈവം സ്വയം വെളിപ്പെടുത്തിയത്. എന്നാൽ ഇവർ ആരും അക്ഷരാർഥത്തിൽ ദൈവത്തെ കണ്ടിട്ടില്ല, എന്നാൽ ആത്മീയാർഥത്തിൽ ദൈവത്തെ കണ്ടവരാണ്."

അദ്ദേഹം: "അപ്പോൾ, യേശു ഫിലിപ്പോസിനോട്: "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു"എന്ന് പറഞ്ഞിരിക്കുന്നതും ആത്മീയാർഥത്തിലാവുമല്ലേ?"

ഞാൻ: "അതെ."

അദ്ദേഹം: "ഇവിടെ ഏകജാതൻ എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?"

ഞാൻ: "ബൈബിളിലെ ഒരു പൊതു പദപ്രയോഗമാണ് ഇത്. ഇപ്രകാരം യിസ്രയേൽ എന്റെ ഏകജാതൻ, എഫ്രയിം എന്റെ ഏകജാതൻ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം തിരഞ്ഞെടുത്തവൻ എന്ന അർഥമാണ് പ്രസ്തുത പദത്തിന് കൂടുതൽ അനുയോജ്യമാകുന്നത്."

അദ്ദേഹം: "അപ്പോൾ യേശു സ്വയം വചനമല്ല, മറിച്ച് വചനം നൽകപ്പെട്ട മനുഷ്യനാണ്."

ഞാൻ: "തീർച്ചയായും അദ്ദേഹം ദൈവത്താൽ നിയോഗിതനായ മഹാനായ പ്രവാചകനും ദിവ്യവചനത്തിന്റെ വാഹകനുമാണ്. തന്റെ ദൗത്യം പൂർത്തീകരിക്കപ്പെട്ടതായി സ്വയം പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രാർഥന ശ്രദ്ധിക്കുക: "അവിടുന്ന് **എന്നെ ഏൽപിച്ച വചനം** ഞാൻ അവർക്ക് (ശിഷ്യന്മാർക്ക്) കൊടുത്തു." (യോഹ 17:18)

"അവിടുന്ന് എന്നെ അയച്ചതുപോലെ ഞാനും അവരെ (ശിഷ്യന്മാരെ) ലോകത്തിലേക്ക് അയക്കുന്നു." (യോഹ 17:18)

"അവർക്ക് വേണ്ടി മാത്രമല്ല **അവരുടെ വചനം** മുഖേന എന്നിൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് (ശിഷ്യന്മാരുടെ അനുയായികൾ) വേണ്ടിയും ഞാൻ പ്രാർഥിക്കുന്നു." (യോഹ 17:20)

ദൈവം വചനം നൽകി യേശുവിനെ ലോകത്തിലേക്ക് അയച്ചതു പോലെ യേശുവും ശിഷ്യന്മാർക്ക് വചനം നൽകി ലോകത്തിലേക്ക് അയക്കുന്നു. ഇങ്ങനെ വചനം ആദ്യമായി ലഭിച്ച യേശുവും രണ്ടാമതായി ലഭിച്ച ശിഷ്യന്മാരും പിന്നീട് ലഭിക്കാൻ പോകുന്ന മുഴുവൻ വിശ്വാസികളും ദൈവമക്കളാണ്. മാത്രമല്ല അൽപംകൂടി ആത്മീയഭാഷ ഉപയോഗിച്ചാൽ ഇങ്ങനെയും പറയാം. "ദൈവം യേശുവിലും യേശു ദൈവത്തിലും ആയിരിക്കുന്നതുപോലെ ശിഷ്യന്മാരും അവരുടെ അനുയായികളും യേശുവിലും ദൈവത്തിലും ഒന്നാണ്." (യോഹ 18:2)

ഈ പറയപ്പെട്ട ഒരു വാക്കിലും ബഹുദൈവസങ്കല്പമോ ത്രിത്വസങ്കൽപമോ ഇല്ല."

അദ്ദേഹം: "എങ്കിൽ ഇസ്‌ലാം വിമർശിക്കുന്ന ദൈവപുത്രത്വം ഏതാണ്?"

ഞാൻ: "ആത്മീയാർഥത്തിൽ അബ്രഹാമിനെ വിശ്വാസികളുടെ പിതാവെന്നും വിശ്വാസികൾ പരസ്പരം സഹോദരൻമാരെന്നും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. മുഹമ്മദിന്റെﷺ കാലത്ത് ക്രിസ്തുമതക്കാർ പറയുന്ന ദൈവപുത്രൻ എന്ന പദപ്രയോഗത്തിന്റെ അർഥം യേശു പഠിപ്പിച്ചതല്ല. അന്ന് ഖുർആൻ രൂക്ഷമായി വിമർശിച്ച 'ദൈവപുത്രത്വം' തന്നെയാണ് നിങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നത്."

അദ്ദേഹം: "എങ്ങനെയാണ് ദൈവപുത്രത്വത്തെക്കുറിച്ച് ക്രിസ്തുമതം ഇന്നത്തെ വീക്ഷണത്തിലേക്ക് എത്തിയത്? ആരാണ് ഇതിൽ പ്രധാന പങ്ക് വഹിച്ചത്?"

ഞാൻ: "താങ്കളുടെ പിതാവായ പൗലോസ്."

(ഞാൻ അദ്ദേഹത്തിന്റെ മുഖഭാവം ശ്രദ്ധിച്ചു. എന്റെ പദപ്രയോഗം കേട്ട് അദ്ദേഹം ചെറുതായിട്ട് ചിരിച്ചു. ഞാൻ ഉദ്ദേശിച്ചത് എന്താണെന്ന് മനസ്സിലാക്കാൻ അദ്ദേഹം അപ്പോഴേക്കും പ്രാപ്തനായിരുന്നു.)

# ഗ്രന്ഥസൂചി


1. *വിശുദ്ധ വേദപുസ്തകം*, NIBV.

2. *ബൈബിൾ,* P.OC, KCBC.

3. *ബൈബിൾ* KJV.

4. *ക്രൈസ്തവ സഭ ഇരുപത് നൂറ്റാണ്ടുകളിലൂടെ*, ബ്രദർ ജെ. സി. ദേവ്, മൂന്നാം പതിപ്പ്, ജി.എൽ.എസ് പബ്ലിഷിംഗ്, പത്തനംതിട്ട.

5. *മഹാനായ പൗലോസ്; ലോകം കീഴ്മേൽ മറിച്ച അപ്പൊസ്തലൻ*, കെ.എ.ഫിലിപ്പ്, ജി.എൽ.എസ് പബ്ലിഷിംഗ്.

6. *ദജ്ജാലും ഈസാ നബി* عليه السلام *യും*, ശൈഖ് അൽബാനി رحمه الله, ദഅ്വ ബുക്സ്, കൊച്ചി.

7. *ഇമാം മഹ്ദിയും ഈസാ മസീഹും* عليه السلام, മാവൂർ സുബൈർ മൗലവി അൽക്കൗസരി, അൽ-കൗസർ ഉലമാ കൗൺസിൽ.

8. *ഖുർആനിന്റെ മൗലികത I & II*, എം.എം. അക്ബർ, നിച്ച് ഓഫ് ട്രൂത്ത്, കൊച്ചി.

9. *യേശുവിന്റെ പാത മുഹമ്മദിന്റെയും*, പ്രഫ. പി.പി.ഷാഹുൽ ഹമീദ്, ഐ.പി.എച്ച്.

10. *കാരുണ്യത്തിന്റെ തിരുദൂതർ*, അബുൽ ഹസൻ അലി നദ്‌വി, മുഫക്കിറുൽ ഇസ്‌ലാം ഫൗണ്ടേഷൻ.

11. *ക്രൈസ്തവ ഇസ്‌ലാം സംവാദം*, തിരുവട്ടാർ കൃഷ്ണൻകുട്ടി, ജി.എൽ.എസ്. പബ്ലിഷിംഗ്.

12. *ഇസ്‌ലാമിക ദർശനം: വിമർശനങ്ങളും വസ്തുതകളും*, നോബിൾ.

13. *ഞങ്ങളോട് ചോദിച്ച ചോദ്യങ്ങളും ഞങ്ങളുടെ ചോദ്യങ്ങളും; എം. എം. അക്ബറിന് മറുപടി*, വർഗീസ്.എം. സാമുവേൽ, ദ് ട്രൂത്ത് പബ്ലിക്കേഷൻസ്.

14. *വിശുദ്ധ ഖുർആൻ സമ്പൂർണ പരിഭാഷ*, ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ.

15. *തഫ്ഹീമുൽ ഖുർആൻ*, അബുൽ അഅ്ല മൗദൂദി, (മലയാള പരിഭാഷ) ഐ.പി.എച്ച്.

16. *ഗലാത്യലേഖനം പുതിയ നിയമ പാഠാവലി 3*, റോയി വാകത്താനം, ഗുഡ് ന്യൂസ് പബ്ളിക്കേഷൻസ്.

17. *മഹതിയാം ബാബിലോൺ*, പാസ്റ്റർ കെ.ഇ.എബ്രഹാം, കെ.ഇ.എബ്രഹാം ഫൗണ്ടേഷൻ

18. *വിശുദ്ധ സത്യവേദപുസ്തകം*, ബ്രദർ മാത്യൂസ് വർഗീസ്, വേർഡ് ടു വേൾഡ് ഫൗണ്ടേഷൻ.